KOTTAYAM PUBLIC LIBRARY

Call No. M ൯൦൦                Acc. No. 73൨൩൦

Author ഗോഡ്ഫ്രി, ലയാസ്

Title കോസാക്ക് വീരചരിത്രം

INDIAN

1148

x

113/1A

K. M. KURIAN
General
All Kerala Sakhyam
Manorama, Kottayam.

# കസാക്ക് വീരചരിതം

SEVANA S.HAYAM & READING ROOM
MANGANAM.

(Malayalam)
KAZAK VEERACHARITHAM.
(Translation of Kazak Exodus)
By GODFREY LIAS.
Translated by K. N. Gopalan Nair.

First Published .... February 1962.
Copies .... 3000-

Printed at
MALAYALA MANORAMA PRESS, KOTTAYAM.
Published by Manorama Publishing House,
P. B. No. 26, Kottayam, Kerala.

Copyright © GODFREY LIAS

Price Rs. 1-25.

# കസാക്ക് വീരചരിതം

73030

ഗ്രന്ഥകത്താ:

**ഗോഡ്ഫ്രി ലയാസ്.**

വിവത്തനം:

കെ. എൻ. ഗോപാലൻ നായർ

പ്രസാധകർ:

**മനോരമ പബ്ലിഷിംഗ് ഹൗസ്**

**പി. ബി. 26 — കോട്ടയം.**

വില: രൂ. 1—25

## ഉള്ളടക്കം

M900

പേജ്

പ്രവേശകം–കഥാപാത്രങ്ങൾ 7
1. ഒരു വീരന്റെ ജനനം 18
2. ഒസ്മാൻ വീടുവിട്ടുപോകുന്നു 25
3. ഒസ്മാൻബത്തൂർ വളർച്ചപ്രാപിക്കുന്നു 43
4. ആലിബെഗ്ഗും ഹംസായും–ബാല്യം 48
5. കസാക്കുകളുടെ സമരസമ്പ്രദായം 60
6. കമ്മ്യൂണിസ്റ്റ് പരാജയം 65
7. കണ്ണുതെളിയുന്നു 79
8. ഭരണം പിടിച്ചെടുക്കൽ 95
9. പൊരുതിക്കൊണ്ടു പിന്മാററം 107
10. ഗെജ്കുലിലെ ദുരന്തം 123
11. ലോകത്തിന്റെ മേല്പുരയുടെ മുകളിൽ 133
12. സുരക്ഷിതത്വം പരിഗണനയില്ല 150

# പ്രവേശകം

## കഥാപാത്രങ്ങൾ

ഏഷ്യയുടെ മദ്ധ്യഭാഗത്താണു് ആൾട്ടായ് പർവ്വത നിരകൾ. അതിൻെറ ഫലപുഷ്കലമായ അടിവാരങ്ങളിലും പച്ചപ്പുൽപ്പരപ്പാർന്ന സാനുപ്രദേശങ്ങളിലുംനിന്നു് വിദൂരദേശങ്ങളിലെത്തി-യൂറോപ്പിൻെറ ഹൃദയഭാഗങ്ങളിലേയ്ക്കുപോലും കടന്നു കയറി—വിജയപതാക പറപ്പിച്ച നേതാക്കന്മാരുണ്ടായിട്ടുണ്ടു്. ജെംഘിസ്ഖാൻ, ടാമർലേൻ, മുഗളന്മാർ, ആററില തുടങ്ങിയവരെ, ആൾട്ടായ് പ്രദേശത്തെ മംഗോളിയരും കസാക്കുകളും, തങ്ങളുടെ പൂർവ്വികരായി ഗണിച്ചുവരുന്നു.

ഈ നേതാക്കന്മാരുടെയും അവരുടെ അനുയായികളുടെയും ഗുണവിശേഷങ്ങൾ പരമ്പരാസിദ്ധമായി ഇന്നത്തെ ആൾട്ടായ് നിവാസികൾക്കും ലഭിച്ചിട്ടുണ്ടു്. അവർ കരുത്തന്മാരും ആത്മവിശ്വാസമുള്ളവരും കുസലററവരുമാണു്. നല്ല ആതിഥേയരുമാണവർ. കർമ്മകുശലനായ ഒരു നേതാവിൻെറ കീഴിൽ ലോകത്തിൻെറ ഏതററത്തേയ്ക്കും കുതിരയോടിച്ചുപോകാൻ അവർ തയാറാണു്. കാലാവസ്ഥയുടെ വ്യത്യാസമനുസരിച്ചു് രോമത്തുണികൊണ്ടുള്ള തങ്ങളുടെ തമ്പുകൾ പൊളിച്ചെടുത്തു് ആട്ടുമാടുകളെയും തെളിച്ചുകൊണ്ടു് മലമുകളിലേയ്ക്കോ ചുവട്ടിലേയ്ക്കോ സഞ്ചരിക്കുന്ന അതേ ഉല്ലാസഭാവത്തോടെയാണു് മുൻപറഞ്ഞ സാഹസസംരംഭങ്ങൾക്കും അവർ പുറപ്പെടുക.

ജെംഘിസ്ഖാൻെറ കാലത്തിനു ശേഷമുള്ള നൂററാണ്ടുകളിൽ ലോകത്തിൻെറ വിസ്തീർണ്ണം ക്രമേണ ചുരുങ്ങിക്കൊണ്ടാണു വരുന്നതെങ്കിലും ഈ ജനങ്ങളും അവരു

ടെ ഒട്ടകങ്ങളും ആട്ടമാട്ടുകളും കുതിരകളും സംഖ്യയിൽ വർദ്ധിക്കയാണു ചെയ്തതു്. ആൾട്ടായ് പ്രദേശങ്ങളിൽ നിന്നു് മംഗോളിയർ പരന്നതു് മുഖ്യമായും കിഴക്കോട്ടാണു്. എന്നാൽ കസാക്കുകളാകട്ടെ, അധികവും പടിഞ്ഞാറോട്ടു്—അതായതു് ഇന്നു് സോവിയററു് കാസാക് സ്റ്റാൻ എന്നു വിളിക്കപ്പെടുന്ന പ്രദേശത്തേയ്ക്കു്—ആണു് നീങ്ങിയതു്. ഈ പുസ്തകത്തിലെ യഥാർത്ഥ കഥയിൽ വിവരിക്കുന്ന കസാക് വിഭാഗം അവരുടെ പൂർവ്വികഭൂമിയിൽനിന്നും വളരെ അകലെപ്പോയില്ല; വടക്കു് ആൾട്ടായ് പർവ്വതനിരകൾ വരെയും തെക്കു് ററീൻഷാൻ പർവ്വതനിരവരെയും പരന്നുകിടക്കുന്ന ഭൂവിഭാഗത്തിലായിരുന്നു, അവർ വാസമുറപ്പിച്ചതു്.

ദ്ജുംഗേറിയാ എന്നറിയപ്പെടുന്ന ഈ പ്രദേശം കിഴക്കെ ടക്കിസ്റ്റാൻ, അഥവാ സിങ്കിയാങ്ങിൻെറ ഭാഗമാണു്. ശതാബ്ദങ്ങളായി റഷ്യൻ സാമ്രാജ്യവും ചീന സാമ്രാജ്യവും തമ്മിൽ ഈ പ്രദേശത്തിൻെറമേലുള്ള അധികാരാവകാശങ്ങളെപ്പററി ശണ്ഠ തുടൻുകൊണ്ടിരിക്കയുമായിരുന്നു. ഈ നൂററാണ്ടിൻെറ ആരംഭത്തിൽ ഈ ഭൂഭാഗം ചൈനയുടെ അധീശാധികാരത്തിനു കീഴായിരുന്നു. ചൈനയുടെയും റഷ്യയുടെയും അതിർത്തിയായി ഗണിച്ചിരുന്നതു് ഈ പ്രദേശത്തിൻെറ വടക്കുകിഴക്കും വടക്കും ഭാഗങ്ങളിൽ ആൾട്ടായ് പർവ്വതനിരയും, തെക്കുകിഴക്കു ഭാഗത്തു് ററീൻഷാൻ പർവ്വതനിരവരെ നീണ്ടുകിടക്കുന്ന ഗിരിശൃംഖലയുമായിരുന്നു. എന്നാൽ റഷ്യാക്കാക്കാകട്ടെ ചൈനാക്കാക്കാകട്ടെ, ഈ അതിർത്തിരേഖ തൃപ്തികരമായിരുന്നില്ല. ഈ രേഖയുടെ ഇരുവശവുമുള്ള പർവ്വതനിരകൾ ലോഹങ്ങൾ—സ്വർണ്ണം, ടങ്സ്റ്റൻ, കൽക്കരി, എന്നിവയിലും ഒരുവേള യൂറേനിയത്തിലും സമ്പന്നമാണെന്നു കരുതപ്പെടുന്നു എന്നതാണു കാരണം. പോരെങ്കിൽ ഈ പ്രദേശങ്ങൾ വളരെയധികം ആട്ടമാട്ടുകളെ പോററിപ്പുലർത്തുന്നതുമാണു്.

റഷ്യയിൽ കമ്മ്യൂണിസ്റ്റ്ഭരണം സ്ഥാപിക്കപ്പെട്ടുന്നതുവരെ അതിമോഹക്കാരായ ചൈനയെയും റഷ്യ

യെയും തമ്മിൽ പരസ്പരം ശണ്ഠ പിടിപ്പിച്ചു കഴിച്ചുകൂട്ടുകയായിരുന്നു, കസാക്കുകൾ. പതിനഞ്ചു വർഷത്തിനുള്ളിൽ കമ്മ്യൂണിസ്റ്റുകാർ കിഴക്കെ ടർക്കിസ്ഥാൻെറ മേൽ അധികാരം സ്ഥാപിച്ചു. ഇടയ്ക്കു് അല്പകാലം ഒഴിച്ചാൽ നാളിതുവരെ അവർ അഭംഗമായി അധികാരത്തിൽ തുടരുകയാണു്; ഈ പ്രദേശത്തെ അധിവസിച്ചിരുന്ന എട്ടു ലക്ഷം കസാക്കുകളിൽ ചുരുങ്ങിയതു് ഒരുലക്ഷംപേർക്കെങ്കിലും ജീവഹാനി വന്നിട്ടുമുണ്ടു്.

കഴിഞ്ഞ കാൽനൂററാണ്ടുകാലമായിട്ടു് ആൾട്ടായ്—ററീൻഷാൻ പ്രദേശങ്ങളിലെ കസാക്കുകൾ ധീരവും നിഷ്പ്രയോജനവുമായ സമരം തുടൻുകൊണ്ടിരിക്കയാണു്. സമരം അവരുടെ രക്തത്തിൽ കലർന്നുകിടക്കുന്നതാണു്. അവർ അതിനെ ഇഷ്ടപ്പെട്ടുകയും ചെയ്യുന്നു. പക്ഷേ ഇപ്പോൾ അവർ സമരംചെയ്യുന്നതു് ലാഭത്തിനൊ പ്രശസ്തിക്കൊ വേണ്ടിയായിരുന്നില്ല; സ്വജീവിതസമ്പ്രദായം നിലനിർത്തുന്നതിനു വേണ്ടിയാണു്. സമരം തുടരാൻ നിർവാഹമില്ലാതെ വന്നപ്പോഴും പലരും കീഴടങ്ങാൻ കൂട്ടാക്കാതെ മണൽക്കാട്ടുകളെയൊ പർവതാധിത്യകളെയൊ അഭയംപ്രാപിച്ചു് ആ ദുഷ്ക്കരജീവിതത്തിൻെറ യാതനകളെ കെട്ടിപ്പുണരുകയായിരുന്നു. വളരെപ്പേർ മരിച്ചു. എന്നാൽ ഏതാണ്ടു രണ്ടായിരംപേർ രക്ഷപെട്ടു കാശ്മീരിലെത്തുകയും പിന്നീട്ടു ടർക്കിയിൽ പാർപ്പുറപ്പിക്കാൻ ക്ഷണിക്കപ്പെട്ടുകയും ചെയ്തു. അവിടെ ച്ചെന്നാണു്, അവരുടെ കഥ—അതു സംഭവിച്ചുകൊണ്ടിരുന്നകാലത്തു് കമ്മ്യൂണിസ്റ്റും ഭരണകൂടം ബാഹ്യലോകത്തെ അറിയിക്കാതെ മറച്ചുവച്ച കഥ—ഞാൻ കേൾക്കാനിടയായതു്.

അവരുടെ സാഹസികോദ്യമങ്ങളുടെയും ക്ലേശങ്ങളുടെയും മഹത്തായ കഥ, ഒരു നിരീക്ഷകൻെറ കാഴ്ചപ്പാടിലൂടെയല്ല, അവരുടെതന്നെ കാഴ്ചപ്പാടിലൂടെയാണു്, ഞാൻ എഴുതാൻ ശ്രമിച്ചിട്ടുള്ളതു്. അവരുടെ ജീവിതസമ്പ്രദായം വിസ്മൃതമായിപ്പോകുന്നതിനുമുൻപു്, അവർ എങ്ങനെയുള്ള കൂട്ടരായിരുന്നു, ഇന്നും അവരുടെ ഹൃദയം

എങ്ങനെയുള്ളതാണു്, കമ്മ്യൂണിസം അവരുടെ മേൽ നിപതിക്കുന്നതിനുമുമ്പു് അവർ ഏതുതരം ജീവിതം നയിച്ചിരുന്നു, എന്നൊക്കെ വിശദീകരിക്കയാണു് എന്റെ ലക്ഷ്യം.

തുക്കികളെപ്പോലെതന്നെ കസാക്കുകളും മുസ്ലീങ്ങളാണു്. ഒരേ വംശത്തിൽ നിന്നുത്ഭവിച്ചവരാണു് തങ്ങളും തുക്കികളും എന്നു് അവർ അവകാശപ്പെടുകയും ചെയ്യുന്നു. അവരിൽ ചിലരെ കണ്ടാൽ തുക്കികളോടു സാദൃശ്യമുണ്ടു്. പക്ഷേ അധികംപേക്കും മംഗോളിയൻ ലക്ഷണമാണുള്ളതു്. ഏഷ്യയിലൊട്ടാകെയുള്ള സഞ്ചാരിവർഗ്ഗം ഒരേ തരം ജീവിതസമ്പ്രദായം പുലത്തിയിരുന്നകാലത്തെ പാരമ്പര്യം കൈമറിഞ്ഞു വന്നതാണു് അവക്കും സിദ്ധിച്ചിരുന്നതു്.

ഈ കഥ ആരംഭിക്കുന്ന 1899—ൽ—അതായതു് ഒസ്മാൻ ബത്തുർ ജനിച്ചകാലത്തു്—കസാക്കുകളുടെ ജീവിതസമ്പ്രദായം ഏതാണ്ടു് അവർ അനുവത്തിച്ചുവന്ന പഴയരീതിയിൽ തന്നെയായിരുന്നു. ഹിമരേഖവരെയുള്ള പവ്വതപ്രദേശം പച്ചപുതച്ചുനിൽക്കുന്ന വസന്തകാലത്തും ഗ്രീഷ്മത്തിലും അവർ മലമുകളിലേയ്ക്കു താവളം മാററിയിരുന്നു. ശരൽക്കാലത്തെ തണുതണുത്ത കാററു് പുതിയ ഹിമശേഖരത്തെ പറത്തിക്കൊണ്ടുവരുന്നതോടെ അവർ താഴ്വരയിലേയ്ക്കു പിൻവാങ്ങും. അവർ നാടുനീളെ ഇഷ്ടംപോലെ—പലപ്പോഴും കയ്യിൽ വേട്ടപ്പക്ഷികളുമായി—സഞ്ചരിച്ചിരുന്നു. കുതിരപ്പുറത്തു സവാരി ചെയ്യുമ്പോൾ അവർ പാടും. അവസാനത്തെ അടികൾ ആവത്തിച്ചാവത്തിച്ചു നീട്ടിവലിച്ചുകൊണ്ടാണു് പാട്ടു്. ആ ഗാനനിർഝരി ഗിരികന്ദരങ്ങളുടെയിടയിൽ അങ്ങോളമിങ്ങോളം അലയടിച്ചിരുന്നു.

ദൈവത്തിന്റെയും ആടുമാടുകളുടെയും സഹായം കൊണ്ടു് അവക്കു് തമ്പിനും വസ്ത്രത്തിനും ആഹാരത്തിനുമുള്ള വകക്കു പ്രയാസമുണ്ടായിരുന്നില്ല. ഗ്രീഷ്മകാലത്തു് അവർ പാൽക്കട്ടിയും പാലിൽനിന്നുല്പാദിപ്പിക്കുന്ന മററാഹാരങ്ങളും തണുപ്പുകാലത്തു് മാംസാഹാരവും കഴിച്ചി

K. M. KURIAN
General Secretary
All Kerala ... Sakhyam
Manorama, Kottayam.

രുന്നു. ധാന്യംകൊണ്ടുള്ള അപ്പം കാലഭേദം ഗണിക്കാതെ ഭക്ഷിക്കും. പാൽകൊണ്ടു് ആഹാരസാധനങ്ങൾ തയാറാക്കുന്നതിലുള്ള തങ്ങളുടെ വൈദഗ്ദ്ധ്യത്തെപ്പററി കസാക്ക് കുടുംബിനികൾ അഭിമാനിച്ചിരുന്നു. സദ്യകളുടെ ആരംഭത്തിൽ തിന്നാൻവേണ്ടി ആട്ടിൻപാൽകൊണ്ടു കല്ലുപോലെ കട്ടപ്പത്തിൽ നിർമ്മിക്കുന്ന ഒരുവക പാൽക്കട്ടി മുതൽ, "കൗമിസ്" എന്ന ഒരുവക പാനീയംവരെ കുറഞ്ഞതു് ഇരുപത്തിയാറു തരത്തിലെങ്കിലും പാൽവിഭവങ്ങൾ പാകപ്പെടുത്തിയെടുക്കാൻ അവക്കു കഴിഞ്ഞിരുന്നു. കമ്മ്യൂണിസ്റ്റ് ഭരണമാരംഭിക്കുന്നതിനു മുമ്പുള്ള കാലങ്ങളിൽ അത്യന്തം ദരിദ്രമായതൊഴികെ എല്ലാ കസാക്ക് കുടുംബങ്ങളുടെയും തമ്പുകളിൽ കുറഞ്ഞതു് ഒരു തോൽക്കുടം നിറയെയെങ്കിലും കൗമിസ് എപ്പോഴും കരുതലുണ്ടായിരിക്കും.

ഇന്നു ടക്കിയിലുള്ള കസാക്കുകളിൽ അധികവും തൊപ്പിയിൽ മൂങ്ങാത്തൂവൽ ധരിക്കുന്ന കിരീവർഗ്ഗത്തിൽ (Kirei) പെട്ടവരാണു്. ഈ വർഗ്ഗം മൊത്തത്തിൽ പല ശതസഹസ്രങ്ങളുണ്ടാകും. കമ്മ്യൂണിസ്റ്റുകാർ എത്തി വ്യവസ്ഥിതികൾ വ്യത്യാസപ്പെടുത്തുന്നതുവരെ ഇവർ ഏതാണ്ടു നൂറുവീതം കുടുംബങ്ങൾ—മൊത്തം ശരാശരി നാന്നൂറുപേർ ഓരോ സംഘമായി ചേർന്നു് ഓരോ തലവൻെറ അധികാരത്തിനുൾപ്പെട്ടു ജീവിക്കയാണു ചെയ്തിരുന്നതു്. അവക്കു പണം അധികമില്ലായിരുന്നുവെങ്കിലും മൃഗങ്ങൾ ധാരാളമുണ്ടായിരുന്നു. അത്തരമൊരു സംഘത്തിനു് ഏതാണ്ടു് 10,000 ആടു്, 2000 കന്നുകാലി, 2000 കുതിര, 1000 ഒട്ടകം എന്നിവയുണ്ടായിരിക്കും. ഒരു കസാക് കേന്ദ്രം എപ്പോഴും ഈ മൃഗങ്ങളുടെയും അവയുടെ കഴുത്തിലണിഞ്ഞിരിക്കുന്ന മണികളുടെയും ശബ്ദംകൊണ്ടു മുഖരിതമായിരിക്കും. കസാക്കുകളിൽ ആണും പെണ്ണും ഇളംപ്രായത്തിൽതന്നെ കുതിരസ്സവാരിയിൽ പ്രാഗത്ഭ്യം നേടിവന്നു. ആദ്യമാദ്യം ചെറിയ മൃഗങ്ങളെ ഉപയോഗിച്ചു ശീലിച്ചു് അവർ ക്രമേണ വലിയ മൃഗങ്ങളെയും ഉപയോഗിക്കാൻ പ്രാപ്തരായിത്തീരുന്നു.

കുട്ടികളിൽ മിക്കവരും പത്തുവയസ്സു തികയുന്നതിനു മുമ്പുതന്നെ ചൈനക്കാരോടൊ കമ്മ്യൂണിസ്റ്റുകാരോടൊ ഉള്ള സമരത്തിൽ ഏർപ്പെട്ട യുദ്ധപരിചയം നേടിക്കഴിയും. ഒസ്മാൻ ബത്തുർ ആദ്യമായി യുദ്ധത്തിൽ പങ്കെടുത്തതു പന്ത്രണ്ടാം വയസ്സിലാണു്. യുദ്ധത്തിൽ അവനു പരിശീലനം നൽകിയതു് ബൊക്കൊ ബത്തുർ എന്നു പേരായ ഒരു ഒളിപ്പോരു നേതാവാണു്. നികുതിയുടെ പേരിൽ തങ്ങളുടെ വളർത്തുമൃഗങ്ങളെ കണ്ടുകെട്ടിക്കൊണ്ടുപോയിരുന്ന ചൈനീസ് നികുതിപിരിവുകാരോടും, തങ്ങളെ ഓടിച്ചുവിട്ടിട്ട തങ്ങളുടെ ഭൂമി കൈവശപ്പെടുത്താൻ ശ്രമിച്ചിരുന്ന ചൈനീസ് കർഷകരോടുമാണു് ബൊക്കൊ ബത്തുറിൻെറ കാലത്തു് കസാക്കുകൾക്കു സമരംചെയ്യാനുണ്ടായിരുന്നതു്. പിന്നീടു് ആ സമരത്തിൻെറ സ്വഭാവം മാറി. കസാക്കുകളെ കൂട്ടകൃഷിയിടങ്ങളിലെ നിർബന്ധപ്രയത്നത്തിലേയ്ക്കും സോവിയററു് ഉടമയിലുള്ള കൽക്കരി ഖനികളിലെയും ഫാക്ടറികളിലെയും നിർബന്ധിതവേലയ്ക്കും നിയോഗിക്കാൻ ശ്രമിച്ച ചൈനീസും റഷ്യനും ആയ കമ്മ്യൂണിസ്റ്റുകൾക്കെതിരായ സമരമായി അതു രൂപംകൊണ്ടു.

ഇപ്പോൾ ടർക്കിയിൽ താമസമാക്കിയിട്ടുള്ള ഒരു കസാക്കു് തലവനാണു് ഹുസൻ താജി. സ്വന്തം നാടു കൈവിട്ടുപോന്നതെന്തെന്ന എൻെറ ചോദ്യത്തിനു് അദ്ദേഹം മറുപടി പറഞ്ഞു:

“ഒരു മൃഗത്തെപ്പോലെ ജീവിക്കയിൽ ഭേദം മരിക്കയാണു്. ഒരു മൃഗം മനുഷ്യനെ ദൈവത്തെപ്പോലെ കരുതുന്നു. ഒരു മനുഷ്യൻ മററുമനുഷ്യരെ ആ നിലയിൽ ഗണിക്കുന്നതു ശരിയല്ല.”

അതുപോലെതന്നെ മറെറാരു കസാക് നേതാവായ കിനേസാരി(Kene Sari) ഏതാണ്ടു് ഒരു നൂററാണ്ടു കാലത്തിനുമുമ്പു് പറഞ്ഞു:

“ഒരു അടിമയായി മരിക്കയെക്കാൾ നല്ലതു് യുദ്ധത്തിൽ മരണം വരിക്കയൊ മണലാരണ്യത്തിൽ കിടന്നു മരിക്കയൊ ചെയ്യുന്നതല്ലേയോ?”

ഈ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ നമ്മുടെ കാലത്തെ കസാക്കുകൾ തോക്കെടുത്തുകൊണ്ട്—അവക്കു തോക്കു ലഭിച്ചപ്പോൾ—കുതിരപ്പുറത്തുകയറി യുദ്ധസന്നദ്ധരായി. ഏഷ്യ എക്കാലത്തും കണ്ടിട്ടുള്ളതിലേയ്ക്കു് ഏററവും ശക്തിയേറിയ രണ്ടു സാമ്രാജ്യശക്തികളോട്—സോവിയററു് യൂണിയനോടും ചൈനയോടും—തങ്ങളുടെ തനതായ ജീവിതസമ്പ്രദായം തകർത്തുകളയുന്നതിൽനിന്നു് അവരെ തടയാൻവേണ്ടി, ഒരു അന്തിമസമരത്തിനു തയാറാകുകയായിരുന്നു, അവർ. ഇത്ര ശക്തന്മാരായ പ്രതിയോഗികളുമായുള്ള സമരത്തിൽ തങ്ങൾക്കു വിജയസാദ്ധ്യതയില്ലെന്നുള്ള വസ്തുത, കസാക്കുകളെ അവരുടെ ഉദ്യമത്തിൽനിന്നു പിൻതിരിപ്പിക്കാൻ പര്യാപ്തമായില്ല. ഹുസേൻ താജിയെയും കിനേസാരിയെയുംപോലെ അവരും കരുതി, മൃഗങ്ങളെപ്പോലെ ജീവിക്കയിൽ ഭേദം മരിക്കയാണെന്നു്.

ആദ്യം ചൈനാക്കാക്കെതിരായും. പിൽക്കാലം ചൈനാക്കാരുടെയും റഷ്യാക്കാരുടെയും കമ്മ്യൂണിസത്തിനെതിരായും നടന്നിരുന്ന ഈ യുദ്ധം 1930–നും 1950–നും ഇടയ്ക്കുള്ള കാലത്തു് വർദ്ധമാനമായ തീക്ഷ്ണതയോടെ തുടന്നു നടന്നുകൊണ്ടിരുന്നു. 1951–ലാണു് താക്‌ളമകാൻ മണലാരണ്യവും ടിബററിനു വടക്കുള്ള പർവ്വതങ്ങളും താണ്ടിക്കൊണ്ടു് കാശ്‌മീരിലേയ്ക്കുള്ള കൂട്ടമായ പ്രയാണമുണ്ടായതു്. 1953–54–ൽ തുടന്നു് ആകാശത്തിലും കരയിലും കടലിലുംകൂടെ സഞ്ചരിച്ച് ടൎക്കിയിലേയ്ക്കുള്ള പ്രവാഹം നടന്നു. അവിടെയിപ്പോൾ തുൎക്കി ഗവണ്മെൻറിൻെറ കാരുണ്യംമൂലം, നാടുവിട്ടുപോന്ന ഈ കസാക്കുകൾക്കു് മേൽക്കൂരയ്ക്കു കീഴിൽ ജീവിക്കാനുള്ള സാഹചര്യം ലഭിച്ചിട്ടുണ്ടു്.

കസാക്കുകളുടെ കഥ പറഞ്ഞുതുടങ്ങുന്നതിനുമുമ്പായി എനിക്കു് ഈ വിവരങ്ങൾ നൽകിയ വ്യക്തികളിൽ പ്രധാനപ്പെട്ട ചിലരെ പരിചയപ്പെടുത്തേണ്ടതുണ്ടു്. ആദ്യമായി ആലിബെഗ്. സ്വന്തം ജന്മഭൂമിയിൽ ആലിബെഗ് ഒരു വൎഗ്ഗത്തലവനായിരുന്നു. ഇന്നും അയാൾ മുന്നൂറോളം

കുട്ടംബങ്ങൾ ചേൎന്ന ഒരു സമൂഹത്തിൻെറ തലവനാണു്. അയാളുടെ യുദ്ധകാല സുഹൃത്തും സഹായിയുമായ ഹംസാ അയാളുടെ അട്ടത്തു താമസമാണു്. കമ്മ്യൂണിസ്റ്റുകൾക്കെതിരായി കസാക്കുകൾ നടത്തിയ നീണ്ടസമരത്തെപ്പററിയുള്ള വിവരങ്ങളിൽ ഏററിയപങ്കും എനിക്കു ലഭിച്ചതു് ആലിബെഗ്, ഹംസാ എന്നിവരിൽ നിന്നാണു്. അവരോടെനിക്കുള്ള അകമഴിഞ്ഞ കൃതജ്ഞതയും ബഹുമാനവും രേഖപ്പെട്ടത്തിക്കൊള്ളട്ടെ. അവർ പറഞ്ഞതു ഞാൻ ശരിയായി മനസ്സിലാക്കാതെ വന്നിട്ടുണ്ടെങ്കിൽ, അഥവാ അവരുടെ അഭിപ്രായഗതികളെ രേഖപ്പെട്ടത്തിയതിൽ മനസ്സറിയാതെ വല്ല തെററും വരുത്തിപ്പോയിട്ടുണ്ടെങ്കിൽ, അതിൽ എനിക്കു നിർവ്യാജമായ വ്യസനമുണ്ടു്. എൻെറ കൂടെ ടക്കിയിൽവന്നു് ദ്വിഭാഷിയായി പ്രവൎത്തിച്ച ഇംഗ്ലീഷ് സുഹൃത്തിനോട്ടം, മദ്ധ്യേഷ്യയെപ്പററിയുള്ള തൻെറ വിജ്ഞാനം ഉദാരമായി പകൎന്നുതന്നു് എന്നെ സഹായിച്ച റോയൽ ജ്യോഗ്രാഫിക്കൽ സൊസൈററി സ്വർണ്ണമെഡൽകാരനായ ഡഗ്ലസ് കാരുതേഴ്സിനോട്ടം (Douglas carruthers) എനിക്കുള്ള നന്ദിയും ഇവിടെ രേഖപ്പെട്ടത്തട്ടെ. അവസാനമായി, ദ്വിഭാഷിയെന്ന നിലയിൽ പ്രയോജനപ്രദമായ സേവനം അനുഷ്ഠിച്ച ആലിബെഗ്ഗിൻെറ മകൻ ഹസനോട്ടം കൃതജ്ഞത പറയേണ്ടതുണ്ടു്.

ആലിബെഗ്ഗിനു് പണ്ടുകാലത്തു് വൃത്താകാരമായ മൂന്നു കമ്പിളിത്തമ്പുകളുണ്ടായിരുന്നു; ഓരോ ഭാൎയ്യക്കും ഓരോന്നു്. ഏതാണ്ടു മുപ്പതടിവിതം വീതിയുള്ള വലിയ തമ്പുകളായിരുന്നു അവ. തലവൻെറ തമ്പുകളാകയാൽ അവയുടെനിറംവെളുപ്പായിരുന്നു;മററുള്ളവപോലെകറുത്തതൊതവിട്ടനിറത്തിലൊചാരനിറത്തിലൊ ഉള്ളതോ ആയിരുന്നില്ല. നൂറു റാത്തലിനുമേൽ ഭാരംവരുന്ന പത്തൊപന്ത്രണ്ടൊ കമ്പിളിത്തുണ്ടുകൾ കൂട്ടിച്ചേൎത്തതാണു് ഒരു തമ്പു്. വസന്തത്തിലും ശരൽക്കാലത്തിലും അയാൾ താമസകേന്ദ്രം മാററുമ്പോൾ ഈ തമ്പിൻെറ കമ്പിളിത്തുണ്ടുകൾ അവയുടെ ചട്ടത്തിന്മേൽ ചുരുട്ടിയെടുത്തു് ഒട്ടകത്തിൻെറയൊ

കാളയുടെയൊ പുറത്തുവച്ച് കൊണ്ടു പോകയായിരുന്നു പതിവ്. എടുത്തു പൊക്കണമെങ്കിൽ അഞ്ചാറുപേർ സഹകരിക്കേണ്ട തരം വലിയ വെപ്പുപാത്രങ്ങൾ ചുമക്കാൻ കരുത്തുള്ള ഒട്ടകങ്ങളും അയാൾക്കുണ്ടായിരുന്നു. ഏതാണ്ട് 30,0000 ആടുകളും 14,000 കന്നുകാലികളും 10,000 കറവപ്പശുക്കളും, 1000 ഒട്ടകങ്ങളും, ആളൊന്നുക്ക് സ്ത്രീക്കും പുരുഷനും കുട്ടിക്കുമെല്ലാം ഓരോ കുതിരയും ഉള്ള ഉദ്ദേശം ആയിരം കുടുംബങ്ങളുടെ അധിപനായിരുന്നു, ആലിബെഗ്ഗ് അക്കാലത്ത്.

ആലിബെഗ്ഗിൻെറ ഒരു അയൽക്കാരനായിരുന്നു, ഹംസാ. അയാൾ പത്താമത്തെ വയസ്സിൽ യുദ്ധത്തിൽ ചേർന്നു. ഇരുപതാമത്തെ വയസ്സിൽ ഒരു കർണ്ണലിനു തുല്യമായ പദവിയിലെത്തി; ഇപ്പോൾ മുപ്പത്തിമൂന്നേ വയസ്സായിട്ടുള്ളു.

ടർക്കിയിൽ അഭയംതേടിയ മറെറാരാൾ കരാമുള്ളായാണ്. അയാളൊരു കവിയാണ്. അയാൾ ഒസ്മാൻ ബതുറിനെപ്പററി ആദ്യമായി എന്നോടു സംസാരിക്കയും, ആ വീരപുരുഷനെപ്പററി താൻ എഴുതിയ കവിതയുടെ ഒരു ഭാഗം എന്നെ പാടി കേൾപ്പിക്കയും ചെയ്തു. എല്ലാ കസാക് കവിതകളുംപോലെ ഇതും പൗരാണിക ചരിത്രവും പഴയ കഥകളും നിറഞ്ഞതായിരുന്നു. ഉദാഹരണമായി, ശത്രുക്കളുടെ ആയുധങ്ങളിൽനിന്നു സുരക്ഷിതത്വം നൽകുന്ന ഒരു മാന്ത്രിക സുവർണ്ണകവചത്തെപ്പററി ഈ കവിതയിൽ പരാമർശമുണ്ടായിരുന്നു. നമ്മുടെ കഥാനായകനായ ഒസ്മാനു് ഈ കവചമുണ്ടായിരുന്നില്ല. എങ്കിലും അത്ഭുതകരമാംവണ്ണം അപകടങ്ങളിലും മരണത്തിലും നിന്നു രക്ഷപെട്ടുകൊണ്ട് അനേകം വർഷക്കാലം അദ്ദേഹം സമരം ചെയ്തു. പക്ഷേ ഒടുവിൽ കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ പിടിച്ചുകൊന്നു.

ഈ കവിതയിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ധീരകൃത്യങ്ങൾ എല്ലാം ഒരുവേള ഒസ്മാൻെറതുതന്നെയല്ലെന്നുവരാം. എന്നാൽ ഏതെങ്കിലുംകസാക് നേതാവിൻെറ പ്രവർത്തനങ്ങളിൽപെട്ടതാണ് അവയൊക്കെയെന്നുള്ളതിനു തെളി

വുണ്ടു്. കസാക് ജനതയുടെ മഹത്തായ ചരിത്രത്തിന്റെ ഭാഗമാണു് അതെല്ലാം.

രണ്ടു കമ്പികൾ ഘടിപ്പിച്ച ദ്ദംബ്രി എന്ന സംഗീതോപകരണം മീട്ടിക്കൊണ്ടാണു് കരാമുള്ള പാടിയിരുന്നതു്. മിക്ക കസാക്കുകൾക്കും ദ്ദംബ്രി വായിക്കാനറിയാം. ഞാൻ ടർക്കിയിൽ കണ്ടുമുട്ടിയ മിക്കവക്കും പാടാൻ മാത്രമല്ല പഴയ കസാക് രാഗങ്ങളിൽ പുതിയ ഗാനങ്ങൾ രചിക്കാനും കഴിയും. ഈ ഗാനങ്ങളെല്ലാം നൂററാണ്ടുകളുടെ പഴക്കമുള്ളവയാണെങ്കിലും സ്വാതന്ത്ര്യലോകത്തിനു് അവയെല്ലാം നവീനമാണു്. "എന്റെ രാജ്യത്തിലെ പവ്വ്വതങ്ങൾ" എന്ന ഒരു ഗാനത്തിൽ കിഴക്കൻ ടക്കിസ്ഥാനിലെ പ്രിയപ്പെട്ട പവ്വ്വതങ്ങളുടെയെല്ലാം കസാക് നാമങ്ങൾ വിവരിക്കുന്നുണ്ടു്.'വിദ്യാത്ഥികളുടെ ഗാനം' എന്ന മറെറാന്നിന്റെ ആരംഭം "ദൈവത്തിന്റെ നാമത്തിൽ ഞാനിതാ വിജ്ഞാനം കൊണ്ടുവരുന്നു" എന്നാണു്. ഞങ്ങൾ ഈ ഗാനങ്ങളും കരാമുള്ളായുടെ നീണ്ടഗാനവും റിക്കാർഡിൽ എടുക്കുകയുണ്ടായി. വിദൂരമായ കസാക്നാടിന്റെ അന്തരീക്ഷത്തിൽനിന്നും എത്രയോ ഭിന്നമായ പരിസരങ്ങളിലാണു് ആ ഗാനങ്ങൾ രേഖപ്പെടുത്തപ്പെട്ടതു് എന്നു മാത്രം.

കരാമുള്ളയ്ക്കു് തന്റെ സുഹൃത്തായ ഹുസേൻ താജിയെക്കാൾ പത്തുവയസ്സെങ്കിലും കുറവുണ്ടു്. എന്നാൽക്കൂടി താനനുഭവിച്ച ക്ലേശങ്ങളാൽ മുൻവശത്തെ പല്ലുകളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.

ഹുസേൻ താജിക്കു് അറുപതുവയസ്സിൽ കൂടുതലായിട്ടുണ്ടു്. ഏതാണ്ടു് ഇരുപതു സംവത്സരങ്ങൾക്കു മുമ്പു് കമ്മ്യൂണിസ്റ്റുകാരിൽനിന്നു രക്ഷപെടാൻവേണ്ടി ബർക്കുലിലെ തന്റെ ഗൃഹമുപേക്ഷിച്ചു് അയാൾ ഗേജ്കുൽ എന്ന കായലിനടുത്തു പാർപ്പാക്കിയതാണു്. അയാൾ ഭാര്യമാരും കുട്ടികളുമൊത്തു കമ്പിളിത്തമ്പുകളിൽ താമസിച്ചിരുന്ന കാലത്തുണ്ടായിരുന്ന ഒരു സ്നേഹിതനാണു് സുൽത്താൻ ഷെരിഫ്. തുർക്കിയിലെ "ഔദാര്യകേന്ദ്ര"ത്തിൽവച്ചു് ഞാൻ അയാളെയും കണ്ടുമുട്ടി. കസാക്കു്

അഭയാത്ഥികൾക്ക് ഭൂമി നൽകി കുടിപാർപ്പിക്കുന്നതു വരെ അവരെ താമസിപ്പിക്കാൻ തുർക്കി ഗവണ്മെൻറു ചെയ്തിരുന്ന ഏർപ്പാടാണ് ഈ "ഔദാര്യ കേന്ദ്രങ്ങൾ."

കിഴക്കെ ടർക്കിസ്ഥാനിൽ നിന്നുള്ള മറ്റൊരു അഭയാത്ഥിയായ മൊഹമ്മദ് എമീൻബഗ്രായാണ് അയാളെ എനിക്കു പരിചയപ്പെടുത്തിത്തന്നതു്. അയാൾ കസാക്കല്ല; തുർക്കിയാണ്. തുർക്കികളിൽ അധികവും കർഷകരോ കച്ചവടക്കാരോ ആണ്. കിഴക്കെ ടർക്കിസ്ഥാനിൽ അവർക്കും കസാക്കുകളോളംതന്നെ പഴക്കമുണ്ട്. കസാക്കുകളെക്കാൾ ജനസംഖ്യയിൽ അവർ വളരെ കൂടുതലുമാണ്. മൊഹമ്മദ് എമീനിൻെറ പിതാവ് ഖോട്ടാനിലെ എമീർ അഥവാ രാജാവായിരുന്നു. മൊഹമ്മദ് എമീൻ തന്നെ കുറെക്കാലം ആ രാജ്യത്തിലെ ഭരണകൂടത്തിൽ ഉദ്യോഗം വഹിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകാർ അധികാരം പിടിച്ചെടുക്കുന്നതിനു തൊട്ടുമുമ്പ് അയാൾ കാശ്മീരിലേക്കു രക്ഷപ്പെടുകയാണുണ്ടായതു്.

ആലിബെഗ്, കരാമുള്ളാ, ഹംസാ, ഹുസേൻതാജി, സുൽത്താൻഷെരിഫ്, മൊഹമ്മദ്എമീൻ എന്നിവരൊക്കെ ഇപ്പോഴും ജീവിച്ചിരിക്കുന്നവരാണ്. കിഴക്കെ ടർക്കിസ്ഥാനെ രക്ഷപ്പെടുത്താനുള്ള സമരത്തിൽ മുഖ്യപങ്കു വഹിച്ച മററുള്ളവരുടെ കഥയാണ് ഇവിടെ വിവരിക്കുന്നതു്. ഒന്നൊഴിയാതെ അവരെല്ലാം മരിച്ചിരിക്കുന്നു. എന്നാൽ അവരുടെ ചരിത്രം അന്നാട്ടുകാരുടെ ഹൃദയത്തിൽ മായാത്തവിധം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

# 1

## ഒരു വീരൻെറ ജനനം

കസാക്കുകളുടെ കമ്പിളിത്തമ്പുകളിലും അവയുടെ ചുററിലും ജനനവും മരണവും ഒട്ടവളരെ നടന്നുകൊണ്ടിരിക്കുന്നതിനാൽ അവയെപ്പററി രേഖയുണ്ടാക്കിവയ്ക്കാൻ ആരും മിനക്കെടാറില്ല. അതുകൊണ്ടു് ടക്കിയിലെ കസാക്ക് അഭയാത്ഥികളിലാക്കുംതന്നെ ഒസ്മാൻ ബത്തുറിൻെറ ജനനത്തീയതി പോയിട്ട് ജന്മമാസമേതെന്നുപോലും പറയാൻ അറിഞ്ഞുകൂടായിരുന്നു. എന്നാൽ അയാൾ ജനിച്ച വർഷം 1899 ആണു്.

ആൾട്ടായ് പ്രദേശത്തു് റഷ്യയുടെയും ചൈനയുടെയും മംഗോളിയയുടെയും അതിർത്തികൾ ഒന്നുചേരുന്ന സ്ഥലത്തിനടുത്തു പാർത്തിരുന്ന ഇസ്ലാം ബായ്യുടെ പുത്രനായിരുന്നു ഒസ്മാൻ ബത്തുർ. ഒട്ടധികം ആട്ടമാട്ടുകളുടെ ഉടമസ്ഥനായിരുന്ന ഇസ്ലാം ബായ് ഒരു കർഷകനായിരുന്നു. വിളയിൽ വെള്ളം കയറേറണ്ടതരം കൃഷിയല്ല അയാൾ ചെയ്തിരുന്നതു്. സമതലങ്ങളിലെ മററു കൃഷിക്കാരെപ്പോലെ വിളവിറക്കിക്കഴിഞ്ഞു് ജലസേചനാവശ്യം നിർവഹിക്കാൻ അടുത്തുണ്ടായിരിക്കേണ്ട ആവശ്യമില്ലാതിരുന്ന അയാൾക്ക് വിളകൊയ്യാൻ പാകമാകുന്നതുവരെ അവിടം വിട്ടു ചുററിസഞ്ചരിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. എല്ലാ വസന്തകാലത്തും ഭൂമി ഉഴുതു ഗോതമ്പു പാകിക്കഴിഞ്ഞാൽ അയാൾ തമ്പുകൾ ചുരുട്ടിക്കെട്ടി, കുടുംബാംഗങ്ങളും ആട്ടമാട്ടുകളുമായി ആൾട്ടായ് പർവ്വതത്തിൻെറ മുകളിലേയ്ക്കു നീങ്ങുകയായിരുന്നു പതിവു്. അങ്ങനെ 1899-ലും അയാളും ഭാര്യമാരുമൊക്കെയുടെ പർവത പാർശ്വത്തിൽ കൂടാരങ്ങൾ

നിർമ്മിച്ചു പാർപ്പാക്കി. ഭാര്യമാരിൽ ഒരാൾ അക്കാലം ഗർഭിണിയായിരുന്നു. പർവതത്തിൻെറ മുകളിൽ നിന്നു് ഹിമശീകരമായ ജലമൊഴുക്കിക്കൊണ്ടു വന്നിരുന്ന ഒൻപതു് ചെറിയ അരുവികളുടെ സംഗമസ്ഥലമാകയാൽ "ഒമ്പതു പല്ലുള്ള ചീർപ്പു്" എന്നപേരിൽ അറിയപ്പെട്ടുന്ന ഒരു സ്ഥലമുണ്ടു്. ഒരുപക്ഷേ അവിടെയായിരിക്കാം അവരൊക്കെ തമ്പടിച്ചതു്.

ഇസ്ളാം ബായ്യുടെ ഭാര്യക്കു പ്രസവസമയമടുത്തു് പ്രസവവേദനയാരംഭിച്ചപ്പോൾ അടുത്തുള്ള മറെറാരു മലഞ്ചരുവിൽ പാർത്തിരുന്ന അവളുടെ അമ്മക്കു് ആളയക്കുകയും അവർ വേഗംതന്നെ അവിടെ എത്തുകയും ചെയ്തു. അവർ വന്നെത്തിയ ഉടൻതന്നെ ഇസ്ളാം ബായ്യുടെ തമ്പിനുള്ളിൽ കുറുകെ ഒരു വടം വലിച്ചു കെട്ടുകയും, അതിനുമുകളിൽക്കൂടെ കയ്യിട്ടുകൊണ്ടു് വടത്തിൻെറ മുന്നിൽ മുട്ടിന്മേൽ നിന്നു് വേദന വരുമ്പോഴൊക്കെ അതിന്മേൽ വയറമർത്തിക്കൊള്ളാൻ മകളോടു നിർദ്ദേശിക്കുകയും ചെയ്തു. വേദന വർദ്ധിച്ചു വന്നതോടെ ആ അമ്മ ആട്ടിൻതോൽ കൊണ്ടുള്ള ഒരു കുപ്പി മകളെ ഏല്പിച്ചിട്ടു് മുൻപോട്ടു ശരീരം അമർത്തുന്നതോടെ ആ കുപ്പിക്കുള്ളിലേക്കു ശക്തിയായി ഉച്ഛ്വസിച്ചുകൊള്ളാൻ നിർദ്ദേശിച്ചു. ഒടുവിൽ പ്രസവം ആസന്നമായതോടെ അവർ ഇസ്ളാം ബായ്യോടു് കട്ടിയുള്ള കമ്പിളിക്കഷണങ്ങൾ വാങ്ങി മകളിരുന്നതിൻെറ ചുവട്ടിൽ നിരത്തി.

കുഞ്ഞിൻെറ കരച്ചിൽ കേൾക്കുന്നതുവരെ ഇസ്ളാം ബായ് തമ്പിൻെറ പുറത്തു കാത്തിരുന്നു. കരച്ചിൽ കേട്ടപ്പോൾ അയാൾ തമ്പിനുള്ളിലേക്കു ചെന്നു. തൻെറ പ്രവേശനാവസരത്തിൽവാതിലിൻെറകട്ടിളയിൽ ഒരു സ്ഥലത്തും തൻെറ ശരീരം തട്ടാതിരിക്കാൻ അയാൾ കരുതിയിരുന്നു. അങ്ങിനെ തട്ടുന്നതു കുടുംബത്തിനു ദോഷം വരുത്തുമെന്നായിരുന്നു വിശ്വാസം. അയാൾ ഭാര്യയോടു ചോദിച്ചു; "കുഞ്ഞിനു് എന്തു പേരാണിടേണ്ടതു്? ഞാൻ തമ്പിൽ നിന്നു പുറത്തേയ്ക്കിറങ്ങുമ്പോൾ ആദ്യം കാണുന്ന ജീവിയുടെ പേരുപയോഗിക്കയാണെങ്കിൽ ബാദ്ധ്യത ദൈവത്തി

ൻെറതായിരിക്കും. അതോ വിശുദ്ധ ഖുറാനിൽ നിന്നു വല്ല പേരും തിരഞ്ഞെടുക്കണോ?"

രണ്ടാമത്തെ സമ്പ്രദായമായിരുന്നു അയാളുടെ ഭാര്യക്കിഷ്ടം. അങ്ങനെ കുട്ടിക്കു് ഒസ്മാൻ എന്ന പേരു നൽകപ്പെട്ടു. 'വീരൻ' എന്നർത്ഥമാകുന്ന 'ബത്തുർ' എന്ന പേരു് 1942—ൽ അയാൾക്കു നാട്ടുകാർ നൽകിയതാണു്.

കുട്ടിക്കുപേരിട്ടുകഴിഞ്ഞ ഉടനെതന്നെ ഇസ്ളാംബായ് തമ്പിനു പുറത്തു വന്നു് ഒരു ആടിനെക്കൊന്നു. അതിൻെറ ഉൾഭാഗം എടുത്തു് അയാളുടെ ശ്വശ്രൂ പാലിൽ വേവിച്ചു് വിശിഷ്ടമായ ഒരു സൂപ്പുണ്ടാക്കി. അതു മകളുടെ മുലയിൽ ധാരാളം പാൽ ഉണ്ടാകേണ്ടതിനു് അവൾക്കുപയോഗിക്കാനായിരുന്നു. തമ്പിൻെറ മദ്ധ്യത്തിലെ അടുപ്പിൽവച്ചിരുന്ന ഇരുമ്പുകലത്തിലിട്ടു് ആടിൻെറ ബാക്കി ഭാഗം വേവിച്ചു. ഈ മാംസം മുഴുവൻ തിന്നു തീരുന്നതുവരെ ഒസ്മാൻെറ അമ്മയ്ക്കു് കുട്ടിക്കു മുലകൊടുത്തു പരിചരിക്കുക മാത്രമായിരുന്നു ജോലി.

അമ്മൂമ്മ കുട്ടിയെ കുളിപ്പിച്ചു്, തുവർത്തി പുറകുവശം തുറന്ന ഒരു കുട്ടിയുള്ള പഞ്ഞിത്തുണിയുടുപ്പു ധരിപ്പിച്ചു. പിന്നെ എളുപ്പം എടുത്തുമാററാവുന്ന മൃദുവായ കമ്പിളിക്കഷണങ്ങൾ വിരിച്ച ഒരു ചെറിയ മരത്തൊട്ടിലിൽ അവനെ കിടത്തി. തന്നത്താൻ കൈകാലുകൾ കുത്തി നടക്കാറാകുംവരെ മുലകുടിക്കുന്ന സമയം ഒഴികെ എപ്പോഴും ഈ തൊട്ടിലിലാണു് കുട്ടിയുടെ കിടപ്പു്.

രണ്ടു വയസ്സാകുംവരെ അമ്മയുടെ മുലപ്പാൽ മാത്രമാണു് അവനു കൊടുത്തിരുന്നതു്. അതിനുശേഷം പശുവിൻ പാൽ കൊടുത്തു തുടങ്ങി. പല്ലുമുളച്ചു തുടങ്ങിയപ്പോൾമുതൽ കുടിക്കാവുന്ന സാധനങ്ങൾ നൽകി വന്നു. കൈകൊണ്ടെടുക്കാറായപ്പോൾ അപ്പവും അവനു കിട്ടി. ഇടയ്ക്കു വല്ലപ്പൊഴും പഞ്ചാരക്കട്ടയും കൊടുത്തിരുന്നു.

ജനിച്ച ഉടനെതന്നെ അവൻെറ പേരും പരിശുദ്ധഖുറാനിലെ സൂക്തങ്ങളും എഴുതിയ ഒരു രക്ഷ അവൻെറ കഴുത്തിൽ ധരിപ്പിക്കപ്പെട്ടു. തമ്പിനു വെളിയിൽ ഓടിനടക്കാറായ കാലംമുതൽ മകൻെറ ഉടുപ്പിൻെറ കീശയിൽ

അമ്മ അപ്പം വെച്ചേക്കുക പതിവുണ്ടായിരുന്നു. വഴിതെററുകയോ മറേറാ ചെയ്താലും അവൻ പട്ടിണിയായിപ്പോകാതിരിക്കുവാനുള്ള മുൻകരുതലായിരുന്നു ഇതു്. വളരെ പഴയ ഒരു കസാക്കു് ആചാരമാണിതു്. ഇതിൽ കവിഞ്ഞ ശ്രദ്ധയും കരുതലുമൊന്നും കുട്ടിയെപ്പററി ഉണ്ടായിരുന്നില്ല. ഇതും ഒരു പഴയ ആചാരമാണു്.

ഒസ്മാനു നടക്കാറാകുന്നതിനു വളരെ മുമ്പുതന്നെ ഇസ്ളാം ബായു് തൻെറ ഗോത്രമ്പു വിളവെട്ടുക്കുന്നതിനു വേണ്ടി "ഒമ്പതു പല്ലുള്ള ചീർപ്പിൻെറ മലഞ്ചെരുവിൽ" നിന്നും സമതലഭൂമിയിലേക്കു താമസം മാററിയിരുന്നു. ഏതാനും ആഴ്ചകൾക്കുടെ ആട്ടമാട്ടുകളും അവയെ സൂക്ഷിപ്പാൻ ഏതാനുംഭൃത്യന്മാരും അവിടെ തുടന്നു താമസിക്കുന്നതിനു് ചട്ടംകെട്ടി. ബാക്കി എല്ലാവരും സാമാനങ്ങളെല്ലാം മാറാപ്പുകളിലാക്കി മൃഗങ്ങളെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടു് ഇസ്ളാം ബായിയോടൊപ്പം മലയിറങ്ങി സമതലത്തിലേക്കു നീങ്ങി.

എല്ലാ കസാക്കു് കുട്ടികളുമെന്നപോലെ ഒസ്മാനും ക്ലേശം നിറഞ്ഞ ജീവിതമാണു് ശീലിച്ചതു്. ഭക്ഷണം അച്ഛൻെറ തമ്പിലായിരിക്കും. അധികസമയവും അവൻ അവിടെയാണു് കഴിക്കുക. അമ്മയുടെ തമ്പിലാണു് ഉറക്കം. അച്ഛൻെറ അട്ടത്തിരിക്കുമ്പോൾ, പറയുന്നതു കേൾക്കുകയും ഉടനെ അനുസരിക്കുകയും ചെയ്യാൻ മാത്രമെ അവനവകാശമുണ്ടായിരുന്നുള്ളു. അങ്ങോട്ടു ചോദിക്കാതെ വല്ലതും കടന്നുകയറി സംസാരിച്ചുപോയാൽ അവൻെറ അച്ഛൻെറ കൈ തമ്പിൻെറ പ്രവേശനദ്വാരത്തിൽ തൂക്കിയിട്ടിരിക്കുന്ന ചാട്ടയിലേക്കു നീളും. അല്ലെങ്കിൽ അയാൾ ഒസ്മാൻെറ അമ്മയോടു തട്ടിക്കയറും: "എടീ! നിൻെറ മകൻ ഉണ്ടാകുന്നതിനു് ഒമ്പതുമാസം, മുമ്പു് ഞാനില്ലായിരുന്ന അവസരത്തിൽ ഏതോ പന്നിയൊ പട്ടിയൊ എൻെറ തമ്പിനെ ചുററിപ്പററി നടന്നിരുന്നപോലെ തോന്നുന്നല്ലൊ. അല്ലാതെങ്ങനെ ഇവനു് ഈ വകതിരിവുകേടു വന്നുകൂടി?" അന്നു് ഒസ്മാനു് അത്താഴം കിട്ടുകയുമില്ല.

എട്ടു വയസ്സായപ്പോൾ ഒസ്മാനെ സ്കൂളിലയച്ചു. മിക്കവാറും എല്ലാ കേന്ദ്രങ്ങളിലും വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. മുസ്ളീങ്ങളായിരുന്നു അദ്ധ്യാപകർ. ചൈനാക്കാരുടെ ചീനഭാഷയിലുള്ള അദ്ധ്യാപനം വെറുക്കപ്പെട്ടിരുന്നു. വിദ്യാലയത്തിൽ വച്ചു് മുള്ളാ അവനെ അറബിഭാഷയിലുള്ള ഖുറാനിലെ വാചകങ്ങൾ ഉരുവിടാൻ പരിശീലിപ്പിച്ചു. ക്രമേണ അതിൻെറ അർത്ഥം പഠിക്കുകയും പിന്നെ വായിക്കാനും എഴുതാനും ശീലിക്കുകയും ചെയ്തു. ക്രമത്തിൽ ജെംഘിസ്ഖാൻ, ആറിലാ, തുടങ്ങിയ വീരപുരുഷന്മാരെയും, അന്നും ജീവിച്ചിരുന്ന ബൊക്കൊബത്തുറിനെയും പററിയുള്ള ചരിത്രവസ്തുതകളും കുട്ടികൾ പഠിച്ചു. മററു പലവയുടെ കൂട്ടത്തിൽ കവിതകൾ ചൊല്ലാനും എഴുതാനും അവർ അഭ്യസിച്ചു. ഭൂതകാലചരിത്രം വിവരിക്കുന്ന പഴയ ഗാനങ്ങളിൽ പലതും വളരെ ദൈർഘ്യമുള്ളവയായിരുന്നു. സായങ്കാലങ്ങളിൽ പ്രായമായവർ കൂടിയിരുന്നു് തമ്പുകളിൽവച്ചു് കുട്ടികളെക്കൊണ്ടു് പലപ്പോഴും ഇത്തരം കവിതകൾ ചൊല്ലിക്കയും ഏററവും ദീർഘമായവ ചൊല്ലുന്നവരെ അനുമോദിക്കയും ചെയ്യും. ഈ പരീക്ഷയിൽ പെൺകുട്ടികളാണു് മിക്കപ്പോഴും ജയം നേടുക. എന്നാൽ ഒസ്മാൻ മിക്കവാറും എപ്പോഴുംതന്നെ പെൺകുട്ടികളെയും പരാജയപ്പെടുത്തിയിരുന്നു.

കസാക്കുകൾ ഏററവുമധികം ഇഷ്ടപ്പെടുന്ന പഴയ സംഗീതത്തിൽ സ്വന്തം വാക്കുകളുപയോഗിച്ചു് ഗാനങ്ങൾ രചിക്കാൻ കുട്ടികളെ അവരുടെ വിദ്യാഭ്യാസത്തിൻെറ പ്രാരംഭഘട്ടം മുതൽ ശീലിപ്പിക്കാറുണ്ടായിരുന്നു. ഒസ്മാനും കൂട്ടുകാരും പഠിച്ച ആദ്യത്തെ ഗാനങ്ങളിലൊന്നു് "വിദ്യാർത്ഥികളുടെ ഗാന"മാണു്. ഇങ്ങനെയാണു് അതിൻെറ ആരംഭം:

"ദൈവത്തിൻെറ നാമത്തിൽ, ഓ ഗുരോ, ഞങ്ങൾ അങ്ങയെ വന്ദിക്കുന്നു. അങ്ങു പകർന്നു തരുന്ന വിജ്ഞാനത്തിൽ തെററായ ഒററ വാക്കില്ല. അങ്ങയുടെ വിദ്യാർത്ഥി

യുടെ വദനത്തിൽനിന്നു് തെററായ ഒററപ്പദവും കൊഴിഞ്ഞു വീഴുകയില്ല.''

ഉത്സാഹശാലിയായ ഒരു വിദ്യാർത്ഥിയായിരുന്നു ഒസ്മാൻ. വേഗംതന്നെ ഇസ്ലാം ബായ്‌യുടെ നേതൃത്വം അംഗീകരിച്ചിരുന്ന കുടുംബങ്ങളുൾപ്പെട്ട ചെറിയസംഘത്തിലെ എല്ലാവരെക്കാളും നന്നായി— പ്രായമായവരും കുട്ടികളുമുൾപ്പെടെ-ഗാനമാല പഠിക്കാനും, കവിതയെഴുതാനും, കുതിരസ്സവാരി ചെയ്യാനും ഒസ്മാനു് കഴിയുമെന്നായി.

കരാമുള്ളയെപ്പോലുള്ള സഞ്ചരിക്കുന്ന ഗായകരും, ഇസ്ലാം ബായ്‌യുടെ അതിഥികളായി വന്നുപോകാറുള്ള ധാരാളം ആളുകളും മുഖാന്തരം ഒസ്മാൻെറ പ്രശസ്തി മററു കസാക്സമൂഹങ്ങളുടെയിടയിലും വളരെവേഗം പരന്നു. അധികകാലം കഴിയുന്നതിനു മുമ്പുതന്നെ ആ പ്രദേശങ്ങളിലെല്ലാം ''ദൈവിക വരപ്രസാദ''ത്തിൻെറ പ്രതീകമായി അവനെ ഗണിച്ചുതുടങ്ങി. ''ദൈവികവരപ്രസാദ''മെന്നതു് മൃഗങ്ങളെ പോററിക്കഴിഞ്ഞുകൂടുന്ന ഈ ജനങ്ങളുടെയിടയിൽ പുതുമയുള്ള ഒരു പദമായിരുന്നു. എന്നാൽ ടക്കിയിലുള്ള ഒസ്മാൻെറ പഴയ കൂട്ടുകാർ മിക്കവരുംതന്നെ ''ദൈവികവരപ്രസാദ''മെന്ന ഈ പദം ഉപയോഗിച്ചു കേട്ടു. കസാക്ക് ജീവിതസമ്പ്രദായത്തോടുള്ള അവൻെറ പ്രതിപത്തി, മാതാപിതാക്കന്മാരോടുള്ള ഭക്തിബഹുമാനങ്ങൾ, സ്വന്തം കുടുംബത്തിൻെറയും ആശ്രിതന്മാരുടെയും രക്ഷയുടെ കാര്യത്തിൽ ഉള്ള ജാഗ്രത, അനുയായികൾ അവനിൽ അർപ്പിച്ചിരുന്ന ദൃഢമായ വിശ്വാസം, എന്നീ കാര്യങ്ങളൊക്കെയായിരിക്കാം ''ദൈവിക വരപ്രസാദ''ത്തെപ്പററിപ്പറയുമ്പോൾ അവരുടെചിന്താമണ്ഡലത്തിൽ പൊന്തിനിന്നിരുന്നതെന്നു തോന്നുന്നു. സ്വന്തം ജനങ്ങളുടെ ശത്രുക്കളായിട്ടുള്ളവരോടു് അവനുണ്ടായിരുന്ന അമർഷവും ചീനക്കാരോടു കാലേതന്നെ അവനുണ്ടായിരുന്ന കഠിനമായ പകയും, കമ്മ്യൂണിസ്റ്റുകാരോടു് അവർ റഷ്യാക്കാരായിരുന്നാലും ചൈനാക്കാരായിരുന്നാലും—അവനുണ്ടായിരുന്ന തീരാത്ത വെറുപ്പുംകൂടെ ഒരു വേള അവരുടെ സങ്കല്പത്തിലുണ്ടായിരുന്നുവെന്നുവരാം.

ഒസ്മാൻെറ കുട്ടിക്കാലത്തു് കമ്മ്യൂണിസ്റ്റുകാരുണ്ടായിരുന്നില്ല. അന്നു് അവൻെറ വെറുപ്പു മുഴുവനും ചൈനാക്കാരോടായിരുന്നു. ചൈനാക്കാരോടു പൊരുതിയ കസാക്ക് വീരന്മാരുടെ കഥകൾ—അത്തരം കഥകൾ എപ്പോഴും കസാക്ക് വിജയത്തിലാണല്ലോ അവസാനിക്കുക—അവൻ ജിജ്ഞാസാപൂർവ്വം കേട്ടിരിക്കുമായിരുന്നു. ആ വീരന്മാരുടെ അത്ഭുതപ്രവൃത്തികൾ താനും ആവർത്തിക്കുന്നതായി ഒസ്മാൻ സ്വപ്നം കണ്ടിരിക്കണമെന്നുള്ളതിൽ എനിക്കു സംശയമില്ല.

ഒസ്മാനു് പതിനൊന്നോ പന്ത്രണ്ടോ വയസ്സു പ്രായമുള്ള കാലത്താണു്, അവൻെറ അനുജന്മാരിലൊരുവൻ പിതാവിൻെറ തമ്പിനുള്ളിലേക്കു് ഓടിക്കയറിച്ചെന്നു്—കടന്നു കയറിപ്പറയുന്നതുകൊണ്ടു് അപകടമില്ലെന്നു് നല്ല ധൈര്യത്തോടുകൂടിയായിരിക്കണം — 'ബൊക്കൊബത്തുർ വരുന്നു' എന്നു് ആർത്തുവിളിച്ചു.

"ആളെക്കാണാതെ എങ്ങനെയാണെടാ, കുസൃതീ, നീ അതു ബൊക്കൊബത്തുറാണെന്നു നിശ്ചയിച്ചതു്?" ഇസ്്ളാം ബായ് ചോദിച്ചു.

"അദ്ദേഹത്തിൻെറ കുതിരയാണതു്— കഥകളിൽ പറയുന്ന കുതിര —ഒററ വെളുത്ത രോമം പോലും എങ്ങുമില്ലാത്ത തനിക്കറുമ്പൻ കുതിര. കുതിരപ്പുറത്തുള്ള ആൾ ബൊക്കൊബത്തുറിൻെറ ചുവന്ന തൊപ്പിയും തൊപ്പിയുടെ മേൽ മൂങ്ങയുടെ തൂവലും ധരിച്ചിരിക്കുന്നു. അതുമല്ല ആയുധധാരികളായ ഇരുപതു പേർ കുതിരപ്പുറത്തു് അദ്ദേഹത്തിനു് അകമ്പടി സേവിക്കുന്നുമുണ്ടു്. ബൊക്കൊബത്തുറല്ലാതെ പിന്നെയാരാണു് ഇങ്ങനെ വരുക?"

ഇസ്്ളാം ബായ് ഇരുന്നടത്തു നിന്നെണീററു. ഭാര്യമാർ അയാളുടെ ഔദ്യോഗിക തൊപ്പിയും ഉടുപ്പുകളും മരപ്പെട്ടികളിൽനിന്നു് എടുത്തുകൊണ്ടു വരാൻ ഓടി; തങ്ങളുടെ ഏററവും നല്ല ശിരോവസ്ത്രം ധരിക്കാനും അവർ മറന്നില്ല.

ഇസ്ളാം ബായ് വസ്ത്രധാരണം പൂർത്തിയാക്കിയ ഉടനെ തമ്പിൻെറ പുറത്തേയ്ക്കിറങ്ങിച്ചെന്ന് വാതിൽ മലർക്കെ തുറന്നുപിടിച്ചുകൊണ്ടു പറഞ്ഞു:

"സ്വാഗതാർഹനായോവേ" പ്രവേശിച്ചാലും. താങ്കളുടെ ആഗമനം ഞങ്ങൾക്ക് കരുത്തു നൽകുന്നു."

എന്നിട്ട് ബൊാക്കൊാബത്തുർ കുതിരപ്പുറത്തു നിന്നിറങ്ങാൻ വേണ്ടി അയാൾ കാത്തുനിന്നു.

---

73030

## 2

## ഒസ്മാൻ വീടുവിട്ടു പോകുന്നു

കസാക്ക്തമ്പിൽ ഒരതിഥി ആഗതനാകുമ്പോൾ സ്വീകരിക്കുക പൗരാണികരീതിയിൽ തന്നെയാണ്. നാല്പതുകൊല്ലങ്ങൾക്കു മുമ്പ് ചരിത്രാതീതകാലത്തെ സമ്പ്രദായം തന്നെയാണ് നിലനിന്നിരുന്നതു്. പതിനൊന്നും പതിന്നാലും ശതകങ്ങൾക്കിടയിൽ കസാക്കുകൾ മുസ്ളീമുകളായി തീർന്നപ്പോഴും ഇക്കാര്യത്തിൽ പരിവർത്തനമൊന്നും വരുത്തിയില്ല. ബൊാക്കൊാബത്തുറും ഇസ്ളാം ബായ്‌യുമായി നടന്ന കൂടിക്കാഴ്ചയെപ്പററി രേഖകളൊന്നും ഇല്ലെങ്കിലും നമുക്ക് ആ രംഗം പ്രയാസംകൂടാതെ ചിത്രീകരിക്കാം.

"സലാം അലൈക്കും."—("നിങ്ങൾക്കു സമാധാനമുണ്ടാകട്ടെ!") തൻെറ കാലാകട്ടെ ഉടുപ്പിൻെറ തുമ്പാകട്ടെ വാതിൽപടിയിന്മേൽ ഉരസാതെ വളരെ കരുതലോടെ തമ്പിനുള്ളിലേയ്ക്കു പ്രവേശിക്കവെ ബൊാക്കൊാബത്തുർ പറഞ്ഞു. പിന്നെ തൻെറ പുറംചെരുപ്പ് അഴിച്ചുമാററി വാതിലിനു സമീപം വച്ചുകൊണ്ടു് തമ്പിൻെറ പ്രധാനഭാഗത്തേയ്ക്കു് പ്രവേശിക്കാൻ തയാറായി.

"താങ്കൾക്കും സമാധാനമുണ്ടാവട്ടെ!" ബൊക്കൊബത്തുറിന്റെ കരം ഗ്രഹിച്ചുകൊണ്ടു് ഇസ്ളാം ബായ് പറഞ്ഞു. ആദ്യം വലതുകൈകൊണ്ടും പിന്നെ രണ്ടുകൈകളും ചേർത്തും ബൊക്കൊബത്തുറിന്റെ ഹസ്തം ഗ്രഹിക്കയും, തുടർന്നു് രണ്ടുപേരും അവനവന്റെ വലതുകൈകൊണ്ടു് സ്വന്തം നെററിയിലും ചുണ്ടിലും നെഞ്ചിലും സ്പർശിച്ചു് അഭിവാദനം രേഖപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ അവർ തമ്മിൽ മൊത്തം പതിനാറു പ്രാവശ്യം അഭിവാദനങ്ങൾ കൈമാറുകയുണ്ടായി. ഇതിനു ശേഷം രണ്ടുപേരും മറേറ ആളിന്റെ പുരുഷന്മാരായ അംഗരക്ഷകന്മാരെയും ഭൃത്യന്മാരെയും കൂടെ സ്പർശിച്ചു കഴിഞ്ഞശേഷം എല്ലാവരും അവനവന്റെ സ്ഥാനവലിപ്പത്തിന്റെ ക്രമം കൃത്യമായി പാലിച്ചുകൊണ്ടു് അഗ്നികുണ്ഡത്തിനു ചുററുമായി സ്ഥാനം പിടിച്ചു. പിന്നെ എല്ലാവരും അവനവന്റെ കൈകൾ കൂട്ടിച്ചേർത്തുകൊണ്ടു് ഖുറാനിലെ ഒരു പ്രാർത്ഥന ചൊല്ലി. പിന്നെ എല്ലാവരും ചേർന്നു് "അള്ളാഹു് അക്ബർ!" (ദൈവം വലിയവനാകുന്നു!)" എന്നു് ആവർത്തിച്ചുവിളിച്ചുപറഞ്ഞു് കൈ നിവർത്തിവീശിക്കൊണ്ടു് താടി തടവി.

"ഇങ്ങനെയൊരു അതിഥിയുടെ സാന്നിദ്ധ്യം ഞങ്ങൾക്കു ധൈര്യം നൽകുന്നു." എല്ലാം കഴിഞ്ഞപ്പോൾ ഇസ്ളാം ബായ് പറഞ്ഞു. "ഇവിടെ വാടാ." സ്വരം മാററിക്കൊണ്ടു് അയാൾ പുറകിൽ നിന്നിരുന്ന ഒസ്മാനോടായി പറഞ്ഞു "ഈ ചെറുക്കനു മര്യാദയറിഞ്ഞുകൂടാ. അച്ഛന്റെ അതിഥികളെ ഒരു മകൻ വളരെ ഉപചാരപൂർവം സ്വീകരിക്കണം."

ഇതു് ഒരു വെറും ഭംഗിവാക്കാണെന്നു് ഒസ്മാനറിയാമായിരുന്നുവെങ്കിലും അവൻ കുറച്ചൊരു മനശ്ചാഞ്ചല്യത്തോടെയാണു് മുമ്പോട്ടു നീങ്ങിനിന്നതു്. പക്ഷേ സ്വാഗതവാക്കുകൾ ഉച്ചരിക്കുമ്പോൾ അവൻ പ്രശസ്തനായ ബൊക്കൊബത്തുറിന്റെ കണ്ണുകളിൽ നേരെ നോക്കുവാൻ ഒട്ടും മടിച്ചില്ല.

"ഇവനെപ്പററിയായിരിക്കുമല്ലോ, ഞാൻ കേട്ടിട്ടുള്ളതു്?" ഒസ്മാൻെറ ഇടതുകൈക്കു പിടിച്ചു മുമ്പോട്ടു നീക്കി നിർത്തി, അവനെ അടിമുടി പരിശോധിച്ചുകൊണ്ടു് ബൊക്കൊബത്തുർ പറഞ്ഞു:

"ഇവനു പ്രായത്തിൽ കവിഞ്ഞ കരുത്തും ബുദ്ധിയുമുണ്ടെന്നാണു് ഞാൻ കേട്ടിരിക്കുന്നതു്."

"ഏയ്! ഇവൻ ശുദ്ധമണ്ടൻ." അവൻെറ പിതാവു പറഞ്ഞു. "കാശിനു കൊള്ളാത്തവൻ. പോടാ. പോയി നമ്മുടെ അതിഥിയുടെ കുതിരയെ ശുശ്രൂഷിക്കു്."

"ഇത്തരമൊരതിഥി അദ്ദേഹത്തിൻെറ കുതിരയെക്കാൾ കൂടുതലായ പരിഗണന‌ അർഹിക്കുന്നില്ലേ?" ഒസ്മാൻ പറഞ്ഞു. "ആ കുതിരയുടെ യജമാനൻെറ സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നതിനു വേണ്ടി ഞാൻ ഇവിടെ നിന്നുകൊള്ളട്ടെയൊ?"

"എടാ, മിടുക്കാ!" ബൊക്കൊബത്തുർ പറഞ്ഞു: "അവൻ പറഞ്ഞതു കേട്ടില്ലേ? കൊച്ചു കുട്ടിയായിട്ടും!"

"കുട്ടികൾ, പറയുന്നതു് അനുസരിക്കണം." ഇസ്ലാംബായ് പറഞ്ഞു.

അച്ഛനും അതിഥിയും സന്തുഷ്ടരാണെന്നറിഞ്ഞ ഒസ്മാൻ ഉത്സാഹപൂർവം പുറത്തേക്കോടി. അവിടെ ബൊക്കൊബത്തുറിൻെറ ഭൃത്യന്മാർ കുതിരയെ അങ്ങോട്ടു മിങ്ങോട്ടും നടത്തിക്കൊണ്ടിരിക്കുകയായിരുന്നു; നീണ്ട യാത്രകൊണ്ടു് അതിൻെറ കാലുകൾക്കു് മരവിപ്പു സംഭവിക്കാതിരിക്കാൻ വേണ്ടി. വളരെ ധീരനായ ഒസ്മാൻ ആ കുതിരയുടെ പുറത്തു് ചാടിക്കയറി.

"ഇതൊരത്ഭുതം തന്നെ!" ഭൃത്യൻ പറഞ്ഞു. "വേറാരെയും ഇതിനു മുമ്പൊരിക്കലും പുറത്തു കയറാൻ സമ്മതിക്കാത്ത കുതിരയാണല്ലോ ഇതു്!"

ഭൃത്യൻെറ ആക്രോശം കേട്ടു് ബൊക്കൊബത്തുർ തമ്പിൻെറ വാതിൽക്കലെത്തി. "ഓഹോ, നീ എൻെറ കുതിരപ്പുറത്തു കയറിയോ! നിന്നെ അതു കടിച്ചില്ലെന്നുള്ളതുതന്നെ ഇങ്ങോട്ടു പുറപ്പെടാനുള്ള എൻെറ തീരുമാനം തെററിപ്പോയില്ലെന്നുള്ളതിനു തെളിവാണു്. പക്ഷേ

അതിനു വെള്ളവും തീററിയുമൊന്നും കൊടുക്കേണ്ടതു്. എനിക്കു സൂര്യാസ്തമയത്തിനു മുമ്പു് പോകാനുള്ളതാണു്."

"അതു പാടില്ല!" ഇസ്ലാം ബായ് പറഞ്ഞു. "അത്ര പെട്ടെന്നു പൊയ്ക്കളയുന്നതു് എന്റെ ആതിഥേയത്വത്തെ അപമാനിക്കലാവും. പ്രിയേ, വേഗം ചായയും പലഹാരവും കൊണ്ടുവരൂ. അല്ലെങ്കിൽ നമ്മുടെ അതിഥി ഇപ്പോൾ പൊയ്ക്കളയും. നമുക്കു് ആക്ഷേപവുമാകും."

ഇസ്ലാം ബായ്യുടെ പ്രധാനഭാര്യ ഉപ്പിട്ട ചായ നിറച്ച കോപ്പകളും നാലുമൂലയും കൂട്ടികെട്ടിയ ഒരു തുണിയിൽ ഉപ്പു ചേർത്ത അപ്പവുമായി പ്രവേശിച്ചു. ബൊക്കൊബത്തുറിനെ വീണ്ടും തമ്പിനകത്തേക്കു കൂട്ടിക്കൊണ്ടു പോയി മാന്യസ്ഥാനത്തു് ഉപവിഷ്ടനാക്കി. ഭക്ഷണമാരംഭിക്കുന്നതിനു മുമ്പു് താൻ ഈ ബഹുമതിയൊന്നും അർഹിക്കുന്നില്ലെന്നു് ബൊക്കൊബത്തുർ പറയുകയുണ്ടായി. അയാൾ ചായയെടുത്തു് കുടിക്കയും, അപ്പക്കഷണങ്ങൾ ചായയിൽ മുക്കി മയം വരുത്തി തിന്നുകയും ചെയ്തു.

"ഇനി ഒസ്മാൻ പോയി കുതിരക്കു വെള്ളവും തീററിയും കൊടുക്കട്ടെ. എന്താ?" ഇസ്ലാം ബായ് ചോദിച്ചു. "വൈകുന്നേരത്തെ ഭക്ഷണത്തിനു് ഒരു മൃഗത്തിനെ തിരഞ്ഞെടുക്കാൻ വേണ്ടി ഇവിടെയുള്ള മൃഗങ്ങളെ ഒന്നു നോക്കാമല്ലോ. അല്ലേ?"

"രാത്രിയാകുന്നതിനു മുമ്പു് എനിക്കു പോകണമെന്നു ഞാൻ പറഞ്ഞല്ലോ."

"അങ്ങനെ ചെയ്യുന്നതു് എന്റെ ആതിഥേയത്വത്തെ അപമാനിക്കലാവും എന്നു ഞാൻ പറഞ്ഞല്ലോ."

"എങ്കിൽ ഇഷ്ടം പോലെ," ബൊക്കൊബത്തുർ പറഞ്ഞു. "താങ്കളുടെ ഹിതംതന്നെ നടക്കട്ടെ."

ഒസ്മാൻ ആ കറുത്ത കുതിരയുടെ പുറത്തു കയറി ആററിലേക്കു തിരിച്ചു. ബൊക്കൊബത്തുറൊഴികെ മററാരും കയറാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത ആ കുതിരയുടെ പുറത്തു കയറി ആ കുട്ടി ഓടിച്ചുപോകുന്നതു കണ്ടിട്ടു് അദ്ദേഹത്തിന്റെ ഭൃത്യന്മാർ അത്ഭുതപ്പെട്ടുപോയി. അങ്ങനെ, ഒടുവിൽ ഇളംപ്രായത്തിലുള്ള ആടുകളെ പരിശോ

ധിക്കാനായി ബൊക്കൊബത്തൂറിനെ തമ്പിൻെറ വാതിൽക്കലേയ്ക്കു് ഇസ്ലാംബായ് കൂട്ടിക്കൊണ്ടുപോയി. ആടുകളെയെല്ലാം അവിടെക്കൊണ്ടു നിർത്തിയിട്ടുണ്ടായിരുന്നു.

"തിരഞ്ഞെടുക്കാനുള്ള അവകാശം അതിഥിക്കാണു്." ഇസ്ലാംബായ് പറഞ്ഞു. "എന്നാൽ അതിഥി തിരഞ്ഞെടുക്കുന്ന മൃഗം വേണ്ടടത്തോളം നല്ലതല്ലാത്ത പക്ഷം കുറെക്കൂടെ നല്ല ഒന്നിനെ തിരഞ്ഞെടുക്കുന്നതുവരെ കണ്ണടച്ചുകളയണമെന്നുണ്ടു്."

"ഇങ്ങനെയുള്ള ആളുകളുമായി ഇടപെടുമ്പോൾ" ബൊക്കൊബത്തൂർ പറഞ്ഞു, "കൂട്ടത്തിൽ ഏററവും നല്ലതിനെ തിരഞ്ഞെടുക്കുകയല്ലാതെ അതിഥിക്കു് എന്തു ചെയ്യാൻ കഴിയും? അയാൾ കൂട്ടത്തിലെ നല്ല കൊഴുത്ത ഒരാടിൻെറ തലയിൽ സ്പർശിച്ചു. അത്താഴത്തിൻെറ ആവശ്യത്തിനു പാകംചെയ്യാൻ വേണ്ടി അതിനെ ഉടനെ തന്നെ കൊല്ലാൻ കൊണ്ടുപോകയും ചെയ്തു.

"താങ്കളുടെകൂടെ വന്നവർക്കു വേണ്ടിക്കൂടെ തിരഞ്ഞെടുക്കുക." ഇസ്ലാംബായ് പറഞ്ഞു. അവർ ഇരുപതുപേർക്കും വേണ്ടി മൂന്നു് ആടുകളെക്കൂടെ ബൊക്കൊ തിരഞ്ഞെടുത്തു. അതു മതിയാകയില്ലെന്നു് ഇസ്ലാംബായ് തർക്കിക്കയാൽ പിന്നെ മൂന്നെണ്ണത്തിനെക്കൂടെ തിരഞ്ഞെടുക്കേണ്ടിവന്നു. കസാക്കുകൾ ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ ഒട്ടും മോശമല്ലാത്തതിനാൽ ആ ആറു് ആടുകളുടെ ബാക്കി വളരെയൊന്നും ദിനാന്ത്യത്തിൽ ശേഷിപ്പു വന്നതുമില്ല.

ഇങ്ങനെ ആതിഥേയമര്യാദകൾ അനുവർത്തിക്കപ്പെട്ടു കഴിഞ്ഞതോടെ ഇസ്ലാംബായ് തൻെറ അതിഥിയെ തിരികെ തമ്പിനകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെത്തന്നെ നിർമ്മിക്കപ്പെട്ട വർണ്ണശബളമായ വിരുപ്പിന്മേൽ മെത്ത വിരിച്ചു് രണ്ടുപേരും അടുത്തടുത്തായിരുന്നു. സ്ത്രീകൾ ഇതിനിടയിൽ ആടിനെ നുറുക്കി വലിയ കലത്തിലാക്കി വേകാൻവച്ചു. അവസാനം ചോറിൻെറ കൂടെ തിന്നാൻ വേണ്ടി പൊരിക്കാൻ തല പ്രത്യേകം മാററിവച്ചു. ഒസ്മാൻ ഇതിനിടയ്ക്കു് ശബ്ദമുണ്ടാക്കാതെ

വന്നു് തമ്പിന്റെ വാതിൽക്കൽ ഇരിപ്പു പിടിച്ചു. അവിടെ ഇരുന്നുകൊണ്ടു് അവനു് അച്ഛനെയും അതിഥിയെയും കാണാനും അവർ പറയുന്നതെല്ലാം കേൾക്കാനും കഴിയുമായിരുന്നു. അവനെ കാണുകയുമില്ല.

അധികം കഴിയുന്നതിനു മുമ്പുതന്നെ അവനു മനസ്സിലായി; തന്നെപ്പററിത്തന്നെയാണു് അവർ സംസാരിക്കുന്നതെന്നു്.

"അവൻ എങ്ങിനെ?" ബൊക്കൊമ്പെത്തുർ ചോദിച്ചു.

"അവനേക്കാൾ മണ്ടന്മാർ അധികം കാണില്ല." ഒസ്മാന്റെ പിതാവു പറഞ്ഞു. "കുതിരപ്പുറത്തു വിദ്യകൾ കാണിക്കുന്നതിലും, കുതിരപ്പുറത്തുനിന്നു നിരങ്ങിയും ചാടിയും ഇറങ്ങുന്നതിലും, തിയ്യെ പുറത്തു കയറിപ്പററുന്നതിലും, അതിവേഗം കുതിര പാഞ്ഞുപോകുമ്പോൾ ചാടിയിറങ്ങുകയും വീണ്ടും മറുവശത്തെത്തിചാടിക്കയറുകയുമൊക്കെ ചെയ്യുന്നതിലും, കവിഞ്ഞൊഴുകുന്ന നദി മുറിച്ചു് നീന്തുന്നതിലും, കവിതയെഴുതുന്നതിലുമൊക്കെ അവനെപ്പോലെ വഷളനായിട്ടു മറെറാരു കുട്ടി താഴ്വരയിലില്ല"

"ഇതു മഹാ വഷളത്തരംതന്നെ!" ബൊക്കൊമ്പെത്തുർ ചിരിച്ചു. "കുതിരപ്പുറത്തു വിദ്യകൾ കാണിക്കാൻ കഴിവുള്ളവർ പലരുണ്ടു്. നല്ല നീന്തൽക്കാരുണ്ടു്. കവിതയെഴുത്തുകാരുമുണ്ടു്. എന്നാൽ ഇതിലെല്ലാം തുല്യവൈദഗ്ദ്ധ്യമുള്ളവരായി വളരെപ്പേരെ കിട്ടില്ല. ഒസ്മാൻ, ഇവിടെ വന്നു് എന്റെ അടുത്തിരിക്കു. കേൾക്കട്ടെ, നിനക്കു വേറെ എന്തൊക്കെ വശമുണ്ടു്? തോക്കുകൊണ്ടു് വെടിവയ്ക്കാനറിയാമോ? വാൾകൊണ്ടു് ഒററ വെട്ടിനു് ഒരാടിന്റെ ഉടലും തലയും വേർപെടുത്താൻ കഴിയുമോ? ശനിഗ്രഹത്തിന്റെ ചുററും എത്ര വൃത്തങ്ങൾ നിനക്കു കാണാൻ കഴിയുന്നുണ്ടു്? വ്യാഴത്തിനു ചുററുമായി എത്ര ചന്ദ്രന്മാരെ കാണാൻ കഴിയും? ഇസ്ലാംബായ് മറുപടി പറയാൻ തുടങ്ങുന്നതു തടഞ്ഞുകൊണ്ടു് അയാൾ തുടർന്നു: "വരട്ടെ, സ്നേഹിതാ, അവൻതന്നെ പറയട്ടെ. അവനെ

പ്പററി ഞാൻ കേട്ടിട്ടുള്ള കഥയൊക്കെ എത്ര ശരിയാണെന്നു് എനിക്കൊന്നു പരിശോധിക്കയും ചെയ്യാമല്ലൊ.''

''അത്തരം കാര്യങ്ങളൊക്കെ പറയുകയെക്കാൾ പ്രവർത്തിച്ചു കാണിക്കയാണെളുപ്പം.'' ഒസ്മാൻ പറഞ്ഞു. 'അതുമല്ല, ശരിയായ ഒരു ഗുരുവില്ലാതെ ഒരു കുട്ടിക്കു് ഇതൊക്കെ എങ്ങനെ വേണ്ടതുപോലെ ചെയ്യാൻ കഴിയും.''?

''ഞാൻ അവൻെറ പിതാവിൻെറയും അവൻെറയും മുഖത്തു നോക്കിക്കൊണ്ടാണെങ്കിൽപോലും പറയട്ടെ, ഇവനെപ്പോലുള്ളവർ ഇനി ജനിക്കയില്ല. ഞാൻ കേട്ട കഥകളൊക്കെ വാസ്തവംതന്നെ.''

ഒരുവേള ഒസ്മാനുമായി ആദ്യം കണ്ടപ്പോൾതന്നെ ബൊക്കൊബത്തുർ ഈ വാക്കുകൾ പറഞ്ഞിട്ടില്ലായിരിക്കാം. പക്ഷേ പല അവസരങ്ങളിലും ഒസ്മാനെപ്പററി അയാൾ ഈ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെന്നതിനു രേഖകളുണ്ടു്. ചുവടെ വിവരിക്കുന്ന പരിപാടി, ഇസ്ളാം ബായ്യുമായുണ്ടായ ഏതു കൂടിക്കാഴ്ചയിലാണു് ബൊക്കൊബത്തുർ അവതരിപ്പിച്ചതെന്നും അറിയാൻ മാർഗ്ഗമില്ലെന്നിരിക്കിലും, അതു് അയാൾ അവതരിപ്പിച്ചതാണെന്നുള്ളതു നിസ്സംശയമാണു്.

എന്നാൽ അത്താഴത്തിനു മുമ്പു് ഗൗരവമുള്ള വിഷയങ്ങളെപ്പററി സംസാരിക്കുന്ന സമ്പ്രദായം കസാക്കുകൾക്കില്ല എന്നതുകൊണ്ടു് സംഭാഷണം അത്രതന്നെ പ്രാധാന്യമില്ലാത്ത കാര്യങ്ങളിലേക്കു തിരിഞ്ഞുപോയി. ഇതോടെ ഒസ്മാൻ വീണ്ടും ചെന്നു് വാതിലിനടുത്തുള്ള തൻെറ സ്ഥാനത്തു് ഇരിപ്പു പിടിച്ചു. മുൻപറഞ്ഞ സംഭാഷണം, ആട്ടമാട്ടുകൾ, നായാട്ടു്, അടുത്ത വിളവെടുപ്പു്, അന്നയ്യായികളുടെ കാര്യങ്ങൾ, അവരെ ഞെരുക്കിക്കൊണ്ടിരിക്കുന്ന ബാഹ്യലോകത്തെപ്പററിയുള്ള വർത്തമാനങ്ങൾ എന്നിങ്ങനെ പല വിഷയങ്ങളെയും മാറിമാറി സ്പർശിച്ചുകൊണ്ടിരുന്നു. അങ്ങനെ അവരുടെ സംസാരം ഒടുവിൽ ചൈനാക്കാരെപ്പററിയായി.

"ബൊക്കൊബത്തുരിൻെറ തലയ്ക്കു ചൈനാക്കാർ വില പ്രഖ്യാപിച്ചിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണോ?" ഇസ്‌ളാംബായ് ചോദിച്ചു.

"എന്നു കേട്ടു." കേവലം അലസമായി ബൊക്കൊ പറഞ്ഞു.

"പണത്തിനുവേണ്ടി ആരെങ്കിലും ഒററിക്കൊടുക്കുമെന്നു് ഭയമില്ലയോ?"

ബൊക്കൊബത്തുർ ചിരിച്ചു. "എൻെറ ആളുകൾ ചെയ്യുകില്ല. ചൈനാക്കാർ പണം അവരുടെ കയ്യിൽ വച്ചുകൊടുത്തിട്ടു് അതുംകൊണ്ടു് മുറിക്കു പുറത്തിറങ്ങുന്നതിനു മുമ്പിൽ കഴുത്തിനു കുരുക്കിടുമെന്നു് അവക്കറിയാം. മററുള്ളവക്കാക്കും ആ പണം നേടാൻ അവസരം കിട്ടുകയുമില്ല"

"താങ്കൾ എവിടെയാണു് ഈ രാത്രി കഴിച്ചുകൂട്ടുന്നതെന്നറിയാവുന്ന എത്ര പേരുണ്ടു്?"

ചുററും കണ്ണോടിച്ചശേഷം കരുതലോടെ ബൊക്കൊബത്തുർ മന്ത്രിച്ചു. "തൻെറ സ്വന്തം രക്തബന്ധത്തിൽപ്പെട്ട ഈ സഹോദരൻെറ തമ്പിലേയ്ക്കു് കയറുന്നതായി കണ്ടവക്കു മാത്രമറിയാം."

ഇസ്‌ളാംബായ്യും ചുററിനോക്കി. രക്തബന്ധത്തിൻെറ രഹസ്യമായ കെട്ടുപാടുകൾ അവരവർക്കും മുള്ളാക്കും മാത്രമെ അറിഞ്ഞുകൂടു. "അതാരുടെയെങ്കിലും ചെവിയിൽപ്പെട്ടാൽ ആപത്താണു്." അയാൾ പറഞ്ഞു.

ഇവിടെ, രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വസ്തുതകളിൽ നിന്നല്ല കഥ പറയുന്നതു്. എന്തെന്നാൽ ഒരേ മാതാവിൻെറ മക്കളായി ജനിക്കുന്നതു കൊണ്ടോ, ഭാര്യാഭർത്തൃബന്ധംകൊണ്ടോ ഉണ്ടാകാവുന്നതിനെക്കാൾ ഗാഢവും ദൃഢവുമായി കസാക്കുകൾ ഗണിക്കുന്ന ഒരു ദൈവികബന്ധത്തിൽ രണ്ടുപേർ ഒന്നു ചേരുന്ന ഇത്തരം ബന്ധങ്ങൾ രേഖപ്പെടുത്തപ്പെടാറില്ല. എങ്കിലും ഒസ്മാൻെറ പിതാവുമായി അപ്രകാരം അടുത്ത ഒരു ബന്ധം സ്ഥാപിക്കപ്പെട്ടിരുന്നില്ലെങ്കിൽ, ഒസ്മാനും ബൊക്കൊബത്തുരു

മായി പിൽക്കാലമുണ്ടായ അസാധാരണമായ അട്ടപ്പം സാദ്ധ്യമാകുമായിരുന്നില്ല.

"ഒരാൾ അതു് അറിഞ്ഞിരിക്കണമെന്നു് എനിക്കു താല്പര്യമുണ്ടു്." ബൊാക്കൊബത്തുർ പറഞ്ഞു. "ആ വാതിൽക്കലിരിക്കുന്ന കൊച്ചൻ. പക്ഷേ നമുക്കു ഭക്ഷണം കഴിയുന്നതുവരെ അക്കാര്യത്തെപ്പററി ഇനി സംസാരിക്കണ്ട. കാററിനു കടന്നു നിറയാൻ വയററിൽ വളരെ സ്ഥലമുള്ളപ്പോൾ വാക്കുകൾ വൃഥാ സ്ഥൂലങ്ങളായിരിക്കും."

ഈ സമയം സ്ത്രീകൾ പാത്രങ്ങളിൽ ആവി പൊന്തുന്ന ആട്ടിറച്ചികൊണ്ടുവന്നു് ആദ്യം ബൊക്കൊബത്തുറിനും പിന്നെ ഇസ്ളാംബായ്ക്കും വിളമ്പി. ഭക്ഷണമാരംഭിക്കുന്നതിനു മുമ്പു് തമ്പിന്റെ വാതിൽക്കൽചെന്നു് അവർ ചൂടുവെള്ളംകൊണ്ടു് കൈകഴകി. തുടന്നു് എല്ലാവരും ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന ഉച്ചരിച്ചു. പിന്നിട്ടു് അപ്പം വലിയ കഷണങ്ങളായി വിതരണം ചെയ്യപ്പെട്ടു. എല്ലാവരുംപിന്നെ വലത്തെ കൈ വലിയതട്ടത്തിൽ ഇട്ടു് വേണ്ടപ്പോൾ മാംസമെടുത്തു തിന്നുകയും, ഇടക്കിടെ അതിറങ്ങിപ്പോവാൻ പല്ലിനിടയിൽക്കൂടി സൂപ്പു മോന്തുകയും ചെയ്തുകൊണ്ടിരുന്നു. എല്ലാവരും നിറയെ ഭക്ഷണം കഴിച്ചതോടെ ഇസ്ലാംബായ്യുടെ ഭൃത്യൻ ഒഴിച്ചുകൊടുത്ത വെള്ളംകൊണ്ടു കൈകഴകുകയും, ഭക്ഷണാരംഭത്തിൽ ഇസ്ലാംബായ് അവരുടെ മടിയിൽ നിവർത്തിയിട്ടിരുന്ന നീണ്ട പഞ്ഞിത്തുണിയിൽ കൈ തുടക്കുകയും ചെയ്തു. അവസാനം ശേഷിച്ചിരുന്ന ഭക്ഷണസാധനങ്ങൾ ഭൃത്യന്മാർ എടുത്തുകൊണ്ടുപോയി; തങ്ങൾക്കും ഇസ്ലാംബായ്യുടെ കുട്ടികൾക്കും ഉപയോഗിക്കാൻ വേണ്ടി. സ്ത്രീകൾ വലിയപാത്രങ്ങളിൽ ചായ തയാറാക്കികൊണ്ടുവന്നു.

"വിറകെടുത്തുകൊണ്ടു വാടാ മടിയാ, തീകൂട്ടാൻ" ഇസ്ലാംബായ് ഒസ്മാനോടു് ആജ്ഞാപിച്ചു. "ഒരു വന്യമൃഗത്തിനുപോലും അറിയാൻ പ്രയാസമില്ല, രാത്രിയാകാറായെന്നും ഇരുണ്ടു തുടങ്ങിയെന്നും."

തീ കൂട്ടുകയും ജ്വാലകൾ ഉയൻകത്തിത്തുടങ്ങുകയും ചെയ്തതോടെ ഒസ്മാനെ അടുത്തുവിളിച്ച് ബൊക്കൊബെ ത്തൂർ പറഞ്ഞു: "ഇവിടെ എൻെറയടുത്തു വന്നിരിക്ക്."

ഒസ്മാൻ അടുത്തുചെന്ന് എന്താണ പറയുന്നതെന്നു കേൾപ്പാൻ കാത്തിരിപ്പായി. നീണ്ടനിമിഷങ്ങൾ ആരു മൊന്നും പറയാതെ കടന്നുപോയി. ഒടുവിൽ ബൊക്കൊ ബത്തൂർ അവൻെറ തലയിൽ കൈവെച്ചുകൊണ്ടു പറ ഞ്ഞു: "ഭക്ഷണമാരംഭിക്കുന്നതിനു മുമ്പ് എൻെറ തലയ്ക്കു വിലനിർണ്ണയിച്ചിരിക്കുന്ന കാര്യത്തെപ്പററി പറയുകയു ണ്ടായി. ഭീഷണിക്കു പാത്രമായവൻ ദീർഘകാലം ജീ വിച്ചിരിക്കും. എന്തെന്നാൽ അവൻ കരുതലോടെ ആയി രിക്കും പെരുമാറുക. എന്നാൽ ഈശ്വരൻ നിശ്ചയിക്കു മ്പോൾ ആരും മരിച്ചേതീരൂ."

"ഇപ്പോൾ ഈ തമ്പിലുള്ളവരിൽ നിന്നെല്ലാം ഈ ശ്വരൻ മരണത്തെ അകററിനിർത്തട്ടെ." ഇസ്ലാംബാ യ് പറഞ്ഞു "ആരും പൂർണ്ണായുസ്സെത്തും മുമ്പു മരിക്കാൻ ഇടയാകാതിരിക്കട്ടെ."

"അതു ദൈവത്തിൻെറ ഹിതമാണ്." ബൊക്കൊ ബത്തൂർ പറഞ്ഞു. "എങ്കിലും ബുദ്ധിയുള്ള ഒരു മനുഷ്യൻ, പ്രത്യേകിച്ച് ആയിരക്കണക്കിനാളുകളെ നയിക്കുന്ന എ ന്നെപ്പോലെ ഒരാളാകുമ്പോൾ, അവൻെറ സ്വന്തമായ പരിപാടികൾ ഉണ്ടാക്കുന്നു. അനുയായികൾക്ക് നേതാ വില്ലാത്ത അവസ്ഥ ഉണ്ടായിക്കൂടാ. എങ്കിലും നേതൃത്വം മനുഷ്യനിൽനിന്നല്ല, ദൈവത്തിൽനിന്നാണ് ലഭിക്കേ ണ്ടതു്. സാധാരണകാലങ്ങളിൽ ഒരു നേതാവിൻെറ മകനൊ, മകൾക്കൊ ഒക്കെ അനുയായിവർഗ്ഗത്തെ നയി ച്ചുകൊണ്ടുപോകാൻ കഴിയും. പക്ഷേ യുദ്ധകാലത്തെ നില അതല്ല. അർഹതയുള്ളവൻ നയിക്കണം. അല്ലെങ്കിൽ ഈശ്വരനു് ഇഷ്ടപ്പെടുകയില്ല."

"അന്യർക്കുവേണ്ടി ആപത്തുകളെ നേരിടാനുള്ള ധൈര്യം നൽകുന്നതു ദൈവമാണു്?" ഇസ്ലാംബായ് അഭിപ്രായപ്പെട്ടു.

ബൊക്കൊമ്പത്തൂർ, ഒസ്മാൻെറ മുഖം തൻെറനേരെ പിടിച്ചു തിരിച്ചു. "ഇവൻ പ്രതീക്ഷിക്കുന്ന ഗുണങ്ങളുള്ളവനാണൊ? അതു പരിശോധിച്ചറിയാൻവേണ്ടി എൻെറകൂടെ പോരാനുള്ള പ്രായമായിട്ടുണ്ടല്ലോ, ഇവനു്."

"നീ എന്തു പറയുന്നെടാ?"—പിതാവിൻെറ ചോദ്യം.

"അച്ഛൻെറയും ബൊക്കൊമ്പത്തൂറിൻെറയും ഹിതം അതാണെങ്കിൽ ഞാൻ സന്തോഷത്തോടെ പോകുക തന്നെ ചെയ്യും."

"എനിക്കു പറയാനുള്ളതു കേൾക്കൂ. എന്തെന്നാൽ ഇതത്ര നിസ്സാര കാര്യമല്ല." ബൊക്കൊമ്പത്തൂർ പറഞ്ഞു. "ജെംഘിസ്ഖാൻെറ കാലം മുതൽ അല്ല അനാദികാലം മുതൽതന്നെ കസാക്കുകളായ നാം ദൈവത്തിൻെറയും നാം തന്നെ തിരഞ്ഞെടുക്കുന്ന തലവന്മാരുടെയുംമാത്രം അധികാരത്തിനു കീഴ്വഴങ്ങി ഈ പർവതങ്ങളിൽ യഥേഷ്ടം സഞ്ചരിച്ചിരുന്നവരാണു്. അങ്ങനെയിരിക്കെയാണു് ഗോബിമണൽക്കാട്ടുകൾക്കപ്പുറമുള്ള വിദൂരദേശങ്ങളിൽ നിന്നു് നമ്മെ അടിമകളാക്കാനുള്ള ഉദ്ദേശത്തോടെ അന്യരാജ്യക്കാർ കടന്നുവന്നതു്. കഴിഞ്ഞ ഇരുപതുകൊല്ലക്കാലമായി ഞാൻ ചീനന്മാരുമായി പുണ്യയുദ്ധം നടത്തികൊണ്ടിരിക്കയാണു്. നാം അവരെ മണലാരണ്യത്തിലേക്കു് ഓടിച്ചുവിട്ടു നശിപ്പിക്കുന്ന കാലം സമാഗതമാകും. ഒസ്മാൻ, നിൻെറ പിതാവു് കലഹപ്രിയനല്ല; സമാധാനപ്രേമിയാണു്. ഞാനാണെങ്കിൽ സമരത്തിൻെറ മദ്ധ്യത്തിൽ തന്നെ ജീവിക്കുന്നവനും സമരം ഇഷ്ടപ്പെടുന്നവനുമാണു് പക്ഷേ ഞങ്ങൾ രണ്ടുപേരും നമ്മുടെ നാടിനെ സ്നേഹിക്കുന്നു. കഴിഞ്ഞരാത്രി ഞാൻ സ്വപ്നംകണ്ടു, ഈ തമ്പിനുള്ളിൽ സ്വപിതാവിൻെറ സമാധാന മാർഗ്ഗങ്ങളിൽ സമർത്ഥനും സമരമാർഗ്ഗത്തിൽ എൻെറ സാമർത്ഥ്യം നേടാൻ കഴിവുള്ളവനുമായ ഒരുവനുണ്ടെന്നു്. അങ്ങനെയെങ്കിൽ എൻെറ കാലശേഷം രണ്ടുപേരുടെയൊ അഥവാ നമ്മുടെ പാരമ്പര്യമനുസരിച്ചു പലരുടെയൊ കീഴിലല്ലാതെ ഒററയാളിൻെറ കീഴിൽ സമരം തുടർന്നുകൊണ്ടു പോ

കാൻ കഴിയും. ഞാൻ നിന്നെക്കണ്ടു ബോദ്ധ്യപ്പെടാനാണു് ഇവിടെ വന്നതു്."

ആരുമൊന്നും പറഞ്ഞില്ല. നിശ്ശബ്ദത അവിടെ നിറഞ്ഞുനിന്നു. ഒടുവിൽ ഒസ്മാൻെറ അമ്മപറഞ്ഞു: "വരും കാലത്തു് എൻെറ മകനെ ആളുകൾ ബത്തുർ എന്നു വിളിക്കണം; ഇന്നു് ഒരാളെ വിളിക്കുന്നതു പോലെ. അവനെ കൊണ്ടുപോയി പരിശീലിപ്പിച്ചുകൊള്ളൂ. എന്നിട്ടു്, അയോഗ്യനെന്നു വരുന്നപക്ഷം അവൻ സ്വന്തം പിതാവിൻെറ തമ്പിലേയ്ക്കുതന്നെ മടങ്ങിപ്പോരട്ടെ."

"അയോഗ്യനെന്നാണു വരുന്നതെങ്കിൽ ഞാൻ മടങ്ങിവരുകയില്ല" ഒസ്മാൻ പറഞ്ഞു. "അതിൽ ഭേദം മരിക്കുകയാണു്."

ഒരു ഒളിപ്പോരു നേതാവാകാൻ ആവശ്യമായ പരിശീലനം നൽകാൻ വേണ്ടി ഒസ്മാനെ കൂട്ടിക്കൊണ്ടുപോകാനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. വളരെ നേരത്തേയ്ക്കുകൂടെ പുരുഷന്മാർ അവരുടെ സംഭാഷണം തുടന്നു. പല കാര്യങ്ങളെപ്പററിയും ആലോചിക്കേണ്ടതുണ്ടായിരുന്നു. പ്രത്യേകിച്ചും ഒസ്മാൻ ചീനക്കാർക്കെതിരായി ഒളിപ്പോരു നടത്തുന്ന കൂട്ടത്തിലുണ്ടെന്ന കാര്യം പുറത്തു വന്നുകൂടാ. ബൊക്കൊബത്തുർ എവിടെയുണ്ടെന്ന കാര്യം വെളിപ്പെടുത്താൻവേണ്ടി ചീനക്കാർ ഇസ്ലാംബായ്യെ പിടികൂടി ക്രൂരമായി ദണ്ഡിച്ചുവെന്നു വരാം. ഇതൊക്കെ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളെപ്പററി അവർ ഗാഢമായി ആലോചിച്ചു.

ഒസ്മാൻ എല്ലാം ജിജ്ഞാസാപൂർവ്വം കേട്ടുകൊണ്ടിരുന്നു. ബൊക്കൊബത്തുർ ചൈനാക്കാരെപ്പററി വളരെയധികം വെറുപ്പോടെ പറഞ്ഞ കാര്യങ്ങളെല്ലാം അവൻ ശ്രദ്ധിച്ചു. ചൈനാക്കാരെപ്പററിയുള്ള ഈ വെറുപ്പിനെപ്പററി പിൽക്കാലം അവൻ എത്രയോ പ്രാവശ്യം കേൾക്കാൻ കിടക്കുന്നതെയുണ്ടായിരുന്നുള്ളു. ചീനരുടെ അധികാര പ്രമത്തതയേയും ദുരാഗ്രഹത്തേയും കസാക്കു് ഭൂമിക്കടിയിലെ സ്വർണ്ണവും മററു വിലയേറിയ ലോഹസമ്പത്തുകളും തട്ടിയെടുക്കാനുള്ള അവരുടെ അതിമോഹ

ത്തെയും അവരുടെ കൈയിൽ ചെന്നുപെട്ടുന്നവരോടുള്ള ക്രൂരമായ പെരുമാററത്തെയും, ആൾട്ടായ് ഭൂമികൾ അതിന്റെ അവകാശികളിൽ നിന്നു തട്ടിയെടുക്കാനുപയോഗിച്ച ഹീനമാർഗ്ഗങ്ങളെയും പററിയൊക്കെ ബൊക്കൊബത്തൂർ വിവരിച്ചു.

ഒസ്മാന്റെ ഹൃദയം കത്തിക്കാളി. ബൊക്കൊംബത്തൂരിന്റെ സാഹചര്യത്തിൽ വളന്നു വരുന്തോറും അവനു ചൈനാക്കാരോടുള്ള വെറുപ്പു വർദ്ധിച്ചു വർദ്ധിച്ചു വന്നു. കാലം കഴിയും തോറും ആ വെറുപ്പിനു് ആഴവും പരപ്പും കൂടി. പിൽക്കാലത്തു് 1930—40-ൽ കമ്യൂണിസത്തിന്റെ വിപത്തു പ്രത്യക്ഷപ്പെട്ടപ്പോൾ, ഈ ഉറച്ച വെറുപ്പും അമർഷവും കാരണം. റഷ്യയിലെയും ചൈനയിലെയും കമ്മ്യൂണിസ്റ്റുകാർക്കെതിരായി ചൈനീസ് ദേശീയ വാദികളെ അനുകൂലിക്കുന്ന കാര്യത്തിലും ഒസ്മാൻ ശങ്കിച്ചു. അവന്റെ അഭിപ്രായത്തിൽ കസാക്കു് ജീവിത സമ്പ്രദായത്തിനു് രണ്ടും ഒരുപോലെ ആപൽക്കരമായിരുന്നു.

അവനെ കുററം പറഞ്ഞുകൂടാ. ചീനവർഗ്ഗത്തിൽ ചേരാൻ സമ്മതിക്കാത്ത ഇതര വർഗ്ഗീയർക്കു് യാതൊരു ഭാവിയും ചീനരിൽ നിന്നു പ്രതീക്ഷിക്കാമായിരുന്നില്ല. നാല്പതു വർഷങ്ങൾക്കുശേഷം 1952-ൽ ചൈനയിലെ ഒരു മുൻ ഉപപ്രധാന മന്ത്രിയായിരുന്ന ഡാക്ടർ ചൂ ചിയാഹ്വാ ഫോർമോസോയിൽ നിന്നു് ടർക്കിയിൽ അഭയാർത്ഥിയായിക്കഴിഞ്ഞുകൂടിയിരുന്ന ഒരു മുൻ തുർക്കിനേതാവായ മൊഹമ്മദ് എമീൻബുഗ്രാസ്ക്കു് എഴുതുന്നതു നോക്കുക:

"സിങ്കിയാങ്ങ് തന്നെയും ചൈനയിൽ ഉൾപ്പെട്ടുകിടക്കുന്നതാണു്. മാത്രമല്ല, അതിനപ്പുറത്തുള്ള വളരെയധികം പ്രദേശവും ഒരു കാലത്തു് ചൈനീസ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ടാണു് അവിടമൊക്കെ തങ്ങൾക്കു് അവകാശപ്പെട്ടതാണെന്നു് ചൈനാക്കാർ കരുതിപ്പോരുന്നതു്. ആധുനിക ചീനജനതയിൽ പലവംശത്തിലെ ആൾക്കാരും കൂടിക്കലർന്നിട്ടുണ്ടു്. ആകാശത്തിനു കീഴെ ഏക കുടുംബം എന്ന ആശയം ഞങ്ങളുടെ ജീവിതത്തെ നിയന്ത്രിച്ചു പോരുന്നു."

"ഭാഷ, മതം, ലിപി തുടങ്ങിയ ഒരു കാര്യത്തിലും ചൈനയുടെ ആധിപത്യത്തിലമർന്ന തുർക്കി– മംഗോളിയൻ ററിബററൻ ജനതകൾക്ക് ചൈനാക്കാരുമായി യാതൊരു ബന്ധവും സാദൃശ്യവുമില്ല. . ...ടർക്കിസ്ഥാൻ ചൈനയുടെ അതിർത്തിക്കു പുറത്താണു കിടക്കുന്നതെന്നു മാത്രമല്ല, അവിടത്തെ ജനസംഖ്യയിൽ 95 ശതമാനവും തുർക്കികളുമാണ്. അവർക്കു സ്വയം ഭരണാവകാശമുണ്ടായിരിക്കേണ്ടതാണ്. ടർക്കിസ്ഥാനെക്കാൾ കുറഞ്ഞ ജനസംഖ്യയോടുകൂടിയ ഇരുപതിലധികം രാഷ്ട്രങ്ങൾ ലോകത്തിൽ സ്വാതന്ത്ര്യപദവി അനുഭവിക്കുന്നുണ്ട്." എന്നു് മൊഹമ്മദ് എമീൻബഗ്രാ മറുപടിയെഴുതി.

ഒസ്മാൻ ബത്തൂർ ചീനരെ വെറുക്കുകയും അവരോടു സമരം ചെയ്യുകയും ചെയ്തതിൻെറ കാരണം ചുരുക്കത്തിൽ ഇതാണ്. ഇതുകൊണ്ടുതന്നെയാണ് അവരുടെ കസാക്ക് വ്യക്തിത്വത്തെ നശിപ്പിക്കാൻ ശ്രമിച്ച റഷ്യനും ചൈനീസും കമ്മ്യൂണിസ്റ്റുകാർക്കെതിരായി പിൽക്കാലം ഒസ്മാനും ആലിബെഗ്ഗും ഹംസായും മററുള്ളവരുമൊക്കെ സമരം ചെയ്തതും.

ഒസ്മാനും ബൊക്കൊബത്തൂറും കൂടെ ആൾട്ടായ് പർവത നിരകളിലെ ഉയർന്ന പ്രദേശങ്ങളിലെ ഹിമരേഖയിലേക്ക് കുതിരയെ ഓടിച്ചു പോയി. പർവത സാനുക്കളിലെ ഏററവും ദുർഗ്ഗമ പ്രദേശങ്ങളാണ് ഒളിച്ചു പാർക്കാനുള്ള താവളങ്ങളായി ബൊക്കൊബത്തൂർ എപ്പോഴും തിരഞ്ഞെടുത്തിരുന്നതു്. അവർ കുതിരയുടെ ഗതിയെ നിയന്ത്രിച്ചിരുന്നതു് കാൽമുട്ടുകൊണ്ടു് അവയുടെ മേൽ അമർത്തിയും കടിഞ്ഞാണിൽ ലേശമായി വലിച്ചു് കുതിരയുടെ തല ഉയർത്തിയിട്ടുമായിരുന്നു. കസാക്കുകൾ അവരുടെ കുതിരകളോടു് എങ്ങനെയാണു പെരുമാറുന്നതെന്നതിൻെറ ഉദാഹരണമാണിതു്. "ഒരു നല്ല കുതിരക്കു് ഒരിക്കലും ചാട്ടയുടെ ആവശ്യമില്ല" എന്നാണു് അവരുടെ പ്രമാണം.

ഒസ്മാൻെറ ചിന്ത എന്തൊക്കെയായിരുന്നു എന്നു് ഊഹിക്കാൻ പ്രയാസമില്ല. കേട്ടാൽ മനസ്സിലാകുന്ന

പ്രായമായതുമുതൽ അവൻ കേട്ടുവരുന്നതാണു്, ധീരനായ ബൊക്കൊയെപ്പററിയുള്ള കഥകളും ഗാനങ്ങളും. അവനും ആ പാട്ടുകൾ പഠിച്ചിരുന്നു; പാടിയിരുന്നു. ഇപ്പോളിതാ വിദ്യാഭ്യാസകാലം കഴിഞ്ഞപ്പോൾ തൻെറ ആരാധനാപാത്രമായ നേതാവിൻെറ ശിക്ഷണത്തിൽ അഭ്യസനം നേടുവാൻ അവൻ അദ്ദേഹത്തിൻെറകൂടെ കുതിരയെ ഓടിച്ചു പോകയാണു്,

അവർ പുൽമേട്ടുകളിലൂടെയും വൃക്ഷപംക്തികളുടെ ഇടയിൽക്കൂടെയും മുമ്പോട്ടു നീങ്ങി. ചിലേടത്തു വഴിയുണ്ടെന്നു തന്നെ തോന്നുമായിരുന്നില്ല. ബൊക്കൊബത്തൂർ തിരിഞ്ഞുനോക്കി മന്ദഹസിച്ചുകൊണ്ടു് ഒസ്മാനോടു ചോദിച്ചു, "നിനക്കു് ഈ വഴി കണ്ടുപിടിച്ചു് ഇതേ മാർഗ്ഗം മടങ്ങാൻ കഴിയുമോ?"

"ഇല്ല. പക്ഷേ എൻെറ കുതിരയ്ക്കു കഴിയും."

"കൊള്ളാം" ബൊക്കൊബത്തൂർ പറഞ്ഞു. ഏതാനും നിമിഷങ്ങൾക്കുശേഷം അയാൾ വീണ്ടും ഒസ്മാൻെറ നേരേ തിരിഞ്ഞു. "കുതിരയ്ക്കറിയാവുന്ന വഴിയിൽ അതിനെ വിശ്വസിക്കാം. പക്ഷേ ഒരു പുതിയ വഴി കണ്ടുപിടിക്കേണ്ടതായോ, പഴയ വഴി ഒരു പുതിയ കുതിരയ്ക്കു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതായോ വരാം. എൻെറകൂടെ പ്രവർത്തിക്കുന്നവർ അങ്ങനെ വഴികണ്ടുപിടിക്കാനും, മററുള്ളവർക്കും കുതിരയ്ക്കും വഴി പരിചയപ്പെടുത്തിക്കൊടുക്കാനും ശീലിച്ചിരിക്കണം."

ഒസ്മാൻ ശീലിക്കുക തന്നെ ചെയ്തു. പുരുഷപ്രാപ്തിയെത്തി നേതാവായതോടെ തൻെറ രഹസ്യത്താവളങ്ങളിലേക്കു വിദഗ്ധമായി മറയാനുള്ള കഴിവു് അവനു കൈവന്നിരുന്നു. ചീനപ്പട്ടാളക്കാരെത്രയെല്ലാം കിണഞ്ഞു പരിശ്രമിച്ചാലും അവനെ കണ്ടുപിടിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ കാലം മാറുകയും ശത്രുക്കൾ വിമാനമുപയോഗിച്ചു് അവനെ വേട്ടയാടുകയും ചെയ്തുതുടങ്ങിയപ്പോൾ ഈ നിലയ്ക്കു മാററം വന്നു.

അവർ കുറെ ദൂരം ചെന്നപ്പോൾ ഒരു താവളം സമീപിച്ചിരിക്കുന്നതിൻെറ ലക്ഷ്യങ്ങൾ ഒസ്മാൻെറ ദൃഷ്ടി

യിൽപെട്ട—ധാരാളം മൃഗങ്ങൾ തുടർച്ചയായി നടക്കയാൽ മിനുങ്ങിയ ഉപരിതലത്തോടു കൂടിയ പാറക്കെട്ടുകൾ, ഒരു കുററിച്ചെടിയിൽ പററിപ്പിടിച്ചു കണ്ട കമ്പിളിരോമം, ആട്ടിൻ ചാണകം വഴിയിൽ വീണുകിടന്നതു്, ഇങ്ങനെ പലതും.

"നീ ഈ ഭാഗത്തു മുമ്പു വന്നിട്ടുണ്ടോ?" ബൊക്കൊബത്തുർ ചോദിച്ചു.

"ഇല്ല."

"നിൻെറ പിതാവു വന്നിട്ടുണ്ടു്."

തൻെറ പിതാവു ചിലപ്പോൾ താവളത്തിൽ നിന്നു വിട്ടു താമസിച്ചിരുന്നതിൻെറ രഹസ്യം ഇപ്പോൾ ആദ്യമായി ഒസ്മാനു വ്യക്തമായി. രഹസ്യങ്ങൾ പാലിക്കേണ്ട വിഷയത്തിൽ ഇതു് അവനു് ഒരു പാഠമായി. ഈ രഹസ്യപാലനശക്തി, കസാക്കുകൾക്കു് ഒരുമിച്ചു ചേന്നും അന്യരുമായി കൂട്ടുകൂടിയും പ്രവർത്തിക്കുന്നതിനു പ്രതിബന്ധമായിരുന്നുവെന്നു വരികിലും, അതു് കസാക്ക് ജീവിതത്തിൻെറയും കസാക്കു് സ്വഭാവത്തിൻെറയും ഒഴിച്ചു കൂടാനാകാത്ത ഭാഗമായിത്തീൎന്നിട്ടുണ്ടു്. ബൊക്കൊബത്തുറിൻെറ കൂടെ കഴിച്ചുകൂട്ടിയ പതിനെട്ടുമാസക്കാലംകൊണ്ടു് ഒരു ഒളിപ്പോരുനേതാവു് അറിഞ്ഞിരിക്കേണ്ട പലതും ഒസ്മാൻ അഭ്യസിച്ചു. അതിവേഗത്തിൽ ഓടിപ്പോകുന്ന കുതിരയുടെ പുറത്തിരുന്നുകൊണ്ടുതന്നെ വെടിവയ്ക്കാൻ, ഇരുപതു മണിക്കൂർ തുടർച്ചയായി കുതിരപ്പുറത്തു സഞ്ചരിച്ചിട്ടു് നാലുമണിക്കൂർ വിശ്രമത്തിനുശേഷം പിന്നെയൊരിരുപതു മണിക്കൂർ അതേ കുതിരപ്പുറത്തു സവാരിചെയ്യാൻ, ആഴ്ചയിൽ മുന്നൂറു മൈലും മററും കുസൽ കൂടാതെ കുതിരപ്പുറത്തു സഞ്ചരിക്കാൻ —ഇതെല്ലാം അവൻ ശീലിച്ചു.

ശത്രുവിൻെറ പിന്നിൽ നിന്നു വിജയകരമായി ആക്രമിക്കാനും ശത്രുവിൻെറ പുരോഗതി മുന്നിൽ നിന്നു തടയാനും, പിന്നിലേക്കുള്ള പ്രയാണ മാർഗ്ഗം തടഞ്ഞുകൊണ്ടു് മുകളിൽ നിന്നും ശത്രുവിൻെറ മേൽ കല്ലുകൾ ഉരുട്ടിയിടാനും ഒക്കെ ബൊക്കൊബത്തുർ അവനെ പരിശീലിപ്പിച്ചു. ഒളിപ്പോരു ജീവിതത്തിലെ ഉദ്വേഗം

ബൊക്കൊബത്തൂർ വളരെ ഇഷ്ടപ്പെട്ടിരുന്നു. വളരെ കൊല്ലങ്ങളായിട്ട് ചൈനീസ് ടർക്കിസ്ഥാനിൽ ഉടനീളം അയാൾ ചുററിനടക്കാറുണ്ടായിരുന്നു. ചൈനാക്കാർ അയാളെ പിടിക്കുകയുണ്ടായെങ്കിലും വളരെക്കാലം തടങ്കലിൽ വയ്ക്കാൻ കഴിഞ്ഞില്ല. ചൈനീസ് അതിർത്തിഭേദിച്ചു റഷ്യയിൽ കടക്കാൻ ഒസ്മാനും അഭ്യസിച്ചു. റഷ്യൻ ഉദ്യോഗസ്ഥവർഗ്ഗത്തിൽ ചിലർ ബൊക്കൊവിൻെറ സുഹൃത്തുക്കളായിരുന്നു. അവർ ഒട്ടകങ്ങളും ആയുധങ്ങളും വെടിക്കോപ്പുകളും കൊടുത്തു് അയാളെ സഹായിച്ചിരുന്നു. അന്നും, പിൽകാലത്തു കമ്യൂണിസ്റ്റുകാർ റഷ്യയിലെ ഭരണം പിടിച്ചെടുത്തതിനുശേഷവും ചൈനാക്കാർക്കു കഴിവുള്ളത്ര ശല്യമുണ്ടാക്കുകയായിരുന്നു റഷ്യയുടെ നയം. സ്വർണ്ണവും ടങ്സ്റ്റനും ഒരുവേള യുറേനിയവും സുലഭമായ പൂർവ്വടർക്കിസ്ഥാൻ സ്വന്തമാക്കണമെന്നായിരുന്നു, അവരുടെ താല്പര്യം. ഇന്നും അവരുടെ ഉന്നമാണ് അതു്.

ഈ ആയുധങ്ങളുടെയും ഏതാണ്ടു പതിനായിരത്തോളം അനുയായികളുടെയും സഹായത്തോടെ ബൊക്കൊബത്തൂർ ആകസ്മികമായി ചീനരെ ഭയങ്കരമായി ആക്രമിച്ചു. പക്ഷേ ആക്രമണം പരാജയപ്പെട്ടു. കുക്കല്യക്കിനു സമീപത്തുവച്ചു നടന്ന യുദ്ധത്തിൻെറ അന്ത്യത്തിൽ പർവ്വതനിരകളിലൂടെ പിൻവാങ്ങാൻ തുടങ്ങുമ്പോൾ ഒസ്മാനെ അടുത്തുവിളിച്ച് നാട്ടിലേയ്ക്കു മടങ്ങിക്കൊള്ളാൻ ബൊക്കൊബത്തൂർ നിർദ്ദേശിച്ചു.

"എങ്കിൽ എൻെറകൂടെ അങ്ങും വരണം" ഒസ്മാൻ കെഞ്ചി അപേക്ഷിച്ചു."ഞാൻ അങ്ങയെ വിട്ടുപോകില്ല."

"ഇല്ല മകനെ. എൻെറ ജോലി അവസാനിച്ചു. നീ മരിക്കാൻ പാടില്ല. നിന്നെക്കൊണ്ടു് ഇനിയും കാര്യമുണ്ടു്. എന്നെങ്കിലും നിനക്കു് രക്ഷപ്പെടാൻ ഒരു സങ്കേതമാവശ്യമായി വന്നാൽ അതിനൊരു സ്ഥലം വേണം.

അങ്ങോട്ടുള്ള വഴി കാട്ടിത്തരാൻ വേണ്ടി മാത്രമാണു് ഇത്രദൂരം നിന്നെ ഞാൻ കൂട്ടിക്കൊണ്ടുവന്നതു്."

അവർ തമ്മിൽ പിരിഞ്ഞു. ബൊാക്കൊബത്തൂർ പർവതം കടന്നുപോയി. ഗെജ്കൂൽ എന്ന സ്ഥലത്തുവച്ചു് അയാൾ തൻെറ അന്തിമസമരം നടത്തി, അതിലും പരാജയപ്പെട്ടു.

കസാക്കു് കുതിരപ്പട്ടാളം അവരുടെ നാട്ടിലെ പർവ്വതസാനുക്കളിൽ അപകടകാരികളായ ഒളിപ്പോരുകാരായിരുന്നു എന്നിരിക്കിലും, അപരിചിത ഭൂമിയിൽവച്ചു് പരിശീലനം സിദ്ധിച്ച ചീനപ്പടയോടേററുമുട്ടിയപ്പോൾ അവക്കു പൊരുതുനിൽക്കാൻ കഴിഞ്ഞില്ല. ബൊാക്കൊബത്തൂരിൻെറ ആൾക്കാരിൽ കുറേപ്പേർ ഒളിവിൽ പൊയ്ക്കളഞ്ഞു. അയ്യായിരം പേർ അവരുടെ ആട്ടമാട്ടുകളും കുടുംബങ്ങളുമൊത്തു് താക്ളമകാൻ മണലാരണ്യവും കുൺലൂൺ പർവ്വതവും കടന്നു, ടിബററിലേയ്ക്കുള്ള യാത്രയിൽ അയാളെ അനുഗമിച്ചു. അതിനുശേഷം മൂന്നുപ്രാവശ്യമെങ്കിലും ക്ലേശഭൂയിഷ്ഠമായ ഈ മാർഗ്ഗം കസാക്കുകൾക്കു താണ്ടേണ്ടിവന്നിട്ടുണ്ടു്.

ലാസായിൽവച്ചു് ചീനക്കാർ ബൊാക്കൊബത്തൂരിനെ പിടികൂടി അയാളുടെ തല വെട്ടിക്കളഞ്ഞു. പല ദിവസങ്ങൾക്കുശേഷം ആയിരത്തിലധികം മൈൽ അകലെ, പൂർവ്വടക്കിസ്ഥാൻെറ തലസ്ഥാനമായ ഉറുംചിയുടെ പ്രവേശനദ്വാരത്തിൽ നീണ്ട ഒരു കമ്പിന്മേൽ ആ തല കുത്തിനിർത്തപ്പെട്ടു. പറവകളും വായുവും വെയിലും അതിലെ മാംസഭാഗങ്ങൾ മുഴുവൻ നശിപ്പിക്കുന്നതുവരെ അതു് അങ്ങനെതന്നെ നിന്നിരുന്നു.

ബൊാക്കൊബത്തൂറിൻെറ ആജ്ഞയനുസരിച്ചു് ഒസ്മാൻ അവൻെറ പിതാവിൻെറ തമ്പിലേയ്ക്കു മടങ്ങി.

---

# 3

## ഒസ്മാൻ ബത്തൂർ വളർച്ച പ്രാപിക്കുന്നു

പിതാവിൻെറ തമ്പിലേയ്ക്കു മടങ്ങുമ്പോൾ ഒസ്മാൻ ബത്തൂറിന്നു പതിന്നാലു വയസ്സേ പ്രായമായിട്ടുണ്ടായിരുന്നുള്ളുവെന്നിരിക്കിലും അവൻ അപ്പോഴേയ്ക്കു് നല്ല പരിശീലനം സിദ്ധിച്ച ഒരു ഒളിപ്പോർ പടയാളിയായിത്തീർന്നിരുന്നു. പോരെങ്കിൽ അക്കാലത്തെ ഏററവും പ്രശസ്തനായ ഒളിപ്പോർ വിദഗ്ദ്ധൻെറ പിൻഗാമിയായി നേതൃത്വം വഹിക്കാൻ നിയുക്തനുമായിരുന്നു, അവൻ. ററ്ിൻഷാൻ പർവ്വതനിരയ്ക്കു തെക്കുഭാഗത്തുള്ള കാരാഷാഹർ പട്ടണത്തിനു സമീപത്തൊരിടത്തു നിന്നാണ് അവൻ സ്വഗൃഹത്തിലേയ്ക്കു പുറപ്പെട്ടതു്. ഒരാഴ്ചക്കാലം കുതിരപ്പുറത്തു സഞ്ചരിച്ചാണ് ആ യാത്ര പൂർത്തിയാക്കിയതെന്നു പറയപ്പെടുന്നു. വഴിയുടെ കുറെ ഭാഗം മണൽക്കാട്ടിൽക്കൂടെയായിരുന്നു. യാത്രയിൽ വീണുമരിച്ച ഒട്ടകങ്ങളുടെയും അശ്വങ്ങളുടെയും അസ്ഥിപഞ്ജരങ്ങളും ഒരു യാത്രക്കാരനെ കുഴിച്ചിട്ടതായി രേഖപ്പെടുത്തുന്ന ഒരു കൽക്കുന്നയും കൊണ്ടാണ് അവിടെ വഴി തിരിച്ചറിയാൻ കഴിഞ്ഞിരുന്നതു്. തനിക്കും കുതിരയ്ക്കും വേണ്ട ഭക്ഷണം തേടുന്നതിനു ചില അവസരങ്ങളിൽ മതിൽക്കെട്ടിനകത്തുള്ള ചില പട്ടണങ്ങളിൽ അവനു പ്രവേശിക്കേണ്ടിവന്നു. പക്ഷേ എപ്പോഴും ജാഗ്രതയായി വർത്തിക്കയാൽ അവൻ അപകടത്തിൽപെടാതെ ഗൃഹത്തിൽ മടങ്ങിയെത്തുകയും, തനിക്ക് പ്രത്യേകമായി ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അവിടുത്തെ സാധാരണ ജീവിതത്തിൽ അലിഞ്ഞുചേരുകയും ചെയ്തു.

അപരിചിതർ ഇസ്ലാംബായ്‌യുടെ താവളത്തിൽ വന്നുപോയിത്തുടങ്ങി. അവിടെ അവക്കു സ്വാഗതം ലഭിച്ചു. ഒസ്മാനുമായി മുമ്പു പരിചയമുള്ളതായിപ്പോലും ഭാവിക്കാതെയാണ് അവർ വന്നപോലെതന്നെ കുതിര

പ്പുറത്തു മടങ്ങിയതു്. എന്നാൽ ചീനരുമായി ഏററുമുട്ടാനുള്ള സമയം വരുമ്പോൾ തങ്ങൾ അവൻെറ കൂടെയുണ്ടായിരിക്കുമെന്നു് അവനെ അവർ ധരിപ്പിക്കയും ചെയ്തു. കടലാസിൽ ഓർമ്മയ്ക്കുവേണ്ടി കാര്യങ്ങൾ കുറിച്ചിടുന്ന സമ്പ്രദായത്തെപ്പററി ഒസ്മാനു വിശ്വാസമുണ്ടായിരുന്നില്ല. എന്നാൽ ഈ ആളുകളുടെ പേരും, ആവശ്യം വരുന്ന ഘട്ടത്തിൽ അവരെ കണ്ടുപിടിക്കാനുള്ള താവളങ്ങളും അവൻ ഓർമ്മയിൽ വച്ചിരുന്നു.

ഇങ്ങനെ വന്ന സന്ദർശനത്തിൽ ഒരാളിൽനിന്നു് ബൊക്കൊബത്തുറിൻെറ അന്ത്യത്തെപ്പററി അറിഞ്ഞപ്പോൾ ചീനരോടു് അതിനു് ആയിരം ഇരട്ടി പകവീട്ടുമെന്നു് ഒസ്മാൻ പ്രതിജ്ഞയെടുത്തതായി പറയപ്പെടുന്നു. ഏതായാലും പിൽക്കാലത്തു് പൂർവ്വ ടർക്കിസ്റ്റാനിൽനിന്നു് ചീനരെ ഓടിച്ചു പുറത്താക്കുന്നതിനുള്ള പ്രയത്നത്തിനിടയിൽ അവരോടു് അവൻ യാതൊരു കാരുണ്യവും കാണിച്ചിട്ടില്ലെന്നും, അക്കാര്യത്തിൽ പ്രായഭേദമോ ലിംഗഭേദമോ പരിഗണിക്കേണ്ടതില്ലെന്നുള്ളതായിരുന്നു അവൻെറ നയമെന്നും ഉള്ളതു തീർച്ചയാണു്.

കുറെക്കാലത്തേയ്ക്കു് ഒസ്മാൻ ഒരു കസാക് യുവാവിൻെറ സാധാരണ ദിനചര്യകൾക്കുൾപ്പെട്ടു ജീവിച്ചിരുന്നു. അച്ഛനെ സഹായിച്ചുകൊണ്ടും, മത്സരക്കളികളിലേർപ്പെട്ടും, മലകളിൽനിന്നു കാട്ടുകുതിരകളെ പിടിച്ചുകൊണ്ടുവന്നും, വേട്ടപ്പക്ഷികളെ പരിശീലിപ്പിച്ചും (ഈ വഴിക്കു പിടിച്ച വന്യജന്തുക്കളുടെ തോൽ കുടുംബത്തിൽ വസ്ത്രമായുപയോഗിക്കും.) അവൻ കാലം കഴിച്ചുകൂട്ടി.

ഏതാണ്ടു പതിനാറു വയസ്സായപ്പോൾ വിവാഹത്തെപ്പററി ചിന്തിക്കാൻ കാലമായിട്ടുണ്ടു് എന്നു് അവൻെറ പിതാവു് അഭിപ്രായപ്പെട്ടു. "കൈനി എന്ന പേരായിട്ടു് ഒരു പെൺകുട്ടിയുണ്ടു്. നല്ല കുട്ടിയാണു് എന്നു പറയപ്പെടുന്നു. നമ്മുടെ വർഗ്ഗത്തിൽപെട്ടവളാണെങ്കിലും നമുക്കു രക്തബന്ധമുള്ളതല്ല. അവളുടെ പിതാവിനും എനിക്കും തമ്മിൽ പ്രപിതാമഹന്മാർ മുഖാന്തരം പോലും ബന്ധമില്ല. അവളുടെ പിതാവിൻെറ പല

പെൺകിടാങ്ങളിൽ ഒന്നാണു് അവളെന്നുള്ളതുകൊണ്ടു് പ്രതിഫലമായി വളരെക്കൂടുതൽ ആട്ടമാട്ടുകളെ ചോദിക്കാനുമിടയില്ല.''

"എന്നാൽ നമുക്കുവേണ്ടി കാര്യങ്ങൾ ഏർപ്പാടുചെയ്യാൻ സത്യസന്ധനായ ഒരാളെ ചുമതലപ്പെടുത്തിക്കൊള്ളൂ.'' ഒസ്മാൻ പറഞ്ഞു: ''എന്തെന്നാൽ ആജ്ഞാപിക്കുവാനുള്ള അധികാരം മാതാപിതാക്കളുടേതും, അനുസരിക്കുവാനുള്ള കടമ മക്കളുടേതും ആണെന്നാണല്ലോ പ്രമാണം.''

ഒസ്മാൻെറ അമ്മ പറഞ്ഞു: "എന്നെ നിൻെറ അച്ഛൻ വിവാഹം ചെയ്തപ്പോഴത്തെ കാര്യമറിയാമോ? ഒരു വർഷക്കാലം മുഴുവൻ അദ്ദേഹത്തിൻെറ അമ്മയുടെ തമ്പിനുള്ളിൽ ഭൃത്യവേല ചെയ്തശേഷമാണു് ആ വിവാഹം നടന്നതു്. ഞങ്ങൾ സന്തോഷമായി ഒരുമിച്ചു കഴിഞ്ഞുകൊള്ളുമൊ എന്നു മുള്ളാ ചോദിച്ചപ്പോൾ 'ഉവ്വ്' എന്നു സത്യമായിത്തന്നെ മറുപടി പറയാൻ ഞങ്ങൾക്കു വിഷമമുണ്ടായിരുന്നില്ല.''

"നിൻെറ മകൻ ഒസ്മാൻെറ കാര്യത്തിലും അങ്ങനെതന്നെയാകട്ടെ'' ഇസ്ലാംബായ് പറഞ്ഞു. "പെണ്ണിനെ തൃപ്തിയാകുന്നുവെങ്കിൽ നമുക്കു് അവരുടെ വിവാഹം നടത്തിക്കളയാം.''

കൈനിയെ ആരംഭം മുതൽ തന്നെ എല്ലാവർക്കും ഇഷ്ടപ്പെട്ടു—ഒസ്മാനു മാത്രമല്ല, അവൻെറ പിതാവിൻെറ വക തമ്പുകളിലുണ്ടായിരുന്ന എല്ലാവർക്കും. അവൾക്കു് എഴുതാനും വായിക്കാനും മാത്രമല്ല പാട്ടുകളെഴുതാനും പാടാനും അറിയാമായിരുന്നു. അതിനും പുറമെ അവൾ നല്ലപോലെ ക്ലേശിച്ചു പണിയെടുക്കുന്നവളും ആയിരുന്നു. തുന്നൽയന്ത്രത്തിൽ തുന്നാനും അവൾക്കറിയാം. ഒസ്മാൻ വിവാഹം ചെയ്യുമ്പോൾ അവൾക്കു് എത്ര വയസ്സുണ്ടായിരുന്നുവെന്നോ, മരിക്കുന്ന കാലത്തു് ഒസ്മാനു് എത്ര ഭാര്യമാരുണ്ടായിരുന്നെന്നോ അറിഞ്ഞുകൂടാ. ഏതായാലും ഒരേ കാലത്തു നാലു ഭാര്യമാരിൽ കൂടുതൽ

ഉണ്ടായിരുന്നിരിക്കില്ല എന്നുള്ളതു നിശ്ചയമാണു്. എന്തു കൊണ്ടെന്നാൽ അതാണു് ഇസ്ലാം നിയമം.

വന്നതു മുതൽതന്നെ വിവാഹത്തിനുശേഷമാവശ്യമുള്ള വിരിപ്പുകളും കംബളങ്ങളും വിശേഷവസ്ത്രങ്ങളുമൊക്കെ നിമ്മിക്കുന്ന പണിയിൽ കൈനി ഏർപ്പെട്ടു. ഒസ്മാൻെറ മാതാവും പിതാവുമാകട്ടെ ആചാരപ്രകാരം തങ്ങൾ നൽകാൻ ബാദ്ധ്യതപ്പെട്ട സാധനങ്ങൾ ഒരുക്കുന്നതിലും ശ്രദ്ധിച്ചു. അനേകം ആട്ടുകളുടെ രോമം വെട്ടി വെള്ളത്തിൽ കഴുകിത്തയ്യാറാക്കി. ഒസ്മാൻെറ പുതിയ തമ്പിനാവശ്യമായ കമ്പിളി നിമ്മിക്കേണ്ട ആവശ്യത്തിനായിരുന്നു അതു്. തമ്പിനാവശ്യമായ കമ്പിളി പല തുണ്ടുകളായിട്ടാണു് നിമ്മിക്കുക. അതെല്ലാം ശരിയായ രൂപത്തിലും ആവശ്യത്തിൽ അല്പം വലിപ്പത്തിലുമുണ്ടാക്കണം. എന്തെന്നാൽ അവ കൂട്ടിച്ചേക്കുമ്പോൾ വലിപ്പത്തിൽ കുറെ കുറവുവരും. രോമം വെള്ളത്തിൽ കുതിന്നതാകയാൽ അതിലെ ജലാംശം പോകാൻവേണ്ടി ആളുകൾ അതു ഭൂമിയിൽ നിരത്തിയിട്ടു്, ചെരുപ്പിടാത്ത വെറുംകാൽ ചവുട്ടി അതിൻെറ മീതെക്കൂടെ അങ്ങോട്ടുമിങ്ങോട്ടും തുടർച്ചയായി പലദിവസം, അനേകമനേകം മണിക്കൂർ നടന്നുകൊണ്ടിരിക്കും. ആവശ്യംപോലെ കൂട്ടുതൽ രോമം ചേർത്തു് അതും ചവുട്ടിയുറപ്പിക്കും. അങ്ങനെ കാററും മഴയും പ്രവേശിക്കാത്തവിധം കട്ടിയും ഉറപ്പും ആ കമ്പിളിക്കു സിദ്ധിക്കും. വഗ്ഗത്തലവൻെറ മകനാകയാൽ ഒസ്മാൻേറതു് വെള്ളത്തമ്പായിരുന്നു.

വിവാഹദിവസം വന്നു. മുള്ളാ ഒസ്മാനോടും കൈനിയോടും ചോദിച്ചു, അവർ സന്തോഷമായി ഒരുമിച്ചു ജീവിച്ചുകൊള്ളുമോ എന്നു്. അവർ അനുകൂലമായ മറുപടി പറഞ്ഞു. അങ്ങനെ ഭായ്യാഭത്താക്കന്മാരായി. അന്നുരാത്രി രണ്ടു കുടുംബക്കാരും പങ്കെടുത്ത ഒരു സദ്യക്കുശേഷം ആദ്യമായി ആ യുവമിഥുനം ഒരേ തമ്പിലുറങ്ങി.

ഒസ്മാൻെറ വിവാഹം കഴിഞ്ഞു് അധികം മാസങ്ങളായില്ല, റഷ്യയിലെ പ്രസിദ്ധമായ ഒക്ടോബർ വിപ്ലവം കമ്യൂണിസ്റ്റുകാരെ അധികാരത്തിലെത്തിച്ചു. കസാ

ക്കുകൾ കസാക്സ്ഥാൻെറ അതിർത്തികടന്നു പ്രവഹിച്ചു തുടങ്ങി. സ്വജീവിതസമ്പ്രദായം കമ്യൂണിസത്തിൻെറ ഭീഷണിക്ക് ഇരയായിത്തീർന്ന കസാക് അഭയാർത്ഥികൾ ചെറിയ സംഘങ്ങളായി, ഒട്ടകത്തിന്നു നീങ്ങാവുന്ന മന്ദഗതിയിൽ, ഒരു വർഷക്കാലത്തിലധികം കാലം, ഇങ്ങനെ നീങ്ങിക്കൊണ്ടിരുന്നു. അക്കാലത്തിനുള്ളിൽ ഏതാണ്ട് ഒരുലക്ഷം പേർ ഈ വിധം പാർപ്പു മാററി. അനേക ലക്ഷം മൃഗങ്ങളെയും അവർ കൂടെക്കൊണ്ടുപോന്നിരുന്നു. മദ്ധ്യേഷ്യയിലെ ചെറു ജനപദങ്ങളെ തങ്ങൾ സംരക്ഷിക്കുന്നതാണെന്നു ലെനിൻെറ നേതൃത്വത്തിൽ കമ്യൂണിസ്റ്റുകാർ പ്രഖ്യാപിച്ചപ്പോൾ ഈ കുടിപുറപ്പെട്ടുപോക്ക് ഒന്നു നിലച്ചു. പത്തു കൊല്ലത്തിനുശേഷം കൂട്ടകൃഷിയിടങ്ങളിലും തൊഴിൽശാലകളിലും ഖനികളിലും കസാക്കുകളെ നിർബന്ധിച്ചു പണിയെടുപ്പിക്കുന്ന സമ്പ്രദായം ലെനിൻ ആരംഭിച്ചതോടെ, വീണ്ടും അവർ കൂട്ടമായി നാട്ടു വിട്ടുതുടങ്ങി. ഇപ്രാവശ്യം ഇരുപത്തിയഞ്ചു ലക്ഷത്തിൽ കുറയാത്ത കസാക്കുകൾ പൂർവ്വടർക്കിസ്ഥാനിലേക്കു പോയി.

കമ്യൂണിസ്റ്റ് കിരാതത്വത്തിൽനിന്നു തങ്ങളുടെ ജീവിതസമ്പ്രദായത്തെ രക്ഷപ്പെടുത്താമെന്ന മോഹത്തിൽ ചീനപ്രദേശത്തേക്കു കടന്നുവന്ന ഈ അഭയാർത്ഥികളിൽ പലരുമായി ഒസ്മാൻ കണ്ടു എന്നതു് നിസ്സംശയമാണു്. എന്നാൽ ചീനരുടെ കിരാത രീതികൾ അനുഭവിച്ചു മടുത്തിരുന്ന ഒസ്മാൻെറയും മററു കസാക്കുകളുടെയും ദൃഷ്ടിയിൽ, ഇപ്പൊഴും ചീനർ ശത്രുക്കളും റഷ്യാക്കാർ ബന്ധുക്കളുമായിരുന്നു. എങ്ങനെയുള്ള ബന്ധുക്കൾ എന്നു് അവർ പിന്നീടാണു് മനസ്സിലാക്കിയതു്.

## 4

### ആലിബെഗ്ഗും ഹംസായും—ബാല്യം

ആൾട്ടായ് പർവ്വതനിരകളിലെ ഒസ്മാൻെറ താമസസ്ഥലത്തുനിന്നും ഇരുന്നൂററി അമ്പതുമൈൽ തെക്കുമാറി മനാസ്സ് എന്നു പേരായി ഒരു പട്ടണമുണ്ട്. കൊസാക് യായാവരരുടെയും തുക്കികളും മററുമായ കർഷകരുടെയും വാണിഭകേന്ദ്രവുമായിരുന്നു, ഇതു്. യുദ്ധത്തിൻെറ കെട്ടതികൾക്കിരയാകുന്നതിനുമുമ്പ് ഏതാണ്ട് നാല്പതിനായിരം ആളുകൾ അവിടെ പാത്തിരുന്നു. തലസ്ഥാനമായ ഉറുംചിക്കു പടിഞ്ഞാറുമാറി സോവിയററു് അതിത്തിയിലേക്കുള്ള മാർഗ്ഗത്തിലായിരുന്നു അതിൻെറ സ്ഥാനം.

ഉറുംചിയുടെയും മനാസ്സിൻെറയും പിന്പുറത്തു തെക്കുമാറി ഹിമാവൃതമായ ററീൻഷാൻ പർവ്വതനിരയാണു്. ഈ പർവ്വതങ്ങളിൽനിന്നാണു് മനാസ്സ് നദിയുടെ ഉത്ഭവം. അതിശക്തിയായി കുത്തിയൊഴുകിവരുന്ന ആ നദി മനാസ്സ് പട്ടണത്തിനു സമീപം എത്തുമ്പോഴേയ്ക്കു്വളരെ പരന്നൊഴുകുന്നു. ഇതു് ഒരു വലിയ നദിയാണെങ്കിലും വേഗംതന്നെ ചതുപ്പുനിലങ്ങളിൽ ചെന്നു് അപ്രത്യക്ഷമാകുന്നു. വെള്ളത്തിൽ വളരുന്ന ഒരുതരം അതികായന്മാരായ പുല്ലുകൾ ഇവിടെ ഇരുപതടിവരെ ഉയരത്തിൽ വളന്നുനിന്നു് വന്യമൃഗങ്ങൾക്കു സംരക്ഷണം നൽകുന്നുണ്ടു്. ആളുകൾക്കു വളരെ സൂക്ഷിച്ചുവേണം ഇവിടെ സഞ്ചരിക്കാൻ. പക്ഷേ അതേസമയം അധികാരികളിൽനിന്നു് ഒളിച്ചോടേണ്ടവക്കു് ഇതു് നല്ലൊരു രക്ഷാകേന്ദ്രവുമാണു്. അതുപോലെ ശത്രുക്കളെ കെണിയിൽപെട്ടത്തുന്നതിനും പററിയ സ്ഥലമാണിതു്. ഈ കഥാകാലമായ അമ്പതു വർഷകാലത്തിനുള്ളിൽ ഈ പ്രദേശം ഈദൃശകാര്യങ്ങൾക്കായി എത്രയോ പ്രാവശ്യം ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്.

മനാസ്സ് നദിയിൽ ഒഴുകിച്ചേരുന്ന ഒരു അരുവിയാണു് കിജിൽ ഉജ്ജൻ. മഞ്ഞുരുകിവരുന്ന വെള്ളംകൊ

ണ്ടു പോഷണം ലഭിക്കുന്നതാകയാൽ സാധാരണകാലങ്ങളിൽ ഇതിൽ തെളിനീരൊഴുക്കാണുള്ളതു്. എന്നാൽ മഴക്കാലത്തു് മലകളിലെ മണ്ണും ചെളിയും കലന്നിട്ടു് വെള്ളത്തിൻെറ നിറം ചുവപ്പായിരിക്കും. ചുവപ്പരുവി എന്നർത്ഥംവരുന്ന അതിൻെറ പേരിൻെറ ആഗമം അങ്ങനെയാണു്. കിജിൽഉജ്ഞുണിൻെറ തീരപ്രദേശം, സ്വാദേറിയ ഉയന്ന പുല്ലു് നീരന്ധ്റമായി വളന്നു നിൽക്കുന്ന പ്രദേശമാണു്. ചീനക്കാർ ഓടിക്കുന്നതിനുമുമ്പു് എല്ലായ്പോഴും കസാക് സഞ്ചാരിവർഗ്ഗക്കാർ തങ്ങളുടെ ആട്ടമാട്ടുകളെയും മേച്ചുകൊണ്ടു് അവിടങ്ങളിൽ പാക്കുകപതിവായിരുന്നു. വേനൽക്കാലങ്ങളിൽ ഉയന്ന പ്രദേശങ്ങളും ശിശിരകാലങ്ങളിൽ താണപ്രദേശങ്ങളുമാണു് അവർ താവളമാക്കുക. ഒസ്മാൻ ബത്തൂറിൻെറയൊപ്പം സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്ത രണ്ടു നേതാക്കന്മാർ ഇവിടെയാണു് ജന്മമെടുത്തതു്; ആലിബെഗ്ഗ് 1908-ലും, ഹംസാ 1922-ലും.

ആലിബെഗ്ഗിൻെറ ബാല്യകാലം പൊതുവെ പ്രശാന്തമായിരുന്നു. അവൻെറ പിതാവായ റഹിംബെഗ്ഗ് അവരുടെ വഗ്ഗത്തിൽപെട്ട ഒരുദ്യോഗസ്ഥനായിരുന്നു. ചൈനാക്കാരോടു സമരം ചെയ്യുകയല്ല, നികുതികാര്യങ്ങളിൽ അവരോടു ന്യായവാദം ചെയ്യുകയായിരുന്നു, അയാളുടെ ജോലി. പത്തുവയസ്സായപ്പോൾ തന്നെ മുള്ളായുടെ തമ്പിലെ വിദ്യാലയത്തിൽ ചേന്നു് ആലിബെഗ്ഗ് അക്ഷരാഭ്യാസം നേടിത്തുടങ്ങി. അച്ഛൻെറ ആട്ടുകളെ മേയ്ക്കുന്ന ജോലിയും അവൻ ചെയ്തിരുന്നു. ഏതാണ്ടു പതിനേഴവയസ്സാകുന്നതുവരെ അവൻെറ ജീവിതം ഇങ്ങനെ തുടർന്നുപോന്നു.

എന്നാൽ ഹംസായുടെ ബാല്യകാലം ഇതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു. അവനു് ഏഴവയസ്സായപ്പോൾ പിതാവു മരിച്ചു. പിതാവിൻെറ ഒരു പ്രായംകുടിയ സഹോദരൻ യൂനുസ് ഹാജിയുടെ സംരക്ഷണത്തിലാണു് അവൻ പിന്നെ വളന്നതു്. പ്രസിദ്ധനായ ബൊക്കൊബത്തൂറിൻെറ സേനയിൽ ആയിരംപേരുടെ തലവ

നായിരുന്ന യൂനൂസ് ഹാജി, ടിബററിലേയ്ക്കുള്ള യാത്ര യിൽ ബൊക്കൊയെ അനുഗമിച്ചിരുന്നില്ല. ഒസ്മാനുമായി അടുത്ത സമ്പക്കം പാലിച്ച് ഒളിപ്പോർ പ്രവർത്തനത്തി ലേർപ്പെട്ടിരിക്കയായിരുന്നു, അയാൾ.

പത്തുമുതൽ പന്ത്രണ്ടുവയസ്സുവരെ ഹംസാ നിരന്തര മായ സഞ്ചാരത്തിലായിരുന്നു. കസാക്‌യായാവരരെ സം ബന്ധിച്ചിടത്തോളം ഒളിപ്പോരെന്നു വച്ചാൽ സമരത്തി ലേർപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെതുമാത്രമായ ഒരു നീക്കം മല്ല. പെണ്ണുങ്ങളും കുഞ്ഞുങ്ങളും ആട്ടമാട്ടുകളുടെ പററ ങ്ങളും കൂടാരങ്ങളുമെല്ലാം ഉൾപ്പെട്ടതാണ് അവക്ക് ഒളി പ്പോർ. യുദ്ധത്തിൻെറ ഒഴുക്കിൽ എങ്ങോട്ടൊക്കെ നീങ്ങ ണമോ അങ്ങോട്ടൊക്കെ ഇതെല്ലാം ഒന്നായിട്ടാണ് നീ ങ്ങുക. ചിലപ്പോഴെല്ലാം വാളൊ തോക്കൊ ധരിച്ചു കൊണ്ട് ഹംസായും യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അവ രുടെ വലിയ കമ്പിളിത്തമ്പുകൾ അഴിച്ചെടുക്കുക, തമ്പി ലെ സാമഗ്രികളൊക്കെ അതിൽ ചുരുട്ടിക്കെട്ടി മൃഗങ്ങ ളുടെ പുറത്താക്കി യാത്രപുറപ്പെടുന്നതിനു തയ്യാറാകുക, ഇതെല്ലാം ആവശ്യമുണ്ടായാൽ പതിനഞ്ചുമിനിററിനു ള്ളിൽ നടത്തുവാനും ഹംസാ ശീലിച്ചു എവിടെയായാലും തൻെറ ആയുധങ്ങളും കുതിരക്കോപ്പും കയ്യെത്തുന്ന അക ലത്തിൽ വച്ചുകൊണ്ടുറങ്ങാനും അവൻ പഠിച്ചു.

തൻെറ ആൾക്കാർ സമരത്തിലുൾപ്പെട്ടിരിക്കുന്നതി ൻെറ കാരണം ഹംസാ എന്നോടു പറഞ്ഞു. പതിനഞ്ചു സംവത്സരങ്ങൾക്കുമുമ്പ് ബൊക്കൊബത്തൂറിനെ പരാജ യപ്പെടുത്തിയ പൂർവ്വ ടക്കിസ്ഥാൻ ഗവർണർ യാങ്സെ ങ്സിനെ മററു ചീനർ കൊലപ്പെടുത്തി. കസാക്കുകൾ അയാളുടെ ഭരണം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും അതിനു വഴിപ്പെട്ടു കഴിഞ്ഞുകൂട്ടുകയായിരുന്നു; അയാളെപ്പററി ബ ഹുമാനവുമായിരുന്നു. ജനറൽ ചിൻഷൂ-ജെൻെറ നേതൃ ത്വത്തിലുള്ള പുതിയ ഭരണം കസാക്കുകളെയും മററു മുസ്ലീമുകളെയും കൂട്ടതലായി ഞെരുക്കിത്തുടങ്ങി. 1929- ൽ ചീനനെങ്കിലും മുസ്ലീമായിരുന്ന ജനറൽ മാചുങ്ങ്- യിൻെറ നേതൃത്വത്തിൽ അന്നത്തെ ഭരണത്തിനെതി

രായി ഒരു വിപ്ളവമാരംഭിച്ചു. പ്രാരംഭത്തിൽ വലിയ തോതിൽ വിജയം ലഭിക്കയാൽ അയാൾ പൂവ്വ്ടക്കിസ്റ്റാനെ ഒരു സ്വതന്ത്ര സംസ്ഥാനമായി പ്രഖ്യാപിക്കയും, ആ സ്വാതന്ത്ര്യസംസ്ഥാനത്തെ അംഗീകരിക്കവാൻ വൻശക്തികളോട്ട് ആവശ്യപ്പെട്ടകയും ചെയ്തു. ഒരു പ്രാവശ്യം അയാൾ സ്വസൈന്യത്തെ ഉറുംചിയുടെ കവാടംവരെ നയിക്കപോലുമുണ്ടായി.

സ്വാതന്ത്ര്യത്തെപ്പററിയുള്ള ചിന്തകൊണ്ടു് യൂനൂസ് ഹാജിയുടെ ചൂട്ടള്ള രക്തം തിളച്ചു. മുസ്‌ലീം ആയ ജനറൽ മൗ ഒരു വെറും ചീനനെക്കാൾ സ്വീകാര്യനാണു് എന്നു് അയാൾ കരുതി. 1932-ൽ അയാൾ തൻെറ അനുയായികളെയും ഹംസാ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെയും ആട്ടമാട്ടകളാദിയായ ജന്തുക്കളെയും എല്ലാം കൂട്ടിക്കൊണ്ടു് ജനറൽ മായുടെ കീഴിലല്ല—അയാളുടെ ഒപ്പം — സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യാൻ പുറപ്പെട്ടു. ആ മാതൃകയെ അനുകരിക്കാൻ ക്ഷണിച്ചുകൊണ്ടു് ഒസ്മാൻെറ പേർക്കും അയാൾ സന്ദേശമയച്ചു.

യൂനൂസ് ഹാജിയുടെ വീക്ഷണകോണത്തിൽക്കൂടെയല്ല ഒസ്മാൻ, ജനറൽ മായെ കണ്ടതു്. ജനറൽ മാ ഒരു മുസ്‌ളീം തന്നെയെന്നിരിക്കിലും അയാൾ ഒരു ചീനക്കാരനാണല്ലോ എന്നതായിരുന്നു ഒസ്മാൻെറ പ്രധാന പരിഗണന. അതുകൊണ്ടു് ചീനരുടെ നേതൃത്വം സ്വീകരിക്കാനെന്നല്ല, അവരുടെ സഹായം സ്വീകരിക്കാൻപോലും ഒസ്മാനു സമ്മതമുണ്ടായിരുന്നില്ല. ഏതു കാലത്തെങ്കിലും അതിനു് അവനു സമ്മതമുണ്ടായിരുന്നിട്ടുണ്ടോ എന്നു് എനിക്കു സംശയമാണു്. ഒരു കണക്കിൽപറഞ്ഞാൽ യൂനൂസ്ഹാജിയും ഏതാണ്ടു് ആ നിലപാടുതന്നെയാണു് സ്വീകരിച്ചിരുന്നതു്. മാ എന്തു ചെയ്യുന്നു എന്ന പരിഗണന കൂടാതെ അയാൾ സ്വന്തം രീതിയിൽ സ്വതന്ത്രമായി സമരം നടത്തുകയാണു് വാസ്തവത്തിൽ ചെയ്തുകൊണ്ടിരുന്നതു്.

സോവിയററു് ഗവണ്മെൻറിൻെറ കയ്യു് വ്യക്തമായി കാണപ്പെട്ട അവസരം എന്ന നിലയിൽ ഈ വിപ്ളവം

പ്രധാനമാണു്. ചീനപ്രദേശങ്ങൾക്കെതിരായി റഷ്യയുടെ സഹായം ലഭിച്ച ആദ്യത്തെ വിപ്ളവമായിരുന്നില്ല, ഇതു്. എന്തെന്നാൽ ചുവന്ന റഷ്യയും വെളുത്ത റഷ്യയുടെ നയം തന്നെയാണു് കൈക്കൊണ്ടിരുന്നതു്. പ്രയോഗസമ്പ്രദായത്തിൽ മാത്രമെ വ്യത്യാസമുണ്ടായിരുന്നുള്ളു. കമ്മ്യൂണിസ്റ്റും വിരുദ്ധരായ റഷ്യാക്കാർപോലും പഴയ റഷ്യൻ നയത്തോടുള്ള സഹാനുഭൂതിമൂലം ഇക്കാര്യത്തിൽ സോവിയററു ഗവണ്മെൻറിനു് സഹായകമായ നിലപാടു് സ്വീകരിച്ചിരുന്നു എന്നതു്, കേട്ടാൽ അത്ഭുതമായി തോന്നുമെങ്കിലും, ഒരു വസ്തുതയാണു്; ആ പ്രദേശത്തെ ആ കാലത്തെ കുഴഞ്ഞ രാഷ്ട്രീയത്തിൻെറ പ്രത്യേകതയിൽനിന്നുല്പന്നമായ ഒരു സ്ഥിതിവിശേഷമായിരുന്നു, ഇതു്.

സോവിയററു് ഗവണ്മെൻറു് ജനറൽ മായ്ക്കു് രഹസ്യമായി ആയുധങ്ങൾ നൽകി സഹായിക്കുയും, കസാക്കുകളെയും തുക്കികളെയും മംഗോളിയരെയും മററു പൂർവ്വടർക്കിസ്റ്റാൻ ജനവിഭാഗങ്ങളെയും ചീനക്കാർക്കെതിരായി ഇളക്കിവിടാൻ കഴിവുള്ളതെല്ലാം പ്രവർത്തിക്കുകയും ചെയ്തു.

പക്ഷേ ഉറുംചിയുടെ കവാടത്തിൽവച്ചു് ജനറൽ മായെ പരാജയപ്പെടുത്തി ഓടിക്കുവാൻ ചീന ഗവർണ്ണരായ ചിൻഷൂജെന്നു കഴിഞ്ഞു. കാരണം, അയാൾക്കും സോവിയററു ഗവണ്മെൻറിൻെറ ആയുധസഹായം ലഭിച്ചിരുന്നു. ഒരു രഹസ്യ ഉടമ്പടിപ്രകാരം—എന്നുവച്ചാൽ ചീന ഗവണ്മെൻറിൽനിന്നു പ്രത്യേകിച്ചും രഹസ്യമായി വച്ചിരുന്ന ഒരു ഉടമ്പടിപ്രകാരം—ചില പ്രത്യേക വാണിജ്യാവകാശങ്ങൾ റഷ്യാക്കാർക്കു് അനുവദിച്ചുകൊടുത്തും പൂർവടർക്കിസ്റ്റാൻ ഗവണ്മെൻറിൽ റഷ്യൻ 'ഉപദേഷ്ടാക്ക'ളെ വയ്ക്കാൻ സമ്മതിച്ചും ആണു് ജനറൽ ചിൻ പകരമായി ഈ ആയുധസഹായം നേടിയതു്. ജനറൽ ചിന്നിൻെറ സൈന്യത്തിലുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ റഷ്യൻ ഭടന്മാർക്കു് കമ്മ്യൂണിസ്റ്റ് റഷ്യാ ആയുധം നൽകിയെന്നതും അവർ വേഗംതന്നെ കമ്മ്യൂണിസ്റ്റ്

നിയന്ത്രണത്തിലായിത്തീർന്നു എന്നതും പ്രത്യേകതയുള്ള മറെറാരു വസ്തുതയാണ്.

1933–ൽ ജനറൽ ചിൻ അധികാരഭ്രഷ്ടനാക്കപ്പെട്ടു. അടുത്ത കൊല്ലം ഉറുംചിയുടെ നേരെ വീണ്ടും ആക്രമണം നയിക്കാൻ മുസ്ളീം ചീനനായ ജനറൽ മായെ റഷ്യ സഹായിച്ചു. പുതിയ ചീന ഗവർണ്ണരായ ഷെങ് ഷാഹ്-സായ് സഹായത്തിനു റഷ്യയെ സമീപിച്ചു. സഹായം ലഭിക്കുകയും ചെയ്തു. പക്ഷെ അതിനുവേണ്ടി ഒപ്പു വയ്ക്കപ്പെട്ട ഉടമ്പടിപ്രകാരം പൂർവതുർക്കിസ്ഥാൻ മിക്കവാറും ഒരു സോവിയററ് കോളണിയായി രൂപാന്തരപ്പെട്ടു.

1934–ൽ അവിടുത്തെ ഏററവും സ്വാധീനശക്തിയുള്ള മനുഷ്യൻ, ഉറുംചിയിലെ സോവിയററ് പ്രതിപുരുഷനായ അപ്രേസോവ് ആയിരുന്നു. ചീനഗവർണ്ണർക്കു വേണ്ടി രഹസ്യപ്പോലീസിനെ സംഘടിപ്പിച്ചതു പൊഗോഡിൻ എന്ന റഷ്യാക്കാരനായിരുന്നു. ഇവരുടെ രണ്ടു പേരുടെയും സ്വാധീനത്തിനു കീഴ്പ്പെട്ട് റഷ്യൻ 'ഉപദേഷ്ടാക്കളുടെ' കീഴിൽ കമ്മ്യൂണിസ്റ്റു സ്ഥാപനങ്ങൾ സമാരംഭിക്കപ്പെട്ടു.

ആ പ്രദേശങ്ങളിലെ ആളുകളുടെ കഷ്ടപ്പാടുകൾക്കു പരിഹാരമുണ്ടാക്കാമെന്നും അവരുടെ ജീവിതരീതിയിൽ ഗുണകരമായ പരിവർത്തനങ്ങളുണ്ടാക്കാമെന്നുമൊക്കെ ജനറൽ ഷെങ് പ്രതിജ്ഞ ചെയ്തുവെങ്കിലും തങ്ങളുടെ ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയാണ് ചെയ്യുന്നതെന്നു കസാക്കുകൾക്കു വേഗംതന്നെ ബോദ്ധ്യമായി. റഷ്യാക്കാർ രഹസ്യമായി പരിശീലിപ്പിച്ച് ആയുധവും നൽകിയിരുന്ന പതിമ്മൂവായിരം ചീനഅഭയാർത്ഥികൾ (ജപ്പാൻകാരെ ഭയപ്പെട്ടുപോന്നവർ) ആൾട്ടായി പ്രദേശത്തും മററു ഉത്തരഭാഗങ്ങളിലും കടന്നുചെല്ലുകയും, ഗവർണ്ണർ ഷെങ്ങിൻെറ പേരിൽ ആളുകളെ ഭയങ്കരമായി മർദ്ദിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. ഇതിനിടയ്ക്കു ഭരണകൂടമാകപ്പാടെ തന്നെ റഷ്യൻ നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു. കമ്മ്യൂണിസത്തിനെതിരായ ചീന

ദേശീയ ഗവണ്മെൻറിൻെറ പ്രാതിനിധ്യം വഹിച്ചിരുന്ന ഗവർണ്ണറുടെ കമ്മ്യൂണിസ്റ്റ് ഉപദേഷ്ടാക്കൾ തങ്ങളുടെ മേൽ അടിച്ചേല്പിക്കുന്ന കമ്മ്യൂണിസത്തെ അഭിമുഖീകരിക്കാൻ കസാക്കുകൾ നിർബദ്ധരായി. എന്താണു സംഭവിക്കുന്നതെന്നു കസാക്കുകൾ പ്രാരംഭത്തിൽ മനസ്സിലാക്കാതിരുന്നതു് അത്ഭുതമല്ല. പഴയ ഒരു കസാക് ചൊല്ലിൽ പറയുംപോലെ റഷ്യക്കാർ "ഇരുതലരാഷ്ട്രീയ"ക്കാരാണെന്നു് (ഒന്നു പറകയും മറെറാന്നു പ്രവർത്തിക്കയും ചെയ്യുന്നവരാണെന്നു്). വാസ്തവം പറഞ്ഞാൽ വളരെക്കൊല്ലം കൊണ്ടാണു് കസാക്കുകൾ മനസ്സിലാക്കിത്തുടങ്ങിയതു്. ഒരു തല ഗവർണർ ഷെങ്ങിൻെറ നാമത്തിൽ ഉപദേഷ്ടാക്കൾ മുഖാന്തരം ഉറുംചിയിൽ നിന്നു നിർദ്ദേശങ്ങൾ നൽകി, ക്രമേണ ഭരണകൂടം കമ്മ്യൂണിസ്റ്റുമയമാക്കി. മറെറാതല രഹസ്യമായി വിപ്ളവത്തിനു പ്രേരണ നൽകുകയും, വെറുക്കപ്പെട്ട ചീനരെ രാജ്യത്തുനിന്നോടിച്ചുവിടാൻ സഹായം വാഗ്ദാനം ചെയ്കയും ചെയ്തു.

ഒസ്മാനും യൂനുസ്ഹാജിക്കും മററു കസാക്കു് നേതാക്കന്മാർക്കുമൊക്കെ യുദ്ധതന്ത്രമല്ലാതെ രാഷ്ട്രതന്ത്രം ഒട്ടും പിടിയില്ലായിരുന്നു. നിയമ സമാധാനങ്ങളുടെ പേരിൽ പൂർവ്വ്ടക്കിസ്ഥാനും അവിടത്തെ സമൃദ്ധമായ സമ്പദ് വിഭവങ്ങളും കൈവശപ്പെടുത്താനുള്ള സോവിയററു് ഗവണ്മെൻറിൻെറ പരിപാടിയിൽ തങ്ങളെ ആയുധങ്ങളായി ഉപയോഗിക്കുകയാണു ചെയ്യുന്നതെന്നു് അവർ മനസ്സിലാക്കിത്തുടങ്ങിയതു് വളരെ താമസിച്ചിട്ടാണു്.

യൂനുസ്ഹാജിയും കൊച്ചുഹംസായുമൊക്കെ 1932 മുതൽ 1934 വരെ മുസ്ളീംചീനസേനാധിപനായ ജനറൽ മായുടെകൂടെനിന്നു് ചീനർക്കെതിരായി സമരം ചെയ്യുകയായിരുന്നു. ഇതിനിടക്കു തൻെറ കീഴിലുള്ള ഭടന്മാർക്കു് ശാസ്ത്രീയമായ സൈനികരീതിയിൽ സമരപരിശീലനം നൽകാൻ യൂനുസ് ശ്രമിക്കയുണ്ടായി. പക്ഷേ സ്വാതന്ത്ര്യവശ്യമായ കസാക്കുകൾ ഇത്തരം യുദ്ധമുറ ഒരിക്കലും വശപ്പെട്ടത്തിയില്ല. 1934-ൽ ഗവർണർ

ഷെങ്ങ്, റഷ്യൻ സഹായത്തോടെ ജനറൽ മായെ തോൽപ്പിച്ചോടിച്ചു. അയാൾ സോവിയററു ടക്കിസ്ഥാനിൽ ചെന്നു് അഭയം തേടിയെന്നു പറയപ്പെടുന്നു. ടക്കിയിലെ കസാക്കഭയാത്ഥികൾ പറയുന്നതു് അയാൾ അവിടെ റഷ്യൻസേനയിൽ ഒരു ആഫീസറായി നിയമിക്കപ്പെട്ടുവെന്നാണു്. യൂനുസ്ഹാജിയും ഹംസായും കിജിൽ ഉജ്ജുണിലേയ്ക്കു മടങ്ങി. ഹംസാവീണ്ടും വിദ്യാലയത്തിൽ ചേന്നു പഠിത്തം തുടന്നു.

എന്നാൽ ആ പഴയ ഉല്ലാസപൂർണ്ണമായ കസാക്കു് ജീവിത സമ്പ്രദായം അസ്തമിച്ചുകൊണ്ടിരിക്കുകയായിരുന്നു. 1936—ൽ രണ്ടു കസാക്കുകൾ—ഹുസേൻ താജിയും സുൽത്താൻ ഷെരീഫും—ററീൻഷാൻ പവ്വതനിരയിലെ ബകർത്തുൽ എന്ന സ്ഥലത്തിനു സമീപത്തെ തങ്ങളുടെ താമസം മതിയാക്കി തമ്പുകളും ചുരുട്ടിക്കെട്ടി, സാധനസാമഗ്രികളും പെറുക്കി അടുക്കി, ആടുമാടുകളെയും തെളിച്ചുകൊണ്ടു യാത്രപുറപ്പെട്ടു; സമാധാനമായി ജീവിക്കാൻ പററിയ വല്ലയിടവും കണ്ടുപിടിക്കാമെന്നുള്ള കരുതലിൽ. അവർ ബൊക്കൊബത്തുരിനെപ്പോലെ താക്ലമകാൻ മണലാരണ്യംകടന്നു്ഗെജ്കുൽപ്രദേശത്തെത്തി. ബർക്കുലിനു സമിപത്തും തെക്കോട്ടുള്ള ദുർഘടംപിടിച്ച യാത്രയ്ക്കിടയിലുമുണ്ടായ സമരങ്ങളിൽ വച്ചു് അവരുടെകൂടെയുണ്ടായിരുന്ന മൃഗങ്ങളിൽ അധികവുംചത്തുപോയിരുന്നു എങ്കിലും ഇപ്പോൾ എത്തിച്ചേന്ന പുതിയ കേന്ദ്രത്തിൽ അവക്കു വീണ്ടും സമൃദ്ധിയും ഐശ്വയ്യവും കൈ വന്നു.

ഹുസേൻതാജിയുടെയും സുൽത്താൻ ഷെരിഫിൻെറയും കൂടെ പതിനയ്യായിരം കസാക്കുകൾ പോന്നിട്ടുണ്ടായിരുന്നു. ഇൻഡ്യയിൽ ചെന്നുപാറാമെന്നുള്ള വിചാരത്തിൽ അവരിൽ 5000പേർ ചെറുസംഘങ്ങളായി തുടന്നു മുമ്പോട്ടുപോയി. അതിൽ എത്രപേർ അവിടെ ചെന്നെത്തി എന്നെനിക്കറിഞ്ഞുകൂടാ. ഗെജ്കലിൽ ചെന്നെത്തിയവരിൽ ബാക്കി കുറെ പേർ തിരിച്ചുപുറപ്പെട്ടു നാട്ടിൽതന്നെ ചെന്നു പാർപ്പാക്കി. പിന്നെ കുറേ പേർ ബെർകുലിലുംഗെജ്കുലിലും പോയും വന്നും കഴിച്ചുകൂട്ടി.

കവിയായ കാരാമുള്ള ഇൻഡ്യയിലേയ്ക്കു പോയതിലൊരാളാണ്. എന്നാൽ അവിടത്തെ ശീതോഷ്ണാവസ്ഥ പിടിക്കായ്കയാൽ അയാൾ പൂർവ്വടർക്കിസ്ഥാനിലേയ്ക്കു തന്നെ മടങ്ങുകയാണുചെയ്തതു്. പക്ഷേ 1950–ൽ കമ്മ്യൂണിസം സ്വീകരിക്കയൊ വീണ്ടും ഇൻഡ്യയിലേയ്ക്കുതന്നെ പോകുകയൊ ചെയ്യണമെന്ന ഘട്ടം വന്നപ്പോൾ ഏതാണു തിരഞ്ഞെടുക്കേണ്ടതെന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ അയാൾക്കു് അധികം ആലോചിക്കേണ്ടിവന്നില്ല.

ഇക്കാലം ഹംസായ്ക്കു പന്ത്രണ്ടു വയസ്സാണു്. തന്നെ കുറെക്കൂടെ നല്ല ഒരു വിദ്യാലയത്തിൽ അയയ്ക്കണമെന്നു് അവൻ സഹോദരൻ യൂനൂസിനോടു് അപേക്ഷിച്ചു. അവനെ അബ്ദുൽ അസ്സീസ് എന്ന തുക്കി, മനാസ്സ്പട്ടണത്തിൽ നടത്തിയിരുന്ന സ്ക്കൂളിലേയ്ക്കു മാററി.

പൂർവടക്കിസ്ഥാനിലെ ജനങ്ങളിൽ തൊണ്ണൂററഞ്ചു ശതമാനവും ചീനരല്ലായിരുന്നു. തങ്ങൾക്കു സ്വാതന്ത്ര്യം നേടണമെന്നുണ്ടെങ്കിൽ ഒററക്കെട്ടായി നിന്നു പ്രയത്നിക്കണമെന്നു് അവർ മനസ്സിലാക്കിത്തുടങ്ങി. തങ്ങളുടെ ഇരുതലനയത്തെത്തുടർന്നു് റഷ്യാക്കാർ ലേശം പ്രതീക്ഷിക്കാത്ത അനുഭവമായിരുന്നു, ഇതു്.

ഗവർണർ ഷെങ്ങിൻെറ ഉപദേഷ്ടാക്കളുടെ നിർദ്ദേശപ്രകാരം സ്കൂളുകളിൽ ഇംഗ്ലീഷു പഠിപ്പിക്കുന്നതു നിരോധിക്കപ്പെട്ടു. പ്രാദേശിക ഭാഷകളിൽ പാഠപുസ്തകങ്ങൾ നിർമ്മിക്കപ്പെട്ടു. . പൂർവടർക്കിസ്ഥാൻെറ മേൽ നിയന്ത്രണം നേടാനുള്ള തങ്ങളുടെ ദീർഘകാല പരിപാടിയുടെ ഭാഗമായി, ഷെങ്ങുമായി ഉടമ്പടി ഉണ്ടാക്കുന്നതിനും വളരെ മുമ്പുതന്നെ സോവ്യയററുകാർ തയാറാക്കിയിരുന്നതാണു് ഈ പുസ്തകങ്ങളൊക്കെ. നേരെ കമ്മ്യൂണിസ്റ്റ് പ്രബോധനം നൽകുന്ന ഗ്രന്ഥങ്ങളായിരുന്നില്ല ഇതൊന്നും. എന്നാൽ പൂർവ ടക്കിസ്ഥാനിൽ നിലവിലിരിക്കുന്നതായി അതിൽ വിവരിക്കപ്പെട്ടിരുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ ദൂഷ്യങ്ങളുമായി താരതമ്യപ്പെടുത്തി കമ്മ്യൂണിസംകൊണ്ടു ലഭ്യമാകുന്ന ഗുണങ്ങ

ളെ വാഴ്ത്തുന്നതിനുള്ള ഒരവസരവും പാഴാക്കിയിരുന്നില്ല.

ഹംസാ, രണ്ടുവർഷക്കാലം മനാസ്സിൽ വിദ്യാർത്ഥിയായി കഴിച്ചുകൂട്ടി—1936 വരെ. അക്കൊല്ലം വീണ്ടും റഈൻഷാനിലെ കസാക്കുകൾ വിപ്ളവം അഴിച്ചുവിട്ടുകയും ഹംസാ ഒരിക്കൽക്കൂടെ യുദ്ധത്തിന്റെ ചുഴിയിൽ ചെന്നുചാടുകയും ചെയ്തു. തന്റെ കൂട്ടരുടെ നികുതിപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരുദ്യോഗസ്ഥനായി കഴിച്ചുകൂട്ടിയിരുന്ന ആലിബെഗ്ഗും ഇപ്രാവശ്യം വിപ്ളവകാരികളുടെ കൂടെ ചേർന്നു. ഈ വിവരമറിഞ്ഞ ഗവർണർ ഷെങ്ങ്, 5 000 കുതിരയുടെ അല്ലെങ്കിൽ 2000 ഒട്ടകത്തിന്റെ അല്ലെങ്കിൽ 4,000 കന്നുകാലിയുടെ അല്ലെങ്കിൽ 30000 ആടിന്റെ വിലയ്ക്കു തുല്യമായസംഖ്യ ആലിബെഗ്ഗ് പിഴകെട്ടണമെന്നാവശ്യപ്പെട്ടു. മനാസ്സിലെ മുസ്ളീമുകൾ—തുർക്കികളും കസാക്കുകളുമെല്ലാം ചേർന്ന്—ഈ തുക പിരിച്ചെടുത്ത് അയാൾക്കുവേണ്ടി പിഴയടച്ചു.

ഇപ്രാവശ്യം ഒസ്മാനും വിപ്ളവത്തിൽ പങ്കെടുത്തു.

മനാസ്സ് പ്രദേശത്തു മൂന്നുപേരാണ് വിപ്ളവപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നത്—ബൈമുള്ള എന്നുപേരായ കസാക്കും ഗെഗെൻ എന്ന മംഗോളിയനും ഇസ്മേൽ ഹാജി എന്ന തുർക്കിയും. സോവിയററ് കസാക്ക്സ്ഥാനിലേയ്ക്കുള്ള പ്രധാന പാതകൾ സന്ധിക്കുന്നതിനടുത്ത് ഒരു സ്ഥലത്തായിരുന്നു ഇസ്മേൽ ഹാജിയുടെ താമസം. ഒളിക്കാൻ പററിയ താവളമായ ചതുപ്പുകളോടടുത്തുമായിരുന്നു അത്. ഒളിപ്പോരുകാർ സന്ധിച്ചു കാര്യാലോചന നടത്തിയിരുന്ന താവളമായ ഈ ഭവനത്തിന്റെ സമീപത്തുകൂടെ ഷെങ്ങിന്റെ പട്ടാളക്കാർ പലപ്പോഴും കടന്നുപോയിട്ടുണ്ടെങ്കിലും ഈ നേതാക്കളിൽ ആരെയും അവിടെവച്ചു പിടികൂടാനിടയായിട്ടില്ല. എന്നല്ല, അവരിലാരെങ്കിലും അവിടെയുള്ളതായി സംശയിച്ചിട്ടുള്ളതായിപ്പോലും തോന്നിയില്ല.

ഇസ്മേൽ ഹാജി സാമാന്യം വൃദ്ധനായിരുന്നു. കറുത്ത കുററിത്താടിയുള്ള, വണ്ണവും പൊക്കവും കുറഞ്ഞ, ഒരു മനുഷ്യൻ. ഒരു മുസ്ലീമിനെങ്കിലും അയാളോടു സഹായം അപേക്ഷിച്ചിട്ടു് അതു് ലഭിക്കാതെ വന്നിട്ടില്ല. മംഗോൾ നേതാവായ ഗെഗെൻെറ ഒരു സ്നേഹിതനുമായിരുന്നു, അയാൾ. 12,000 ആടുകളുള്ള ഒരു കർഷകനായിരുന്ന ഇസ്മേൽഹാജി, അവയിൽ അധികമെണ്ണത്തിനെയും അവിടെ നിലവിലിരുന്ന സാധാരണ സമ്പ്രദായമനുസരിച്ചു് വാടകക്കു കൊടുക്കുകയായിരുന്നു പതിവു്. അതായതു് വാടകക്കു കൊണ്ടുപോകുന്നയാൾ ആണ്ടുതികയുമ്പോൾ കൊണ്ടുപോയതിൻെറ ഇരട്ടി മൃഗങ്ങളെ മടക്കികൊടുക്കണം. ഇക്കാലത്തിനിടക്കു ലഭിക്കുന്ന രോമം, പാൽക്കട്ടി, ആട്ടിൻകുട്ടികൾ, ഒക്കെ വാടകക്കു് എടുത്തയാളിനു് അവകാശപ്പെട്ടതാണു്. ആലിബെഗ്ഗിൻെറയും യൂനുസ് ഹാജിയുടെയും കൂട്ടത്തിൽപെട്ട കിജിൽ ഉജൂണിലെ കസാക്കുകൾ ഇങ്ങനെ ഇസ്മേൽ ഹാജിയുടെ 3000 ആടുകളെ വാടകക്കെടുത്തിരുന്നതുകൊണ്ടു്, അവരുടെ ചില പ്രവർത്തനങ്ങൾക്കു് അതൊരു നല്ല മറയായിരുന്നു.

ധാരാളം വാഹനങ്ങൾ—ചിലതു നിറയെ ചീനപ്പട്ടാളക്കാരെയും കയററികൊണ്ടു്—ഉറുംചിയിലേക്കും ഉറുംചിയിൽനിന്നും, ആ വീടിനടുത്തുകൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. സമരത്തിലേർപ്പെട്ടിരിക്കുന്ന ഇരുകക്ഷികൾക്കും നൽകാനുള്ള ആയുധങ്ങൾ വഹിച്ച റഷ്യൻ വാഹനങ്ങളും ആവഴി കടന്നുപോയിരുന്നു.

സോവിയററു് അതിർത്തിയിൽനിന്നു ചൈനയിലേക്കു തീർത്തുകൊണ്ടിരുന്ന പുതിയ വലിയ പാതയുടെ പണിക്കു വേണ്ട നിർദ്ദേശം നൽകുന്നതിനുള്ള റഷ്യൻ വിദഗ്ദ്ധന്മാരും ആ വാഹനങ്ങളിൽ വന്നിറങ്ങുക പതിവാണു്. നാടിൻെറ ഉൾഭാഗങ്ങളിലേക്കു റഷ്യൻ സ്വാധീനത കൂടുതൽ കൂടുതൽ വ്യാപിപ്പിക്കയായിരുന്നു, ഈ റോഡുനിർമ്മാണത്തിൻെറ പിന്നിലെ മുഖ്യലക്ഷ്യം.

ഇസ്മേൽഹാജിയുടെ കൃഷിയിടത്തിനുസമീപംകൂടെ കിടന്നിരുന്ന ഈ പാതയിലൂടെ ഗോതമ്പു്, തേയില,

ഉപ്പ് എന്നിങ്ങനെയുള്ള സാധനങ്ങൾ ചുമലിലേററിയ ഒട്ടകങ്ങളുടെ നീണ്ട നീണ്ട നിരകളും നീങ്ങുന്നതു കാണാമായിരുന്നു. രോമക്കെട്ടുകൾ വഹിക്കുന്ന ഒട്ടകങ്ങളുടെ നിരകളും ഈ റോഡിലൂടെ സോവിയററ് അതിർത്തിയിലേയ്ക്ക് ധാരാളമായി പൊയ്ക്കൊണ്ടിരുന്നു. അതേ ലക്ഷ്യത്തിലേയ്ക്കു തന്നെ കന്നുകാലികളേയും ആട്ടുകളേയും ശേഖരിച്ചു പററം പററമായി കൊണ്ടുപോകുന്നതും ചിലപ്പോൾ കാണാം. എന്തെന്നാൽ, റഷ്യയിലെ കൂട്ടുകൃഷി സമ്പ്രദായത്തിൽ ഈ വളർത്തുജന്തുക്കളുടെ എണ്ണം കുറഞ്ഞുവരുകയാൽ പൂർവ്വടക്കിസ്ഥാനിൽ നിന്നു വലിയതോതിൽ അവയെ ശേഖരിച്ചുകൊണ്ടുപോകുന്ന ഒരു നയം ഗവൺമെൻറ് അംഗീകരിച്ചിരുന്നു. റഷ്യാക്കാരുടെതന്നെ പ്രേരണയിൽ ഉടലെടുത്ത വിപ്ളവത്തെ അമർച്ചചെയ്യാൻ റഷ്യ ചെയ്തുകൊടുത്ത സഹായത്തിനു് ഗവർണർ ഷെങ്ങിൽനിന്നുള്ള പ്രതിഫലമെന്നാണു് ഇതിനു് സാങ്കേതിക സംജ്ഞ നൽകിയിരുന്നതു്.

ജപ്പാൻകാരിൽ നിന്നു രക്ഷതേടി വന്ന ചീനഅഭയാർത്ഥികളെ ചുവപ്പുതാടിക്കാർ എന്നാണു പറഞ്ഞുവന്നിരുന്നതു്. ഒരു പ്രശ്നമായിത്തീർന്ന അവരെപ്പററിയും നേതാക്കന്മാർ ആ താവളത്തിൽ കൂടി ആലോചന നടത്തിയിരുന്നു. മററു പ്രശ്നങ്ങളുടെ കൂടെ പുത്തനായി ഒന്നുകൂടെ. പർവതസാനുക്കളിൽ കസാക്കുകളെ നേരിടാൻ പ്രത്യേകം ആയുധവും പരിശീലനവും റഷ്യാക്കാരിൽനിന്നു നേടിയിട്ടുള്ളവരാണു് ഈ ചുവപ്പുതാടിക്കാരിൽ കുറേപ്പേരെങ്കിലും, എന്നു് ആലിബെഗ്ഗിനും ഹംസായ്ക്കും ഉറപ്പാണു്. മററുള്ളവർ പ്രചാരണവിധങ്ങളിൽ സുപരിശീലിതരുമാണു്. ഏതായാലും ചുവപ്പുതാടിക്കാരുടെ ക്രൂരമായ പ്രവൃത്തികൾ അവരുടെ പ്രചാരണശ്രമങ്ങളെ നിഷ്പ്രയോജനമാക്കി.

ക്രൂരന്മാരും വെറുക്കേണ്ടവരുമായ ഈ ചുവപ്പുതാടിക്കാരെ കമ്മ്യൂണിസത്തിൻെറ പ്രചാരകരായി തിരിച്ചറിയാൻ കസാക്കുകൾക്കു കുറെ കാലം വേണ്ടിവന്നു. ഇതു് ആദ്യം കണ്ടുപിടിച്ചവരിൽ ഒരാളാണു് യൂനുസ്

ഹാജി. പക്ഷേ അയാളും വിചാരിച്ചതു് ചീന കമ്മ്യൂണിസമാണു് അവരുടേതെന്നാണു്. ചുവപ്പുതാടിക്കാർ സോവിയററു് നിയന്ത്രണത്തിലാണെന്നു കണ്ടുപിടിക്കാൻ കസാക്കുകൾക്കു പിന്നെയും കുറെക്കാലംകൂടി വേണ്ടിവന്നു. പക്ഷേ പൂർവ ടർക്കിസ്റ്റാനിലെ ജനങ്ങളുടെ കൂട്ടത്തിൽ എപ്പോഴും 'അടിക്കു് അടി കൊടുക്കുന്ന വർഗ്ഗക്കാരാണു്' കസാക്കുകൾ. അവർ ആരംഭം മുതൽ തന്നെ ചുവപ്പുതാടിക്കാരെ എതിർത്തിരുന്നു.

---

# 5

## കസാക്കുകളുടെ സമരസമ്പ്രദായം

കസാക്കുകൾ ചുവപ്പുതാടിക്കാരുമായി സമരം തുടങ്ങിയപ്പോൾ അവക്കു മനസ്സിലായി, ചീന ഗവണ്മെൻറു് തങ്ങളുടെ രാജ്യത്തിലേയ്ക്കു് അന്നുവരെ അയച്ചിട്ടുള്ള കൊള്ളക്കാരിൽ ഏററവും വലിയനീചരാണു് അക്കൂട്ടർ എന്നു്.

ആളുകൾ പിടഞ്ഞുവീണു മരിക്കുന്നതു കാണുന്നതിലുള്ള വെറും രസം കൊണ്ടുമാത്രം, കൃപാലേശം കൂടാതെ ഓരോരുത്തരുടെ നേരെ വെടി വയ്ക്കുന്ന സമ്പ്രദായമായിരുന്നു ചുവപ്പു താടിക്കാരുടേതു്. "അവർ ഞങ്ങളുടെ ആടുകളെ അപഹരിച്ചു. ഞങ്ങളുടെ ഭാര്യമാരെയും പെൺമക്കളെയും കൊല്ലുന്നതിനു മുമ്പു ബലാൽസംഗം ചെയ്തു." ടർക്കിയിലെ ഒരു കസാക്കു് അഭയാർത്ഥി പറഞ്ഞു, "അവർ കൊലയാളികളും ഘാതകന്മാരുമാണു്. അവരുടെ നേരെ നോക്കിച്ചിരിക്കുന്നവൻെറ വായിലെങ്ങാൻ ഒരു സ്വർണ്ണപ്പല്ലു കണ്ടാൽ ആ സ്വർണ്ണത്തിനുവേണ്ടി അയാളെ കൊല്ലാൻ മടിക്കില്ല."

ഇസ്സേൽ ഹാജിയും ഗെഗനും ബൈമുള്ളയും ചായ കുടിച്ചു പുകയും വലിച്ചിരിക്കുന്നതിനിടയിൽ 'ചുവന്ന

താടി' പ്രശ്നത്തെപ്പററി ആലോചിക്കാറുണ്ടായിരുന്നു. യുദ്ധഭൂമിയിൽ ചുവന്ന താടികളെ നേരിട്ടു ജയിക്കുക സാദ്ധ്യമല്ലെന്നു് അവർക്കുറപ്പായിരുന്നു. അതുകൊണ്ടു് അവർ വേറെ പരിപാടികൾ ആലോചിച്ചു കണ്ടു പിടിക്കയും അതു രാജ്യമൊട്ടാകെ രഹസ്യമായി പ്രചരിപ്പിക്കയും ചെയ്തു. ചുവന്നതാടിക്കാരുടെ ഒരു സംഘം ഏതെങ്കിലുമൊരു വഴിക്കു പുറപ്പെട്ടുന്നതായറിഞ്ഞാൽ ഉടനെ, അവരെ കുടുക്കിലാക്കിപ്പിടിക്കാൻ വേണ്ടി വിവരം നേതാക്കന്മാരെ അറിയിക്കണം. ചുവന്ന താടിക്കാരനെ ഒററയ്ക്കോ ഒന്നോരണ്ടോ കൂട്ടുകാരുമായിട്ടോ ഒക്കെ കാണുമ്പോഴും പിൻതുടർന്നു പിടിച്ചു കൊന്നുകളയണം.

ഈ പരിപാടി കുറെ ഫലപ്രദമായി എന്നു വരികിലും പുതിയ ക്രൂരതകൾകൊണ്ടു് അതിനു പകരം വീട്ടി. കുഴപ്പം വർദ്ധിച്ചു. ചുവന്ന താടിക്കാർക്കെതിരായിട്ടുള്ള ഈ സമരത്തിൽ സമാധാനപരമായി കൃഷിയും കച്ചവടവും നടത്തുന്ന സാധാരണ ചീനക്കാരൻ പോലും പെട്ടുപോയി.

ഇങ്ങനെ വളർന്നുവന്ന കുഴപ്പം പൂർവ്വ്തുർക്കിസ്ഥാനിൽ സ്വാധീനം നേടാൻ റഷ്യയ്ക്കു സഹായകമായിത്തീർന്നു. 1939 ആയപ്പോഴേയ്ക്കു് അവരുടെ സൈന്യം പല സ്ഥലത്തും-പ്രത്യേകിച്ചു പുതിയറോഡിൽ-സ്ഥാനമുറപ്പിച്ചു. ഉദാഹരണമായി സോവിയററു് അതിർത്തിയിൽ നിന്നു് 700 മൈൽ അകലെയുള്ള ഹാമി എന്ന സ്ഥലത്തുപോലും അവരുടെ ഒരു സൈനികത്താവളമുണ്ടായിരുന്നു. അക്കൊല്ലംതന്നെ റഷ്യാക്കാരൊഴികെ ആ രാജ്യാതിർത്തിക്കുള്ളിലുള്ള എല്ലാ വിദേശീയരെയും പുറത്താക്കമാറുള്ള ഒരു കല്പന അവർ ഗവർണ്ണരെക്കൊണ്ടു പുറപ്പെടുവിപ്പിക്കയും ചെയ്തു.

എന്നാൽ 1936-ൽ അവരുടെ ഈ സൂത്രങ്ങളൊന്നും ആർക്കും അറിഞ്ഞുകൂടായിരുന്നു. ഒക്കെ രഹസ്യമായി സൂക്ഷിക്കപ്പെട്ടു. ആളുകൾ —പ്രത്യേകിച്ചു കസാക്കുകൾ —ചുവപ്പു താടികളോടുള്ള സമരത്തിൽ ആമഗ്നരുമായിരുന്നു. നാട്ടിമ്പുറത്തു താമസിച്ചിരുന്നവരാകയാൽ ചുവ

ഷ്പു താടികളെ കെണിയിൽ പിടിക്കേണ്ട ചുമതല മുഖ്യ മായും കസാക്കുകളുടേതായിരുന്നു. ഈ കസാക് സമരത ന്ത്രം സഹോദരനായ യൂനുസ് ഹാജിയാണു തന്നെ പഠി പ്പിച്ചതെന്നാണു് ഹംസാ പറഞ്ഞതു്. ഒസ്മാനെയും യൂനുസിനെയും ഈ സമരമാർഗ്ഗം അഭ്യസിപ്പിച്ചതു ബൊ ക്കൊബത്തൂറുമായിരുന്നു. 1953 ആയപ്പോഴും ഒസ്മാൻെറ പുത്രൻ ഷെർദിർമാൻ സോവിയററും ചൈനീസും കമ്മ്യൂ ണിസ്റ്റുകൾക്കെതിരായി ഈ സമരസമ്പ്രദായം പ്രയോ ഗിച്ചുകൊണ്ടിരിക്കയായിരുന്നു. 1955-ൽ ഞാനിതെഴുതു മ്പോഴും അയാൾ തുടർന്നു് ആ സമരതന്ത്രം ഉപയോഗിച്ചു കൊണ്ടുതന്നെ ഇരിക്കയാണു് എന്നു വിചാരിക്കാൻ ന്യായമുണ്ടു്.

ഹംസാ പറഞ്ഞു, "ഏററവും നല്ല ആൾക്കാരെയും കുതിരകളെയുമല്ലാതെ ഞാൻ ഉപയോഗിച്ചിട്ടില്ല. ഭൂമി യുടെ കിടപ്പിൻെറ പ്രത്യേകതയനുസരിച്ചാണു് ഞങ്ങൾ എപ്പോഴും സമരപരിപാടി ആവിഷ്ക്കരിച്ചിരുന്നതു്. തുറന്ന ഭൂമിയിലാണെങ്കിൽ ഞങ്ങൾ ഒളിവിൽ നിന്നു പെ ട്ടെന്നു് കുതിരപ്പുറത്തു പാഞ്ഞു ചെന്നു്— നിവൃത്തിയുണ്ടെ ങ്കിൽ പിന്നിൽക്കൂടെയായിരിക്കും— ഓടിക്കൊണ്ടിരിക്കുന്ന കുതിരപ്പുറത്തുനിന്നു തന്നെ വെടിവയ്ക്കും. പർവ്വതപ്രദേശ ത്താണെങ്കിൽ കുതിരകളെ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിൽ വിട്ടിട്ടു പാറകളുടെയും കുററിക്കാട്ടുകളുടെ യും മറപററിയിരുന്നു നിറയൊഴിക്കും. എപ്പോഴും കൊ ല്ലാൻ വേണ്ടി വെടിവച്ചുകൊള്ളണമെന്നാണു നിർദ്ദേശം. ശത്രു കുതിരപ്പുറത്താണു സഞ്ചരിക്കുന്നതെങ്കിൽ കുതിര യെയല്ല, കുതിരപ്പുറത്തു സഞ്ചരിക്കുന്നവനെയാണു് ലക്ഷ്യ മാക്കേണ്ടതു്. വണ്ടിയിലാണു സഞ്ചരിക്കുന്നതെങ്കിൽ യാത്രക്കാരെയല്ല. വണ്ടിയോടിക്കുന്നവനെയാണു ലക്ഷ്യ മാക്കേണ്ടതു്. ഞങ്ങൾ ആരെയും തടവിൽ സൂക്ഷിക്കാറു ണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഞങ്ങൾക്കു് അവ രെ സൂക്ഷിക്കാൻ സ്ഥലമില്ലായിരുന്നു.

"ആക്രമണം പിമ്പിൽനിന്നാണു് ആരംഭിക്കുകയെ ങ്കിലും, അതേത്തുടർന്നു കഴിവുള്ള എല്ലാ വശത്തുനിന്നും

കുതിരപ്പടയാളികൾ ആക്രമിക്കുകയെന്നതാണു് സമ്പ്രദായം. അടുത്തെത്തി പിടിച്ചു വാൾകൊണ്ടു വെട്ടിക്കൊന്നുകളയണമെന്നാണു് ഏർപ്പാടു്. വാളുകൾ കുറവായി വന്നപ്പോൾ കൂർത്ത ആണികൾ തറച്ച മരം കൊണ്ടുള്ള ഗദയു പയോഗിക്കേണ്ടിവന്നു. അതു ശരിയായ രീതിയിൽ വീശി പ്രയോഗിച്ചാൽ വാൾ പോലെതന്നെ ഫലപ്രദമാണു്.

"പർവ്വതനിരകളിൽ, ഇടുങ്ങിയ സ്ഥലങ്ങളിൽ സ്ഥാനം പിടിച്ചുകൊണ്ടു്—ആൾട്ടായു്, ടീൻഷാൻ നിരകളിൽ ഇത്തരം സ്ഥാനങ്ങൾ സുലഭമാണു്—ആക്രമിക്കും. ശത്രു കടന്നു പോയിക്കഴിയുമ്പോൾ അഞ്ചോ ആറോ ആൾക്കാരെ ഉപയോഗിച്ചു പിൻതിരിഞ്ഞോടാനുള്ള മാർഗ്ഗം പ്രതിബന്ധിക്കും. ചെറിയ സംഘങ്ങൾ കുതിരപ്പുറത്തു കയറി ശത്രുവിൻെറ മുമ്പിലെത്തി ഓടിച്ചു പോകും. അവരെ പിൻതുടരുന്ന ശത്രുക്കളെ അങ്ങനെ കെണിയിലേയ്ക്കാകർഷിക്കും. ചിലപ്പോൾ ഏതെങ്കിലും ചീനൻെറ കൃഷിയിടത്തിനു തീ വച്ചിട്ടു ഞങ്ങൾ പെട്ടെന്നു് പാഞ്ഞുകളയും. പിന്നാലെ ഞങ്ങളെത്തുടർന്നു പട്ടാളക്കാർ പാഞ്ഞു വരും. അവരെ കെണിയിലകപ്പെടുത്തി വകവരുത്തുകയും ചെയ്യും."

ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും ദൗർലഭ്യമാണു് കസാക്കുകളെ അലട്ടുന്ന ഏററവും വലിയ പ്രശ്നം എന്നു ഹംസാ പറഞ്ഞു. "പലപ്പോഴും ഞങ്ങൾക്കു നാടൻ തിരകളും തോക്കുകളും ഉപയോഗിക്കേണ്ടി വരാറുണ്ടു്. അതു ചിലപ്പോൾ പൊട്ടിത്തെറിച്ചിട്ടു് ഉപയോഗിക്കുന്നവരെത്തന്നെ അപകടപ്പെടുത്തുന്നവയാണു്.

"വാഹനങ്ങളെ കെണിയിൽ പിടിക്കാൻ ഒരു വാഹനത്തിനു് ഒരാളിൽ കൂടുതൽ ഞാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ഞാൻ വെടിവയ്ക്കുന്നതിനുമുമ്പ് മററാരും വെടിവച്ചു പോകരുതെന്നാണു് ഏർപ്പാടു്. വഴിയുടെ അരികിൽ പതിയിരുന്നു വെടിവയ്ക്കുന്നതു കൊണ്ടു് ഉന്നം തെററുക അപൂർവ്വമാണു്— ഇത്തരം ആക്രമണങ്ങൾ അധികവും രാത്രി സമയത്താണു നടത്താറുള്ളതെങ്കിൽക്കൂടെയും. ഡ്രൈവർക്കു വെടിയേററു കഴിയുമ്പോൾ വാഹനം

നിയന്ത്രണം വിട്ട് അപകടത്തിലാകയും അതിന്റെ ഉള്ളിലുള്ളവർ അധികവും ചാകുകയുമാണ് പതിവ്. ആരെങ്കിലും ചാകാതെ ബാക്കിവന്നാൽ അവരെ ഞങ്ങൾ വകവരുത്തും. ഞങ്ങൾക്ക് വഹിച്ചുകൊണ്ടു പോകാവുന്നതിൽ കൂടുതൽ ആയുധങ്ങൾ അവയിലുണ്ടെങ്കിൽ അതു ഞങ്ങൾ കുഴിച്ചിടും. ഞങ്ങൾക്ക് ഉപയോഗിക്കാൻ വയ്യാത്ത വൻതരം തോക്കുകളാണെങ്കിൽ നശിപ്പിച്ചു കളയും."

കെണികളൊരുക്കുന്നതു വളരെ ശ്രദ്ധാപൂർവ്വമാണ്, "വന്യമൃഗങ്ങളെ വേട്ടയാടാൻ ഞങ്ങൾ ഉപയോഗിക്കുന്ന സമ്പ്രദായമതാണ്" ഹംസാ പറഞ്ഞു. "ഞങ്ങളുടെ ശത്രുക്കളാണെങ്കിൽ വന്യമൃഗങ്ങളാണു താനും."

എന്നാൽ ഇതു് അത്രതന്നെ സരളമായ ജോലിയല്ല. വന്യമൃഗങ്ങളെ വേട്ടയാടുക കസാക്കുകൾക്ക് ഒരു വിനോദമാണ്. യുദ്ധവും ഒരു വിനോദമാണ് അവരെ സംബന്ധിച്ചിടത്തോളം. പക്ഷേ ഇതു് വളരെ വ്യത്യസ്തമായ ഒരു തരം യുദ്ധമായിരുന്നു. പ്രചാരവേലയും ദണ്ഡനപ്രക്രിയകളും പ്രയോഗിക്കുന്ന ഒരു ശത്രുവിനോടാണ് അവക്കു നേരിടേണ്ടിയിരുന്നതു്. കസാക്കുകളെ യുദ്ധത്തിൽ നിന്നു പിൻവലിക്കാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടി അവരുടെയിടയിൽ നിന്നു നിർദ്ദോഷികളായവരെ പിടിച്ചുകൊണ്ടു പോകുക, മനുഷ്യരും മൃഗങ്ങളും കുടിക്കാനുള്ള വെള്ളത്തിൽ വിഷം കലക്കി അനേകം ജീവജാലങ്ങളെ അറുംകൊലചെയ്യുക,എന്നിതൊക്കെ ചെയ്യാൻ മടിക്കാത്ത ശത്രുവിനോടായിരുന്നു, ഈ യുദ്ധം.

എങ്കിലും ഹംസായും ആലിബെഗ്ഗും യൂനുസ്ഹാജിയും ഒസ്മാനും അവരേർപ്പെട്ട പല സമരങ്ങളിലും അത്യധികം രസിച്ചിരിക്കണമെന്ന കാര്യത്തിൽ എനിക്കു സംശയമില്ല. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റുകാക്ക് അവർ അപ്രതിരോദ്ധ്യരായ ശത്രുക്കളാണെന്നു ബോദ്ധ്യപ്പെട്ടതും.

1951—ൽ ഇരുപത്തിഒൻപതാം വയസ്സിൽ കാഷ്മീരിലെത്തിച്ചേരുന്നതിനകമായി നൂററിപ്പതിനാറിലധികം സമരങ്ങളിൽ ഏർപ്പെട്ടുകഴിഞ്ഞിരുന്നു,

ഹംസാ. അവയിൽ മിക്കതും അട്ടത്തുനിന്നു വാൾകൊണ്ടു ള്ള യുദ്ധങ്ങളുമായിരുന്നു. തോക്കുനിറയ്ക്കാനും ഉന്നംനോക്കാനുമൊന്നും സാവകാശമില്ലാത്ത അത്തരം സംഘട്ടനത്തിൽ വാൾ മാത്രമേ പററൂ.

---

# 6

## കമ്മ്യൂണിസ്ററു പരാജയം

ചുവപ്പും താടിക്കാർക്കെതിരായ സമരം പല വർഷങ്ങളായി തുടൎന്നു. 1938—ൽ ചില പ്രദേശങ്ങളിൽ സമാധാനം നിലവിൽ വന്നു. ഹംസാ വിദ്യാലയത്തിലേയ്ക്കു മടങ്ങി. എന്നാൽ ആൾട്ടായ് പ്രദേശത്തു് സമരം ശക്തിപ്പെടുകയാണു ചെയ്തതു്. ചീനക്കാരെ എവിടെല്ലാം സ്ഥലത്തുവച്ചു് എപ്പോഴെല്ലാം ഉപദ്രവിക്കാമൊ ആ അവസരമൊന്നും പാഴാക്കാതെ ഊർജ്ജസ്വലമായി പ്രവർത്തിച്ചുകൊണ്ടു് ഒസ്മാൻ പർവതങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. ആൾട്ടായ് പർവതത്തിൻെറ ഉന്നതതലങ്ങൾ അയാൾക്കു സുപരിചിതമായിരുന്നു. കസാക്കുകളും മംഗോളിയരുമല്ലാതെ ആരും കാലുകുത്തിയിട്ടില്ലാത്ത ആ പ്രദേശങ്ങളിൽ, പിൻതുടൎന്നുവരുന്ന ചീനരിൽ നിന്നും ഒളിക്കാനുള്ള പല താവളങ്ങളും അയാൾക്കു് അറിയാമായിരുന്നു. ആ പ്രദേശത്തിലെ ദുർഘടം പിടിച്ച വഴികളിലൂടെ കടന്നുവന്ന അനേകം ചീനരെ മാൎഗ്ഗമദ്ധ്യേ ആക്രമിച്ചു് വകവരുത്തുകയും ചെയ്തു. കൈയിൽ യന്ത്രത്തോക്കു ധരിച്ചു് കുതിരയോടിച്ചു പോകെത്തന്നെ വെടിവെച്ചു ശത്രുക്കളെ നശിപ്പിക്കുന്നതായിരുന്നു ഒസ്മാൻെറ സമ്പ്രദായം. ഇത്തരം യുദ്ധങ്ങളിൽ ശത്രുക്കൾക്കു് അയാളെ ഒന്നു തൊടാൻ കഴിഞ്ഞില്ല. അതേസമയം അയാളുടെ മാരകമായ

ലക്ഷ്യവേധനസാമത്ഥ്യം പ്രസിദ്ധവുമായിരുന്നു. അതിനെപ്പററി പല കഥകൾ ഇന്നും പറയപ്പെട്ടുന്നുണ്ടു്.

കസാക്കുകൾ നേതാവിനെ അനുസരിക്കുന്നതിൽ പ്രസിദ്ധരാണു്. ഒസ്മാൻെറ അനുയായികൾ അത്തരം ഒരു നേതാവു് അർഹിക്കുന്ന ഉത്തമമായ സഹകരണം അയാൾക്കു നൽകുകയും ചെയ്തു. ഒരു രണ്ടാം ബൊക്കൊബത്തൂർ ആയിട്ടുമാത്രമല്ല, മറെറാരു ജെംഘലിസ്ഖാനായിട്ടു തന്നെ അനുയായികൾ അയാളെ ആരാധിച്ചു. ധീരനും, തൻെറ ആളുകളോടു കാരുണ്യപൂർണ്ണനും, ശത്രുക്കൾക്കു നിർദ്ദയനായ പ്രതിയോഗിയും, കരുതലുള്ളവനും അഭിമാനിയും ആയ അയാൾ താൻതന്നെ ചെയ്യാൻ ഒരുമ്പെടാത്ത ഒന്നും അനുയായികളോടും ചെയ്യാൻ ആവശ്യപ്പെട്ടുമായിരുന്നില്ല. സ്വയം ശരിയെന്നു കരുതുന്ന ഒരു കർമ്മപദ്ധതിയിൽ നിന്നും ഒരു കാരണവശാലും പിൻതിരിയാത്തവനും, ശത്രുവിൻെറ മുമ്പിൽ ഭയപ്പെടാത്തവനും, ദുർഘടങ്ങളിൽ മനസ്സുമുട്ടാത്തവനും തനിക്കൊ സ്നേഹിതന്മാർക്കൊ വേണ്ടിപ്പോലും കർമ്മപഥത്തിൽ നിന്നു വ്യതിചലിക്കാത്തവനും ആണു് തങ്ങളുടെ നേതാവെന്നു് അനുയായികൾ വിശ്വസിച്ചു. എന്നാൽ അരനൂററാണ്ടു വൈകിയാണു് അയാൾ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്ന വസ്തുത അവർ അറിഞ്ഞില്ല. കുതിരപ്പടയാളികളുടെ നേതാവെന്ന നിലയിൽ അയാളെക്കാൾ മേചെക്കിടയിൽ ആരുമുണ്ടായിരുന്നില്ല. പക്ഷേ അയാൾ നേരിടേണ്ടിവന്നതു് കവചിതയന്ത്രവാഹനങ്ങൾ, ടാങ്കുകൾ, വിമാനങ്ങൾ എന്നിവയെയാണു്. എന്നിട്ടും അയാൾ ഒന്നാംതരം സമരം ചെയ്തു. അതു നമുക്കു വഴിയെ കാണാം.

ററീൻഷാനിൽ ഇക്കാലത്തു് യൂനൂസ് ഹാജി, ബൈമുള്ള, ആലിബെഗ്ഗ് എന്നിവരും മററു കസാക്കു് നേതാക്കളും രാഷ്ട്രീയത്തിൽ പയററിനോക്കുകയായിരുന്നു. പതിവുപോലെ റഷ്യൻ ഉപദേശത്തിനുൾപ്പെട്ടു് ഗവർണ്ണർഷെങ്ങു് 1939—ൽ പെട്ടെന്നു്, കസാക്കുകൾക്കു് അവരുടെ ഭരണകാര്യത്തിൽ കുറെയൊക്കെ പങ്കു് അനുവദിച്ചുകൊടുക്കുന്നതാണെന്നു പറയുകയും ചില ഉദ്യോഗസ്ഥ

ന്മാരെ നിയമിക്കാൻ അവക്കു സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്തു. എന്നാൽ ഈ പുതിയ ഉദ്യോഗസ്ഥന്മാർ അവരുടെ ജോലിയിൽ പ്രവേശിച്ച ഉടനെ ഷെങ്ങ് തൻെറ രഹസ്യപ്പോലീസിനെ വിട്ട് അർദ്ധരാത്രി സമയത്തു് അവരെ പിടിപ്പിച്ചു് ചങ്ങലയ്ക്കിട്ട് ലുക്കി കാറിനകത്തെറിഞ്ഞു്, വിദൂരദേശത്തേയ്ക്കു നീക്കം ചെയ്തു.

ഇക്കാലത്തുതന്നെയാണു് ഗവണ്മെൻറിനെതിരായ കുററം ചെയ്യുന്നവരുടെ പേരെഴുതി നിക്ഷേപിക്കാനുള്ള വെളുത്തപെട്ടികൾ തെരുവുമൂലകളിലെല്ലാം സ്ഥാപിക്കപ്പെട്ടതു്. ജനങ്ങൾക്കു് സംശയമുള്ളവരുടെ പേരെഴുതിയിടാം. അങ്ങനെ പേരു നിർദ്ദേശിക്കപ്പെട്ടവരെ തടങ്കലിലാക്കും. കുററക്കാരായാലും അല്ലെങ്കിലും പിന്നെ അവരെക്കാണാൻ കിട്ടില്ല. അവരെ ദേഹദണ്ഡമേൽപ്പിക്കുമ്പോൾ കൂട്ടതലായി വല്ലവരുടെയും പേരു് അവരിൽനിന്നു ലഭിക്കുന്ന പക്ഷം അവരെയും പിടികൂടും. പിന്നെ അവരെപ്പററിയും ഒന്നും അറിയില്ല. ഇങ്ങനെ ഭീകരസംഭവങ്ങളുടെ പട്ടിക നീണ്ടു നീണ്ടുപോയി. പ്രതിവർഷം പതിനായിരം പേരെ വീതം ഒമ്പതു വർഷക്കാലം ഈ നരഹത്യ നടന്നുകൊണ്ടിരുന്നുവെന്നാണു് ആലിബെഗ്ഗും ഹംസായും വിശ്വസിക്കുന്നതു്.

ഔദ്യോഗിക സ്ഥാനങ്ങൾ നൽകാമെന്നുള്ള ഗവർണ്ണർ ഷെങ്ങിൻെറ ക്ഷണനത്തിൽ വിശ്വസിക്കാത്ത ഏതാനും നേതാക്കന്മാർ പിന്നോക്കം മാറിനിന്നിരുന്നു. അതുകൊണ്ടു് അവക്കു തങ്ങളുടെ സ്വാതന്ത്ര്യം ഏതാനും കാലം പുലത്താൻ കഴിഞ്ഞു. ആലിബെഗ്ഗ്, യൂനുസ്ഹാജി, വിപ്ളവകാരികളുടെ ആലോചനാകേന്ദ്രമായിരുന്ന ഭവനത്തിൻെറ ഉടമസ്ഥനായ തുക്കികർഷകൻ ഇസ്മേൽഹാജി തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെട്ടും. പക്ഷേ ഒടുവിൽ ഇസ്മേൽഹാജിയെ പിടികൂടുകതന്നെ ചെയ്തു. അയാളെ പലദണ്ഡനക്രിയകൾക്കു വിധേയനാക്കിയശേഷം മോചിപ്പിച്ചുവെങ്കിലും താമസിയാതെ വീണ്ടും പിടികൂടി ക്രൂരമായി ദണ്ഡിച്ചു കൊലപ്പെടുത്തി. അയാളുടെ സഹനായകന്മാരായിരുന്ന ഗെഗെൻ എന്ന മംഗോളിയനെയും

ബൈമുള്ള എന്ന കസാക്കുകാരനെയും, ഗവർണ്ണർ ഷെങ്ങ്, ഉറുംചിയിലെയ്ക്കു് തൻെറ അതിഥികളായി ക്ഷണിക്കുകയും, അവരുടെ ബഹുമാനാർത്ഥമെന്നു പറഞ്ഞു നടത്തപ്പെട്ട ഒരു ആഘോഷത്തിനിടയ്ക്കു് പെട്ടെന്നു കൊലപ്പെടുത്തുകയും ചെയ്തു.

1940–ൽ ആലിബെഗ്ഗിനെ ഉറുംചിയിൽ സ്വന്തം വീട്ടിൽ തടവിലാക്കുകയും അങ്ങനെ പതിനെട്ടു മാസക്കാലം സൂക്ഷിക്കുകയും ചെയ്തിരുന്നു.

യൂനുസ്ഹാജിയും ഹംസായും അക്കാലം ഉറുംചിയിൽ ഉണ്ടായിരുന്നു. ഹംസാ വീണ്ടും വിദ്യാലയത്തിൽ ചേർന്നു. അവിടെ ഇപ്പോൾ മതപാനം നിരോധിച്ചിരുന്നു. ചീനരാണ്ഇതിനു കാരണമെന്നായിരുന്നു ഹംസയുടെ വിശ്വാസം. പക്ഷേ ഇപ്പോൾ അവനു റഷ്യാക്കാരുടെ ഉത്തമവിശ്വാസത്തെപ്പററിയും സംശയം തോന്നിത്തുടങ്ങി. ചീനരുടെകമ്മ്യൂണിസംമാത്രം തീയതും റഷ്യരുടെ കമ്മ്യൂണിസം നല്ലതും ആയിട്ടു വരാനിടയില്ലെന്നു് അവൻ ചിന്തിച്ചുതുടങ്ങി. ഈ കമ്മ്യൂണിസ്റ്റുകൾ പുറമേ രണ്ടു തരത്തിൽ പ്രസംഗിക്കുകയും രഹസ്യമായി ഒരേ ലക്ഷ്യത്തോടെ പ്രവത്തിക്കയും ചെയ്യുകയാണെന്നു വരുമോ? ഏതാണ് വിശ്വസിക്കാവുന്നതെന്നതിനെപ്പററി ആക്കും ഉറപ്പില്ലാതായി.

എല്ലാവക്കും തുല്യനീതി ലഭിക്കത്തക്ക ഒരു പുതിയ നിയമം നിർമ്മിക്കുന്നതിനെപ്പററി ആലോചിക്കാൻ 1939 ആഗസ്റ്റിൽ ഉറുംചിയിലെയ്ക്കു ഗവർണ്ണർ ഷെങ്ങിനാൽ ക്ഷണിക്കപ്പെട്ട 3000 പേരിൽ ഒരാളായിട്ടാണ് യൂനുസ്ഹാജി എത്തിയിരുന്നതു്. പൂവ്വടക്കിസ്ഥാനിലെ വിവിധവർഗ്ഗക്കാരെ പ്രതിനിധീകരിച്ചാണ് ഈ മൂവായിരം പേരെ ക്ഷണിച്ചിരുന്നതു്. പുതിയ നിയമമൊന്നും നിർമ്മിക്കുകയുണ്ടായില്ലെങ്കിലും ഇങ്ങനെ വന്നുകൂടിയവർ മുഖാന്തിരം എല്ലാവരും അവനവൻെറ ആയുധങ്ങൾ ഗവണ്മെൻറിൽ ഏല്പിച്ചുകൊള്ളേണ്ടതാണെന്ന ആജ്ഞ ഷെങ്ങ് ജനങ്ങൾക്കു നൽകി. ഈ ഉത്തരവ് ഏതെങ്കിലും കസാക്ക് അനുസരിച്ചുവെന്നു തോന്നുന്നില്ല. അഥവാ, അനുസരിച്ചുവെങ്കിൽ തന്നെ വളരെ കുറച്ചുപേർമാത്രം.

തുടന്നു് 1940 ഏപ്രിലിൽ ഈ മൂവായിരം പേരിൽനിന്നു യൂനൂസ്ഹാജിയുൾപ്പെടെ പതിനെട്ടുപേരെ ഷെങ്ങ് പിടിച്ചു. അവരെ പിന്നെ ജീവനോടെ ആരും കണ്ടിട്ടില്ല.

അവർക്കെന്തു സംഭവിച്ചുവെന്നതു് കപാളി എന്നു പേരായ ഒരു കസാക്കിനു മാത്രം ഒരു വേള അറിയാമായിരുന്നിരിക്കണം. ഷെങ്ങിൻെറ രഹസ്യപ്പോലീസുകാർ കൊലപ്പെടുത്തിയ ആളുകളുടെ ശവശരീരങ്ങൾ നീക്കം ചെയ്യുന്ന വാഹനത്തിൻെറ ഡ്രൈവറായിരുന്നു, അയാൾ. ആ ശവശരീരങ്ങൾ നിക്ഷേപിക്കപ്പെട്ട സ്ഥലം പറഞ്ഞുകൊടുത്തു കൊലപ്പെടുത്തപ്പെട്ടവരുടെ ബന്ധുക്കളോടു പണം വാങ്ങുന്ന സമ്പ്രദായമുണ്ടായിരുന്നു, അയാൾക്കു്. അയാൾ ഏതു ഭാഗത്തിനുവേണ്ടിയാണു് നിലകൊള്ളുന്നതെന്നതിനെപ്പററി മററു കസാക്കുകൾക്കു് യാതൊരു രൂപവുമുണ്ടായിരുന്നില്ല. ഷെങ്ങിൻെറ അനുയായികളായ ഒമ്പതു കൊലപാതകികളെ ഒരിക്കൽ അയാൾ തൻെറ വാഹനത്തിൽ കൊണ്ടുപോകയായിരുന്നു. അവർ ഒരു മരച്ചുവട്ടിൽക്കിടന്നുറങ്ങിയിരുന്ന തക്കംനോക്കി അയാൾ അവരെ ഒമ്പതു പേരെയും ഗളച്ഛേദം ചെയ്തുകൊന്നു. ഏതോ കസാക്ക് കൊള്ളക്കാർ തങ്ങളുടെ സംഘത്തെ ആക്രമിച്ചപ്പോൾ ഉണ്ടായ അത്യാഹിതമാണു് അതെന്നാണു് അയാൾ പറഞ്ഞു പരത്തിയതു്. ഒരു കസാക്കാകകൊണ്ടു് തന്നെ മാത്രം കൊല്ലാതെ വിട്ടതാണെന്നായിരുന്നു, അയാളുടെ കഥ. ഏതായാലും അയാൾ ഷെങ്ങിൻെറ കൂടെ തുടന്നു സേവനമനുഷ്ഠിച്ചിരുന്നു.

തൻെറ സഹോദരൻ യൂനൂസ് മരിച്ചിരിക്കണമെന്നു് വ്യക്തമായതോടെ ഹംസാ കപിജിൽ ഉഷ്ണണിലേക്കു മടങ്ങി. ആദ്യമായി ഇസ്മേൽ ഹാജിയെ കാണാൻ പോയി. ഷെങ്ങിൻെറ രഹസ്യപ്പോലീസുകാരാൽ തടങ്കലിൽ വയ്ക്കപ്പെട്ടിട്ടു് ഇസ്മേൽഹാജിക്കു മോചനംലഭിച്ച കാലഘട്ടമായിരുന്നു. അയാൾ ക്ഷീണിതനും പോലീസുകാരുടെ മർദ്ദനങ്ങളുടെ ഫലമായി രോഗബാധിതനുമായിരുന്നു. ഉറുംചിയിലെന്നപോലെ വഴിക്കോണുകളിൽ

വെള്ളപ്പെട്ടികൾ ഉള്ള മനാസ്സിൽനിന്നും ഒഴിഞ്ഞുനിന്നു കൊള്ളണമെന്നു് അയാൾ ഹംസായെ ഉപദേശിച്ചു.

ആലിബെഗ്ഗ് മനാസ്സിലെത്തിയപ്പോൾ അപകട രഹിതമായ ഒരു കൂടിക്കാഴ്ചയ്ക്കു സൗകര്യമാരാഞ്ഞുകൊണ്ടു് ഹംസാ അയാൾക്കു് ഒരു സന്ദേശമയച്ചു. ആ ദൂതൻ മട ങ്ങിയെത്തിയതു് ആകെ ശങ്കാകുലനായിട്ടാണു്. "അ യാൾ കൊലയാളി ഷെങ്ങിൻെറ കീഴിൽ ആയിരം പട്ടാ ളക്കാരുടെ നായകനായി ജോലിസ്വീകരിച്ചിരിക്കയാണു്" ആ സ്നേഹിതൻ ഹംസായോടു പറഞ്ഞു. "അയാൾ ചീന രുടെകൂടെ ചേർന്നിരിക്കയാണു്."

"അങ്ങനെ വരാനിടയില്ല." ഹംസാ പറഞ്ഞു. "അയാൾ ദൈവത്തിനോടല്ല, പുറത്തു ജനാലയ്ക്കൽ നിൽ ക്കുന്ന ആരോടോ ആണു സംസാരിക്കുന്നതെന്നും പറഞ്ഞു്, അയാളുടെ പ്രാത്ഥനകൂടെ ഷെങ്ങിൻെറ കൊലപ്പട്ടാളം ഉറുംചിയിൽ വച്ചു മുടക്കിയതു ഞാൻ എൻെറ കണ്ണുകൊ ണ്ടു കണ്ടതല്ലെ!"

"നിങ്ങളും ചീനപ്പള്ളിക്കൂടത്തിൽ പഠിച്ചതല്ലെ?" സ്നേഹിതൻ ചോദിച്ചു. "ചീനഭാഷയുടെകൂടെ ചീന ആചാരങ്ങളും നിങ്ങൾ പഠിച്ചിരിക്കാം."

"അപ്പോൾ എൻെറ സഹോദരൻ യൂനുസ് ചീന രുടെ ശമ്പളത്തിലായിരുന്നിരിക്കാമെന്നു്."

"ഇല്ല" സ്നേഹിതൻ പറഞ്ഞു. "അയാളെ ആരും സംശയിക്കയില്ല; നിങ്ങളെയും."

"എനിക്കു് ആലിബെഗ്ഗിനെയും സംശയിക്കാൻ സാ ദ്ധ്യമല്ല. എനിക്കു് അയാൾക്കു പറയാനുള്ളതു കേൾക്ക ണം."

ഹംസാ വീണ്ടും മനാസ്സിലേയ്ക്കു് ആളയച്ചില്ല. പക്ഷേ ആലിബെഗ്ഗ് താമസിയാതെ അയാൾക്കു് ആളയച്ചു. അവർ മുസ്ളീം ആചാരപ്രകാരം പരസ്പരം കൂടി ക്കണ്ടു. ഇരുവരും മുഖത്തിൻെറ വലതുഭാഗം പരസ്പ രം അണയ്ക്കുകയും ഹസ്തദാനം ചെയ്യുകയും "ദൈവം വലി യവനാണു്!" എന്നു പറഞ്ഞു് അഭിവാദ്യം ചെയ്യുകയും ചെയ്തു. വലതുകൈ അവനവൻെറ നെററിയിലും ചു

ണ്ടിലും നെഞ്ചിലും അണയ്ക്കുകയും ചെയ്തു. രണ്ടു പേരും യുവാക്കൾ. ഹംസായ്ക്കു പത്തൊമ്പതു വയസ്സും, ആലിബെഗ്ഗിനു മുപ്പത്തിനാലും. ഈ സമയം മുതൽ അവരുടെ രണ്ടു പേരുടെയും ഭാവി പരസ്പരം കെട്ടിപ്പിണഞ്ഞാണു് മുമ്പോട്ടു നീങ്ങിയതു്.

ആലിബെഗ്ഗ് തൻെറ നില വിശദീകരിച്ച് ഹംസായെ കേൾപ്പിക്കുകയും തൻെറ പരിപാടി വിവരിക്കുകയും ചെയ്തു. വളരെ ശ്രദ്ധയോടെ പെരുമാറേണ്ടതുണ്ടായിരുന്നു അയാൾക്കു്. ഉറുംചിയിൽ വച്ച് അയാളെ ശാരീരിക ദണ്ഡനയ്ക്കു് വിധേയനാക്കിയില്ല. എന്നാൽ പകലും രാത്രിയും തുടർച്ചയായി കമ്മ്യൂണിസ്റ്റുതത്വസംഹിതയെപ്പററി ചോദ്യം ചെയ്യപ്പെട്ടു. കമ്മ്യൂണിസ്റ്റ് നയത്തെപ്പററിയുള്ള നീണ്ട പ്രസ്താവനകൾ അയാളെ ഉരുവിട്ടുവിച്ചു പഠിപ്പിച്ചു. താൻ 'കുററവാളി'യാണെന്നു സമ്മതിപ്പിച്ചു. നല്ല ധാരണാശക്തിയുണ്ടായിരുന്ന അയാൾക്കു്, ക്രമേണ, താൻ അവരുടെ ചിന്താഗതിക്കാരനായി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നു് ഷെങ്ങിൻെറ ആൾക്കാരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു.

യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിൽ തൻെറ സുഹൃത്തുക്കളായ സോവിയററു് കക്ഷിക്ക് പരാജയം സംഭവിക്കുന്നതിനെപ്പററിയറിഞ്ഞു് ഷെങ്ങ് ചിന്താകുലനായിരുന്നു. 1941 ഒക്ടോബറിൽ റഷ്യൻ പട്ടാളക്കാർ ജർമ്മൻകാരോടു് തോററു് ഓടുകയായിരുന്നു. വീണ്ടും ചീനദേശീയകക്ഷിയോടു സഖ്യത്തിലേർപ്പെടാൻ അയാൾ തീരുമാനിച്ചു. ആ സന്ദർഭം ആഘോഷിക്കാൻഏർപ്പെടുത്തിയ പരിപാടികളിൽ സംബന്ധിക്കാൻ മദാം ചിയാങ് കൈഷേ തന്നെ ഉറുംചിയിൽ വിമാനമാർഗ്ഗമെത്തിയിരുന്നു. അപ്പോൾ മനാസ്സിലെ ആയിരം ഭടന്മാരുടെ നായകത്വം ആലിബെഗ്ഗിനു നൽകിക്കൊണ്ടു് അവിടുത്തെ ആളുകളെ തൻെറ ഭരണത്തോടു കൂറുള്ളവരാക്കിത്തീക്കാൻ ആവശ്യപ്പെടുകയാണു് ഷെങ്ങ് ചെയ്തതു്.

ആലിബെഗ്ഗ് ആ സ്ഥാനം സ്വീകരിച്ചുവെങ്കിലും അയാൾക്കു് സ്വന്തമായ ഒരു പരിപാടിയുണ്ടായിരുന്നു.

രണ്ടു കൊല്ലക്കാലം മുഴുവൻ അയാൾ രഹസ്യമായി സ്വാതന്ത്ര്യസമ്പാദനത്തിനു വേണ്ടിയുള്ള കസാക്ക് പ്രസ്ഥാനം കെട്ടിപ്പടുക്കുകയായിരുന്നു. തുർക്കികളും മംഗോൾകാരും മററുള്ളവരുമായി പലരോടും അയാൾ സൗഹാർദ്ദബന്ധം സ്ഥാപിച്ചു. സ്വയം ഭരണത്തെ അനുകൂലിക്കുന്നവരാണെങ്കിൽ അങ്ങനെയുള്ള ചീനരുടെപോലും കൂട്ടുപിടിക്കാൻ അയാൾ മടിച്ചില്ല. ഹംസാമുഖാന്തിരം, ആൾട്ടായ് നിരകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒസ്മാൻ ബത്തുറുമായി അയാൾ ബന്ധം പാലിച്ചിരുന്നു. പക്ഷേ ഇക്കാലമത്രയും ഒസ്മാൻ ചീനക്കാരെ— അവർ ദേശീയ ചീനരാണെങ്കിലും കമ്മ്യൂണിസ്റ്റ് ചീനരാണെങ്കിലും—അവിരാമം എതിർത്തുകൊണ്ടിരിക്കയായിരുന്നു.

ഇക്കാലം പൂർവ്വതുർക്കിസ്ഥാനിൽ റഷ്യൻ സ്വാധീനശക്തി ക്രമേണ കുറഞ്ഞുകൊണ്ടു വരുന്നതായി അനുഭവപ്പെട്ടു. 1943-ൽ ആദ്യമായി ഉറുംചിയിൽ ബ്രിട്ടന്റെയും അമേരിക്കയുടെയും സ്ഥാനപതി മന്ദിരങ്ങൾ സ്ഥാപിതമായി.

സംഭവഗതികൾ പല കസാക്കുകളെയും അമ്പരപ്പിച്ചു. റഷ്യാക്കാരെ സ്നേഹിതരായി കരുതാനാണ് അവരെ അഭ്യസിപ്പിച്ചിരുന്നതു്. റഷ്യാക്കാർ അവക്ക് ആയുധങ്ങൾ നൽകുകമാത്രമല്ല, അവരുടെ രോമത്തരങ്ങളും ആട്ടമാട്ടുകളും വാങ്ങിക്കൊണ്ടു് പകരം റഷ്യയിൽനിന്നു തേയില, പഞ്ചസാര, പുകയില മുതലായതൊക്കെ അയച്ചുകൊടുത്തുകൊണ്ടുമിരുന്നു. ചീന ചുവപ്പുതാടിക്കാരെക്കാൾ അവർക്കു താല്പര്യം റഷ്യൻ പട്ടാളക്കാരോടായിരുന്നു. ചുവപ്പുതാടിക്കാർ കമ്മ്യൂണിസ്റ്റുകാരുടെ സഹപ്രവത്തകരാണെന്നും, അവർ ഒരേ ലക്ഷ്യത്തിൽ പണിയെടുക്കുകയാണെന്നും, ബോദ്ധ്യപ്പെടാൻ പിന്നെയും മൂന്നു കൊല്ലം കൂടെ വേണ്ടിവന്നു.

ഷെങ്ങിനെ ഒരു സ്നേഹിതനായി കരുതാൻ ജനങ്ങൾക്കു കഴിഞ്ഞില്ല. "ഷെങ്ങിന്റെ സഹോദരൻ മരിച്ചു. കൊലപ്പെട്ടത്തിയതാണു്. ഷെങ്ങിന്റെ ഭാര്യയെയും കൊ

ന്നിരിക്കുന്നു.'' ഹംസായെ വിളിച്ചു ഖരുത്തി ഒരു ദിവസം ആലിബെഗ്ഗ് പറഞ്ഞു.

"അതു ദൈവത്തിൻെറ ഹിതമാണ്.'' ഹംസാ പറഞ്ഞു. "അദ്ദേഹം വാഴ്ത്തപ്പെടട്ടെ. പക്ഷേ ഷെങ് എങ്ങിനെ രക്ഷപെടാൻ ഇടയായി? അയാൾ സഹോദരനെക്കാളും ആ സ്ത്രീയെക്കാളും വലിയ ദ്രോഹിയല്ലെ?''

"അതു വാസ്തവം'' ആലിബെഗ്ഗ് സമ്മതിച്ചു. "അയാൾക്കു നല്ല ശക്തിയായ കാവലുണ്ടായിരുന്നിരിക്കാം.''

"അയാളുടെ ശിക്ഷാദിനം അടുത്തു കൊണ്ടുവരാൻ ദൈവത്തിനു കാരുണ്യമുണ്ടാകട്ടെ.'' ഹംസാ പറഞ്ഞു. "അയാൾ ശതസഹസ്രക്കണക്കിനു് ആളുകളുടെ കൊലയ്ക്കു് ഉത്തരവാദിയാണു്.''

കമ്മ്യൂണിസ്ററുനേതാവായ മാവൊസേതുങ്ങിൻെറ സഹോദരനും ഇക്കാലത്തു് ഷെങ്ങിൻെറ കീഴിൽ ഉദ്യോഗസ്ഥനായിരുന്നു. 1942-ൽ അയാൾക്കും മുൻവിവരിച്ച രീതിയിൽ മരണം നേരിട്ടു. ഷെങ് ഒരു കൊല്ലക്കാലംകൂടെ ഗവർണ്ണരായി തുടർന്നശേഷം ചൈനയുടെ കേന്ദ്രഭരണസമിതിയിൽ ജോലി ചെയ്യാൻ ചുങ്കിങ്ങിലേക്കു പോയി. അവിടെ എത്ര കാലം ആ സ്ഥാനം വഹിച്ചുകൊണ്ടു് അയാൾ കഴിച്ചുകൂട്ടി എന്നു പറയാൻ ആലിബെഗ്ഗിനോ,ഹംസായ്ക്കോ കഴിയുമായിരുന്നില്ല. അല്പ കാലത്തിനു ശേഷം അയാൾ 'അപ്രത്യക്ഷനായി' എന്നാണു പറയുന്നതു്.

1943-ൽ ചുങ്കിങ്ങിൽ നിന്നുവന്ന പുതിയ ഗവർണർ വൂ ചുങ്-സിൻ ആയിരുന്നു. മിക്ക കസാക്കുകളും ഒട്ടും അനുകൂലമായ ഭാവത്തിലല്ല അയാളെ അംഗീകരിച്ചതു്. എന്നാൽ അയാൾ വന്നു ജോലിയിൽ പ്രവേശിച്ച ഉടനെ തന്നെ പ്രഖ്യാപനം ചെയ്തു; കസാക്കുകൾ, തുക്കികൾ, മംഗോൾകാർ എന്നിവർക്കെല്ലാം, അവർ തന്നെ തിരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കീഴിൽ പ്രാദേശിക സ്വയംഭരണാധികാരം നൽകാനാണു് താൻ വന്നിട്ടുള്ളതെന്നു്. ഈ പ്രഖ്യാപനത്തെ ഗൗരവബുദ്ധിയോടെ പരിഗണിച്ചവരിലൊരാളാണു് ഹംസാ. അയാൾ ആയിടെ കമ്മ്യൂണിസത്തിനെതിരായി ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു.

ചീനഭാഷ എഴുതാനും പറയാനുംകഴിയുന്ന അപൂവ്വം കസാക്കുകളിലൊരാളെന്ന നിലയിൽ ഉഭയകക്ഷികൾക്കും പ്രയോജനപ്പെടുന്ന ആളായിരുന്നു, അയാൾ. തനിക്കു് ഒരു ഉദ്യോഗം നൽകപ്പെടും എന്നു് അയാൾ പ്രതീക്ഷിച്ചു.

പൂവ്വടർക്കിസ്ഥാനിലെ ജനങ്ങളുടെ നേരെ കാണിച്ച കടുംകൈകളുടെ പേരിൽ ചീന കമ്മ്യൂണിസ്റ്റുകളോടുള്ള കാലുഷ്യം കൊണ്ടു പറയുകയായിരുന്നു, ഹംസാ. കമ്മ്യൂണിസത്തിനെതിരായി ഊജ്ജിതമായി പ്രവത്തിക്കാനും എല്ലാ ചീന കമ്മ്യൂണിസ്റ്റുകളെയും ഭൂമുഖത്തുനിന്നു നിർമ്മാജ്ജനം ചെയ്യാനും നാട്ടുകാരെ ആഹ്വാനം ചെയ്യുകയാണു് തൻെറ ചെറിയ പുസ്തകത്തിലൂടെ ഹംസാ ചെയ്തതു്. കമ്മ്യൂണിസത്തിൻെറ സിദ്ധാന്തസംഹിതയെപ്പററിയല്ല, അതിൽനിന്നുല്പന്നമാകുന്ന ഫലത്തെപ്പററിയായിരുന്നു, അയാൾക്കു പരാതിയുണ്ടായിരുന്നതു്. പക്ഷേ ഫലം ഇനിയും പഴുത്തു പാകമാകാനിരിക്കുന്നതേയുള്ളുവെന്നു് അയാൾ അന്നു് അറിഞ്ഞിരുന്നില്ല.

ഹംസായെക്കൂടാതെ വേറെയും ചില കസാക്കുകൾ സ്വാതന്ത്ര്യത്തിലെക്കു സമാധാനപരമായ മാഗ്ഗമുണ്ടായിരിക്കാമെന്നു് ആശിക്കുകയും അതിനുവേണ്ടി പ്രവത്തിക്കുകയും ചെയ്തിരുന്നു. പക്ഷേ ഒസ്മാൻ തൻെറ സമരം തുടർന്നുകൊണ്ടേയിരുന്നു. ഇപ്പോൾ അവനെപ്പററി എല്ലാവരും വീരൻ എന്നത്ഥം വരുന്ന ബത്തൂർ എന്ന വിശേഷണം ചേർത്താണു് പറയാറുണ്ടായിരുന്നതു്. 1943-ൽ ആൾട്ടായ് പ്രദേശത്തുനിന്നു മിക്കവാറും മുഴുവൻ ചീനരെയും ആട്ടിയോടിച്ചു കഴിഞ്ഞപ്പോഴേക്കു് മംഗോളിയരും കസാക്കുകളും അവനു് ഖാൻ എന്ന പദവി തന്നെ നൽകി.

ഒസ്മാൻ ബത്തൂർ ഈ പദവി സ്വീകരിക്കുന്നതു പ്രമാണിച്ചു നടത്തപ്പെട്ട പ്രത്യേക ചടങ്ങിൽ സംബന്ധിക്കാൻ മംഗോളിയായിൽ നിന്നും റഷ്യയിൽ നിന്നും പ്രമാണപ്പെട്ട വ്യക്തികൾ എത്തിയിരുന്നു. ഒസ്മാനെ ബഹുമാനിക്കാൻവേണ്ടി മാത്രമല്ല, സോവിയററു യൂണിയൻെറ ശക്തിയെപ്പററി അവനെ അനുസ്മരിപ്പിക്കാൻ വേണ്ടി കൂടെയാണു് അവർ വന്നതു്. വന്നെത്തിയിരുന്ന മംഗോ

ളിയൻ, ചോയ്ബൽസാൻ ആയിരുന്നു. ഔട്ടർ മംഗോളിയയുടെ അധിപനായിരുന്നു, അയാൾ. സോവിയററ് യൂണിയനിലെ കസാക്സ്ഥാനിൽ നിന്നുള്ളരണ്ടു കസാക് വർഗ്ഗത്തലവന്മാരായ കാസീനും സുൽത്താനുമായിരുന്നു ഇനി രണ്ടുപേർ. എല്ലാവരും വിലയേറിയ വസ്ത്രാദി വിഭൂഷണങ്ങളണിഞ്ഞു് ഒട്ടധികം അനുചരന്മാരുടെ അകമ്പടിയോടെയാണു് എത്തിയിരുന്നതു്.

ഇവർ മൂവരും ഒസ്മാനും അയാളുടെ തമ്പിനുള്ളിൽ കൂടി സംഭാഷണംനടത്തി. ചായയും ഉപ്പുചേർന്ന അപ്പവും വിതരണം ചെയ്തു കഴിഞ്ഞപ്പോൾ ചോയ്ബൽസാൻ പതുക്കെ സൂചിപ്പിച്ചു, ആൾട്ടായ് പ്രദേശത്തിൻെറ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ടു് ഒസ്മാൻ അതിൻെറ ഒന്നാമത്തെ പ്രസിഡൻറാകണമെന്നു്. അങ്ങനെ പുതുതായി രൂപംകൊള്ളുന്ന ആൾട്ടായ് സംസ്ഥാനത്തെ തങ്ങളുടെ കൂടെ ചേർക്കാൻ യു. എസ്. എസ്. ആറിന്നു സമ്മതമായിരിക്കാനാണിടയെന്നും അയാൾ വളരെ കരുതലോടെ ഒസ്മാനെ ധരിപ്പിച്ചു. ചീന ദേശീയ കക്ഷിക്കെതിരായി ഉപയോഗിക്കാൻ ആവശ്യമായ ആയുധങ്ങളും സോവിയററു റഷ്യ നൽകും. അപ്പോൾ പിന്നെ ആൾട്ടായ് പ്രദേശത്തിൻെറ സമ്പത്തു മുഴുവൻ ആ പ്രദേശത്തെ ജനങ്ങൾക്കു വേണ്ടിത്തന്നെ ഉപയോഗപ്പെടുത്താൻ കഴിയും. പുതിയ സംസ്ഥാനം വ്യാപാരത്തിനുവേണ്ടി ആശ്രയിക്കേണ്ടി വരുന്നതു റഷ്യയെ മാത്രമായിരിക്കുമെന്നും അങ്ങനെ വരുമ്പോൾ ആൾട്ടായ് പ്രദേശം സമ്പൂർണ്ണമായി റഷ്യയുടെ കാരുണ്യത്തിൽ കഴിയേണ്ടിവരുമെന്നും ഉള്ള കാര്യംമാത്രം അയാൾ പറഞ്ഞില്ല.

ഒസ്മാൻ ബത്തൂർ തൻെറ താടി തടവിക്കൊണ്ടിരുന്നതല്ലാതെ തീർത്തു യാതൊരു മറുപടിയും പറഞ്ഞില്ല. ജീവിതത്തിലെ ഈ ഉച്ചകോടിഘട്ടത്തിൽ അയാളിൽ തൻെറ വ്യക്തിപരമായ ഔന്നത്യം മുഴുവൻ പ്രകടമായിരുന്നു; ശാരീരികമായും മാനസികമായും അസാധാരണമായ കരുത്തുററ മനുഷ്യൻ. ആറടിയിലധികം ഉയരം, വിരിഞ്ഞ മാറിടം, തടിച്ച കുറിയ കഴുത്തു്, ഇരുണ്ട

നിറം, മിക്കവാറും അർദ്ധനിമീലിതമായിക്കാണുന്ന കണ്ണുകളുടെ ഇടയിൽ നെററിയിൽ ആഴത്തിലുള്ള ചുളികൾ—ഇതായിരുന്നു രൂപം. കർമ്മധീരനും ഊർജ്ജസ്വലനുമായ അയാളോട്ടു് ആരും വിളയാടാനൊരുമ്പെടില്ല; ശത്രുക്കളെ ഭയമൊ അവരോടു കാരുണ്യമൊ ഇല്ല; എളുപ്പം വിശ്വസിക്കാത്തവനെങ്കിലും എല്ലാവരാലും വിശ്വസിക്കപ്പെട്ടുന്നവൻ; സ്വന്തമായി ഒന്നും നേടാൻ മോഹിക്കാത്തവൻ; താൻ യാതൊന്നിനായി ജന്മമെടുത്തതായി വിശ്വസിക്കുന്നുവൊ അതിൻെറ സഫലീകരണത്തിൽ ദത്തദൃഷ്ടിയായ ഗുരുചിത്തൻ.

ചോയ്ബൽസാനാണു് സംസാരത്തിൽ പ്രധാനമായി പങ്കെടുത്തതു്. കസാക്സ്റ്റാനിൽ നിന്നു വന്ന കസാക്കുകൾ രണ്ടും അയാളുടെ അഭിപ്രായങ്ങളോടു് ആനുകൂല്യം കാണിച്ചുകൊണ്ടിരുന്നു. സദ്യയുടെ അവസാനഘട്ടമായപ്പോൾ തനിക്കു് തനിച്ചു് ഒസ്മാനുമായി സംസാരിച്ചാൽകൊള്ളാമെന്നു് കാസീൻ സൂചിപ്പിച്ചു.

ചോയ്ബൽസാൻെറ കാര്യത്തിലെന്നപോലെ കാസീന്നും, ഒസ്മാൻബത്തുരിനോട്ടു് എന്താണു പറയേണ്ടതെന്നതിനേപ്പററി സോവിയററു് നിർദ്ദേശം ലഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽകാസീൻ ഒരുകസാക്കാണെന്നതിനുപുറമെ ഒരു കാലത്തു് റഷ്യാക്കാക്കെതിരായി സമരം നടത്തിയിരുന്ന കസാക്കു്വീരൻ അബ്ളായ്ഖാൻെറ പൗത്രനുമായിരുന്നു. ചോയ്ബൽസാൻെറ വാക്കുകളിൽ അന്തർഭവിച്ചിരുന്ന വസ്തുത ഒസ്മാൻബത്തുറിനു വ്യക്തമാക്കിക്കൊടുക്കണമെന്നതായിരുന്നു, അയാളുടെ ഉദ്ദേശം.

തമ്പിൻെറ കമ്പിളി ഭിത്തിയിലൂടെ ചോന്നു മററുള്ളവരുടെ ചെവിയിൽ എത്തുപെടാത്തപോലെ ശബ്ദമടക്കിയാണു് കാസീൻ സംസാരിച്ചതു്. കസാക്സ്റ്റാനിലെ മുപ്പത്തഞ്ചുലക്ഷം കസാക്കുകളോടു റഷ്യാ ചെയ്തു പ്രതിജ്ഞകൾ ലംഘിച്ചതിൻെറ കഥ അയാൾ പറഞ്ഞു കേൾപ്പിച്ചു. 'ചെറുരാജ്യങ്ങൾക്കു നീതി നൽകപ്പെട്ടുമെന്നും, ചെറുകിട കർഷകർക്കും കന്നുകാലികളെയും ആട്ടുകളെയും മേച്ചുനടക്കുന്ന സഞ്ചാരിജനതക്കും സംരക്ഷണം

നൽകപ്പെട്ടുമെന്നും, കസാക്കുകൾക്ക് അവരുടെ മതവും ഭാഷയും ജീവിതസമ്പ്രദായവും അഭംഗം തുടരാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും ഒക്കെ പ്രതിജ്ഞ ചെയ്തിരുന്നു. പക്ഷേ ആ പ്രതിജ്ഞകളിൽ ഒന്നുപോലും പാലിക്കപ്പെട്ടില്ല. അതിർത്തികടന്നു് ആൾട്ടായ് പ്രദേശത്തേക്കു പ്രവഹിക്കാൻ തയ്യാറായി നിൽക്കുന്നതെന്നു ചോയ് ബൽസാൻ പറഞ്ഞ വൻപിച്ച തോതിലുള്ള സാധനസാമഗ്രികളൊന്നും തന്റെ പ്രദേശത്തു താൻ ഇതേവരെ കാണാൻ ഇടയായിട്ടില്ലെന്നും പറഞ്ഞു. കസാക്കുകളും കസാക്സ്ഥാനും ഇന്നു് ഏതുകാലത്തെക്കാളും കൂടുതൽ ദരിദ്രമായിത്തീർന്നിരിക്കയാണെന്നുകൂടെ അയാൾ വ്യക്തമാക്കി.

അയാൾ പറഞ്ഞു് അവസാനിച്ചുകഴിഞ്ഞപ്പോൾ ഒസ്മാൻ പറഞ്ഞു, "സ്വന്തം പൂർവ്വികരുടെ രക്തത്തെ പ്രതിനിധീകരിക്കുന്ന ഒരു സന്താനത്തിന്റെ വാക്കുകളാണു് ഞാൻ ഇപ്പോൾ കേട്ടതു്. പക്ഷേ മടങ്ങിച്ചെല്ലുമ്പോൾ നിങ്ങളുടെ അനുഭവം നന്നായിരിക്കയില്ല. താല്പര്യമുള്ള പക്ഷം ഇവിടെ താമസിക്കാം. നിങ്ങളുടെ കാര്യം ഇവിടെ ഭദ്രമായിരിക്കും."

"ഒരുവൻ ജീവിക്കുന്നുവോ മരിക്കുന്നുവോ എന്നതു ദൈവത്തിന്റെ ഹിതമാണു്." കാസീൻ മറുപടിപറഞ്ഞു. "ഞാൻ എന്റെ ജനങ്ങളുടെ തലവനെന്നപോലെ അവരുടെ ഭൃത്യനും കൂടെയല്ലേ? ആപൽക്കാലത്തു് അവരെയുപേക്ഷിച്ചു് എന്റെ രക്ഷ മാത്രം നോക്കണമെങ്കിൽ ഞാൻ ആരായിരിക്കണം? എങ്കിലും എന്നെപ്പററിയുള്ള കാരുണ്യത്തിന്നു് ദൈവം നിങ്ങൾക്കു നല്ലതു വരുത്തും."

സംഭാഷണത്തെത്തുടന്നു് ശക്തി പരീക്ഷിക്കുന്ന കളികൾ നടത്തപ്പെട്ടു. കുതിരപ്പുറത്തു കയറിയും അല്ലാതെയുമുള്ള കായികമത്സരങ്ങൾ നടന്നു. കുതിരപ്പന്തയം, പലതരം കളികൾ, നൃത്തം, തുടങ്ങിയവയൊക്കെയുണ്ടായി. മത്സരക്കളികളിലൊന്നിൽ ഒരാൺകുട്ടിയും പെൺകുട്ടിയുമാണു് പങ്കെടുക്കുക. രണ്ടുപേരും ഓരോ കുതിരപ്പുറത്തുകയറും. ഒസ്മാന്റെ കല്പന കേൾക്കേണ്ട താമസം, ആൺകുട്ടി തന്റെ കുതിരയെ പായിച്ചുകഴിഞ്ഞു. പെൺകുട്ടിയുടെ

കുതിര മററതിനെ അപേക്ഷിച്ചു് അല്പം ഗതിവേഗം കൂട്ടതലുള്ളതാകയാൽ, അവളുടെ കയ്യിലെ ചാട്ടകൊണ്ടുള്ള അടിയേൽക്കാതിരിക്കണമെങ്കിൽ ആൺകുട്ടി കുതിരയെ ഓടിക്കുന്ന വിഷയത്തിൽ അസാധാരണ സാമത്ഥ്യമുള്ളവനായിരിക്കണം. അവൻ പെട്ടെന്നു കുതിരയെ വെട്ടിത്തിരിച്ചും ആകസ്മികമായി ഓട്ടം നിത്തിയുമൊക്കെ അവളെ കബളിപ്പിക്കാൻ നോക്കും. അവളുടെ ചാട്ട ദേഹത്തു സ്പർശിച്ചുപോയാൽ ആയുരന്തം വരെ അവനെ ആളുകൾ ആക്ഷേപിച്ചു ചിരിക്കും. അല്ലെങ്കിൽ പിന്നെ അസാധാരണമായ വല്ല അഭ്യാസപ്രകടനവുംകൊണ്ടു തൻെറ കരുത്തോ ധീരതയോ പ്രകടിപ്പിച്ചു് അവൻ ആ അവമതിയിൽ നിന്നു മോചനം നേടണം.

കസാക്കുകളുടെ നൃത്തപരിപാടികളിൽ പുരുഷന്മാർ മാത്രമാണു് പങ്കെടുക്കുക. ഏതെങ്കിലുംമൃഗത്തിൻെറ ജനനത്തിൻെറയും വളർച്ചയുടെയുംകഥയായിരിക്കും, സാധാരണ നൃത്തത്തിൻെറപ്രമേയം. ഇതിൽ ഒരു നൃത്തത്തിൽ നത്തകൻ ആദ്യന്തം തലകുത്തിനിന്നു് സംഗീതത്തിൻെറ താളക്രമത്തിനനുസരിച്ചു് ശരീരവും കാലുകളും വളയ്ക്കുകയും പുളയ്ക്കുകയും ചെയ്തുകൊണ്ടിരിക്കണം. കൈകൾ, ശരീരത്തിൻെറ സമതുലിതാവസ്ഥ പാലിക്കാൻ മാത്രമാണുപയോഗിക്കുക. കഴുത്തിലെ മാംസപേശികളുടെ ബലത്തിന്മേലാണു് ശരീരം നിവന്നുനിൽക്കുക.

മത്സരക്കളികൾക്കുശേഷം പിന്നെയും സദ്യ നടന്നു. അടുത്തദിവസം ചോയ്ബൽസാനും കാസീനും സുൽത്താനും പിരിഞ്ഞുപോയി. ചോയ്ബൽസാൻെറ നിർദ്ദേശം ഒസ്മാൻ സ്വീകരിച്ചില്ല. കാസീനും സുൽത്താനും കസാക്സ്റ്റാനിലെ അവരുടെ ഭവനങ്ങളിലെത്തി അധികം താമസിയാതെ ബെറിയായുടെ രഹസ്യപ്പോലീസുകാർ അവരെ പിടിച്ചുകൊണ്ടു പോയി. ഏതാനും മാസങ്ങൾക്കുശേഷം സുൽത്താനെ മോചിപ്പിച്ചുവെങ്കിലും കാസീനെ കൊന്നുകളയുകയാണു ചെയ്തതു്.

# 7

## കണ്ണു തെളിയുന്നു.

ജർമ്മൻകാരുമായുള്ള സമരത്തിൽ മുഴുവൻ ശ്രദ്ധ യും കേന്ദ്രീകരിച്ചിരുന്ന റഷ്യക്കാക്ക് ഒസ്മാൻ ബത്തു റിനെതിരായി ശക്തിയായ നടപടികളെടുക്കാൻ കഴി ഞ്ഞിരുന്നില്ല.

1944 നവംബറിൽ ഉറുംചിക്കും കസാക്ക്സ്റ്റാൻെറ തലസ്ഥാനമായ അൽമാആത്താക്കും ഇടക്കു സ്ഥിതിചെയ്യു ന്ന കുൽദ്ജാ പ്രദേശത്തു് ഒരു ലഹള ആരംഭിച്ചു. ആലി ഹാൻ തുറെ എന്നൊരാളായിരുന്നു നേതാവു്. ഏതാണ്ടു് 25,000 അനുയായികളെ സമ്പാദിക്കാൻ അയാൾക്കു കഴി ഞ്ഞു. അവരിൽ അധികവും കസാക്കുകളുമായിരുന്നു. ആലിഹാൻ തുറെ, കുൽദ്ജാ പ്രദേശത്തിൻെറയും കുൽദ് ജാക്കും ആൾട്ടാക്കും ഇടക്കുള്ള ഭൂവിഭാഗത്തിൻെറയും സ്വാത ന്ത്ര്യം പ്രഖ്യാപിക്കയും, ആൾട്ടായ്ലെ ഒസ്മാൻ ബത്തുർ, മനാസ്സിലെ ആലിബെഗ്ഗ്, ഗെജ്ക്കുലിലെ ഹുസേൻതാജി എന്നിവരോടു് തൻെറ മാതൃക അനുകരിക്കാൻ ആവശ്യ പ്പെട്ടുകയും ചെയ്തു. ഏതാനും മാസങ്ങൾക്കകം ററീൻ ഷാൻ പർവ്വതനിരക്കു വടക്കുവശത്തുള്ള പൂർവ്വടക്കിസ്റ്റാൻ പ്രദേശത്തു മുഴുവൻ വിപ്ളവം പടന്നുപിടിച്ചു.

1945—ലാണു് ആലിബെഗ്ഗ് വിപ്ളവത്തിൽ ചേ ന്നതു്. ഒസ്മാൻ ബത്തുറിൻെറ ഉപദേശം തേടിയശേഷ മാണു് അങ്ങനെ ചെയ്തതും. ആലിബെഗ്ഗിൻെറ കൂടെ സഹകരിച്ചു പ്രവത്തിക്കാൻ വേണ്ടി ചീനഗവണ്മെ ൻറിൻെറ കീഴിലുണ്ടായിരുന്ന തൻെറ ഉദ്യോഗം രാജി വച്ചു വന്ന ഹംസായെ, ഉടനെതന്നെ കുൽദ്ജായിലെക്കു നിയോഗിച്ചു; ആലിഹാൻ തുറെയുമായി സമരപരിപാ ടിയെപ്പററി ചർച്ചചെയ്യാൻ.

ചർച്ചകൾക്കു വിഷയമായിരുന്ന പ്രശ്നം വളരെ സരളമായ ഒന്നായിരുന്നു; എങ്ങനെ ചീനരെ തുത്തു പുറ

ത്താക്കാം? ചീന കമ്മ്യൂണിസ്റ്റുകളും ചീന ദേശീയ കക്ഷിയും തമ്മിൽ തങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യാസമൊന്നുമില്ല എന്ന കാര്യത്തിൽ യോജിപ്പിലെത്താൻ അവക്കു ചർച്ചയൊന്നും വേണ്ടിയിരുന്നില്ല. രണ്ടുകൂട്ടരും പൂർവ്വടർക്കിസ്റ്റാനിലെ ജനങ്ങളുടെ ശത്രുക്കളാണു്; രണ്ടുകൂട്ടരും പോകുകതന്നെ വേണം.

റഷ്യക്കാർ ആലിഹാൻ തുറെയെ നേതാവായി തിരഞ്ഞെടുത്തതിൽ നിന്നു് ചൈനാക്കാരെ തുരത്തെറിയുക എന്ന നയത്തെപ്പററി അവർ അറിഞ്ഞിരുന്നു എന്നും, അതിനോടു് അവക്കും ആനുകൂല്യമുണ്ടായിരുന്നു എന്നും ഉള്ള കാര്യത്തിൽ സംശയമില്ല. കുറഞ്ഞതു് 1934 മുതലെങ്കിലും ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിൽ അവർ ഈ ചിന്താഗതി പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. അതുമല്ല, ചീനക്കാരുടെ നേരേയുള്ള കാസാക്കുകളുടെ വെറുപ്പിനു കാക്കശ്യം വർദ്ധിപ്പിച്ചതു റഷ്യാക്കാരായിരുന്നു താനും. ഉറുംചിയിലെ അവരുടെ കോൺസൽ ജനറലായിരുന്ന അപ്രേസോവിൻെറ നിയന്ത്രണത്തിലാണല്ലോ ക്രൂരനായ ഗവർണർ ഷെങ്ങ് പ്രവർത്തിച്ചിരുന്നതു്.

ഒരു കാര്യംകൂടെ വ്യക്തമാക്കേണ്ടതുണ്ടു്. ചീനഗവണ്മെൻറിനെതിരായി വിപ്ളവം നടത്താൻ അവർ ആലിഹാൻ തുറെയെയും കസാക്കുകളെയും പ്രേരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെയാണു് 1945–ആഗസ്റ്റിൽ അവർ ചിയാങ്ങ്കെ ഷേയുമായി ചീന–റഷ്യ ഉടമ്പടി ഒപ്പിട്ടതും. ഈ ഉടമ്പടിക്കുള്ള ചർച്ചകളിൽ, പൂർവ്വടർക്കിസ്റ്റാൻ ചൈനയുടെ ഭാഗമാണെന്നു് റഷ്യ സമ്മതിച്ചുകൊടുത്തു.

ഹംസാ മനാസ്സിൽ എത്തിയശേഷം 1945 ജൂലൈ 3–ാം നു-യാണു് ചീനരെ സംഹരിക്കുന്ന പരിപാടിയാരംഭിച്ചതു്. അല്പ ദിവസങ്ങൾക്കകം കുൽദ്ജാ, താർബഗത്തായ്, മനാസ്സ് ഇവയ്ക്കിടയിൽ കിടക്കുന്ന ത്രികോണപ്രദേശത്തിനുള്ളിൽ ജീവനോടുകൂടി ഒരു ചീനനും ശേഷിപ്പില്ലെന്നു വന്നു.

മനാസ്സ് പട്ടണം ചീനസേനയുടെ അധീനത്തിൽ തന്നെയായിരുന്നു. ആലിബെഗ്ഗിൻെറയും ഹംസായുടെയും

നേതൃത്വത്തിലുള്ള കസാക്കുകൾ മനാസ്സ് നദിയുടെ പടിഞ്ഞാറുവശത്താണ് പ്രവത്തനം നടത്തിയിരുന്നതു്. പാലം പിടിച്ചെടുത്തുകൊണ്ടു പട്ടണത്തെ ആക്രമിക്കാൻ തക്ക ശക്തി തങ്ങൾക്കുണ്ടോ എന്നു കസാക്കുകൾക്കു സംശയമായിരുന്നു. ചീനർ പാലം കടന്നുവന്നു തങ്ങളെ ആക്രമിക്കുമെന്നായിരുന്നു, അവരുടെ പ്രതീക്ഷ. മറുവശത്തു ചീനക്കും പാലം കടന്നുചെല്ലാൻ ഭയമായിരുന്നു. കസാക്കുകൾ പട്ടണത്തിലേക്കു് ആക്രമണത്തിനെത്തുമെന്ന പ്രതീക്ഷയിലായിരുന്നു അവരും കഴിഞ്ഞിരുന്നതു്.

മാറിമാറി കക്ഷിപിടിച്ച് ഇടയ്ക്കിടെ കമ്മ്യൂണിസ്റ്റും ചീനയുടെ പോലീസിനുവേണ്ടിയും, ഇടയ്ക്കിടെ ദേശീയ ചീനയുടെ പോലീസിനുവേണ്ടിയും പ്രവർത്തിച്ചിരുന്ന കാളി എന്ന കസാക്ക് ഇക്കാലത്തു മനാസ്സിലുണ്ടായിരുന്നു. കസാക്കുകൾ പാലം കടന്നുവന്ന് ആക്രമിച്ചേക്കുമെന്ന് ചീനപ്പട്ടാളത്തലവൻ ഭയപ്പെടുന്നതായി കേട്ടപ്പോൾ പാലം തീവച്ചു നശിപ്പിച്ചുകളയാമെന്ന് അയാൾ ഏററു. പട്ടാളത്തലവൻ സന്തുഷ്ടനായി. എണ്ണ നിറച്ച വാഹനവുമോടിച്ചുകൊണ്ടു് കാളി, കസാക്ക് അധീനത്തിലുള്ള പ്രദേശത്തേക്കു ചെന്നു. അയാൾ ഒററയ്ക്കായിരുന്നതിനാൽ കസാക്കുകൾ തടഞ്ഞില്ല. അവിടെയെത്തി അയാൾ കസാക്ക് പട്ടാളത്തലവനെ കാണണമെന്നാവശ്യപ്പെട്ടു. കസാക്കുകളുടെ രക്ഷയ്ക്കുവേണ്ടി പാലം ചുട്ടു നശിപ്പിക്കാനാണ് തന്റെ ഉദ്ദേശമെന്ന് അയാൾ പറഞ്ഞു. കസാക്ക് സേനാനായകനും സന്തോഷമായി.

കസാക്കുകളും ചീനരും നോക്കി നിൽക്കെ കാളി അയാളുടെ വണ്ടിതിരിച്ചു വിട്ടു് ഇടയ്ക്കിടയ്ക്കു നിർത്തി എണ്ണ പാലത്തിലാകെ ഒഴിച്ചു. ചീനരുടെകൈവശപ്രദേശത്തെത്തിയ ഉടൻ അയാൾ തീപ്പെട്ടി ഉരച്ചു് എണ്ണയ്ക്കു തീ കൊടുത്തു.

1945 സെപ്റ്റംബറിൽ കുൽദ്ജാ മാതൃക സ്വീകരിച്ചുകൊണ്ടു് ഒസ്മാൻ ബത്തുർ, ആൾട്ടായ് നിരകളിൽ ശേഷിച്ചിരുന്ന ചീനരെക്കൂടെ നശിപ്പിച്ചു. ഉറുംചിയിലെ ചീന അധികൃതർ ഭൂമിയും പണവും നൽകി സഹാ

യിച്ചിരുന്ന കുറെ ചീനക്കാർ പുതുതായി വന്നു താമസമുറപ്പിച്ചിരുന്നു. അവരുടെ സാന്നിദ്ധ്യം, ആ വർഗ്ഗത്തെയാകെ കസാക്കുകൾ കൂടുതൽ വെറുക്കുന്നതിനുള്ള കാരണമായിത്തീർന്നു.

സ്വന്തം കണ്ണുകൊണ്ടു ചീനരുടെ ചില ക്രൂരകൃത്യങ്ങൾ കണ്ടതിനെപ്പററി ആലിബെഗ്ഗും ഹംസായും എന്നോടു പറഞ്ഞു. ഒരുദാഹരണം. ചമപ്പുതാടിക്കാരുടെ സഹായത്തോടെ ചീന കുടിപാർപ്പുകാർ മനാസ്സിലെ മുസ്ലീം പ്രദേശങ്ങളിൽ ആക്രമണം നടത്തിയപ്പോൾ, അവർ പുരുഷന്മാരെയെല്ലാം കൊന്നുകളകയും, ഓടിപ്പോയി ആക്രമണത്തെപ്പററി തങ്ങളുടെ കൂട്ടർക്കു് അറിവുകൊടുക്കാനിടയാകാതിരിക്കാൻ വേണ്ടി പെണ്ണുങ്ങളുടെയും കുഞ്ഞുങ്ങളുടെയും കാലു തല്ലി ഒടിച്ചുകളകയും ചെയ്തു. എന്നിട്ടു് കാലൊടിഞ്ഞു വേദന കൊണ്ടു പുളയുന്ന സ്ത്രീകളെ അവരുടെ ആർത്തനാദത്തെ ഗണിക്കാതെ ബലാൽസംഗം ചെയ്തു.

ചുവന്ന താടിക്കാർ, ഇപ്രകാരം കസാക്കുകളുടെയും മംഗോൾ കാരുടെയും സങ്കേതങ്ങളും തുക്കി ഗ്രാമങ്ങളും നശിപ്പിച്ചു കൊണ്ടു് നാടൊട്ടുക്കു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ തന്നെ, റഷ്യയിൽ പരിശീലനം നേടിയ രഹസ്യപ്പോലീസു കാരും പട്ടണങ്ങളിൽ പലരെയും പിടികൂടിവന്നു. ഉദ്ദേശം ഒരുലക്ഷം പേരെ അവർ കൊന്നു. അതിൽ കൂടുതൽ പേരെ ദണ്ഡിച്ചു. ഉൾനാടുകളിൽ ശതസഹസ്രക്കണക്കിനാളുകൾ പട്ടിണികൊണ്ടും രോഗം കൊണ്ടും മരിച്ചു. ഈ പശ്ചാത്തലത്തിൽ വേണം 1945 ഗ്രീഷ്മകാലത്തു് കസാക്കുകൾ ചീനരെ കൊന്നൊടുക്കിയ സംഭവത്തെ വീക്ഷിക്കാൻ.

റഷ്യാക്കാരുടെ സഹായം തനിക്കു ലഭിക്കുന്നുണ്ടെന്നു ഹംസായോടു് ആലിഹാൻ തുറെ പറഞ്ഞു. ഇതു ഹംസായ്ക്കും സന്തോഷമായിരിക്കുമെന്നു് അയാൾ പ്രതീക്ഷിച്ചു. പക്ഷേ ഹംസാ ഒന്നും പറഞ്ഞില്ല. എന്തെന്നാൽ അയാളും ആലിബെഗ്ഗും, തൻെറ പ്രത്യേക രീതിയിൽ ഒസ്മാൻ ബത്തുറും, റഷ്യക്കാരിൽ നിന്നും ചീന

ക്കാരിൽനിന്നും സ്വതന്ത്രമായ ഒരു രാജ്യത്തിന്റെ സൃഷ്ടിക്കുവേണ്ടിയാണു് പ്രയത്നിച്ചിരുന്നതു്. റഷ്യക്കാരും ചീനരും ലോകമഹായുദ്ധം കൊണ്ടു പരിക്ഷീണരായിത്തീർന്നിട്ടുണ്ടെന്നും തങ്ങളുടെ മുന്നേററത്തെ തടയാൻ അവക്കു കഴിവില്ലെന്നുമായിരുന്നു കസാക്കു് നേതാക്കളുടെ ധാരണ. എന്നാൽ, ആലിഹാൻ തുറെയോടു വിപ്ളവമുണ്ടാക്കാൻ റഷ്യാക്കാർ ആജ്ഞാപിച്ചിട്ടുള്ള പക്ഷം, കസാക്കുകളുടെ വിചാരം ഒരു വേള തെററായിരിക്കാമെന്നും, പൂർവ്വ്ടക്കിസ്ഥാന്റെ മേലുള്ള പിടി വീണ്ടും മുറുക്കാനുള്ള കഴിവു തങ്ങൾക്കുണ്ടെന്നു റഷ്യാ വിശ്വസിക്കുന്നുണ്ടായിരിക്കുമെന്നും ഹംസാക്കു തോന്നി.

സ്വതന്ത്രരാഷ്ട്രങ്ങൾക്കു കസാക്കുകളെ സഹായിക്കാൻ കഴിയുമൊ? ഹംസാ ആലോചിച്ചു. അമേരിക്കയുടെയും ബ്രിട്ടന്റെയും പ്രതിനിധി കാര്യാലയങ്ങൾ ഉറുംചിയിലുണ്ടു്. പക്ഷേ ആ രാജ്യങ്ങൾ രണ്ടും വളരെ അകലെയാണു്. എന്നാൽ താനും ആലിഹാൻ തുറെയുമായി സംഭാഷണം നടത്തിയ സ്ഥലത്തുനിന്നു് അൻപതു മൈൽ അകലമെയുള്ളു സോവിയറ്റു് യൂണിയനിലെയ്ക്കു്.

വളരെ പ്രധാനമായ ഒരു കാര്യത്തെപ്പററി ചർച്ച ചെയ്യാൻ സെപ്റ്റംബറിൽ ഹംസാ നേതാക്കന്മാരുമായി കണ്ടു; പൂർവ്വ്ടക്കിസ്ഥാന്റെ ഇതര ഭാഗങ്ങളിൽ നിന്നു് ചീനരെ ഓടിച്ചു പിടിടാൻ എങ്ങനെ കഴിയുമെന്നായിരുന്നു പ്രശ്നം. നാലു ദിവസത്തിനുശേഷം അവർ തീരുമാനത്തിലെത്തി—അതിനുള്ള നടപടികളെടുക്കാൻ കാലമായിട്ടില്ലെന്നു്. ഇപ്പോഴേയ്ക്കു് സുസജ്ജരായ ഏതാണ്ടു പതിനായിരം ചീന ഭടന്മാർ രാജ്യത്തിനുള്ളിൽ താവളമാക്കിക്കഴിഞ്ഞിരുന്നു. ആലിഹാൻ തുറെയുടെ സൈന്യത്തിലുള്ളവക്കൊഴിച്ചാൽ കസാക്കുകാരുടെ പക്കൽ ആധുനികായുധങ്ങൾ ചുരുക്കമായിരുന്നു. വില കൊടുത്തു വാങ്ങിയതും ശത്രുക്കളുടെ പക്കൽ നിന്നു മോഷ്ടിക്കയൊ പിടിച്ചെടുക്കുകയൊ ചെയ്തതുമായ അപൂർവ്വം ആയുധങ്ങളും നാടൻ തോക്കുകളും തിരകളുമാണു് കസാക്കുകൾക്കുണ്ടായിരുന്നതു്. മിക്കവക്കും ഉണ്ടായിരുന്നതു് കൈകൊണ്ടെറി

യുന്ന സ്ഫോടകായുധങ്ങളും, വാളുകളും, ഇരുമ്പാണികളുള്ള ഗദകളുമാണ്. ഭടന്മാർക്ക് യൂണിഫോറമൊ ശമ്പളമൊ ഉണ്ടായിരുന്നില്ല. എന്നുമെന്നപോലെ തങ്ങളുടെ കന്നുകാലികളെയും ആടുകളെയും കൊണ്ടാണ് അവർ ഉപജീവിച്ചിരുന്നതു്. അവർ യുദ്ധം ചെയ്യുന്നിടത്തെല്ലാം അവയെയും കൂടെ കൊണ്ടു പോയിരുന്നു.

കസാക്ക് സേനയുടെ സർവ്വസൈന്യാധിപത്യം സ്വീകരിക്കാൻ ഒസ്മാൻ ബത്തൂറിനെ ക്ഷണിക്കാനും ഈ അവസരത്തിൽ തീരുമാനിക്കപ്പെട്ടു. അയാൾ അതു സ്വീകരിക്കുകയും ആദ്യമായി ആലിഹാൻ തുറെയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

അവർക്ക് അന്യോന്യം താല്പര്യം തോന്നിയില്ല. ഒസ്മാൻ ബത്തൂർ തൻെറ നാടിനെ രക്ഷിക്കുന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കയായിരുന്നു. ചീനരെ ഓടിച്ചു വിടുകയെന്നതിനുള്ള ദൈവീകവിധിയോഗത്താലാണ് താൻ പ്രവർത്തിക്കുന്നതെന്നായിരുന്നു അയാളുടെ വിശ്വാസം. ആലിഹാൻതുറെയാകട്ടെതൻെറ വ്യക്തിപരമായഉയർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ആളായിരുന്നു. റഷ്യാക്കാരുടെ സഹായത്തോടെ തൻെറ നില ഉന്നമിപ്പിക്കാൻ കഴിയുമെന്ന് അയാൾ പ്രത്യാശിച്ചു. ചീനർക്കെതിരായി യുദ്ധത്തിൽ റഷ്യാക്കാരെ ഉപയോഗിക്കാമെന്ന വിചാരം ഒസ്മാൻ ബത്തൂറിനുണ്ടായിരുന്നു എങ്കിലും അവരെ വിശ്വാസമുണ്ടായിരുന്നില്ല. ഇങ്ങനെ ആലിഹാൻ തുറെയ്ക്കും ഒസ്മാൻ ബത്തൂറിനും താല്പര്യൈക്യമില്ലാത്ത അവസ്ഥയാണ് നിലവിലിരുന്നതു്.

എങ്കിലും അടുത്തു നടക്കേണ്ട നടപടികളുടെ വിഷയത്തിൽ അവർ ഏകാഭിപ്രായക്കാരായിരുന്നു. തുറന്നയുദ്ധം ഒഴിവാക്കുകയും, ശത്രുവിനെ സൗകര്യമുള്ള സ്ഥലവും സമയവും നോക്കി ആക്രമിക്കയും, സ്വതന്ത്രമാക്കപ്പെട്ട മൂന്നു പ്രവിശ്യകളിൽ ചീനരെ പ്രവേശിപ്പിക്കാതെ കഴിക്കയും ചെയ്യണമെന്നു തീരുമാനിക്കപ്പെട്ടു. ഹംസാക്കു് ഒരു കർണ്ണൽ പദവി നൽകി മനാസ്സിൻെറ പരിസരങ്ങളുടെ ചുമതല നൽകപ്പെട്ടു. മനാസ്സിൻെറ അടുത്തുള്ള

മറെറാരു പ്രദേശത്തിൻെറ ചുമതല നൽകിക്കൊണ്ട് ആലിബെഗ്ഗിനെയും നിയമിച്ചു.

എല്ലാവരെയും അത്ഭുതപ്പെട്ടുത്തുന്ന ഒരു നടപടിയാണ് ചൈനാക്കാർ സ്വീകരിച്ചതു്. ആ ഗ്രീഷ്മകാലത്തു നടത്തിയ കൊലപാതകങ്ങൾക്കുവേണ്ടി കസാക്കുകളുടെ നേരെ അവർ ശിക്ഷണ നടപടികൾക്കു മുതിരുമെന്നാണ് കരുതപ്പെട്ടിരുന്നതു്. പക്ഷേ അതിനുപകരം പ്രാദേശിക നേതാക്കളെ കുൽദ്ജായിൽ ഒരു കൂടിയാലോചനായോഗം ചേരാൻ ക്ഷണിക്കയാണ് ചീനർ ചെയ്തതു്. 1946 ജൂണിൽ ഒരു ഒത്തുതീർപ്പുണ്ടായി. അതു ചീന കേന്ദ്രഗവണ്മെൻറിനയയ്ക്കുകയും ജൂണിൽ ഒപ്പുവയ്ക്കപ്പെട്ടുകയും ചെയ്തു. ജനങ്ങൾ അവരുടെ പ്രാദേശിക കാര്യങ്ങളിൽ–കടലാസിൽമാത്രമാണെങ്കിലും–സ്വയം ഭരണാവകാശമുള്ളവരായിത്തീർന്നു. ഭരണത്തലവൻ ഇപ്പോഴും ജനറൽ ചാങ് ചിഹ്—ഷുങ് എന്നു പേരായ ഒരു ചീനനായിരുന്നുവെങ്കിലും അടുത്ത പടിയിലുള്ള ഉദ്യോഗസ്ഥന്മാരിൽ പന്ത്രണ്ടുപേർ മാത്രം ചീനരും പതിനെട്ടുപേർ നാട്ടുകാരുമായിരിക്കത്തക്ക പ്രകാരമായിരുന്നു, വ്യവസ്ഥ. നാട്ടുകാരിൽ നിന്നുതിരഞ്ഞെടുക്കപ്പെട്ടുന്ന ആളുകളുൾപ്പെട്ട ഒരു പ്രധിനിധിസഭയും വിഭാവനം ചെയ്തിരുന്നു. ഒരു പ്രാദേശിക "സൈന്യ"ത്തെ സംരക്ഷിക്കാനും അനുവദിക്കപ്പെട്ടു.

അവിശ്വസനീയമാം വിധം അനുകൂലമായ വ്യവസ്ഥകൾ. അതു് അങ്ങനെതന്നെ ആയിരുന്നുതാനും. ആഗസ്റ്റിൽ യൂണിഫോറം ധരിച്ച നാലു സോവിയററു് ഉദ്യോഗസ്ഥന്മാർ അതിർത്തികടന്നു്ആലിഹാൻ തുറെയെ കാണാനെത്തിയിരുന്നു. കുൽദ്ജായിലെ അയാളുടെ ഭവനത്തിലെയ്ക്കാണ് അവർ ചെന്നതു്. അവരുടെ കൂടെ ഉച്ചഭക്ഷണത്തിൽ ചേരാൻ അയാളെ അവർ ക്ഷണിച്ചു. അയാൾ അവരുടെകൂടെ കാറിൽ കയറി പുറപ്പെട്ടു. പക്ഷേ പിന്നെ മടങ്ങിവന്നിട്ടില്ല.

അയാൾക്കു് എന്തുസംഭവിച്ചു, ഇന്നു് അയാൾ ജീവിച്ചിരിക്കുന്നൊ ഇല്ലയൊ എന്നൊന്നും ടക്കി

യിലെ കസാക്കു് അഭയാർത്ഥികളിലാർക്കും അറിഞ്ഞുകൂടാ. യാതൊരു ലക്ഷ്യത്തിനുവേണ്ടിയാണൊ തുക്കിജനറലായിരുന്ന എൻവർ പാഷാ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം തൻെറ ജീവൻ ബലികൊടുത്തതു്, ആ “പാൻ–തുറാനിസ” ത്തിനുവേണ്ടി നിലകൊള്ളുന്നവനാണെന്നുള്ള കുററം അയാളുടെ മേൽ റഷ്യാക്കാർ ചുമത്തിയിരുന്നതായി അവർ അക്കാലത്തു കേട്ടിരുന്നു പോൽ. അതായതു് തുക്കിവർഗ്ഗത്തിൽ പെട്ടവരെയെല്ലാം സോവിയററു് ഭരണത്തിൽനിന്നു മോചിപ്പിക്കാൻ ആലിഹാൻതുറെ പ്രയത്നിച്ചിരുന്നതായി റഷ്യാക്കാർ കരുതിയിരുന്നു എന്നത്ഥം.

ഇതു ശരിയല്ലെന്ന കാര്യത്തിൽ കസാക്കുകൾക്കു് ഉറപ്പായിരുന്നു. റഷ്യാക്കാർ പോലും അങ്ങനെ വിശ്വസിച്ചിരുന്നില്ല. തുക്കിജനങ്ങളെ ചീനഭരണത്തിൽ നിന്നും മോചിപ്പിക്കുവാൻ മാത്രമായിരുന്നു, ആലിഹാൻ തുറെയുടെ ശ്രമം. അതു സോവ്യററു് ഗവണ്മെൻറിൻെറ തുണയോടുകൂടിയാണു് അയാൾ ചെയ്തിരുന്നതും. ഷെങ്ങിൻെറതുപോലെ മറെറാരു ചീനഭരണം പൂർവ്വ ടർക്കിസ്ഥാനിൽ നടപ്പിൽ വരുത്തുകയെന്നുള്ളതായിരുന്നു റഷ്യയുടെ ലക്ഷ്യം—റഷ്യൻ ഉപദേഷ്ടാക്കൾ, സ്കൂൾ പുസ്തകങ്ങൾ, രഹസ്യപ്പോലീസ്, വ്യാപാര നിയന്ത്രണം ഇവയോടുകൂടിയ ഒരു ഭരണത്തിലേയ്ക്കു വഴിതെളിച്ചു്, ഒട്ടുവിൽ പൂർവ്വടക്കിസ്ഥാനെയും ഔട്ടർ മംഗോളിയാ പോലെ ഒരു സോവിയററു് സംസ്ഥാനമാക്കിത്തീർക്കുന്ന വ്യവസ്ഥിതി. എന്നാൽ ആലിഹാൻ തുറെയുടെ വിജയകരമായ പരിശ്രമങ്ങൾ കൊണ്ടു സംഭവിച്ചതാകട്ടെ, റഷ്യാക്കാക്കു് അഹിതകരമാകുമാറു് പൂർവടക്കിസ്ഥാനെ ഒരു സ്വാതന്ത്ര്യസംസ്ഥാന പദവിയിലേയ്ക്കെത്തിക്കയെന്നതാണു്. അതുകൊണ്ടയാളെ വച്ചുവാഴിക്കാൻ പാടില്ല എന്നു തീരുമാനിക്കപ്പെട്ടു.

ആലിഹാൻ തുറെ അപ്രത്യക്ഷനായി രണ്ടുവാരക്കാലത്തിനുള്ളിൽ റഷ്യനും മംഗോളിയനും സേനകൾ ആൾട്ടായ് പ്രദേശത്തേയ്ക്കു കടന്നു തുടങ്ങി. നിയമരഹിതമായി

ട്ടാണെങ്കിലും സമാധാനപരമായി ടങ്സ്റ്റൻ കടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി പ്രതിദിനം അഞ്ഞൂറു റഷ്യൻ വാഹനങ്ങൾ വീതം അതിർത്തി കടന്നുവന്നു തുടങ്ങിയതോടൊപ്പമാണു് ഈ സൈന്യചലനവും ആരംഭിച്ചതു്. ഒരു ദിവസം ആട്ടുമാട്ടുകളെ മേച്ചുകൊണ്ടിരുന്ന കസാക്കുകൾ കണ്ടതു് വാഹനങ്ങളിൽ നിന്നു തൊഴിലാളികൾക്കു പകരം പട്ടാളക്കാർ ചാടിയിറങ്ങുന്നതാണു്. ഇതുകണ്ട കസാക്കുകൾ വേഗം തന്നെ തങ്ങളുടെ മൃഗങ്ങളെ തെളിച്ചുകൊണ്ടു താവളത്തിലെത്തുകയും, തമ്പുകളഴിച്ചു സാമാനങ്ങളും തുത്തുപെറുക്കിയെടുത്തു് ഒട്ടകങ്ങളുടെയും മററു മൃഗങ്ങളുടെയും പുറത്തേററി ദക്ഷിണദിക്കു ലക്ഷ്യമാക്കി യാത്രപുറപ്പെട്ടുകയും ചെയ്തു. വിവരമറിയിക്കാൻ ഒസ്മാൻ ബത്തൂറിൻെറ അടുത്തേയ്ക്കു് ദൂതന്മാരെയും അയച്ചു. അവരും സഹസ്രക്കണക്കിൽ മററാളുകളും ബൈത്തിക്ക്ബോഗ്ദോ പർവ്വതനിരയിൽ അഭയം തേടി.

ആലിഹാൻ തുറെയുടെ അന്തർദ്ധാനവും ഈ സൈന്യങ്ങളുടെ ആഗമനവും കൂടെയായപ്പോൾ സോവിയററു് റഷ്യയുടെ പരിപാടിയെന്താണെന്ന കാര്യത്തിൽ കസാക്കു് നേതാക്കന്മാരുടെയും, ടർക്കിസ്റ്റാനിലെ എല്ലാ ജനങ്ങളുടെയും, കണ്ണുതെളിഞ്ഞു. ഇതിൻെറ ഫലമായി കസാക്കുകളും മററു നാട്ടുകാരും ചീന ഭരണാധികാരികളുമായി യോജിച്ചുകൊണ്ടു് സോവിയററു റഷ്യക്കും ഔട്ടർ മംഗോളിയാ സംസ്ഥാനത്തിനും എതിരായി പൊരുതാൻ തയാറായി. മനാസ്സ് നദിയുടെ ഇരുകരയിലുമുണ്ടായിരുന്നവർക്കു് കത്തിച്ചുകളഞ്ഞ മനാസ്സ് പാലം പുതുക്കിപ്പണിയാൻ വലിയ താല്പര്യമുണ്ടായിത്തീൎന്നു.

എന്നാൽ ചീനർ തമ്മിൽത്തന്നെ ഐക്യമുണ്ടായിരുന്നില്ല. പലരും കസാക്കുകളെ കൊള്ളക്കാരായിട്ടാണു് എണ്ണിയിരുന്നതു്. പ്രദേശിക ഉദ്യോഗസ്ഥന്മാരിൽ ചിലർ കമ്മ്യൂണിസ്ററുകളോടു ചേൎന്നു. സോവിയററു് യൂണിയൻെറ സഹായം കൂടെയുണ്ടായിരുന്നതിനാൽ ചീന കമ്മ്യൂണിസ്ററുകളുടെ ശക്തി വീണ്ടും വർദ്ധിച്ചുതുടങ്ങി.

ഇങ്ങനെ കസാക്ക് ഇതിഹാസത്തിന്റെ ഒരു ഭാഗം ആരംഭിക്കുന്നു. തങ്ങളുടെ ശത്രു, കമ്മ്യൂണിസമാണെന്നു് അവർക്കു് ഉറപ്പായി; റഷ്യൻ കമ്മ്യൂണിസമായാലും ചീനക്കമ്മ്യൂണിസമായാലും എല്ലാം ഒന്നുതന്നെ. 1946—മുതൽ കസാക്കുകളെ നാം കാണുന്നതു്, ആദ്യം വടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ നിന്നും, ചൈനയിൽ കമ്മ്യൂണിസം പടന്നു പിടിച്ചതോടെ കിഴക്കുഭാഗത്തുനിന്നും, ഉള്ള ആക്രമണങ്ങളിൽ നിന്നു തങ്ങളുടെ ജീവിതസമ്പ്രദായത്തെ രക്ഷിക്കാൻ പരിശ്രമിക്കുന്നതായിട്ടാണു്. അവരുടെ സൈന്യശക്തി 30,000—ത്തിൽ കുറവായിരുന്നു. സഞ്ചാരിവർഗ്ഗമായിരുന്നതിനാൽ അവർ തുടർച്ചയായി യുദ്ധം ചെയ്തുകൊണ്ടു നീങ്ങുകയായിരുന്നു; അക്കൂട്ടത്തിൽതന്നെ അവരുടെ സ്ത്രീകളുംകുഞ്ഞുങ്ങളും വളർത്തുമൃഗങ്ങളുംഎല്ലാം. അവരുടെ സ്വാധീനത്തിലുണ്ടായിരുന്ന ആയുധങ്ങളെപ്പററി മുമ്പുപറഞ്ഞുവല്ലോ. ആവശ്യത്തിനുവേണ്ടതൊന്നും വേണ്ട അളവിൽ ഒരിക്കലുമുണ്ടായിരുന്നില്ല. അവരെ നേരിട്ടുന്ന കമ്മ്യൂണിസ്ററുകാർക്കാണെങ്കിലൊ, വൻതോക്കുകളും കവചിതവാഹനങ്ങളും ടാങ്കുകളും വിമാനങ്ങളുമൊക്കെയുണ്ടായിരുന്നു താനും.

റഷ്യൻ മംഗോൾ സൈന്യങ്ങളെ തടഞ്ഞു നിത്താൻ ശ്രമം നടത്തുന്നതിനുവേണ്ടി ഒസ്മാൻബത്തൂർ ഉടനെ വടക്കോട്ടു തിരിച്ചു. എന്നാൽ ചുവപ്പുതാടിക്കാക്കെതിരായി വിജയകരമായി സമരം ചെയ്തു അയാളുടെ ഒളിപ്പോരുകാരെ ഇത്തവണ നേരിട്ടതു് വളരെ വ്യത്യസ്ത സ്വഭാവമുള്ള, ഒരു ശത്രുവാണു്. അധികം താമസംകൂടാതെ ഈ കസാക്ക് ഭടന്മാരും മററു സാധാരണ കസാക്കുകളെപ്പോലെ ബൈത്തിക്ക് ബോഗ്ദോയിലെയ്ക്കു പിൻവാങ്ങി അഭയം തേടേണ്ടിവന്നു. പതിമൂവായിരം മുതൽ പതിനയ്യായിരംവരെ ഉയരത്തിലുള്ള ഹിമാവൃതപർവതങ്ങളായിരുന്നു അവരുടെപിൻപുറത്തു്. അവിടെ നിന്നുകൊണ്ടു് ശത്രുവിനു കടന്നുവരാനുള്ള പാതയിൽ ഒസ്മാൻ കാവലിട്ടു. അവരെ ഓടിച്ചുവിടാൻ അയാൾക്കു പ്രയാസമുണ്ടായിരുന്നില്ലെങ്കിലും പിൻതുടന്നുചെന്നാക്രമിക്കാൻ ശ്രമിക്കുമ്പോ

ഴെല്ലാം ശത്രുവിൻെറ ശക്തി തനിക്കു വെല്ലാൻ കഴിയാത്തവിധം കൂട്ടതലാണെന്നു് അനുഭവപ്പെട്ടു.

കുൽദ്ജായിൽ റഷ്യക്കാർ വ്യത്യസ്തമായ സമ്പ്രദായങ്ങളാണു് സ്വീകരിച്ചിരുന്നതു്. റഷ്യാക്കാർ അതിർത്തി കടന്നുചെന്നു് ആലിഹാൻ തുറെയുടെ സൈന്യത്തെ നിയന്ത്രണത്തിലെടുത്തു. അവരുടെ ശമ്പളം പററിയിരുന്ന ഇഷാക് ബെഗ്ഗ് എന്ന ഒരു കസാക്കിനു് അതിൻെറ ആധിപത്യം ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. ആ സേനയ്ക്കു് യൂനിഫോറം, ആഹാര സാമഗ്രികൾ, ശമ്പളം മുതലായതെല്ലാം റഷ്യാക്കാർ എത്തിച്ചു കൊടുത്തു. ഈ സമൃദ്ധി ആ സൈനികർക്കു് പുതിയ അനുഭവമായിരുന്നു. ഒരു കൊല്ലംകൊണ്ടു് അതു നല്ല അഭ്യാസം സിദ്ധിച്ച ഒരു സേനാവിഭാഗമായിത്തീർന്നു.

ഇക്കൂട്ടത്തിൽ തന്നെ കുൽദ്ജാ ഉടമ്പടിയിലെ വ്യവസ്ഥകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടു്, പുതിയ ഭരണസഭയിലേക്കു്, കുഴപ്പമുണ്ടാക്കാൻ പോന്നവരെത്തന്നെ കണ്ടുപിടിച്ചു് തിരഞ്ഞെടുത്തയച്ചു.

ഇക്കാലത്തൊക്കെ കുൽദ്ജായിൽ വന്നുപോകാൻ ഹംസായെ അനുവദിച്ചിരുന്നു. അയാൾക്കു ലഭിച്ച കമ്മ്യൂണിസ്ററു പാഠങ്ങൾ, അയാളെ തങ്ങളുടെ ഭാഗത്തേയ്ക്കു് ചാഞ്ഞുവരാൻ സഹായിക്കുമെന്നു റഷ്യാക്കാർ പ്രതീക്ഷിച്ചിരുന്നുവെന്നു തോന്നുന്നു. എങ്കിൽ, അവർക്കു തെററിപ്പോയി.

ഇങ്ങനെ വന്നും പോയുമിരുന്നതിനിടയിൽ ആലിഹാൻതുറെയുടെ സൈനികരെ റഷ്യാക്കാർ കൈകാര്യം ചെയ്യുന്ന രീതി ഹംസാ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കസാക്ക് സൈനികരെ നല്ല പട്ടാളമുറയിൽ സമരം ചെയ്യുമാറു പരിശീലിപ്പിച്ചെടുക്കാൻ അയാളുടെ സഹോദരൻ യൂനുസ് ഹാജി പരിശ്രമിച്ചു നോക്കിയിട്ടുള്ളതാണു്. പക്ഷേ വളരെ പ്രയോജനപ്പെട്ടില്ല. എന്നാൽ റഷ്യാക്കാർ ആ ശ്രമത്തിൽ വിജയിക്കുന്നു എന്നു കണ്ടതു് ഹംസായെ അസ്വസ്ഥനാക്കി. അയാളുടെ കീഴിലുള്ള സൈനികർ തന്നെ വിശ്വസ്തതയും അനുസരണശീലവും ഉള്ളവരായി

രുന്നുവെന്നു വരികിലും അവക്കു് ആധുനികായുധങ്ങളോ ശമ്പളമൊ യൂനിഫോറമൊ ഉണ്ടായിരുന്നില്ല. എന്നാൽ റഷ്യാക്കാർ പരിശീലിപ്പിച്ചേട്ടക്കുന്നവർക്കാകട്ടെ, ഇതെല്ലാമുണ്ടായിരുന്നു. മാത്രമല്ല, തങ്ങൾക്കു ലഭിക്കുന്ന ഈ സൗകര്യങ്ങൾ അവർ ഇഷ്ടപ്പെട്ടുന്നതായും കാണപ്പെട്ടു.

ആലിഹാൻ തുറെയെ റഷ്യാക്കാർ തട്ടിക്കൊണ്ടു പോയശേഷം കസാക്കു് നേതാക്കളുടെ ഒരു രഹസ്യയോഗം ആലിബെഗ്ഗ് വിളിച്ചു കൂട്ടി. കമ്മ്യൂണിസത്തെ നേരിടുന്നതിനു് ചീന ദേശീയകക്ഷി അനുവദിക്കുന്നപക്ഷം അവരോടു ചേർന്നുനിന്നു പ്രയത്നിക്കണമെന്നും റഷ്യയ്ക്കെതിരായി പ്രചരണം സംഘടിപ്പിച്ചു് റഷ്യൻ സ്വാധീന വലയത്തിൽ പെട്ട കസാക്കുകളുടെയിടയിൽ പ്രയോഗിക്കണമെന്നും ഉള്ള കാര്യത്തിൽ അഭിപ്രായയൈക്യമുണ്ടായിരുന്നു.

ചീന ദേശീയകക്ഷിയുമായി കൂടിയാലോചന നടത്താൻ ജനിംഖാൻ എന്ന കസാക്കു് നേതാവിനെ ചുമതലപ്പെടുത്തി. 1947 ഫെബ്രുവരിയിൽ ആവശ്യത്തിനു തികയാൻ മാത്രമില്ലായിരുന്നെങ്കിലും ഏതാനും ആയുധങ്ങളും വെടിക്കോപ്പുകളുമൊക്കെ ചീനദേശീയ കക്ഷിക്കാരിൽ നിന്നു സമ്പാദിക്കാൻ അയാൾക്കു കഴിഞ്ഞു. ചീന ഉദ്യോഗസ്ഥരിൽ മിക്കവക്കും കസാക്കുകളെ വിശ്വാസമില്ലായിരുന്നു. കൊള്ളക്കാരെന്നു തങ്ങൾ ഗണിക്കുന്ന കസാക്കുകളുടെ കയ്യിൽ ആയുധം ഏല്പിച്ചുകൊടുക്കുന്നതു് ആപല്ക്കരമായ ഒരു പരീക്ഷണമായിരിക്കുമെന്നായിരുന്നു അവരുടെ അഭിപ്രായം.

പ്രചരണവിഷയത്തിൽ ആലിബെഗ്ഗും സ്നേഹിതന്മാരുംകൂടെ രഹസ്യമായി ഒരു "അവലോകനം" പ്രസിദ്ധീകരിച്ചു. കുൽദ്ജാ പ്രദേശത്തേക്കു് അതിൻെറ പ്രതികൾ കൊണ്ടുപോകുന്നതിൻെറ ചുമതലയെടുത്തതു് ഹംസായായിരുന്നു. അയാൾ കുൽദ്ജാ സന്ദർശിച്ചതിൻെറ കാര്യമെന്തെന്നു റഷ്യാക്കാർ അറിയാനിടയായിരുന്നുവെങ്കിൽ അയാൾക്കു് അധികനാൾ സ്വതന്ത്രനായി കഴിഞ്ഞുകൂടാൻ കഴിയുമായിരുന്നില്ല.

1947-ൽ മാഹ്സൂദ് സാബ്രി എന്ന തുർക്കിയെ പൂർവ്വടർക്കിസ്ഥാൻെറ പുതിയ അദ്ധ്യക്ഷനാക്കി. ജനപ്രീതി നേടിയ ഒരു വ്യാപാരിയായിരുന്നു, അയാൾ. മുൻ അദ്ധ്യക്ഷനായിരുന്ന ചീനജനറൽ ചാങ്ങിനെ, ചിയാങ്ങ് കെഷേയുടെ ഉത്തര-പശ്ചിമ ചൈനാ സമാധാന സംസ്ഥാപന സമിതിയുടെ ഡയറക്ടറായി നിയമിച്ചു. മാഹ്സൂദ് സാബ്രിയുടെ മന്ത്രിമാരിൽ രണ്ടുപേർ കസാക്കുകളായിരുന്നു; ജനിംഖാനും സാലിസും. മന്ത്രിമാരിൽ പതിനഞ്ചു പേർ തദ്ദേശീയരായ വിവിധ വർഗ്ഗക്കാരുടെ പ്രതിനിധികളായിരുന്നു; പത്തു പേർ ചീനരും. ഈ രണ്ടു കൂട്ടരിലും കുറേപ്പേർ റഷ്യാക്കാരുടെ പ്രതിഫലം പററുന്നവരായിരുന്നുവെന്നാണ് ആലിബെഗ്ഗും ഹംസായും വിശ്വസിക്കുന്നതു്.

മനാസ്സിലെയും ഉറുംചിയിലെയും തൻെറ സഹപ്രവത്തകരുമായി സമ്പർക്കത്തിലേർപ്പെടാൻ ഒസ്മാൻ ബത്തുറിനു കഴിയാത്തവിധം അയാളുടെ ചലനങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന ഒരു പുതിയ റോഡ് റഷ്യാക്കാർ നിർമ്മിച്ചു. അയാൾക്കു വീണ്ടും തെക്കോട്ടു നീങ്ങി കുച്ചെങ്ങിനു സമീപമുള്ള ററീൻഷാൻ പർവ്വതനിരകളിൽ താവളമുറപ്പിക്കേണ്ടിവന്നു. ശിശിരകാലത്തു മാത്രം ആവശ്യത്തിനുള്ള വെള്ളം കിട്ടുന്ന പ്രദേശമായിരുന്നു ഇതു്. ഇക്കാലത്തിനുള്ളിൽ ആൾട്ടായ് പ്രദേശത്തെ കസാക്കു വർഗ്ഗക്കാരിൽ ഭൂരിഭാഗവും വീടും കുടിയും ഒഴിഞ്ഞുപോകാൻ നിർബ്ബന്ധിതരായിക്കഴിഞ്ഞിരുന്നു. ദീർഘകാലമായി ചീനർ തങ്ങളുടെ പ്രദേശമെന്നു് അവകാശപ്പെട്ടുകൊണ്ടിരുന്ന പ്രദേശത്തിനുള്ളിലേയ്ക്കു്, സോവിയററും, മംഗോളിയയും, തങ്ങളുടെ തെക്കേ അതിർത്തി രഹസ്യമായി മാററി ഉറപ്പിച്ചും കഴിഞ്ഞിരുന്നു. ആലിബെഗ്ഗിൻെറയും ഹംസായുടെയും വാക്കുകളിൽനിന്നു് എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞതു് റഷ്യാക്കാരെയും മംഗോളിയരെയും തടയാൻ ദേശീയ ചൈനക്കാർ ഒന്നും ചെയ്തില്ലെന്നും, ഒസ്മാൻ ബത്തുറും അയാളുടെ കസാക്ക് ഒളിപ്പോരു സേനയും മാത്രമാണു് അവരെ എതിർത്തതെന്നുമാണു്.

അട്ടത്തപടിയായി റഷ്യാക്കാർ മനാസ്സ് പ്രദേശത്തെ ആക്രമിക്കാനാണു് പരിപാടി തയാറാക്കുന്നതെന്ന കാര്യത്തിൽ ഹംസായ്ക്കു സംശയമില്ലായിരുന്നു. റഷ്യക്കാരിൽനിന്നു പരിശീലനം നേടിയ കസാക്കുകളും സ്വതന്ത്ര കസാക്കുകളും തമ്മിലുള്ള സംഘട്ടനം അനിവാര്യമായിരുന്നു. അതു് 1947 ഡിസംബറിൽ പൊട്ടിപ്പുറപ്പെട്ടു. എന്നാൽ റഷ്യാക്കാരുടെ പരിശീലനം എല്ലാ കസാക്കുകളിലും പൂർണ്ണമായി ഫലപ്പെട്ടിരുന്നില്ല. അവരുടെ മൊത്തം സംഖ്യയുടെ മൂന്നിലൊന്നു വരുന്ന എണ്ണായിരം പേർ ഹംസായുടെ നേതൃത്വത്തിലുള്ള സ്വതന്ത്ര കസാക്കു് സേനയിൽ ചേർന്നു. അവർ ആലിബെഗ്ഗിനോടു ചേർന്നു യുദ്ധം ചെയ്കയും അയാളുടെ സൈന്യം വിജയം കൈവരിക്കയും ചെയ്തു.

അവക്കു ജീവിക്കാനുള്ള സ്ഥലത്തിൻെറ വിസ്തൃതി ക്രമേണ ചുരുങ്ങിച്ചുരുങ്ങി വന്നു. എങ്കിലും കസാക്കുകൾ ശുഭപ്രതീക്ഷയോടെ കഴിഞ്ഞുകൂടി. ഒസ്മാൻ ബത്തൂറിൻെറ കീഴിലുള്ള കസാക്കു് പടയാളികളെ ചീന സൈന്യത്തിൻെറ ഭാഗമായി പരിഗണിക്കുന്നതാണെന്നു് ഒടുവിൽ ചൈനാഗവണ്മെൻറു സമ്മതിച്ചു. ബൈത്തിക്ബോഗ്ദോയിലും ആൾട്ടായ്യിലും നിന്നു റഷ്യാക്കാരെയും മംഗോളിയരെയും തുരത്തിവിടാനുള്ള ഒരു പുതിയ പരിശ്രമം നടത്താൻ കഴിവുണ്ടു് തനിക്കെന്നു് ഒസ്മാനു വിശ്വാസം തോന്നി. ശിശിരകാലമായിരുന്നു, അതു്. എന്നാൽ കസാക്കുകൾ എല്ലാ കാലാവസ്ഥയിലും പ്രവൃത്തിയെടുക്കാൻ കഴിവുള്ളവരായിരുന്നു. എന്നുമല്ല, ഗ്രീഷ്മകാലമാകുമ്പോഴെയ്ക്കു് തങ്ങളുടെ കൈവിട്ടുപോയ പീഠഭൂമികൾ അധീനത്തിലെടുക്കേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യവുമായിരുന്നു.

സ്വന്തം സേനയെ ഒസ്മാൻ ബത്തൂർ നേരിട്ടു നയിക്കാത്ത ആദ്യത്തെ സന്ദർഭമായിരുന്നു ഇതു്. അയാളുടെ പുത്രൻ ഷെർദിൻമാനായിരുന്നു നായകൻ. 1947 ഡിസംബർ 7–നു് എട്ടുദിവസത്തെ വഴി ദൂരമുള്ള ഒരിടത്തു് കസാക്കുകൾ ആക്രമണം നടത്തിക്കൊണ്ടിരിക്കെ ആക

സ്ഥികമായി ശത്രുസേനയിലെ നൂറു് അശ്വസൈനികർ ഒസ്മാനുമായി നേരിട്ടു് ഏററുമുട്ടി. വീരാഗ്രണിയായ ഒസ്മാനെപ്പററിയുള്ള കസാക്കു് ഗാനത്തിൻെറ ഒരു ഭാഗമായിത്തീർന്നിട്ടുണ്ടു്, തുടർന്നു് അവിടെ നടന്ന സമരത്തിൻെറ ചരിതം.

ഒസ്മാൻ തമ്പിനുള്ളിലല്ല, പുറും തടിച്ച മൺഭിത്തിയോട്ടുകൂടിയ ഉയരം കുറഞ്ഞ ഒരു കുടിലിലാണു്, താമസിച്ചിരുന്നതു്. പുറത്തേയ്ക്കിറങ്ങാൻ ഒരു വാതിലേ ഉണ്ടായിരുന്നുള്ളു. ആയുധധാരികളായ ആളുകൾ ആ വാതിൽ തുറക്കാൻ ശ്രമിക്കുന്നതു് അയാൾ ജനാലയിൽക്കൂടെ കണ്ടു. ശത്രുക്കൾ ഇത്ര അടുത്തെത്തിയിരിക്കുന്നതായി അയാൾക്കു യാതൊരു രൂപവുമുണ്ടായിരുന്നില്ല. പക്ഷേ തോക്കു് എപ്പോഴും അയാൾ സമീപത്തുതന്നെ സൂക്ഷിച്ചിരുന്നു. വെടിയേററു തല തകർന്നു്, ശത്രുഭടന്മാരിൽ രണ്ടുപേർ വീണു മരിച്ചു. മററുള്ളവർ ഓടി.

ഒസ്മാൻെറ ഒപ്പം അയാളുടെ ഭാര്യയും ആറുവയസ്സായ മകളും യന്ത്രത്തോക്കു ധരിച്ച ഒരു ഭൃത്യനുമുണ്ടായിരുന്നു. ചെറിയൊരു തോക്കു് ഒസ്മാൻെറ ഭാര്യയുടെ പക്കലുമുണ്ടായിരുന്നു. വെടിത്തിരകൾ ധാരാളമുണ്ടു്. എന്നാൽ പകൽസമയം ശത്രുക്കളെ ചെറുത്തു നിർത്താൻ കഴിഞ്ഞേക്കുമെന്നിരിക്കിലും ഇരുട്ടിക്കഴിഞ്ഞാൽ കാര്യം അപകടത്തിലാണു് എന്നു വ്യക്തമായിരുന്നു.

വീട്ടിനുള്ളിലുണ്ടായിരുന്നവർ നാലുപേരും ശത്രുക്കളുടെ നടപടികൾ നിരീക്ഷിക്കാൻവേണ്ടി കുടിലിനുള്ളിൽ ചുററിനടന്നു് ഇടയ്ക്കിടെ എത്തിനോക്കിക്കൊണ്ടിരുന്നു. അങ്ങനെ എത്തിനോക്കുമ്പോഴെല്ലാം അവരെ ലക്ഷ്യമാക്കി വെടി പൊട്ടിക്കൊണ്ടിരുന്നു. ഒസ്മാൻെറ മകൾ വെടിയേററു മരിച്ചു. യന്ത്രത്തോക്കുകാരനു് പരുക്കേററു. ഒസ്മാനും ഭാര്യയുംകൂടെ കുട്ടിയെ കുഴിച്ചിട്ടിട്ടു് യന്ത്രത്തോക്കുകാരനെ, വാതിലിനു നേരെയെത്തുന്നവരുടെ നേരെ നിറയൊഴിക്കാൻ പററിയ ഒരു സ്ഥാനത്തു പ്രതിഷ്ഠിച്ചു. ആരുടെയെങ്കിലും തല കാണുമ്പോഴൊക്കെ ഭിത്തിക്കു മീതെക്കൂടെ വെടിവയ്ക്കുന്നതിനിടയിൽ, ഒസ്മാനും

ഭാര്യയും ഉറച്ച മഞ്ഞുകട്ടികൾ മീതെയും ഹിമപ്പരപ്പിന്മുകളിലും ഓടാനുള്ള പ്രത്യേകതരം ലാടൻ തറച്ച രണ്ടു കുതിരകളെ യാത്രയ്ക്കൊരുക്കി നിർത്തിയിരുന്നു.

അന്ധകാരം പരന്നപ്പോൾ രണ്ടുപേരും കുതിരപ്പുറത്തുകയറി പാഞ്ഞുപോയി. കൂടെ കൊണ്ടുപോകാൻ നിവൃത്തിയില്ലാത്തതുപോലെ പരുക്കേററിരുന്ന യന്ത്രത്തോക്കുകാരനെ അവിടെ ഉപേക്ഷിച്ചു പോകേണ്ടിവന്നു. ശത്രുക്കളിൽ ഏതാനും പേർ അവരെ പിന്തുടർന്നു ചെന്നു. കുറെപ്പേരെ ഒസ്മാൻ വെടിവെച്ചു വീഴ്ത്തി. ബാക്കിയുള്ളവർ പിൻവാങ്ങി.

ഏതാനും ദിവസങ്ങൾക്കുശേഷം ഒസ്മാൻ മടങ്ങിയെത്തിയപ്പോൾ എല്ലാം ചാമ്പലായിക്കഴിഞ്ഞിരുന്നു. ശത്രുക്കൾ അപ്പൊഴും ചുററിപ്പററി നടക്കുന്നുണ്ടായിരുന്നു. പക്ഷേ ഒസ്മാൻെറ അംഗരക്ഷകർ അവരിൽ പലരെയും കൊന്നൊടുക്കി. ചത്തവരിൽ ചിലർ മംഗോളിയരും, ചിലർ റഷ്യൻ യൂണിഫോറം ധരിച്ച കസാക്കുകളും, കുറെപ്പേർ റഷ്യാക്കാരുമായിരുന്നു.

ഈ ആക്രമണം നടന്ന ദിവസം ഉറുംചിയിൽ വാർത്ത പ്രചരിച്ചു, ഒസ്മാൻ ബത്തൂർ കൊല്ലപ്പെട്ടിരിക്കുന്നു എന്നു്. ആക്രമണം ഒരു വേള അവിടെ സംവിധാനം ചെയ്യപ്പെട്ടതാവാം; അല്ലെങ്കിൽ വാർത്തകൾ അസാധാരണ വേഗത്തിൽ സഞ്ചരിച്ചിരുന്നിരിക്കാം.

കമ്മ്യൂണിസ്ററ് ചാരന്മാർ എല്ലായിടത്തുമുണ്ടായിരുന്നു. അവർ സമർത്ഥമായി കാര്യങ്ങൾ ഗ്രഹിക്കുന്നവരുമായിരുന്നു. ഒരുവൻ ചാരനാണെന്നു സംശയം ജനിച്ചാൽ കസാക്കുകൾ അവനെ തന്നെത്താൻ കുഴിച്ച ഒരു കുഴിയിൽ കുററം സമ്മതിക്കുംവരെ നിർത്തും. നീതിനടത്തലിൽ ഒരുതരം പരുക്കൻ സമ്പ്രദായമായിരുന്നു ഇതു്. ചാരന്മാരല്ലാത്തവരും ചിലപ്പോൾ ഈ ക്രൂരതയ്ക്കു് ഇരയായിപ്പോയിട്ടുണ്ടു്. എങ്കിലും കുററക്കാരോ അല്ലാത്ത

വരോ ആയ ആരെയും കയ്യിൽ കിട്ടിയാൽ ദംഡിച്ചു കൊലചെയ്യുന്ന ശത്രുക്കളുടെ രീതിയെക്കാൾ ഭേദമായിരുന്നു കസാക്കുകളുടേതു്. അവർ കുററവാളികളെ കൊലപ്പെടുത്തിയിരുന്നെങ്കിലും നിരപരാധികളെ മോചിപ്പിച്ചിരുന്നു. അനേകം ചാരന്മാരെ അവർ കണ്ടുപിടിക്കുയും ചെയ്തു. എന്നാൽ എല്ലാവരേയും കിട്ടിയില്ല.

---

## 8

### ഭരണം പിടിച്ചെടുക്കൽ

വീണ്ടും ചൈനയുടെ തലവനായി നിയമിതനായ ചിയാങ്ങ് കെഷേയുടെ ബഹുമാനാർത്ഥം നാങ്കിങ്ങിൽ നടക്കുന്ന ആഘോഷങ്ങളിൽ സംബന്ധിക്കാൻ 1948 ഏപ്രിലിൽ ഹംസായെയും ഒസ്മാൻ ബത്തുറിൻെറ പുത്രൻ ഷെർദിർമാനെയും തിരഞ്ഞെടുത്തു. ഹംസാക്കു് ഇരുപത്താറു വയസ്സുണ്ടു്. ഷെർദിർമാനു് ഒന്നുരണ്ടു വയസ്സു കൂടുതലും. ഹംസാക്കു് ചീനഭാഷ നന്നായിട്ടു സംസാരിക്കാമായിരുന്നു.

യുദ്ധമന്ത്രി ജനറൽ പായ്ചുങ്ങ്-ഹ്സീയുമായി അവിടെവച്ചു് അവർ സംസാരിച്ചു. കുറെയൊക്കെ സോവിയററു് ഗവണ്മെൻറിൻെറ സഹായംകൊണ്ടും, ഒട്ടൊക്കെ നാങ്കിങ്ങിലെ ഐകമത്യക്കുറവുകൊണ്ടും ദിവസംതോറും ശക്തിപ്രാപിച്ചുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റുകൾക്കെതിരെ ചൈനായിലെ മുസ്ലീമുകളെ മുഴുവൻ സംഘടിപ്പിച്ചു യുദ്ധസന്നദ്ധരാക്കിക്കൊണ്ടു നീങ്ങാനുള്ള ഒരു പരിപാടി യുദ്ധമന്ത്രിക്കുണ്ടായിരുന്നു. മുസ്ലീമുകളെല്ലാം ജനറൽ പായ്യെ ശക്തിയായി അനുകൂലിച്ചിരുന്നുവെങ്കിലും "സഹവർത്തിത്വ"ത്തിൽ വിശ്വസിക്കുന്ന ഒരു സംഘ

ആൾക്കാർ ചിയാങ്ങ്കെഷേയുടെ വിശ്വാസപാത്രങ്ങളായി ചുററിക്കൂടി നിന്നിരുന്നതിനാൽ ജനറലിൻെറ സ്വാധീനശക്തി കുറഞ്ഞുവരുകയായിരുന്നു.

സഹവത്തിത്വംകൊണ്ടു തങ്ങൾക്കുണ്ടായ അനുഭവത്തെപ്പററി മുസ്ളീമുകൾ—പ്രത്യേകിച്ച് പൂവ്വ്ടക്കിസ്ഥാൻകാർ — വിശദീകരിച്ചുകൊടുക്കാൻ ശ്രമിച്ചുനോക്കി. "തൻെറ മുട്ടകൾ മറെറാരു പക്ഷിയുടെ കൂട്ടിൽ അതിൻെറ മുട്ടകളോടൊപ്പം നിരുപദ്രവമായി കിടക്കാനനുവദിക്കുന്ന കുയിൽപക്ഷിയുടെ സമ്പ്രദായത്തിനാണു് 'സഹർത്തിത്വ'മെന്നു പറയുന്നതു്. കുയിലിൻെറ മുട്ടകൾ വിരിഞ്ഞു പക്ഷിക്കുഞ്ഞുങ്ങൾ പുറത്തുവന്നു വളരുമ്പോൾ അവ തങ്ങളോടു സഹവത്തിച്ച മറെറ പക്ഷിക്കുഞ്ഞുങ്ങളെ വെളിയിലാക്കും. ആ പുറത്താക്കപ്പെട്ട കുഞ്ഞുങ്ങൾ ചത്തു് ശാന്തി നേടുന്നു. അവ ചത്തതിനാൽ കൂട്ടിനകത്തു വീണ്ടും ശാന്തി നിലവിൽ വരുന്നു." എന്നാണു് ഒരു വൃദ്ധൻ ഒരിക്കൽ എന്നോടു പറഞ്ഞതു്.

ഷെർദിർമാനും ഹംസായും ഉറുംചിയിൽനിന്നു മടങ്ങിയെത്തി അഭിപ്രായപ്പെട്ടതു് ചീന ദേശീയ ഗവണ്മെൻറിൽനിന്നു യാതൊരാശ്വാസം വഴിയില്ലെന്നാണു്. നാങ്കിങ്ങിൽ ആലോചനയെല്ലാം രാഷ്ട്രീയ കയ്യാങ്കളികളെപ്പററിയാണു്; എന്തെങ്കിലും പ്രവത്തിക്കാനല്ല. "അങ്ങാടിയിലെ വ്യാപാരികളെപ്പോലെ കലപലാ പുലമ്പുകയാണവരുടെ തൊഴിൽ. നല്ല സംഖ്യ കൊടുത്താൽ വിലയ്ക്കു വാങ്ങാം, അവരെ മിക്കവരെയും. അവരും അവരുടെ അമേരിക്കൻ ഉപദേഷ്ടാക്കളും ഒമ്പതു വർഷക്കാലം ഷെങ്ങിൻെറ ഭരണത്തിൻകീഴിൽ കഴിഞ്ഞിരുന്നെങ്കിൽ അവക്കു മനസ്സിലാകുമായിരുന്നു, വമ്പിച്ച ആദായങ്ങൾ വാഗ്ദാനം ചെയ്കയും തങ്ങളുടെ കാര്യം നേടിക്കഴിയുമ്പോൾ എല്ലാം തിരികെ പിടിച്ചുവാങ്ങുകയും ചെയ്യുന്നതാണു് കമ്മ്യൂണിസ്റ്റുകാരുടെ സമ്പ്രദായമെന്നു്."

ആദ്യത്തെ അടി ഉടനെതന്നെ വീണു. പൂവ്വ്ടക്കിസ്ഥാനിലെ ചീനസേനയെ ഒരു പുതിയ സൈന്യാധിപൻെറ കീഴിലാക്കിക്കൊണ്ടുള്ള ഉത്തരവു് നാങ്കിങ്ങിൽനിന്നുണ്ടാ

യി. കസാക്കു് സൈനികർ ചീനസേനയുടെ ഭാഗമല്ലെന്നു വന്നു. അവർ യൂണിഫോറവും ആയുധങ്ങളും തിരിച്ചു കൊടുക്കണം. പുതിയ സൈന്യനായകനായി ടാവൊടസ്സയൊ അവരോടു പറഞ്ഞു, അവക്കു് യൂണിഫോറവും ആയുധങ്ങളും ആവശ്യമെങ്കിൽ പൂവ്വ്ടക്കിസ്ഥാൻ ഗവണ്മെൻറിൽനിന്നും ലഭിക്കുമെന്നും, എന്നാൽ സമാധാന ഉടമ്പടി ഉണ്ടാകാൻ പോകുന്ന സ്ഥിതിക്കു് അതിൻെറ ആവശ്യം വരുകയില്ലെന്നും.

കമ്മ്യൂണിസ്റ്റുകാർ അധികാരം പിടിച്ചെടുത്തപ്പോൾ ജനറൽ ടാവൊ ഉറുംചിയിൽ തന്നെ താമസിച്ചിരുന്നുവെന്നും അയാൾക്കു് അവർ ഉയർന്ന ഉദ്യോഗം നൽകി എന്നുംകൂടെ ഇവിടെ പറയേണ്ടതുണ്ടു്.

ജനറൽ ടാവൊ ഉറുംചിയിലെത്തി, കസാക്കുസൈനികർ മേലാൽ ചീനസേനയുടെ ഭാഗമായിരിക്കുന്നതല്ല എന്നു പ്രഖ്യാപിച്ചപ്പൊഴും ഒസ്മാൻ ബത്തുർ റഷ്യാക്കാർക്കും മംഗോളിയക്കും എതിരായി കസാക്കുകളെ നയിച്ചുകൊണ്ടു സമരം നടത്തുകയായിരുന്നു. അതുമല്ല വമ്പിച്ച ലോഹസമ്പത്തോടുകൂടിയ ആൾട്ടായ് പ്രവിശ്യയിലേയ്ക്കു് അന്യരുടെ പ്രവേശനം സോവിയററു ഗവണ്മെൻറു് നിരോധിക്കുയും ചെയ്തിരുന്നു. ചീനപ്രദേശത്തു് സോവിയററുകാർ നടത്തുന്ന ഖനനപ്രവത്തനത്തിൻെറ വ്യാപ്തി മററുള്ളവർ അറിയാതിരിക്കാൻ വേണ്ടിയാണു് ഈ നടപടി സ്വീകരിച്ചതു്.

ചിയാങ്ങ് കൈഷേയെ ചൈനയിൽനിന്നോടിച്ചുവിടുകയും കമ്മ്യൂണിസ്റ്റുകാരനായ മാവൊസെ തുങ്ങു് അവിടത്തെ ഭരണമേറെറടുക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും ആൾട്ടായ് പ്രദേശവും കുൽദ്ജാ–താർബർഗത്തായ് പ്രദേശങ്ങളുടെ ഭൂരിഭാഗവും സോവിയററുഗവണ്മെൻറിൻെറ കൈവശത്തിൽ തന്നെയാണെന്നാണു് ആലിബെഗ്ഗും ഹംസായും പറയുന്നതു്.

പൂവ്വ്ടർക്കിസ്ഥാനിലെ ജനപ്രിയനായിരുന്ന തുർക്കി അദ്ധ്യക്ഷൻ മഹ്സൂദ് സാബ്രിയെ സ്ഥാനത്തുനിന്നു് നീക്കിയിട്ടു് ചീനർ പകരം ബുർഹാൻ ഷാഹേദിയെ

നിയമിച്ചു. ഇയാളെപ്പററി അധികം പറയണമെന്നില്ല. ജനറൽ ടാവൊായെയും, പൂർവ്വപശ്ചിമ ചൈനയിലെ സമാധാനസ്ഥാപന തലസ്ഥാനത്തിൻെറ തലവനായി ചിയാങ്ങ് കെ ഷേയാൽ നിയുക്തനായിരുന്ന ജനറൽ ചാങ്ങിനെയും പോലെ ഇയാളും, കമ്മ്യൂണിസ്റ്റുകാർ ബലമായി അധികാരം പിടച്ചെടുത്തപ്പോൾ ഉദ്യോഗത്തിൽ തുടർന്നിരുന്നു എന്നുമാത്രം പറഞ്ഞാൽ മതി. അദ്ധ്യക്ഷസ്ഥാനമേററിട്ട് ബുർഹാൻ ഷാഹേദി ആദ്യം ചെയ്ത കാര്യങ്ങളിലൊന്ന് ഒസ്മാൻ ബത്തൂറിനെയും ആലിബെഗ്ഗിനെയും രാജ്യത്തിൻെറ ശത്രുക്കളായി പ്രഖ്യാപിക്കയായിരുന്നു. എന്നാലും ഭരണകൂടത്തിലെ മുസ്ളീം അംഗങ്ങളുമായി—പ്രത്യേകിച്ച് സാലീസ്, ജാനിംഖാൻ എന്നിവരുമായി സമ്പർക്കം പുലർത്തിക്കൊണ്ടുപോകാൻ അവർക്കു കഴിഞ്ഞു.

കമ്മ്യൂണിസ്റ്റ് വിപത്ത് വ്യാപകമായിത്തുടങ്ങിയതോടെ പൂർവ്വ്വതുർക്കിസ്റ്റാനിലെ മുസ്ളീമുകളെ ഏകോപിപ്പിച്ച് ഒരു ഐക്യമുന്നണി സൃഷ്ടിക്കാനുള്ള പരിശ്രമം ഒന്നുകൂടെ നടത്തിനോക്കാൻ ആലിബെഗ്ഗ് നിശ്ചയിച്ചു. 1949 മാർച്ചിലാണിതു്. ചീനസേനയിലെ ചീന മുസ്ളീം സൈനികരുടെ നായകനായിരുന്ന ജനറൽ മാ ചെങ്ങ്—ഹ്സിയാങ്ങ് ഈ ആശയത്തെ സ്വാഗതം ചെയ്തു എന്നിരിക്കിലും, വളരെ കരുതലോടെ വേണം മുന്നോട്ടു നീങ്ങുന്നതെന്ന് ഉപദേശിച്ചു. ജനറൽ ചാങ്ങ് ദേശീയ ചീനയിൽ നിന്നു് ഉറുംചിയെ വേർപ്പെടുത്തിക്കഴിഞ്ഞതായി അയാൾ ആലിബെഗ്ഗിനോടു പറഞ്ഞു. അതുതന്നെയായിരുന്നു കസാക്കുകളുടെ ധാരണയും.

കസാക്കുകളും ചീന മുസ്ളീമുകളുമായി നടന്ന സംഭാഷണത്തെപ്പററി ചാരന്മാർ മുഖേന അറിഞ്ഞുവശായ ജനറൽടാവോ,ദേശശത്രുക്കളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കസാക്ക് കൊള്ളക്കാരുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിച്ചുകൊള്ളണമെന്ന് ജനറൽ മായ്ക്ക് കല്പനനൽകി.

മേലധികാരിയുടെ കല്പനഅനുസരിക്കാൻ ജനറൽ മാ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ എങ്ങനെയെന്നറി

ഞ്ഞില്ല, തുടന്നുവന്ന നിശകളിൽ അനേകം തോക്കുകളും വെടിക്കോപ്പുകളും കൈബോംബുകളും മററും ഗോതമ്പു നിറച്ച ചാക്കുകളിൽ കുത്തിനിറച്ച് ആ ചാക്കുകൾ പട്ടാപ്പകൽസമയത്ത് ഒട്ടകങ്ങളുടെ പുറത്തു കയററി ഉറുംചിയിൽനിന്നു കടത്തിക്കൊണ്ടു പൊയ്ക്കൊണ്ടിരുന്നു. ഒട്ടകങ്ങളെ മനാസ്സിലേയ്ക്കുള്ള മാർഗ്ഗത്തിൽ തെളിച്ചുതുടങ്ങിയിട്ട്, മദ്ധ്യേമാർഗ്ഗം വഴിതിരിച്ചുവിട്ട് പർവ്വതങ്ങളിലെയ്ക്കു നയിക്കുന്ന മലമ്പാതവഴി നടത്തിവിടുകയായിരുന്നു, രീതി. ചാക്കുകൾ ആലിബെഗ്ഗിൻെറ ആൾക്കാർ അഴിച്ച് അതിൽനിന്ന് ആയുധങ്ങളും മററും പുറത്തെടുത്തു കഴിഞ്ഞാൽ, അവയെ യഥാപൂർവ്വം തുന്നിക്കെട്ടി ഒട്ടകങ്ങളുടെ പുറത്തേററി അവയെ വീണ്ടും നടത്തി പ്രധാനവീഥിയിലെത്തിക്കും.

ഇതിനിടയ്ക്ക് പർവ്വതോദരത്തിലെ ആലിബെഗ്ഗിൻെറ വസതിയിൽ ചീനമുസ്ളീമുകളും തുർക്കികളും രഹസ്യമായി സന്ധിച്ച് കൂടിയാലോചനകൾ നടത്തുന്നുമുണ്ടായിരുന്നു. എന്നാൽ ഈ കൂട്ടർക്ക് ആർക്കും പരസ്പരം വലിയ വിശ്വാസമുണ്ടായിരുന്നില്ല. തൻെറ അടുത്തിരിക്കുന്നവൻ ഉള്ളുകൊണ്ട് ഒരു കമ്മ്യൂണിസ്റ്റായിരിക്കുമോ, അല്ലെങ്കിൽ സ്വന്തം തടി തപ്പാൻ വേണ്ടി ഇവിടെ തീരുമാനിക്കപ്പെടുന്ന യുദ്ധതന്ത്ര രഹസ്യങ്ങൾ ഉറുംചിയിലെത്തി കമ്മ്യൂണിസ്റ്റുകാർക്കു പറഞ്ഞുകൊടുക്കുന്നവനായിരിക്കുമോ, എന്നൊന്നും ആർക്കും ഉറപ്പിച്ചുകൂടമായിരുന്നില്ല.

നീണ്ട ആലോചനകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം കസാക്കുകളും തുർക്കികളും ചീനമുസ്ളീമുകളും ഒരു തീരുമാനത്തിലെത്തി; കമ്മ്യൂണിസ്റ്റുകാർ മുന്നേറാൻ ഉപയോഗിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്ന മാർഗ്ഗത്തിനഭിമുഖമായി ററീൻഷാൻ പർവ്വതനിരയുടെ ദക്ഷിണഭാഗത്തു തങ്ങളുടെ സൈന്യശക്തി കേന്ദ്രീകരിക്കണമെന്ന്. ചീനമുസ്ളീമുകളെ സംബന്ധിച്ചിടത്തോളം ഇത് എളുപ്പമായിരുന്നു. എന്തെന്നാൽ അവരുടെ സായുധസേനയുടെ ഭൂരിഭാഗവും ഉറുംചിയിലായിരുന്നു; അവർക്കു സഞ്ചരിക്കാൻ നല്ല റോഡുമുണ്ട്. തുർക്കികൾക്കു യുദ്ധത്തിലേർ

പ്പെടത്തക്ക ആളുകൾ ചുരുക്കമായിരുന്നു. ആലിബെഗ്ഗിനെയും അയാളുടെ നിയന്ത്രണത്തിലുള്ള കസാക്കുകളെയും സംബന്ധിച്ചിടത്തോളം നില ഇതായിരുന്നില്ല. ററീൻഷാൻ പർവ്വതനിരയുടെ ഉത്തരഭാഗത്തുള്ള തങ്ങളുടെ താവളം വിട്ട്, ആട്ടമാട്ടുകളും വളർത്തുമൃഗങ്ങളുമൊക്കെയായി താരതമ്യേന മഴ കുറവുള്ള ഒരു പുതിയ പ്രദേശത്തേക്കാണ് പുതിയ ഭൂമി തേടി അവർക്കു നീങ്ങേണ്ടതു്. എന്നാണ് സ്വന്ത നാട്ടിലേയ്ക്കു മടങ്ങാൻ കഴിയുക എന്നു് ദൈവത്തിനല്ലാതെ ആർക്കറിയാം?

ആ നീണ്ട കുടിപുറപ്പെട്ടുപോക്കിൻെറ ആദ്യഘട്ടത്തിൽ അവരുപയോഗിച്ച വഴിയുടെ ഒരു ഏകദേശരൂപം ആലിബെഗ്ഗ് എന്നെ വരച്ചു കാണിച്ചു. ഭാരം കയററിയ തങ്ങളുടെ ജന്തുക്കളെ പർവ്വതനിരകളിലൂടെ നടത്തിക്കൊണ്ടുപോകാൻ തക്കവിധം മഞ്ഞുരുകിത്തുടങ്ങിയ ഘട്ടത്തിൽ ഏപ്രിൽ മാസത്തിൽ അവർ യാത്രയാരംഭിച്ചു. 15,000 അടി ഉയരത്തിൽ 150 മൈൽ നീളത്തിൽ നെട്ടുകെ കിടക്കുന്ന പർവ്വതപ്രദേശം; ഇടയ്ക്കെങ്ങും കടന്നുപോകത്തക്ക ഒരു മലമ്പാതപോലുമില്ല. ഓർമ്മയായ കാലം മുതൽ അവർ കണ്ടുകൊണ്ടിരിക്കുന്നതും, അവർക്കും അവരുടെ ജന്തുക്കൾക്കും സംരക്ഷണമരുളിക്കൊണ്ടിരിക്കുന്നതുമായ മൂന്നു ഹിമഗിരികൾ അവർ കടന്നുപോകുന്നതിൻെറ ഇടതുഭാഗത്തായി ഉയർന്നു നിന്നിരുന്നു.

മിക്കവാറും ഭാഗത്തു വഴിയൊന്നുമുണ്ടായിരുന്നില്ല. തമ്പുകളും സാധനസാമഗ്രികളും ആലിബെഗ്ഗിൻെറ വക ഇരുമ്പുകൊണ്ടുള്ള വലിയ പാചകപാത്രവുമൊക്കെ ചുമന്നുകൊണ്ടു നടന്നു നീങ്ങാൻ മൃഗങ്ങൾ വളരെ ക്ലേശിച്ചു. ററീൻഷാൻ പർവ്വതനിരയിൽപ്പെട്ട കാളപർവ്വതങ്ങൾ (Black Mountains) തുണരാജ്യമായ കുക്കലുക്ക് മുതലായവ അവർ പിന്നിട്ടു. ചീനക്കെതിരായി നടത്തിയ അവസാനയുദ്ധത്തിനു മുമ്പുള്ള സമരം ബൊക്കൊബത്തുർ നടത്തിയതു് കുക്കലുക്കിൽവച്ചാണ്.

കാര്യങ്ങൾ രക്ഷയില്ലാത്ത ഘട്ടത്തിലെത്തി എന്നു ധാരണയാൽ പ്രധാനപ്പെട്ട രണ്ടു തുർക്കിനേതാക്കളായ

ഈസാബെഗ്ഗും മുഹമ്മദ് എമിൻ ബഗ്രായും രഹസ്യമായി ഉറുംചി വിട്ടു പൊയ്ക്കളഞ്ഞു എന്ന വാർത്ത ആലിബെഗ്ഗിൻെറ ചെവിയിലെത്തി. അവരുടെ കൂടെത്തന്നെ ഉറുംചിയിൽനിന്നു് നാന്നൂറു പുരുഷന്മാരും അവരുടെ സ്ത്രീകളും ഒഴിഞ്ഞുപോയി. ഇവരിൽ മിക്കവരെയും കാഷ്മീർ അതിർത്തിയിൽവച്ചു ചീനകമ്മ്യൂണിസ്ററു് പട്ടാളക്കാർ പിൻതിരിപ്പിച്ചുവിട്ടു. എന്നാൽ ഈസാബെഗ്ഗും മുഹമ്മദ്എമീനും മുമ്പോട്ടുള്ള യാത്ര തുടന്നു.

കാറക്കോറം പർവതനിരയിൽ പുതിയ മഞ്ഞു വളരെ ഉയരത്തിൽ വീണുകിടന്നിരുന്നു. അവിടെ സമുദ്രനിരപ്പിൽ നിന്നു 18,000 അടി ഉയരത്തിലായിരുന്നു, റോഡ്. മുഹമ്മദ് എമീൻെറ മകൾ ശീതബാധകൊണ്ടു മൃതിയടഞ്ഞു. പക്ഷേ മററുള്ളവർ കടന്നുകൂടി. അയാളും ഭാര്യയും മകനും വളരെക്കൊല്ലം കാശ്മീരിൽ ജീവിച്ചശേഷം ടർക്കിയിലേയ്ക്കു പോയി. ഈസാബെഗ്ഗ് ഒടുവിൽ ഫൊർമോസായിലേയ്ക്കു പോകയാണുണ്ടായതു്.

കമ്മ്യൂണിസ്റ്റുകാർക്കെതിരായി തുർക്കികളുടെ സഹായമുണ്ടാകുമെന്ന പ്രതീക്ഷയും അവരോടൊപ്പം അപ്രത്യക്ഷമായി. 1945 എപ്രിൽ 15-ാംനു ആലിബെഗ്ഗ് വീണ്ടും ഒരു യുദ്ധാലോചനാ സമിതി വിളിച്ചുകൂട്ടി. ഇപ്രാവശ്യം കസാക്കുകൾ മാത്രമേ ഹാജരായിരുന്നുള്ളു. അവർ ആലിബെഗ്ഗിനെ നേതാവായി അംഗീകരിക്കുകയും, പൂർവടക്കിസ്ഥാനിലെയ്ക്കു നീങ്ങാൻ തയാറെടുക്കുന്ന കമ്മ്യൂണിസ്റ്റ് എട്ടാം പടയ്ക്കെതിരായി ഉറുംചിയിലേയ്ക്കുള്ള മാർഗ്ഗം കിഴക്കുനിന്നു നിരോധിക്കാൻ വേണ്ട നടപടിയെടുക്കുവാൻ ഉടനെ ഉസ്മാൻ ബത്തൂറിനെ ചെന്നു കണ്ടു് ആലോചന നടത്താൻ അയാളെ അധികാരപ്പെടുത്തുകയും ചെയ്തു.

ആലിബെഗ്ഗ് യാത്രപുറപ്പെടുന്നതിനു മുമ്പായി ചീന മുസ്ളീമുകളുടെ ഒരു നേതാവു് അയാളെ കാണാനെത്തിയിരുന്നു. ചീനമുസ്ളീം പടയാളികളുടെ ആയുധം മടക്കി വാങ്ങുമെന്നും, അവരെ ചീന സേനയിൽ നിന്നു പുറത്താക്കുമെന്നും ജനറൽ ടാവൊ ഭീഷണിപുറപ്പെടുവിച്ചിരിക്കുന്നതായി അയാൾ പറഞ്ഞു.

"ഞങ്ങൾ അനുസരിക്കാൻ ഉദ്ദേശിച്ചിട്ടില്ല" അയാൾ പറഞ്ഞു. "നമുക്കു് ഒന്നായി ചേൎന്നു നിൽക്കാം; ഞങ്ങളുടെ ആളുകളും നിങ്ങളുടെ ആളുകളും. എന്നിട്ടു സമരം ചെയ്യാം. ലഭിക്കാനിടയില്ലാത്ത കാരുണ്യത്തിനു വേണ്ടി യാചിക്കുന്നതിനെക്കാൾ ഭേദം പടവെട്ടി മരിക്കുന്നതല്ലെ?"

ആലിബെഗ്ഗ് അതിനോടു യോജിച്ചു. എങ്കിലും മുമ്പൊരിക്കൽ വിപ്ളവത്തിനൊരുമ്പെട്ടപ്പോൾ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്ന ചീനമുസ്ളീമുകളിൽ പൂർണ്ണമായി വിശ്വാസമർപ്പിക്കാമൊ എന്നു് അയാൾക്കു സംശയമായിരുന്നു. അവസാനമായപ്പോൾ അവരുടെ സൈനികനേതാക്കൾ കുടുംബങ്ങളെയും കൂട്ടി ഒളിച്ചോടി. എന്നാൽ സൈനികരിൽ ചിലർ തങ്ങളുടെ ആയുധങ്ങളും കൊണ്ടു് കസാക്കുകളുടെ പക്ഷത്തു ചേൎന്നു.

കസാക്കുകൾക്കു് ഇപ്പോൾ സമരസന്നദ്ധരായ 15,000 ഭടന്മാരുണ്ടായിരുന്നു. എതിർ വശത്തൊ, വളരെവേഗം വളൎന്നുകൊണ്ടിരിക്കുന്ന ചീനകമ്മ്യൂണിസ്റ്റു് കക്ഷിയുടെ ശക്തിയും, സോവയററു യൂണിയൻെറ ആയുധസഹായവും പിൻബലമായുള്ള കമ്മ്യൂണിസ്റ്റു് എട്ടാം പടയും. കൂടാതെ റഷ്യാക്കാരാൽ പരിശീലിതരായ 15,000 കസാക്കു ഭടന്മാരുമുണ്ടായിരുന്നു. ഇതിനൊക്കെ പുറമെ ജനറൽ ടാവൊയുടെ ഉത്തരവനുസരിച്ചു് ഏതു ചേരിയിലും ചേൎന്നുനിന്നു സമരം ചെയ്യാൻ തയാറുള്ള 10,000 ഭടന്മാർ വേറെയും.

ഒസ്മാൻബത്തൂറിനെ കാണാനായി 1949 മേയ് മാസത്തിൽ ആലിബെഗ്ഗ്, കൂച്ചെംഗിലെത്തി. തങ്ങളുടെ കസാക്കുകളിൽ മാത്രമേ പൂർണ്ണമായി വിശ്വാസമർപ്പിച്ചുകൂടൂ എന്നു കാൎയ്യത്തിൽ രണ്ടുപേരും ഏകാഭിപ്രായക്കാരായിരുന്നു. ററീൻഷാൻ പർവതനിരയുടെ തെക്കുഭാഗത്തുള്ള കാരാഷാഹർ പ്രദേശത്തേയ്ക്കു് ഒസ്മാൻ ബത്തൂറിൻെറയും താവളം മാററണമെന്നകാൎയ്യത്തിലും അവർ യോജിച്ചു. അവിടെ ഒസ്മാൻബത്തൂറിൻെറ അനുയായികൾക്കു് അവരുടെ മൃഗങ്ങളെ വേനൽക്കാലത്തു തീററിപ്പോററാനും ആളുകൾക്കു് ആകസ്മികമായ ആക്രമണങ്ങളിൽനിന്നു രക്ഷപ്പെടാൻ പർവതവക്ഷസ്സിലേയ്ക്കു് ഒളിച്ചുമാറാനുമൊക്കെ

സൗകര്യമുണ്ട്. പക്ഷെ കാറാഷാഹറിലെക്കുള്ള മാർഗ്ഗം ജനറൽ ടാവൊയുടെ സൈന്യം പ്രതിബന്ധിച്ചുകളകയാൽ ററിൻഷാൻ പർവത നിരയുടെ കിഴക്കെ അററത്തുള്ള ബർക്കുലിലെയ്ക്കു താവളം മാററാനാണ് ഒസ്മാൻ തീർച്ചപ്പെടുത്തിയതു്.

മടക്കയാത്രയിൽ ഉറുംചിയിലെ അമേരിക്കൻ സ്ഥാനപതി ഹാൾപാക്സണെ ആലിബെഗ്ഗ് കണ്ടു സംസാരിക്കണമെന്നും തീരുമാനിക്കപ്പെട്ടു. ആലിബെഗ്ഗിനെ സംബന്ധിച്ചിടത്തോളം അപകടകരമായ ഒരു സംരംഭമായിരുന്നു ഇതു്. ഒരു വേള പാക്സൻെറ ഉദ്യോഗത്തെ അപകടത്തിലാക്കുന്നതും. എങ്കിലും അവർ കൂടിക്കണ്ടു. ആ കൂടിക്കാഴ്ചയെപ്പററി ആലിബെഗ്ഗിനു കൂടുതലായൊന്നും പറയാനില്ല. ഹാൾ പാക്സൺ അധികം താമസിക്കാതെ മരണമടയുകയും ചെയ്തു. ആയുധങ്ങൾ ലഭിക്കാൻ സഹായിക്കണമെന്നാണ് ആലിബെഗ്ഗ് അഭ്യർത്ഥിച്ചതെന്നും അനുഭാവം രേഖപ്പെടുത്തുകയും ഉപദേശം നൽകുകയും എന്നതിൽ കവിഞ്ഞൊന്നും ചെയ്യാൻ മിസ്റ്റർ പാക്സണ് കഴിഞ്ഞില്ലെന്നും ഊഹിക്കാം. ഉറുംചി, ബാഹ്യലോകവുമായി ബന്ധം മുറിഞ്ഞ നിലയിലാണ് അന്നു കഴിഞ്ഞിരുന്നതു്. അമേരിക്കയുടെയും ബ്രിട്ടൻെറയും സ്ഥാനപതി മന്ദിരങ്ങളിലേയ്ക്കു വന്നിരുന്ന എല്ലാ തപാൽ ഉരുപ്പടികളും ജനറൽ ചാങ്ങിൻെറ സമാധാന സ്ഥാപനസമിതി കേന്ദ്രആപ്പീസിൻെറ പരിശോധനയ്ക്കു വിധേയമായിരുന്നു.

1949 ജൂൺ ആയപ്പോഴെയ്ക്കു് ഒരു ഐക്യ മുസ്ലീം മുന്നണി സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഉപേക്ഷിക്കയേ തരമുള്ളുവെന്നു കണ്ട ആലിബെഗ്ഗ് ആ പ്രദേശത്തെ മംഗോൾ നേതാവായ കാരാഷാഹറിലെ വാങ്ങിനെ സമീപിക്കാൻ തീർച്ചപ്പെടുത്തി.

കസാക്ക് വർഗ്ഗത്തലവന്മാരുടെ മറെറാരു സമ്മേളനം അയാൾ വിളിച്ചുകൂട്ടി. കമ്മ്യൂണിസ്റ്റുകാരുമായി സമരം ചെയ്താൽ വിജയ സാദ്ധ്യതയുണ്ടോ എന്ന കാര്യം ആദ്യമായി ആലോചിക്കപ്പെട്ടു. ഉണ്ടു് എന്ന തീരുമാ

നത്തിലെത്തി. രണ്ടാമത്തെ തീരുമാനം, സമരത്തിൽ പരാജയമാണു സംഭവിക്കുന്നതെങ്കിൽ തങ്ങളുടെ ആട്ടമാട്ടുകളുമായി താമസമാക്കാൻ കടന്നു് ഗെജ്കുലിലേക്കു പോകണമെന്നതായിരുന്നു. അവിടെയാണു് ബൊക്കൊബത്തൂർ തൻെറ അന്തിമ സമരം നടത്തിയതു്. അവിടെയാണു് 1936-നുശേഷം ഹുസേൻ താജിയും സുൽത്താൻ ഷെരിഫും അപകടങ്ങളെ ഒഴിഞ്ഞു ജീവിക്കുന്നതു്. എല്ലാ മർദ്ദനഭരണങ്ങൾക്കുമെന്നപോലെ ഇന്നത്തെ ദുർഭരണത്തിനും അവസാനമുണ്ടാകും. അന്നു നാട്ടിലേക്കു മടങ്ങിവരാം.

പിന്നെ അവർ വാങ്ങിൻെറ സഹായമാവശ്യപ്പെടുന്ന കാര്യം ആലോചനയ്ക്കെടുത്തു. ഏററവും വിശേഷപ്പെട്ട രണ്ടു കുതിരകളേയും കൊണ്ടു് ആലിബെഗ്ഗ് പോകണം. പകരം തത്തുല്യമായ ഗുണവിശേഷമുള്ള രണ്ടെണ്ണത്തിനെ വാങ്ങ് നൽകാത്ത പക്ഷം കൂടിക്കാഴ്ച അവിടെവച്ചു് അവസാനിപ്പിക്കണം.

ഈ ഘട്ടം ശരിയായി കടക്കുന്ന പക്ഷം പ്രതിജ്ഞകൾ എടുക്കുന്നതിൻെറ ന്യായമായ രീതിയിൽ ആചാരപ്രകാരമുള്ള അടുത്ത നടപടികൾ നടക്കണം. തൻെറ ഉത്തമവിശ്വാസം തെളിയിക്കാൻ ഒരു തോക്കു് വായോടുചേർത്തുപിടിച്ചും ഒരു വെടിത്തിര തലയിൽ വച്ചും കൊണ്ടു് വാങ്ങ് സംസാരിക്കാൻ തയാറാകണം. അങ്ങനെ ചെയ്യാൻ വാങ്ങ് തയാറാകാത്ത പക്ഷം കാര്യം പറയാതെ ആലിബെഗ്ഗ് മടങ്ങിക്കൊള്ളണം.

എന്നാൽ വാങ്ങാകട്ടെ ആലിബെഗ്ഗിനെ സന്തോഷപൂർവ്വം സ്വീകരിക്കയും ആവശ്യം വരുന്ന അവസരത്തിൽ എത്രയാളുകളെ നൽകി സഹായിക്കാൻ കഴിയുമെന്നു് വ്യക്തമാക്കുകയും ചെയ്തു. സമയമായി എന്നു് ആലിബെഗ്ഗിൽനിന്നു് അറിവു കിട്ടുന്നതുവരെ അയാൾ ഒന്നും ചെയ്യാതെ ഒതുങ്ങിയിരിക്കണമെന്ന തീരുമാനത്തോടെ അവർ പിരിഞ്ഞു.

എന്നാൽ സമയമായപ്പോൾ അയാൾ ഒന്നും ചെയ്തില്ല. എന്തെന്നാൽ പലതും അവിചാരിതമായി ഇടയ്ക്കു സംഭവിച്ചു.

വാങ്ങുമായി കൂടിക്കാഴ്ച നടന്നതു് 1949-ജൂൺ 8-ാം നു യാണു്. ആഗസ്റ്റ് 5-ാംനു കസാക് തലവന്മാരുടെ ഒരു യോഗം ചേരാൻ തീരുമാനിച്ചിരുന്നതു് ഒസ്മാൻ ബത്തൂരിനു സംബന്ധിക്കാനുള്ള അസൗകര്യം പ്രമാണിച്ചു് നീട്ടി വച്ചു. കമ്മ്യൂണിസ്റ്റുകാർ ഭരണം പിടിച്ചെടുക്കാൻ തുടന്നു തന്നെ തയാറാവുകയായിരുന്നു. നിവൃത്തിയുള്ളവർ ഉറുംചി വിട്ടൊഴിഞ്ഞുപോയി. പലകടകളും വീട്ടുകളും ഒഴിഞ്ഞുകിടന്നു. ബാക്കി അവിടെ താമസിച്ചിരുന്ന ആളുകൾ ഓരോ പ്രഭാതത്തിലും ഉണരുന്നതു ഭീതിയോടെയാണു്. തങ്ങൾക്കെന്താണു സംഭവിക്കുക? കമ്മ്യൂണിസ്റ്റുകളെ തടഞ്ഞു നിർത്താമെന്ന പ്രതീക്ഷ നഗരത്തിലുണ്ടായിരുന്നില്ല. പർവ്വതങ്ങളിൽ പതിയിരുന്ന കസാക്കുകൾ മാത്രമേ സമരത്തിനു സന്നദ്ധരായിരുന്നുള്ളു.

കമ്മ്യൂണിസ്റ്റുകളുടെ ആദ്യത്തെ നീക്കം ആരും പ്രതീക്ഷിക്കാത്ത രീതിയിലായിരുന്നു. അടുത്ത ദിവസം എട്ടാം സേനാവിഭാഗത്തെ സ്വാഗതംചെയ്യാൻ എല്ലാവരും റഷ്യൻ വിമാനത്താവളത്തിലേയ്ക്കുള്ള റോഡുമാർഗ്ഗം നീങ്ങിക്കൊള്ളണമെന്നുള്ള കല്പനയുടെ പ്രതികൾ പെട്ടെന്നു് നഗരത്തിലെങ്ങും പതിക്കപ്പെട്ടു. പ്രത്യേകമായ പോലീസ് അനുമതിരേഖകൂടാതെ നഗരത്തിൽ കാണുന്ന ആരെയും വിചാരണകൂടാതെ ഉടൻ വെടിവെച്ചുകൊല്ലും.

മൂന്നു വിമാനത്താവളങ്ങളുണ്ടായിരുന്നു; ചീനരുടേതു്, അമേരിക്കയുടേതു്, റഷ്യയുടേതു്. റഷ്യൻ വിമാനത്താവളം വടക്കുപടിഞ്ഞാറു ഭാഗത്തായിരുന്നു. അതിരാവിലെ മുതൽ അങ്ങോട്ടുള്ള വഴിയിലൂടെ ജനങ്ങൾ തിക്കിത്തിരക്കി പ്രവഹിച്ചുതുടങ്ങി; വൃദ്ധരും യുവാക്കളും, പുരുഷന്മാരും സ്ത്രീകളും, അരോഗികളും രോഗികളും, സമ്പന്നരും ദരിദ്രരുമെല്ലാംകൂടെ വെയിലിൽ നിരനിരയായി നീങ്ങുമ്പോൾ റോഡിൽ പൊടിപടലം ഉയന്നു പൊങ്ങിക്കൊണ്ടിരുന്നു.

എട്ടാംസേനാവിഭാഗം അന്നു വന്നെത്തിയില്ല. അടുത്ത ദിവസവും ആളുകൾ ചെന്നു കാത്തുനിൽക്കേണ്ടിവന്നു. പക്ഷേ അന്നും പട്ടാളം വന്നെത്തിയില്ല. എന്നാൽ മൂന്നാം

ദിവസം സൈന്യത്തിൻെറ മുന്നണിഘടകം വന്നെത്തി; റഷ്യൻആയുധങ്ങൾ ധരിച്ച നാലയ്യായിരം ചീന കമ്മ്യൂണിസ്റ്റ് ഭടന്മാർ. എല്ലാവരും സ്വാഗതം മുഴക്കി. എന്തുകൊണ്ടെന്നാൽ ആ രംഗം ചലച്ചിത്രത്തിലേയ്ക്കു് പകർത്തിക്കൊണ്ടിരുന്നതിനാൽ ചലിക്കാത്ത അധരങ്ങളും പതാക പിടിക്കാത്ത കരങ്ങളും എളുപ്പം കണ്ടുപിടിക്കപ്പെട്ടുമായിരുന്നു എന്നതു നിശ്ചയമാണു്.

എട്ടാം സേനാവിഭാഗം വന്നെത്തിയ വിവരം വേഗം നാടെങ്ങും പരന്നു. ആലിബെഗ്ഗ് ഉടനെ തന്നെ ഹംസയെയും അയാളുടെ കൂടെ പണിയെടുത്തിരുന്ന കൈനേഷിനെയും, ചില കസാക് നേതാക്കളെ കാണാനായി ഉറുംചിയിലെക്കയച്ചു. ഗവൺമെൻറിലെ മന്ത്രിമാരായ സാലിസ്, ജനീംഖാൻ എന്നിവരെയും വ്യാപാരിയായ അദീലിനെയും ചരിത്രപണ്ഡിതനായ അബ്ദൽകരീമിനെയും 'ഖദാവാൻെറ ഭർത്താവു്' എന്നു മാത്രമറിയപ്പെട്ടിരുന്ന ഒരു പഴയ കസാക് നേതാവിൻെറ ഭാര്യയായ ഖദാവാനേയും അക്കൂട്ടത്തിൽ കാണാൻ ചുമതലപ്പെടുത്തിയിരുന്നു. അവരെല്ലാം സുരക്ഷിതത്വത്തിനുവേണ്ടി കുടുംബാംഗങ്ങളെയും ഭൃത്യരെയുമൊക്കെ കൂട്ടി ആലിബെഗ്ഗിൻെറ അടുത്തേയ്ക്കു് എത്തിക്കൊള്ളുന്നതിനു വേണ്ടിയാണു് സന്ദേശം അയയ്ക്കപ്പെട്ടതു്.

സാവധാനം അഭയാർത്ഥികളെല്ലാം — ജനീംഖാനും ഖദാവാനും ഒഴികെ—എത്തിച്ചേർന്നു. ജനീംഖാൻ നേരത്തെതന്നെ ഒസ്മാൻബത്തൂറിൻെറ കൂടെ കൂടാൻ പൊയ്ക്കഴിഞ്ഞിരുന്നു. ഖദാവാൻ ഉറുംചിയിൽ തന്നെ താമസം തുടരാൻ തീരുമാനിച്ചു.

ഹംസായുടെ കൂടെ അഭയാർത്ഥികളെ കൂട്ടിക്കൊണ്ടു് ആലിബെഗ്ഗിൻെറ താവളത്തിലേക്കു പോകവെ കൈനേഷ് പറഞ്ഞു "താങ്ങാനാവാത്ത തടിയും കൊണ്ടു കുതിരപ്പുറത്തു യാത്ര ചെയ്യാൻ വയ്യാത്തതു കൊണ്ടായിരിക്കാം അവൾ വരാഞ്ഞതു്."

തൻെറ മുഴുവൻ അനുയായിവർഗ്ഗത്തെയും കൂട്ടിക്കൊണ്ടു് ഖദാവാൻ കമ്മ്യൂണിസ്റ്റുകാരുടെകൂടെ കൂടുകയാണു്

ചെയ്തതെന്നു് പിന്നീട്ട് അവർക്കു മനസ്സിലായി. ഒരു കനത്ത അടിയായിരുന്നു അതു്. ശക്തരായ കസാക്കു് നേതാക്കളിൽ പ്രതിഷേധം കൂടാതെ കമ്മ്യൂണിസ്റ്റുകാരോടു ചേർന്ന ഏകവ്യക്തി ഈ സ്ത്രീയായിരുന്നു. ഒരു പക്ഷേ കൈനേഷ് പറഞ്ഞതുപോലെ, ഒരു മാംസപേശിയ്തമായിരുന്ന അവൾക്കു സമരജീവിതത്തിന്റെ കാർക്കശ്യങ്ങളെ നേരിടാൻ കഴിവില്ലെന്ന വിചാരമായിരിക്കാം ഈ നടപടിയെടുക്കാൻ അവളെ പ്രേരിപ്പിച്ചതു്. കമ്മ്യൂണിസ്റ്റുകാർക്കു് അവൾ സഹായകരമായി പ്രവർത്തിച്ചിരിക്കണമെന്നതിനു സംശയമില്ല. എന്തെന്നാൽ 1953-ൽ അവൾ ജീവിച്ചിരിക്കുന്നതായും, അവളുടെ വർഗ്ഗത്തിന്റെ മേൽ ആധിപത്യം പുലർത്തുന്നതായും അറിയപ്പെട്ടിരുന്നു.

തുർക്കിയിലെ കസാക് അഭയാർത്ഥികൾ അവളെ കുററപ്പെടുത്തുന്നില്ല. "ഒരാൾ പുരുഷനാകട്ടെ സ്ത്രീയാകട്ടെ, തന്റെ പ്രവർത്തികൾക്കു ദൈവത്തിനോടാണു് ഉത്തരം പറയേണ്ടതു്. അവളെ വിധിക്കാൻ ദൈവത്തിനേ അധികാരമുള്ളു."

ഇങ്ങനെയൊക്കെയാണെങ്കിലും കമ്മ്യൂണിസ്റ്റുകളുമായുള്ള സമരത്തിൽ വിജയം നേടുകയും ഖദാവാനെ തങ്ങളുടെ കയ്യിൽ കിട്ടുകയും ചെയ്തിരുന്നുവെങ്കിൽ കസാക്കുകൾ അവളെ കൊലപ്പെടുത്തുമായിരുന്നു എന്നതു നിശ്ചയമാണു്.

---

## 9

## പൊരുതിക്കൊണ്ടു പിന്മാററം

ഉരുംചി കൈവശപ്പെടുത്തൽ പൂർത്തിയാകുന്നതിനു മുമ്പുതന്നെ, പൂർവ്വടർക്കിസ്ററാനിൽ സോവിയററുകാരുടെയും മംഗോളിയരുടെയും കൈവശത്തിലായിക്കഴിഞ്ഞി

ട്ടില്ലാത്ത പ്രദേശങ്ങൾ കൂടെ അധീനത്തിലെടുക്കുന്ന സംരംഭത്തിൽ ചീനക്കമ്മ്യൂണിസ്ററുകൾ ഏർപ്പെട്ടു കഴിഞ്ഞു. കസാക്കുകളുമായുള്ള ഏറ്റുമുട്ടൽ ഒഴികെ എങ്ങും തന്നെ സമരമുണ്ടായിരുന്നില്ല.

ഈ യായാവരജനതയ്ക്കു് തങ്ങളുടെ താവളങ്ങളായ പവ്വതപ്രദേശങ്ങൾക്കു പുറത്തു വന്നു യുദ്ധം ചെയ്യുമ്പോൾ മാത്രമെ പരാജയം നേരിട്ടിരുന്നുള്ളു. പവ്വതങ്ങളിൽവച്ചു് അവരെ ജയിക്കാൻ ചീന എട്ടാംസേനാവിഭാഗത്തിനു കഴിഞ്ഞില്ല. കസാക്കുകൾ ഇങ്ങനെ തുടരെ ജയം നേടുന്നതു കമ്മ്യൂണിസ്ററുകാർക്കു സഹിച്ചുകൂടുമായിരുന്നില്ല. കസാക്കു് സ്വാതന്ത്ര്യസൈന്യം ഇങ്ങനെ യുദ്ധം തുടർന്നുകൊണ്ടു പോകുന്നതും അവർക്കു വിഷമമുണ്ടാക്കുന്ന കാൎയ്യമായിരുന്നു. അതുകൊണ്ടു് അവരെ സമ്പൂർണ്ണമായി നശിപ്പിക്കുന്ന ജോലി റഷ്യാക്കാരെ ഏല്പിച്ചു. റഷ്യാക്കാരുടെ നിയന്ത്രണത്തിലുള്ള കൽദ്ജാക്കാരായ കസാക്കുകളെ ഈ സംഹാരജോലിക്കു ചുമതലപ്പെടുത്തി.

റഷ്യാക്കാരിൽ നിന്നു പരിശീലനംനേടിയ ഈ പട്ടാളക്കാർക്കു് പവ്വതങ്ങളിലെ യുദ്ധസമ്പ്രദായവും ആധുനികായുധങ്ങൾ ഉപയോഗിച്ചുള്ള സമരമുറയും അറിയാമായിരുന്നു. അവർക്കു കവചിതവാഹനങ്ങളും ടാങ്കുകളും പവ്വതത്തോക്കുകളും റഷ്യൻ വിമാനങ്ങളുടെ സഹായവുമുണ്ടായിരുന്നു.

1949 ഒക്ടോബർ ആദ്യം—അതായതു് ഉറുംചി പിടിച്ചെടുക്കൽ കഴിഞ്ഞു് ഒരു മാസത്തിനു ശേഷം—ആണു് ആലിബെഗ്ഗിൻെറ സൈന്യത്തിനെതിരെയുള്ള ആദ്യത്തെ ആക്രമണമുണ്ടായതു്. കസാക്കുകളെ പവ്വതത്താവളങ്ങളിൽ നിന്നു പുറത്തേക്കാകർഷിച്ചു തുറന്ന ഭൂമിയിൽ ഇറക്കാൻ വേണ്ടി ധൈര്യവും പ്രാപ്തരുമായ സൈനികരുടെ ചെറുസംഘങ്ങളെ നിയോഗിക്കയാണു് ആദ്യം ചെയ്തതു്. ഏഴുപതു ദിവസത്തിലധികം അവിരാമമായി സമരം നടന്നു. ഇരുപുറത്തും വളരെ നഷ്ടമുണ്ടായി. ഇത്തരം സമരം സ്വാതന്ത്ര്യകസാക്കുകൾ പ്രതീക്ഷിച്ചതല്ല. അതിനുതക്ക കരുതലൊന്നുമെടുക്കാൻ

അവക്ക കഴിഞ്ഞിരുന്നുമില്ല. അവരുടെ വെടിക്കോപ്പു കൾ ഒട്ടുങ്ങിത്തുടങ്ങി. ശത്രുവിൻെറ വിഭവങ്ങൾ കട ത്തിക്കൊണ്ടുപോകുന്ന സമയം അവരെ കെണിയിൽ പിടിച്ചു സംഭാരങ്ങൾ നേടാൻ അവർ ശ്രമിച്ചുനോക്കി. എന്നാൽ ഇതു് ഷെങ്ങിൻെറ കാലത്തെന്നപോലെ അത്ര എളുപ്പമല്ലായിരുന്നു.

ഇത്തരം കെണികളോടനുബന്ധിച്ചുള്ള തൊഴികെ സമരം മുഴുവൻ പർവതകേന്ദ്രങ്ങളിലാണു് നടന്നുകൊ ണ്ടിരുന്നതു്. രണ്ടുകൂട്ടരും എതിരാളിയെക്കാൾ ഉയർന്ന സ്ഥാനത്തെത്തിനിന്നുകൊണ്ടു് ആ അനുകൂലസാഹചര്യമു പയോഗിച്ചു് ചുവട്ടിലുള്ള ശത്രുവിൻെറ നേരെ നിറയൊ ഴിക്കും. തോട്ടായില്ലാത്തപ്പോൾ വലിയ കല്ലുകളുരുട്ടി വിടാൻ പററിയ താവളം തേടി മത്സരിച്ചു മലകയറുകയാ യിരുന്നു. എല്ലാ ദിവസവും ഇരുകക്ഷികളും ഒരേ പർവത ത്തിലെ കൂടുതൽ ഉയർന്ന സ്ഥാനത്തിനു വേണ്ടി മത്സരി ച്ചു മലചുററിയും ഒളിച്ചുകയറിയും പ്രതിപക്ഷത്തിൻെറ മുകൾഭാഗത്തെത്താൻ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരു ന്നു.

ചിലപ്പോൾ പരസ്പരം ഒരു വെടിപോലും വയ്ക്കാ തെ ഇരുകക്ഷികളും ഇറക്കമിറങ്ങി കീഴോട്ടു പോരും. തങ്ങളെ അന്വേഷിച്ചു താഴെയുള്ള മലഞ്ചെരിവുകളിൽ നിരീക്ഷണ പര്യടനം നടത്തുന്ന സോവിയററു വിമാനങ്ങ ളുടെ നേരെ, ചുവട്ടിലേയ്ക്കു വെടിവെച്ചേൽപ്പിക്കത്തക്ക ഉയരത്തിലായിരിക്കും ചിലപ്പോൾ സ്വതന്ത്രകസാക്കുകൾ ചെന്നെത്തിയിരിക്കുക. ഒരുദിവസം ഇങ്ങനെ മുകളിൽ നിന്നു വെടിവച്ചു രണ്ടു വിമാനം തകർക്കാൻ അവർക്കു കഴിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ ഈ വിമാനങ്ങളെപ്പ ററി സ്വതന്ത്ര കസാക്കുകൾക്കു് ലേശം ഭയമില്ലാതായി. കുതിരകളെയും, മററു മൃഗങ്ങളെയും വിരളിപിടിപ്പിക്കുന്ന ഒരു ശല്യമെന്നുള്ള നിലയിലേ അവയെ കണക്കാക്കുന്നു ള്ളു എന്നു വന്നു.

രണ്ടു കൂട്ടരും ഒരേ യുദ്ധതന്ത്രം തന്നെയാണു് അംഗീ കരിച്ചിരുന്നതു്. അവരുടെ ലക്ഷ്യങ്ങൾ മാത്രം പരസ്പ

രം ബന്ധമില്ലാത്തവിധം അത്ര ഭിന്നങ്ങളായിരുന്നു. സ്വതന്ത്ര കസാക്കുകളെ പർവതങ്ങളിൽനിന്നും ഓടിച്ചുവിടുകയെന്നുള്ളതായിരുന്നു കമ്മ്യൂണിസ്റ്റുകളുടെ ലക്ഷ്യം; അവിടെത്തന്നെ ഉറച്ചു നിൽക്കണമെന്നുള്ളതു സ്വതന്ത്ര കസാക്കുകളുടെയും. "വെടിവയ്ക്കുന്നതു കൊല്ലാനായിരിക്കണം. ശത്രു കുതിരപ്പുറത്താണെങ്കിൽ ആളിനെയല്ലാതെ കുതിരയെ വെടിവയ്ക്കരുതു്. നമുക്കു് ആരെയും തടവുകാരായി വേണ്ട. പക്ഷേ കുതിരകളും ആയുധങ്ങളും നമുക്കാവശ്യവുമാണു്. അതു രണ്ടും നമുക്കു ചുരുങ്ങിക്കൊണ്ടാണു വരുന്നതു്."

നേരെ മറിച്ചു കമ്മ്യൂണിസ്റ്റുകാരാകട്ടെ കൊല്ലാനല്ല വെടിവെച്ചിരുന്നതു്. അവക്കു തടവുകാരെയായിരുന്നു ആവശ്യം. പ്രത്യേകിച്ചു് അവക്കു താൽപ്പര്യമുണ്ടായിരുന്നതു് സ്വതന്ത്രകസാക്കുകളുടെ നേതാക്കന്മാരെ പിടികൂടാനാണു്. എന്തെന്നാൽ നേതാക്കന്മാരുടെ അഭാവത്തിൽ സ്വതന്ത്രകസാക്കുകൾ അവരുടെ പഴയ താവളങ്ങളിലേക്കു മടങ്ങിക്കൊള്ളും. അതുമല്ല, ഈ നേതാക്കന്മാർ കാലുമാറി തങ്ങളുടെ കക്ഷിയിൽ ചേർന്നുകൊള്ളുമെന്നും കമ്മ്യൂണിസ്റ്റുകാർ പ്രതീക്ഷിച്ചു. അഥവാ അവർക്കു മനം മാററമുണ്ടായില്ലെങ്കിൽ തന്നെയും ഉണ്ടായെന്നു പ്രചരിപ്പിക്കാനും അവർ ചെയ്യാത്ത പ്രസ്താവനകൾ അവരുടെതായി പ്രസിദ്ധീകരിച്ചു് ആ സ്വാധീനവലയത്തിൽ കിട്ടുന്നവരെ തങ്ങളുടെ കക്ഷിയിൽ ചേക്കാനും അവർക്കു കഴിയുമായിരുന്നു.

പിന്നെ തടവുകാരിൽനിന്നു്—സ്ത്രീകളിൽ നിന്നുപോലും—പ്രയോജനകരമായ അറിവുകൾ ലഭിക്കാൻ കഴിയും. ഏതു തടവുപുള്ളിയെ ഉപയോഗിച്ചും ഏതാനും പേരെ സമരത്തിൽ നിന്നു പിൻതിരിപ്പിക്കാൻ കഴിഞ്ഞെന്നു വരാം. ഇന്ന ആളിന്റെ ഭാര്യയും കുട്ടികളും കമ്മ്യൂണിസ്റ്റു സേനയുടെ പിടിയിൽ പെട്ടിരിക്കയാണെന്നും, അവരെ മരണത്തിൽ നിന്നു രക്ഷപെടുത്തണമെന്നു താല്പര്യമുള്ള പക്ഷം അയാൾ കീഴടങ്ങികൊള്ളണമെന്നുമുള്ള സന്ദേശം മിക്ക ദിവസവും സ്വതന്ത്ര കസാക്കുകൾക്കു ലഭിച്ചുകൊ

ണ്ടിരുന്നു. ഇത്തരം ഭീഷണികൾ പലപ്പോഴും ഫലവത്തായിരുന്നു. തടവിൽപിടിച്ചിരുന്നവരെ മാത്രമല്ല, അവരെ രക്ഷിക്കാൻ വേണ്ടി കീഴടങ്ങിയവരെയും കൊലപ്പെടുത്തുകയെന്നതാണു സംഭവിക്കുന്നതെന്നു സ്വാതന്ത്ര്യകസാക്കുകൾ മനസ്സിലാക്കിക്കഴിയുന്നതുവരെ ഈ വിദ്യ പററിയിരുന്നു.

സ്വതന്ത്ര കസാക്കുകളെ അവരുടെ തമ്പുകളിൽ നിന്നും മൃഗങ്ങളിൽ നിന്നും വേർപെടുത്തുന്ന സമരതന്ത്രത്തിലായി,കുറെ കഴിഞ്ഞപ്പോൾ കമ്മ്യൂണിസ്റ്റുകളുടെ കൂടുതൽ ശ്രദ്ധയും. സ്വാതന്ത്ര്യകസാക്കുകളുടെ താവളങ്ങൾ കണ്ടുപിടിച്ച് സ്ത്രീകളെയും കുഞ്ഞുങ്ങളെയും വിരട്ടി ഓടിക്കുന്നതായി, സോവിയററു വിമാനസേനയുടെ ഒരു പ്രധാന പരിപാടി. പുരുഷന്മാർക്ക് തങ്ങളുടെ കുടുംബാംഗങ്ങളെയും ആട്ടമാട്ടുകളെയും സംരക്ഷിക്കുന്നതിൽ കൂടുതൽ സമയം വിനിയോഗിക്കേണ്ടിവരുകയാൽ ശത്രുക്കളെ കെണിവച്ചു പിടിക്കാനും എതിക്കാനുമുള്ള സൗകര്യം കുറവായി.

ഈ സമരത്തിൽ സ്വാതന്ത്ര്യകസാക്കുകൾക്ക് ഏററവും ദ്രോഹകരവും അസഹ്യവുമായിരുന്നതു് കുടിക്കാനുള്ള വെള്ളത്തിൽ വിഷം കലക്കുന്ന കമ്മ്യൂണിസ്ററു നയമായിരുന്നു. സ്വാതന്ത്ര്യകസാക് പ്രദേശത്തുണ്ടായിരുന്ന പ്രധാനപ്പെട്ട കിണറുകളുടെയും ഓലികളുടെയും ചോലകളുടെയും മുഴവൻ പട്ടിക കമ്മ്യൂണിസ്ററുകാരുടെ പക്കലുണ്ടായിരുന്നു. ഒരുവേള യുദ്ധമാരംഭിക്കുന്നതിനു വളരെ മുമ്പുതന്നെ തയ്യാറാക്കിയിരുന്നതാവാം ഈ പട്ടിക. അവർ അവിടെയൊക്കെ കാവൽ പടയാളികളെയാക്കി നോക്കി. അതിനു വളരെയധികം പേരെ നിയോഗിക്കാൻ വിഷമമെന്നു വന്നപ്പോൾ അതിശക്തിയായ ഒഴുക്കില്ലാത്ത എല്ലാ ജലപ്രവാഹത്തിലും അവർ വിഷം കലക്കി.

വെള്ളത്തിൽ വിഷം കലക്കുകയെന്നതു കസാക്കുകളെ സംബന്ധിച്ചിടത്തോളം ദൈവത്തോടും മനുഷ്യനോടും മൃഗത്തോടും ചെയ്യുന്ന മഹാപാപമാണു്. കിണററിൽനിന്നു ദാഹശമനം വരുത്തുന്ന ഒരു കസാക്കു്,തന്നെ

ത്തുടന്നു കിണററുകരെ വരുന്ന പാന്ഥനുവേണ്ടി—അവൻ ബന്ധുവാകട്ടെ ശത്രുവാകട്ടെ—വെള്ളം കോരിവച്ചിട്ടുപോകുന്നതാണു് അവരുടെ പാരമ്പര്യം. വെള്ളം ഈശ്വരൻെറ ദാനമാണെന്നും അതു് അന്യനു നൽകാൻ വിസമ്മതിക്കുന്നവനിൽ ഈശ്വരകോപം പതിക്കുമെന്നുമാണു് കസാക്കുകളുടെ വിശ്വാസം. കമ്മ്യൂണിസ്ററുകാരുടെ ഈ ഹീനമായ നടപടി ആ പിശാചസന്താനങ്ങളോടു സമരം ചെയ്യാനുള്ള കസാക്കുകളുടെ നിശ്ചയത്തെ കൂടുതൽ ദൃഢമാക്കി.

ആലിബെഗ്ഗിൻെറ സൈന്യം ഡിസംബർ വരെ നാശം നേരിടാതെ പിടിച്ചുനിന്നു. എന്നാൽ ഇപ്പോൾ ശിശിരകാലത്തിലെ ഹിമപാതം അവരെ ഉന്നതതലങ്ങളിൽനിന്നു് ആട്ടിയോടിച്ചു. ഉയരം കുറഞ്ഞ ഭൂമിയിലെത്തിയതോടുകൂടി അവക്കു് അതുവരെയുണ്ടായിരുന്ന ആനുകൂല്യം നഷ്ടപ്പെട്ടു. അവർക്കെതിരായി കവചിതവാഹനങ്ങൾ ഉപയോഗിക്കപ്പെടാൻ സൗകര്യപ്പെട്ടു. തങ്ങളുടെ മൃഗങ്ങൾക്കു ജലസൗകര്യം ലഭിക്കാൻവേണ്ടി സുശക്തമായ സൈനികകേന്ദ്രങ്ങളെ ആക്രമിക്കണമെന്നു വന്നു. താങ്ങാവുന്നതിൽ കവിഞ്ഞ നഷ്ടങ്ങൾ അവക്കു നേരിട്ടു തുടങ്ങി.

വാങ്ങു് നൽകാമെന്നു പ്രതിജ്ഞ ചെയ്തിരുന്ന സഹായം ഇപ്പോഴായിരുന്നു അവർക്കാവശ്യം. പക്ഷേ ഇപ്പോൾ അയാൾക്കു് സഹായമെത്തിക്കാൻ സാദ്ധ്യമല്ലാതായിക്കഴിഞ്ഞിരുന്നു. കാറാഷാഹർ, എട്ടാം സൈന്യ വിഭാഗത്തിൻെറ അധീനത്തിലായിക്കഴിഞ്ഞു. കീഴടങ്ങാൻ ഇപ്പോഴും കസാക്കുകൾ കൂട്ടാക്കിയില്ല. ഒന്നേ ചെയ്യാനുണ്ടായിരുന്നുള്ളു. തെക്കോട്ടു സഞ്ചരിച്ചു് ഗെജ്കുലിലെത്തുക.

ഇപ്പോൾ കമ്മ്യൂണിസ്ററു് അധീനത്തിലായിക്കഴിഞ്ഞിരുന്ന ഒരു പ്രധാനനിരത്തു മുറിച്ചു കടന്നുവേണ്ടിയിരുന്നു അവർക്കു പോകാൻ. അവർ ചെറുസംഘങ്ങളായി പിരിഞ്ഞു. പോകേണ്ട വഴി നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ഓരോ സംഘത്തിൻെറയും നേതാവി

ന്നു വിട്ടുകൊടുത്തു. ഇങ്ങനെ യാത്രയാരംഭിച്ചു. ചില സംഘങ്ങൾ കടന്നുകൂടി. ചിലതിനു കഴിഞ്ഞില്ല. ചിലവക്കു വളരെ നാശനഷ്ടങ്ങൾ നേരിട്ടു. കമ്മ്യൂണിസ്ററു സേനയെ കബളിപ്പിച്ചു കടക്കാൻ എത്രപേക്കു കഴിഞ്ഞു എന്നതു് ആക്കും സൂക്ഷ്മമായി അറിഞ്ഞുകൂടാ.

ആലിബെഗ്ഗിൻെറകൂടെയുണ്ടായിരുന്നതു് നാന്നൂറോളം പേരാണു്. ഇത്രയും വലിയ ഒരു സംഘത്തിനു് ശത്രുക്കളുടെ ശ്രദ്ധയിൽപെടാതെ നിരത്തിലൂടെ കടന്നുപോകാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടു് ബൊാക്കൊബത്തുറിനെപ്പോലെ, മനുഷ്യനും മൃഗത്തിനും ആഹാരവും വെള്ളവും ലഭ്യമല്ലാത്ത ഭീകരമായ പിപാസാപവ്വത (Thirsty Mountains) നിര വഴി യാത്ര പുറപ്പെടാൻ തന്നെ തീർച്ചപ്പെട്ടുത്തി. ഈ വഴി യാത്ര ചെയ്തു് ആരും ജീവനോടെ രക്ഷപെടാൻ സാദ്ധ്യമല്ലെന്നു കമ്മ്യൂണിസ്റ്റുകാർ കരുതിയതുകൊണ്ടാവാം, അവിടെ കാവലിട്ടിരുന്നില്ല. ആ മാഗ്ഗത്തിൻെറ അപകടബാഹുല്യംതന്നെ തൻെറ സുരക്ഷിതത്വത്തിൻെറ ഉറപ്പായി ആലിബെഗ്ഗും കരുതി. അയാളെ അനുഗമിച്ചവർ സ്വമനസ്സാലെ തന്നെയാണു് ആ സാഹസയാത്രക്കൊരുമ്പെട്ടതു്.

1949 ഡിസംബർ 21-ാംനു-യാണു് അവർ യാത്ര ആരംഭിച്ചതു്. ശിശിരകാലമായിരുന്നതിനാൽ സൂര്യൻെറ ചൂടു് അസഹ്യമായിരുന്നില്ല. എങ്കിലും തെക്കുകിഴക്കു ലക്ഷ്യമാക്കിക്കൊണ്ടു് അവിരാമമായി നടന്നുകൊണ്ടിരുന്ന ആ യാത്രയിൽ ആളുകളും—പ്രത്യേകിച്ചു കുട്ടികൾ— മൃഗങ്ങളും ദാഹംകൊണ്ടു വലഞ്ഞു. ആറു ദിവസം തുടർച്ചയായി വെള്ളം കിട്ടാതെ വന്നു. ഭൂമിയിലെ അനവസാനമായ ലവണരസംകൊണ്ടു് കുതിരകളുടെ ലാടൻ ഇളകിപ്പോയി; ഒട്ടകങ്ങളുടെ കാലിൽനിന്നും രക്തം സ്രവിച്ചുതുടങ്ങി. ഉപ്പിൽ തട്ടി വരുന്ന പ്രകാശവും ലവണരസം നിറഞ്ഞ ശീതക്കാററും ചേൎന്നിട്ടു് കണ്ണിനു വേദനയായി. അന്തരീക്ഷം കട്ടിപിടിക്കയാൽ മുമ്പോട്ടു വഴി കണ്ടുകൂടെന്നായി. ആലിബെഗ്ഗിൻെറ മൂത്ത സഹോദരൻ ഇടക്കു വഴിവിട്ടു് മാറിനടന്നുപോയി. അയാളെപ്പിന്നെ ഉറക്കെ

വിളിക്കുകയും വളരെ അന്വേഷിക്കയും ചെയ്തിട്ടും കണ്ടു കിട്ടിയില്ല.

തങ്ങളുടെ ക്ലേശങ്ങളെപ്പററി വളരെയൊന്നും പറയുന്ന സമ്പ്രദായക്കാരല്ല, കസാക്കുകൾ. അതൊക്കെ ഏറെക്കുറെ ഊഹിക്കാനെ തരമുള്ളു. 'പിപാസാപവ്വത'ത്തിലൂടെ നടത്തിയ യാത്രയുടെ പൂർണ്ണവിവരങ്ങൾ എഴുതി അയക്കണമെന്നു ഞാൻ കൈനേഷിനോട്ട് ആവശ്യപ്പെട്ടിരുന്നു. ഇംഗ്ലീഷിലുള്ള അയാളുടെ കത്തിൽ എഴുതിയിരിക്കുന്നു:

"വെള്ളമില്ലായ്കയാൽ ഞങ്ങൾ വളരെ കഷ്ടപ്പെട്ടു. വെള്ളത്തിനുപകരം മനുഷ്യരുടെ മൂത്രവും മൃഗങ്ങളുടെ രക്തവും ഉപയോഗിക്കേണ്ടിവന്നു. ഞങ്ങളുടെ മൃഗങ്ങളിൽ ഒട്ടകങ്ങളൊഴികെ വളരെയെണ്ണം ദാഹം കൊണ്ടു ചത്തുപോയി."

ഇത്രയുമെഴുതി നിർത്തിയിട്ട് അയാൾ വേറെ കാര്യങ്ങളിലേയ്ക്കു തിരിഞ്ഞിരിക്കുകയാണ്.

ഒടുവിൽ അവർ നിർജ്ജന നഗരമായ യിജ്-പാനിലെത്തി. നൂറുകൊല്ലങ്ങളെങ്കിലുമായി, അവിടെ ജനവാസമില്ലാതായിട്ട്. ഇവിടെ ഒരു നദിയൊഴുകിയിരുന്നു; നല്ല വീടുകളുണ്ടായിരുന്നു. പെട്ടെന്നുള്ള ആക്രമണത്തെ ഭയപ്പെടാനുമില്ല. മുമ്പോട്ടുള്ള യാത്രയ്ക്കാവശ്യമായ കരുത്തു സംഭരിക്കുവാൻ വേണ്ടി അവർ അവിടെ താവളമുറപ്പിച്ചു.

പക്ഷേ താമസമാക്കി അധികം കഴിയുന്നതിനുമുമ്പു തന്നെ കമ്മ്യൂണിസ്റ്റുകാരുടെ സന്ദേശവുമായി എമീൻ താമുള്ളാ എന്നു പേരായ ഒരു കസാക്ക് അവിടെയെത്തി. കമ്മ്യൂണിസ്റ്റു പക്ഷത്തിൽ ചേരുന്ന പക്ഷം അന്തസ്സായ പെരുമാററവും ഉയന്ന സ്ഥാനവും ആലിബെഗ്ഗിനു നൽകപ്പെടുന്നതാണെന്നായിരുന്നു, സന്ദേശത്തിൻെറ സാരം.

കമ്മ്യൂണിസ്റ്റുകാരുടെ ക്രൂരമായ നടപടികളെപ്പററി ആലിബെഗ്ഗ് അയാളെ ഓർമ്മിപ്പിച്ചു. അയാൾ പറഞ്ഞു: "കൊലയാളികൾ നൽകുന്ന മാന്യപദവിക്കു

വേണ്ടി ഞാൻ എൻെറ ആത്മാവിനെ വിൽക്കാൻ തയാറില്ല. നിങ്ങൾ തീർച്ചെന്നു് നിങ്ങൾക്കു കേട്ടകൂടാത്തവിധം മറുപടി അറിയിച്ചുകൊള്ളുക പക്ഷേ ജീവനുള്ള കാലം ഞാനൊ എൻെറ കൂടെയുള്ളവരൊ കീഴടങ്ങുകയില്ല." അയാൾ തുടൻറു, "ഇന്നു ഞങ്ങളുടെ കൂടെ കഴിച്ചുകൂട്ടിയിട്ടു് നാളെ സമാധാനമായി മടങ്ങിപ്പോകാം."

എമീൻ താമുള്ളാ മറുപടി പറഞ്ഞു: "കമ്മ്യൂണിസ്റ്റുകാരുടെ പക്ഷം ചേർന്നു് ഈശ്വരനെതിരായി സമരംചെയ്യുവാൻ ഞാനുമില്ല. ഞാൻ നിങ്ങളുടെ പക്ഷത്താണു്. അതുമല്ല, നിങ്ങളെ കൂട്ടിക്കൊണ്ടല്ലാതെ മടങ്ങിച്ചെന്നാൽ അവർ എന്നെ കൊന്നുവെന്നുവരാം."

ആലിബെഗ്ഗിൻെറയും അനുയായികളുടെയും യാത്ര തടയാൻ കമ്മ്യൂണിസ്റ്റുസൈന്യം ഒരുമ്പെട്ടു പുറപ്പെട്ടിരിക്കുന്നതായി അന്നുരാത്രി ഒരു അറിയിപ്പു കിട്ടി. അടുത്ത ദിവസം പ്രഭാതത്തിൽ തന്നെ അവർ വീണ്ടും യാത്രയാരംഭിച്ചു. ആളുകളുടെയും മൃഗങ്ങളുടെയും തളർച്ച അപ്പോഴും മാറിയിരുന്നില്ല. വിശപ്പുകൊണ്ടു് പരിക്ഷീണരുമായിരുന്നു, അവർ. ലവണരസമുള്ള ഇലകൾ തിന്നുകയാൽ കുതിരകളുടെ നാവുകൾക്കു് കറുപ്പുനിറം പകരുകയും നീർക്കോളുണ്ടാകയും ചെയ്തു. കറുത്ത രക്തം ഒഴുകിപ്പോകാൻ വേണ്ടി നാക്കിൽ മുറിവുണ്ടാക്കിയപ്പോൾ കുതിരകളിൽ ചിലതു രക്ഷപെട്ടുവെങ്കിലും പലതും ചത്തുപോയി.

പ്രയാസങ്ങൾ വേറെയുമുണ്ടായിരുന്നു. വഴികണ്ടുപിടിച്ചു യാത്രചെയ്യാൻ വിഷമമായിരുന്നു. ഒരിക്കൽ അവർ വഴിതെററി സഞ്ചരിച്ചു് താരിം നദിയുടെ മറുകരയെത്തിപ്പോയി. പിന്നെ അവർക്കു നദിമുറിച്ചു കടക്കേണ്ടിയിരുന്നു. നദീമദ്ധ്യത്തിലെ ഒരു ദ്വീപുവരെ മണ്ണുകട്ടകളിലൂടെ ചെന്നെത്താമായിരുന്നുവെങ്കിലും അതിനപ്പുറം ഉന്നത ജലപ്പരപ്പായിരുന്നു. ആ ദ്വീപിൽ വളർന്നിരുന്ന നീണ്ടപുല്ലുകൾകൊണ്ടു് ഒരു നീണ്ട വടം പിരിച്ചുണ്ടാക്കാൻ ആലിബെഗ്ഗ് അനുയായികളോടു് ആജ്ഞാപിച്ചു. ഹിമശീതളമായ ജലം നീന്തിക്കടക്കാൻ ഒരു

വൻ തയാറായി. നദിയുടെ ഇരുകരയിലും വടം ബന്ധിക്കത്തക്ക വൃക്ഷങ്ങളൊ പാറകളൊ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് വടം വലിച്ചുപിടിച്ചുകൊണ്ടു നിൽക്കാൻ ആളുകൾ തന്നെ വേണ്ടിവന്നു. വടംവഴിപിടിച്ചുതൂങ്ങി കടന്നുപോകുന്നവർ ആറിന്റെ നടുഭാഗത്തു വടം അയഞ്ഞു താണുകിടന്നിരുന്നിടത്തെത്തുമ്പോൾ ആ തണുതണുത്തവെള്ളത്തിൽ നനഞ്ഞു കുതിർന്നുപോയിരുന്നു. പക്ഷേ ഈശ്വരസഹായത്താൽ എല്ലാപേരും അപകടം കൂടാതെ മറുകരയെത്തി. അതുകഴിഞ്ഞു് ഏററവും കരുത്തുള്ള ഒരു കുതിരപ്പുറത്തു കയറിയിരുന്നു് ഒരാൾ മൃഗങ്ങളെ വെള്ളത്തിലൂടെ മറുകരയ്ക്കു നയിച്ചു, അവയുടെ പുറത്തു കസാക്കുകളുടെ വകസാധനസാമഗ്രികളും ആലിബെഗ്ഗിന്റെ ഇരുമ്പുകൊണ്ടുള്ള ഭീമൻ പാചകപാത്രവും കയററിയിരുന്നു. അവയും അപകടം കൂടാതെ നീന്തിക്കടന്നു. അവയ്ക്കു നീന്തിക്കടക്കാൻ കഴിയാതെ വന്നേക്കുമെന്ന ഭയമുണ്ടായിരുന്നു, ആലിബെഗ്ഗിനു്.

താക്ളമകാനിലൂടെ കടന്നുപോകവെ അവർ ലോപ് ഗ്രാമത്തിനടുത്തെത്തി. ഏതാനും ശതവർഷങ്ങൾ കൂടുമ്പോൾ സ്ഥാനം മാറുന്നതെന്നു പ്രസിദ്ധി നേടിയിട്ടുള്ള "സഞ്ചരിക്കുന്ന ജലാശയ"മായ ലോപ്നോറിൽ നിന്നാണു് ആ ഗ്രാമത്തിനു് ആ പേരു ലഭിച്ചിരുന്നതു്. ഗ്രാമം കമ്മ്യൂണിസ്റ്റുകാരുടെ അധീനത്തിലായിരുന്നു. കായലിലെ വെള്ളം ഉപ്പുള്ളതും. അതുകൊണ്ടു് ഗ്രാമത്തെയും ജലാശയത്തെയും സമീപിക്കാൻ കൂട്ടാക്കാതെ ആലിബെഗ്ഗിന്റെ സംഘം മുമ്പോട്ടു നീങ്ങി. ലോപ് കടന്നതോടെ ഭൂപ്രകൃതി മാറി. യാത്ര, ഉയർന്നുയർന്നുപോകുന്ന പ്രദേശത്തുകൂടെയായി. അപ്പോൾ അവർക്കു ബോദ്ധ്യമായി, തങ്ങളുടെ നീണ്ട യാത്രയ്ക്കു് അറുതി കാണാറായി എന്നു്.

ഗെജ്കുലിലെത്തിയതോടെ ഹുസേൻതാജി അവരെ സ്വാഗതം ചെയ്തു. ധനികർ തങ്ങളുടെ സമ്പത്തു് പാവപ്പെട്ടവരുമായി പങ്കുകൂടി അനുഭവിക്കണമെന്നതു് കസാക്കുകളുടെ അംഗീകൃതാചാരമാണു്. അഭയാർത്ഥികളായി

എത്തിയവരിൽ മൃഗങ്ങളെ വാങ്ങാൻ പണമില്ലാത്ത പാവങ്ങൾക്ക്, കസാക്കുകൾ സാധാരണ മൃഗങ്ങളെ പാട്ടത്തിനു കൊടുക്കുന്ന സമ്പ്രദായത്തിൽ, വളത്താൻ മൃഗങ്ങൾ നൽകപ്പെട്ടു. പാട്ടത്തിനു കൊടുത്തതിന്റെ ഇരട്ടി എണ്ണം മൃഗങ്ങളെ മടക്കിക്കൊടുക്കണമെന്നതാണു വ്യവസ്ഥയെങ്കിലും പാൽക്കട്ടി, ശേഖരിക്കുന്ന രോമം, കൂടുതൽ വരുന്ന മൃഗങ്ങൾ എന്നിവയൊക്കെ വളർത്തുന്നയാൾക്ക് സ്വന്തമായി എടുക്കാം.

പത്തുവർഷക്കാലമായിട്ട് യാതൊരാപൽശങ്കയും കൂടാതെ ഗെജ്കുലിൽ താമസിക്കയാണ് ഹുസേൻതാജി. പക്ഷേ ആലിബെഗ്ഗിന് അവിടത്തെ താമസം അധികകാലം പന്തിയാകുന്ന മട്ട് തോന്നിയില്ല. ഒരു ദിവസം ഹുസേൻതാജിയുടെ രണ്ടനുയായികൾ അവരുടെ ചന്തപ്പട്ടണമായ തുങ്-ഹുവാങ്ങിൽ പോയിട്ടു മടങ്ങിയപ്പോൾ പറഞ്ഞു, അവിടെ കമ്മ്യൂണിസ്റ്റുകളെത്തിയിട്ടുണ്ടെന്നും, വളരെ യോഗ്യമായിട്ടാണ് അവരുടെ പെരുമാററമെന്നും, തങ്ങളുടെ പ്രദേശത്തെ കസാക്ക് നേതാക്കളെയും കൂട്ടിക്കൊണ്ട് ഒരു മഹായോഗത്തിൽ സംബന്ധിക്കാൻ എത്തണമെന്നു തങ്ങളെ അവർ ക്ഷണിച്ചിട്ടുണ്ടെന്നുമൊക്കെ. അപകടം ആസന്നമായിരിക്കുന്നുവെന്ന് ആലിബെഗ്ഗിനുറപ്പായി. ഹുസേൻതാജി പക്ഷേ ഈ അഭിപ്രായത്തോടു യോജിച്ചില്ല. ഒടുവിൽ തുങ്-ഹുവാങ്ങിൽ പോയി വിവരങ്ങൾ അറിഞ്ഞു വരുവാൻ നാല്പതു പേരടങ്ങിയ ഒരു അശ്വഭടസംഘത്തെ നിയോഗിക്കാമെന്നു തീരുമാനിച്ചു.

ആ നാല്പതു പേർ യാത്രയായിക്കഴിഞ്ഞപ്പോൾ ഗെജ്കുലിനും തുങ്-ഹുവാങ്ങിനും ഇടയ്ക്കുള്ള പർവ്വതമാർഗ്ഗത്തിൽ രഹസ്യമായ കാവലിടാനും, തങ്ങളുടെ അനുവാദം കൂടാതെ ആരും ആ വഴി വരുകയൊ പോകുകയൊ ചെയ്യാതെ കരുതാനും, ഹംസായെയും കൈനേഷിനെയും വിളിച്ച് ആലിബെഗ്ഗ് ശട്ടം കെട്ടി. ഏതാനും ദിവസത്തിനകം തുങ്-ഹുവാങ്ങിൽ നിന്നെത്തിയ ഒരു സന്ദേശവാഹകൻ ഈ കാവൽ പടയാളികളോടു പറഞ്ഞു, തുങ്-ഹുവാങ്ങിലേയ്ക്കു പോയ നാല്പതു പേരും മാന്യമായി സ്വീക

രിക്കപ്പെട്ടവെന്നും മഹാസമ്മേളനസ്ഥലം കുതിരപ്പുറത്തു യാത്രചെയ്തു ചെന്നെത്താൻ അശക്യമാംവിധം അകലത്താകയാൽ അവരെ മോട്ടോർ വാഹനത്തിലാണു് അങ്ങോട്ടു കൊണ്ടുപോകുന്നതെന്നുമൊക്കെ. തുങ്ങ്–ഹ്വാങ്ങിലേയ്ക്കു ചെല്ലുന്ന ആരും മാവൊസേതുങ്ങിൻെറ ചിത്രത്തോടുകൂടിയ ഒരടയാളം ധരിച്ചിരിക്കണമെന്നും, ആയുധം ധരിച്ചിട്ടുള്ളപക്ഷം അതു കൊണ്ടുനടക്കാൻ പ്രത്യേക അനുവാദപത്രംകൂടെയുണ്ടായിരിക്കണമെന്നും, അല്ലാതെ ആയുധധാരികളായി കാണുന്നവരെ കാണുന്നിടത്തുവച്ചു വെടിവച്ചു കൊല്ലുമെന്നും തുങ്ങ്–ഹ്വാങ്ങിനു സമീപമുള്ള മലമ്പാതകളിൽ കമ്മ്യൂണിസ്റ്റ് ഭടന്മാർ കാവൽ നിൽക്കുന്നുണ്ടെന്നുംകൂടെ ആ ദൂതൻ അറിയിക്കയുണ്ടായി.

"ഇയാളെ കടത്തിവിടാമൊ?'' കൈനേഷ് ചോദിച്ചു.

"കടന്നു പോകട്ടെ.'' ഹംസാ പറഞ്ഞു. "വസ്തുത മനസ്സിലാക്കാതെയാണെങ്കിലും നേരാണു് അയാൾ പറഞ്ഞതു്. ആരും ആയുധം കൊണ്ടുനടക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ കേൾക്കുമ്പോൾ ഹ്സേൻ താജിക്കു് കാര്യത്തിൻെറ പോക്കു് ഏതു വഴിക്കാണെന്നു മനസ്സിലാകുമായിരിക്കാം.''

പിന്നെ വന്ന സന്ദേശവാഹകനാകട്ടെ, അടുത്തയാളാകട്ടെ, ആ നാല്പതുപേരുടെ സന്ദേശവും കൊണ്ടുവന്നവനായിരുന്നില്ല—അങ്ങനെ അവകാശപ്പെട്ടുവെങ്കിലും. ചൈനായിലാകെ ശാന്തത നിലവിലിരിക്കുന്നതിനാൽ, ശെ.ജ്കുലിലെ കസാക്കുകൾ ആയുധം കൈവെടിയാൻ ആ നാല്പതുപേർ പറഞ്ഞയച്ചിരിക്കുന്നു എന്നാണു് രണ്ടുപേരും പ്രസ്താവിച്ചതു്. ഇവരെ രണ്ടുപേരെയും ചാരന്മാരെന്ന നിലയിൽ വെടിവച്ചു കൊല്ലുകയാണു് ഹംസായും കൈനേഷും ചെയ്തതു്.

ആ നാല്പതുപേരുടെ വർത്തമാനങ്ങളൊന്നും കിട്ടാതെ ദിവസങ്ങൾ കടന്നുപോയി. അവരുടെ കുടുംബാംഗങ്ങൾക്കു പരിഭ്രമമായി. തുങ്ങ്–ഹ്വാങ്ങിലേയ്ക്കു രണ്ടു

ചാരന്മാരെയയച്ചു സ്ഥിതിഗതികൾ അറിയാമെന്നുതന്നെ ഹുസേൻ താജിയും ആലിബെഗ്ഗും തീരുമാനിച്ചു.

ഈശ്വരകൃപയാൽ അവർ രണ്ടുപേരും തുങ്-ഹ്വാങ്ങിലെയ്ക്കു പ്രവേശിച്ച നിമിഷത്തിൽ തന്നെയാണു് അവരുടെ കൂട്ടുകാരായ നാല്പതുപേരെയും വാഹനങ്ങളിൽ കയററി പട്ടണത്തിനു വെളിയിലെയ്ക്കു കൊണ്ടുപോകാൻ തയാറാക്കി നിർത്തിയതു്. ആയുധങ്ങൾ നാല്പതുപേരുടെ പക്കൽനിന്നും വാങ്ങിക്കഴിഞ്ഞിരുന്നു. അവരെയാരെയും ചങ്ങലയിലിട്ടിരുന്നില്ലെങ്കിലും കൊല്ലാൻ കൊണ്ടുപോകുന്നവരുടെ മുഖഭാവമായിരുന്നു അവരുടെതു്. ചാരന്മാർ അവരുടെ സമീപത്തെത്തി കസാക്ക് ഭഷയിൽ സംസാരിച്ചു. നേതാവു് മറുപടി പറഞ്ഞു:

“നമ്മുടെ സഹോദരന്മാരോടും ഹുസേൻ താജിയോടും, ആയുധങ്ങളുപേക്ഷിച്ചു് പുതിയ ഭരണക്രമത്തോടു സഹകരിക്കാൻ വേണ്ടി തുങ്-ഹ്വാങ്ങിലെയ്ക്കു വരാനുള്ള സന്ദേശവുമായി ഗെജ്കുലിലെയ്ക്കു് ദൂതന്മാരെയയയ്ക്കണമെന്നു് അവർ ഞങ്ങളോടാവശ്യപ്പെട്ടു. ഞങ്ങൾ വിസമ്മതിച്ചു. അപ്പോൾ അവർ പറഞ്ഞതു് ഞങ്ങളുടെ നാമത്തിൽ ദൂതന്മാരെ അയച്ചു കഴിഞ്ഞിട്ടുണ്ടെന്നും, അവർ മടങ്ങിയെത്തി കസാക്കുകൾ ആയുധങ്ങൾവച്ചു കീഴടങ്ങിയതായി അറിവു കൊടുക്കാത്തപക്ഷം, അങ്ങനെ ആയുധങ്ങൾ അടിയറ വയ്ക്കുമെന്നുള്ള ഞങ്ങളുടെ വാക്കു പാലിക്കപ്പെടാത്ത കുററത്തിനു് ഞങ്ങളെ കൊല്ലുന്നതാണെന്നുമാണു്. ഞങ്ങൾ അങ്ങനെ വാക്കു കൊടുത്തിട്ടില്ല. പക്ഷേ ഞങ്ങൾ അങ്ങനെ വാക്കു കൊടുത്തിട്ടുള്ളതായി ആ ദൂതന്മാർ പറയാൻ ഏർപ്പെടുത്തിയിട്ടുള്ളതായാണു് കമ്മ്യൂണിസ്ററുകാർ പറഞ്ഞതു്.”

ആ നാല്പതു പേരെയും രക്ഷിക്കാൻ തങ്ങളാൽ വല്ലതും ആവതുണ്ടോ എന്നു ചാരന്മാർ ചോദിച്ചു.

“ഇല്ല.” നേതാവു പറഞ്ഞു. “ഞങ്ങൾ ചെയ്തതായി ആരോപിക്കപ്പെട്ടിരിക്കുന്ന പാതകം അവർതന്നെ ചെയ്തതായിരിക്കുന്ന നിലയ്ക്കു് ഞങ്ങളെ അവർ കൊല്ലാനിടയില്ല. പിന്നെ, അവർ കൊല്ലാനിടയാകുമൊ ഇല്ല

യൊ എന്നതൊക്കെ ദൈവത്തിൻെറ കയ്യിലാണു്: ഏതായാലും നിങ്ങൾ മടങ്ങിച്ചെന്നു് ഞങ്ങളുടെ കുടുംബങ്ങളെയും സ്നേഹിതരെയും കാര്യത്തിൻെറ നിജസ്ഥിതി ധരിപ്പിക്കയാണു് വേണ്ടതു്.''

ആ നാല്പതുപേർക്കു് എന്തു സംഭവിച്ചു എന്നതു് അജ്ഞാതമാണു്. അവരിലാരും മടങ്ങിയെത്തിയില്ല. അവരെപ്പററി ഒരു വർത്തമാനവും കേട്ടിട്ടുമില്ല.

ചാരന്മാർ രണ്ടുപേരും ഉടൻതന്നെ ഗെജ്കുലിലെയ്ക്കു മടങ്ങി. ആൾട്ടായ്—ററീൻഷാൻ പ്രദേശങ്ങളിൽ മററുള്ളവർ ചെയ്തതുപോലെ തങ്ങളും സമരത്തിനൊരുമ്പെട്ടുകയല്ലാതെ മാർഗ്ഗമില്ലെന്നു് ഹുസേൻതാജിയുടെ അനുയായികൾക്കു ബോദ്ധ്യമായി.

ഒരു ഒട്ടകസേനയാൽ അനുഗതനായി കുതിരപ്പുറത്തു സഞ്ചരിച്ചുകൊണ്ടു് അമേരിക്കൻ വൈസ് കോൺസൽ ഡഗ്ലസ് മക്കീർനാൻ 1950 മാർച്ച് 15-ാംനു- ഗെജ്കുൽ പ്രദേശത്തെത്തി. 1949 സെപ്തംബർ 11-ാം നു--അതായതു് എട്ടാം സൈന്യവിഭാഗം എത്തിയ ദിവസം—അയാൾ ഉറുംചിയിൽ നിന്നു പുറപ്പെട്ടതാണു്. അയാൾക്കു നല്ല പരിചയമുണ്ടായിരുന്ന ആലിബെഗ്ഗിനോടു തൻെറ സാധനസാമഗ്രികൾ ചുമപ്പിച്ചുകൊണ്ടു പോകാൻ മൃഗങ്ങളെയും, 200 മൈൽ അകലെയുള്ള ററിബററു് അതിർത്തിയിലേയ്ക്കു വഴികാണിക്കാൻ ആളുകളെയും കിട്ടണമെന്നു് അയാൾ അഭ്യർത്ഥിച്ചു.

ററിബററുകാരായ കാവൽക്കാരുടെ ഇടപെടലുണ്ടാകാനിടയില്ലാത്ത മാർഗ്ഗത്തിൽ മക്കീർമാനെ ററിബററിലേയ്ക്കു് കൂട്ടിക്കൊണ്ടുപോകാൻ ആലിബെഗ്ഗ് വഴികാട്ടികളോടു നിർദ്ദേശിച്ചിരുന്നു. എങ്കിലും ഒരാഴ്ച കഴിഞ്ഞപ്പോൾ മടങ്ങിവന്നു് അവർ പറഞ്ഞതു് ററിബററിലെത്തുന്നതിനു മുമ്പുതന്നെ മക്കീർമാൻ തങ്ങളെ മടക്കി അയച്ചുവെന്നാണു്. മക്കീർമാൻ യാത്രയ്ക്കു തിരഞ്ഞെടുത്ത വഴിയിൽ കാവൽഭടന്മാരുണ്ടായിരുന്നുവെന്നും അവർ അയാളെ വെടിവച്ചു കൊന്നുവെന്നും വളരെക്കഴിഞ്ഞാണു് ആലിബെഗ്ഗ് അറിഞ്ഞതു്. മക്കീർമാനെ ററിബററിൽ

പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന വിവരം അയാൾ യാത്രയ്ക്കു തിരഞ്ഞെടുത്തതൊഴികെയുള്ള എല്ലാ വഴികളിലെയും അതിർത്തി കാവൽ ഭടന്മാരെ അറിയിച്ചിരുന്നതായി ലാസായിലെ ഔദ്യോഗിക കേന്ദ്രങ്ങൾ പറയുന്നു.

മക്കീർമാൻെറ മരണത്തിനുത്തരവാദികൾ കമ്മ്യൂണിസ്ററുകാരാണെന്നു വിചാരിക്കുന്നുണ്ടോ എന്നു ഞാൻ ആലിബെഗ്ഗിനോടു ചോദിച്ചു. അയാൾ ഒന്നും പറഞ്ഞില്ല. പക്ഷേ താൻ അയച്ച വഴികാട്ടികൾ നിർദ്ദേശിച്ച പ്രകാരം മക്കീർമാനെ ററിബററിൻെറ അതിർത്തിക്കകം വരെ അനുഗമിക്കാതെ ഇത്രവേഗം മടങ്ങിയതു് അയാളെ അത്ഭുതപ്പെടുത്തി. മക്കീർമാൻെറ സംഘത്തിൽ സൂത്രത്തിൽ കൂടിയിരുന്ന കമ്മ്യൂണിസ്റ്റുകാരുടെ വല്ലവരുടെയും പ്രേരണയാലായിരിക്കണം താനയച്ച വഴികാട്ടികൾ മടക്കി അയയ്ക്കപ്പെട്ടതെന്നാണു് അയാളുടെ ഊഹം.

ആലിബെഗ്ഗും മക്കീർമാനും തമ്മിൽ പിരിയുന്ന അവസരത്തിൽ അവരുടെ കൈവിരൽപതിപ്പുള്ള ഒരു അഞ്ചു ഡോളർനോട്ടിൻെറ ഓരോ പാതി ഇരുവരും കൈവശം വച്ചിരുന്നു. ഇൻഡ്യയിലെ ഒരു അമേരിക്കൻ ഉദ്യോഗസ്ഥൻെറ പക്കൽ ആലിബെഗ്ഗിൻെറ പക്കലുള്ള പാതി ഏല്പിക്കുമ്പോൾ മക്കീർമാനു നൽകിയ സഹായത്തിനു പ്രതിഫലം നൽകത്തക്കവിധമായിരുന്നു വ്യവസ്ഥ. മക്കീർമാൻെറ മരണത്തെപ്പററി കേട്ടപ്പോൾ അയാളുടെ സ്മരണയ്ക്കായി തൻെറ പക്കലുള്ള പാതി സൂക്ഷിച്ചുവയ്ക്കാനാണു് ആലിബെഗ്ഗ് തീരുമാനിച്ചതു്. ഇന്നും അയാൾ അതു സൂക്ഷിച്ചിട്ടുണ്ടു്. അതല്ലാതെ—തൻെറ സ്ഥാനവസ്തുൾ കഴിച്ചാൽ—വളരെയൊന്നും അയാൾക്കു് ഇന്നില്ല താനും.

ഒസ്മാൻ ബത്തൂർ ഇക്കാലം ബർക്കുലിലായിരുന്നു. 1949-മെയ്മാസത്തിൽ അങ്ങോട്ടു പോയതാണു് അയാൾ. തൻെറ അനുയായികളോടൊപ്പം നിന്നുകൊണ്ടു് കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണത്തെ ചെറുക്കുകയായിരുന്നു, അയാൾ. എങ്കിലും പിൻതള്ളപ്പെട്ടുകൊണ്ടിരുന്ന അവരുടെ പ്രവർത്തനചക്രവാളം ക്രമേണ ചുരുങ്ങിക്കൊ-

ണ്ടുവന്നു. ഇവിടെയും എട്ടാം സേനാവിഭാഗമല്ല അധികംനാൾ ആക്രമണപ്രവൎത്തനത്തിലേർപ്പെട്ടിരുന്നതു്. റഷ്യൻവിമാനങ്ങളുടെ സഹായത്തോടെ പ്രവൎത്തിക്കുന്ന റഷ്യൻ നേതൃത്വത്തിലുള്ള കസാക്കു് സേനയാണു്. ഒടുവിൽ കമ്മ്യൂണിസ്റ്റുകാർ, പരിശീലനം സിദ്ധിച്ച റഷ്യൻ ഭടന്മാരെ ടാങ്കുകളും വൻ തോക്കുകളും ഒക്കെയായി അയച്ചുകൊടുക്കണമെന്നു് സോവിയററു് ഭരണകൂടത്തോടാവശ്യപ്പെട്ടു. എന്നിട്ടും രണ്ടു മാസക്കാലം കൂടെ സ്വതന്ത്ര കസാക്കുകൾ പിടിച്ചു നിന്നു.

ഒസ്മാൻ ബത്തൂറിന്റെ അനുയായികളിൽ കുറച്ചുപേർ ഗോബി മണലാരണ്യത്തിലേയ്ക്കു കടന്നുകളയുകയുണ്ടായി. അവർക്കു പിന്നെ എന്തു സംഭവിച്ചു എന്നെനിക്കറിഞ്ഞുകൂടാ. ബാക്കിയുള്ളവർ അയാളുടെ കൂടെത്തന്നെ ഉറച്ചുനിന്നു. കമ്മ്യൂണിസ്ററു കാവൽനിര ഭേദിച്ചു്, തന്റെയും ജനിംഖാന്റെയും തുർക്കിയായ യോൾബാർസിന്റെയും അനുയായികളെയും അവരുടെ കുടുംബാംഗങ്ങളെയും ആടുമാടുകളോടും, തമ്പുകളോടും, സാധനസാമഗ്രികളോടും കൂടി ഗെജ്ക്കുലിൽനിന്നു് അകലെയല്ലാതുള്ള ഖാൻഅംബാൽ പൎവ്വതനിരയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോകാൻ അയാൾക്കു കഴിഞ്ഞു. പൎവ്വതനിരകളിലൂടെയും അഞ്ഞൂറു മൈൽ ദൂരം തുറസ്സായ സ്ഥലത്തുകൂടെയും കമ്മ്യൂണിസ്റ്റു് അധീനത്തിലുള്ള പട്ടണങ്ങൾക്കു സമീപത്തുകൂടെയുമൊക്കെ കടന്നാണു് അവിടെയെത്തേണ്ടിയിരുന്നതു്. 1950 ം സപ്തംബറിൽ അവർ അവിടെയെത്തിച്ചേൎന്നു.

ഗെജ്കുലിൽ കാര്യമായ ഒരു യുദ്ധം പര്യവസാനിച്ചുകഴിഞ്ഞിരുന്നതെയുള്ളു. രണ്ടു പക്ഷങ്ങളിലും ധാരാളം പേർ കൊല്ലപ്പെട്ടു. മരിച്ചതിൽ ഒരാൾ ആലിബെഗ്ഗിന്റെ സഹോദരനായിരുന്നു. കമ്മ്യൂണിസ്റ്റുകാൎക്കു നേരിട്ട നഷ്ടം അതിഭീമമായിരുന്നതിനാൽ അടുത്ത അഞ്ചു മാസക്കാലം അവർ മറെറാരാക്രമണത്തിനു മുതിൎന്നില്ല.

ടർക്കിസ്ററാനിൽ ഇനി തുടർന്നു താമസിക്കുന്നതു ബുദ്ധിയല്ലെന്നു് ഏതാനും പേർക്കു് അഭിപ്രായമായി.

ഗെജ്കുലിലുണ്ടായിരുന്ന കസാക്ക് സൈനികരുടെ എണ്ണം നാലയ്യായിരത്തിലധികമായിരുന്നില്ല. ചൈനാ വൻകര മുഴുവൻ കമ്മ്യൂണിസ്റ്റുകാരുടെ അധീനത്തിലായിക്കഴിഞ്ഞിരുന്നു. ഇനിയിപ്പോൾ സ്വതന്ത്രകസാക്കുകളെ അവരുടെ പാട്ടിനു വിട്ടേക്കുമെന്ന അഭിപ്രായക്കാരനായിരുന്ന ഒസ്മാൻബത്തൂർ അവിടെത്തന്നെ താമസം തുടരാൻ തീരുമാനിച്ചു. തുടർന്നു താമസിക്കാൻ തീരുമാനിച്ച തൻെറ സഖാക്കളെ കൈവെടിയാൻ ആലിബെഗ്ഗ് തയ്യാറുണ്ടായിരുന്നില്ല. എന്നാൽ ഫൊർമോസായിൽ എത്തിച്ചേരാമെന്ന പ്രതീക്ഷയിൽ ചിലരൊക്കെ ഗെജ്കുൽ വിട്ടുപോയി. സാലിസ്, യോൾബാർസ്, വ്യാപാരിയായ അദീൽ, ചരിത്രവിജ്ഞാനിയായ അബ്ദൽകരീം, സമരം നിർത്തി കമ്മ്യൂണിസ്റ്റുപക്ഷത്തിൽ ചേരാൻ ആലിബെഗ്ഗിനെ പ്രേരിപ്പിക്കാനെത്തി ഒടുവിൽ സ്വയം സ്വതന്ത്രകസാക്കുപ്രസ്ഥാനത്തിൽചേർന്ന എമീൻ താമുള്ള തുടങ്ങിയവർ ഇങ്ങനെ വിട്ടുപോയവരിൽപ്പെട്ടും.

ചിയാങ്കൈഷേക്കിനും ജനറൽ ഐസനോവറിനും എത്തിച്ചുകൊടുക്കാൻ യോൾബാർസ്വശം ആലിബെഗ്ഗ് കൊടുത്തയച്ച കത്തുകളിൽ ആലിബെഗ്ഗ് പറഞ്ഞിരുന്നു: "ഞങ്ങൾക്കു സഹായമെത്തിച്ചു തരാത്തപക്ഷം കൂടിയാൽ ഒരു കൊല്ലംകൂടെ പിടിച്ചുനിൽക്കാൻ കഴിയും; അത്രേയുള്ളൂ. സഹായമൊന്നുമെത്തിയില്ലെങ്കിൽ ഞങ്ങൾ സമരം ചെയ്തു പുറത്തു കടക്കും."

---

# 10

## ഗെജ്കുലിലെ ദുരന്തം

1944—45-ലെ പ്രാരംഭവിജയകാലത്തു കസാക്കുകൾ തങ്ങളുടെ പഴയ കസാക്കു ഭൂമിയിൽ മിക്കവാറും മുഴുവനും തന്നെ—അതായതു് ആൾട്ടായ് പർവ്വതങ്ങൾ,

താർ ബഗത്തായ്, കുൽദ്ജ്, ററിൻഷാൻ പർവ്വതനിരയുടെ ഉത്തരഭാഗം എന്നിവിടങ്ങളിലും ഇതിനുള്ളിലെ പ്രദേശങ്ങളും—സ്വതന്ത്രമാക്കിയെടുത്തിരുന്നു. പിന്നെ ക്രമേണ സ്ഥലങ്ങൾ ഓരോന്നായി അവക്കു നഷ്ടപ്പെട്ടു തുടങ്ങി. ആദ്യം ആൾട്ടായ് പ്രദേശം പൊയ്പോയി. പിന്നെ താർബഗത്തായ്, കുൽദ്ജാ, ബൈത്തിക്ബൊഗ്ദോ, കുച്ചെങ്, ററിൻഷാൻ, കുക്കലൂക്ക് എന്നിവ ഓരോന്നായി കൈവിട്ടുപോയി. ഒടുവിലായി ബർക്കുൽകൂടെ നഷ്ടപ്പെട്ടതോടെ സ്വതന്ത്ര കസാക്കുകൾ തങ്ങളുടെ പുരാതന ഭൂമിയിൽനിന്നു വളരെ അകലെയായിക്കഴിഞ്ഞു. പതിമ്മൂന്നു വർഷം മുമ്പു മാത്രം ചെന്നുപററിയ ഒരു ചെറിയ പ്രദേശത്തിനുള്ളിലവർ കഴിഞ്ഞുകൂട്ടുകയാണു്. അവരുടെ മൂന്നു വശത്തും പർവ്വതങ്ങളോ മണൽക്കാടുകളോ ആണു്. ശേഷിച്ച ഒരു വശത്താകട്ടെ, കസാക്കുകൾ അവരുടെ സ്വാതന്ത്ര്യസന്ദേശംകൊണ്ടു് അടിമത്തത്തിനു വഴങ്ങിയിട്ടുള്ള മററു ജനങ്ങളെക്കൂടെ ഇളക്കിവിട്ടുമെന്ന ഭയത്താൽ സംഹാരോദ്യുക്തനായ ഒരു ഭീകര ശത്രുവും.

ഒസ്മാൻ ബത്തൂർ വന്നെത്തി കുറേക്കാലത്തേയ്ക്കു് എല്ലാം ശാന്തമായിരുന്നു. ഇടയ്ക്കിടെ വല്ലപ്പോഴും ഓരോ വിമാനം ആകാശത്തിൽ ചുററിപ്പറന്നു മടങ്ങും. ചിലപ്പോഴൊക്കെ തൻെറ കാവൽഭടന്മാരും കമ്മ്യൂണിസ്ററു ഭടന്മാരുമായി നടന്ന സംഘട്ടനങ്ങളിൽ കമ്മ്യൂണിസ്ററുകാർ പരാജയപ്പെട്ടു പിൻവാങ്ങിയ വാർത്തകൾ ഹംസായിൽനിന്നു ലഭിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ സമാധാനശീലർ—അല്ലെങ്കിൽ അങ്ങനെ തോന്നിക്കുന്ന—യാത്രക്കാർ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു. തുങ്-ഹുവാങ്ങിലേയ്ക്കു പോകുന്നതു് ആപൽക്കരമായി കരുതപ്പെട്ടുവന്നു. ഒന്നോ രണ്ടോ തവണ ഹുസേൻ താജിയുടെ ആൾക്കാർ പോകാതിരുന്നില്ല. എന്നാൽ അത്തരം യാത്രയിൽ അഭിമുഖീകരിക്കേണ്ട അപകടത്തിനനുസരിച്ചുള്ള പ്രയോജനം ചെയ്യുന്ന കാര്യമായ എന്തെങ്കിലും വിവരം ശേഖരിക്കുവാൻ അവക്കു കഴിഞ്ഞില്ല.

നീണ്ട കാലത്തെ യുദ്ധംകൊണ്ടു് സ്വതന്ത്രകസാക്കു കൾക്കു് ആയുധങ്ങൾക്കും വെടിക്കോപ്പുകൾക്കും ക്ഷാമ മായി. നാടൻ തോക്കും തിരയും തന്നെ ഉപയോഗിച്ചുതു ടങ്ങാൻ അവർ നിർബദ്ധരായിത്തീർന്നു. അത്തരം തിര കളുപയോഗിക്കുന്നതു നിയമവിരുദ്ധമായിരുന്നു. പക്ഷേ നിയമത്തെ മാനിക്കുന്ന ഒരു ശത്രുവിനെതിരായി സ്വരക്ഷ യ്ക്കുവേണ്ടി സമരം ചെയ്യുകയാണോ വേണ്ടതു്, അതോ നിയമം പാലിച്ചുകൊണ്ടു കൈകെട്ടിനിൽക്കുകയാണോ വേണ്ടതു് എന്നതായിരുന്നു കസാക്കുകളുടെ പ്രശ്നം. ആത്മരക്ഷയ്ക്കാവശ്യമായ എന്തും ചെയ്യാൻതന്നെ അവർ തീരുമാനമെടുത്തു.

സമരത്തിലേർപ്പെട്ടിരുന്ന മുഴവൻ കസാക്കുകളുടെ യും ആധിപത്യം ഒസ്മാൻബത്തുറിനായിരുന്നുവെങ്കിലും ഓരോ പ്രത്യേക വിഭാഗത്തിനു പ്രത്യേകം പ്രത്യേകം നേതാക്കളുണ്ടായിരുന്നു. പൊതുവിലുള്ള നയപരമായ കാര്യങ്ങളിൽ തീർച്ചയെടുത്തിരുന്നതു് സമരസമിതിയാ ണു്. തങ്ങളുടെ ഇപ്പോഴത്തെ താവളത്തിൽനിന്നുകൊണ്ടു് കമ്മ്യൂണിസ്റ്റുകാരോടു പിടിച്ചുനിൽക്കാൻ കഴിയുമോ എന്നതായിരുന്നു ഒന്നിച്ചുകൂടുന്ന അവസരങ്ങളിൽ അവ രുടെ ആലോചനയ്ക്കു വിഷയമായിരുന്ന പ്രധാന പ്രശ്നം. സാദ്ധ്യമല്ലെങ്കിൽ പിന്നെ അടുത്ത പടിയായി എന്താണു ചെയ്യുക? ശിശിരകാലം കഴിഞ്ഞാലുടൻ ററിബററുവഴി ഇൻഡ്യയിലേയ്ക്കു കടക്കണമെന്നതായിരുന്നു. ആലിബെഗ്ഗി ൻെറ അഭിപ്രായം. സ്ഥിതിഗതികൾ ഭേദപ്പെട്ടു നാട്ടി ലേയ്ക്കു മടങ്ങാറാകുന്നതുവരെ ഇപ്പോഴത്തെ താവളത്തിൽ തന്നെ പിടിച്ചു നിൽക്കാൻ കഴിയും എന്നതായിരുന്നു, ഇപ്പോഴും ഒസ്മാൻബത്തുറിൻെറയും ജനീംഖാൻെറയും വിശ്വാസം.

ചീനഗവണ്മെൻറും റഷ്യൻഗവണ്മെൻറും ഒററക്കെ ട്ടായിനിന്നാണു പ്രവർത്തിക്കുന്നതെന്നുള്ള വസ്തുതയായി രുന്നു, ആലിബെഗ്ഗിൻെറ അഭിപ്രായത്തിൽ, പ്രധാനമായ കാര്യം. അവ എല്ലാക്കാലവുമെന്നല്ല ഏറെക്കാലം തന്നെ അങ്ങനെ തുടരുമെന്നു് അയാൾക്കു വിശ്വാസമുണ്ടായിരു

ന്നില്ല—ഇന്നും അയാൾ വിശ്വസിക്കുന്നില്ല. പക്ഷേ അവർ ഒന്നായിനിന്നു പ്രവർത്തിക്കുന്ന കാലത്തോളം അവരെ ചെറുത്തു നിൽക്കാമെന്ന ആശ കസാക്കുകൾ വച്ചുപുലർത്തേണ്ടതില്ലെന്നായിരുന്നു, അയാളുടെ അഭിപ്രായം.

ഏതു ശത്രുവിനെയാണ് അഭിമുഖീകരിക്കേണ്ടതു്? ഏഷ്യയിലെ ഏററവും പ്രധാനപ്പെട്ട രണ്ടു വൻശക്തികളുടെ സംയുക്തബലത്തെയൊ, ലോകത്തിലെ ഏററവും ഉയരം കൂടിയ പർവ്വതനിരകളെയൊ, എന്നതായിത്തീർന്നു, അവശേഷിച്ചിരുന്ന മൂന്നുനാലായിരം വരുന്ന സ്വതന്ത്ര കസാക്കുകളുടെ ആലോചനാവിഷയം.

1950-ൻെറ ഒടുവിലത്തെ മൂന്നു മാസങ്ങളിലും 1951 ജനുവരിയിലും ഈ ആലോചന തുടന്നുകൊണ്ടിരുന്നു. ശിശിരകാലം മുഴുവനും തങ്ങളുടെ തമ്പുകൾക്കുള്ളിൽ ഒതുങ്ങിക്കൂടാനായിരുന്നു, കസാക്കുകൾക്കു താല്പര്യം. തണുപ്പും ഹിമപാതവും മൂലം ചീനരും ഒതുങ്ങിപ്പാർത്തു. ഇക്കാലത്തു് ആക്രമണങ്ങളുണ്ടായിരുന്നില്ല.

ഫെബ്രുവരി 1-ാനു കസാക്ക് തലവന്മാർ ഒരു തമ്പിനുള്ളിൽ സമരസമിതിയായി സമ്മേളിച്ചുകൊണ്ടിരിക്കെ അകലെയായി വെടിപൊട്ടുന്ന ശബ്ദവും യന്ത്രത്തോക്കിൻെറ ആരവവും കേട്ടു. ആരൊ തമ്പിനുവെളിയിൽ നിന്നു വിളിച്ചു പറഞ്ഞു: "കമ്മ്യൂണിസ്റ്റുകാർ ഇതാ എത്തി!"

ഇതു വളരെ ആകസ്മികമായിരുന്നുവെങ്കിലും പത്തുമിനിററിനുള്ളിൽ കസാക്കുകളെല്ലാം യാത്രയ്ക്കു സന്നദ്ധരായിക്കഴിഞ്ഞു. മഞ്ഞിൻെറ കാക്കശ്യത്തെ വകവയ്ക്കാതെ അടുത്ത പർവ്വതത്തിലെയ്ക്കു് അവർ പുറപ്പെട്ടു. കസാക്കുതലവന്മാർ എല്ലാവരും അവരുടെ അനുയായികളുടെ ഒപ്പം ഉണ്ടായിരുന്നുവെങ്കിൽ ഈ ആക്രമണം ഒട്ടുമിക്കവാറും പരാജയത്തിൽ കലാശിക്കുമായിരുന്നു. കമ്മ്യൂണിസ്റ്റു് സേന ചെറുതായിരുന്നു—എല്ലാംകൂടെ ഏതാണ്ടു മൂവായിരം പേർ. കസാക്കുകൾ, അവക്കേററവും അപകടം വരുത്തുന്ന കവചിത വാഹനങ്ങൾക്കു പ്രവർത്തിക്കാൻ കഴിയാത്ത പർവ്വതോദരത്തിൽ പെട്ടെന്നു ചെന്നെത്തി.

നേതാക്കളെയും കുടുംബങ്ങളെയും മൃഗങ്ങളെയും കസാക്ക് സേനയിൽനിന്നും ഒററപ്പെടുത്താനായിരുന്നു കമ്മ്യൂണിസ്ററുകളുടെ ശ്രമം. കുടുംബങ്ങളിൽ ഭൂരിഭാഗവും മൃഗങ്ങളുടെ ഏതാണ്ടു പകുതി ഭാഗവും രക്ഷപെട്ടു. പക്ഷേ നേതാക്കന്മാരെ പിടിച്ചെടുക്കുന്ന കാര്യത്തിൽ കമ്മ്യൂണിസ്ററുകാക്കു് വലിയ വിജയം തന്നെയുണ്ടായി.

ഒസ്മാൻബത്തുറിൻെറ മകൾ പതിനേഴ വയസ്സുള്ള ആജ്–അപ്പേ അയാളോടൊപ്പം സമരസമിതിയിൽ സംബന്ധിച്ചിട്ടുണ്ടായിരുന്നു. അവർ കുതിരപ്പുറത്തുകയറി പാഞ്ഞുപോകവെ അവൾ ശത്രുക്കൾ വച്ചിരുന്ന ഒരു കെണിയിൽ പെട്ടുപോയി. അവളെ കുതിരപ്പുറത്തുനിന്നു വലിച്ചു താഴെയിറക്കി. ഒസ്മാൻബത്തുർ തൻെറ യന്ത്രത്തോക്കുകൊണ്ടു തുരുതുരെ വെടിവച്ചുകൊണ്ടു കുതിരയെ പായിച്ചു ചെന്നു. ശത്രുഭടന്മാരിൽ ഓടി രക്ഷപ്പെടാത്തവരെല്ലാം ചത്തുവീണു. അയാളുടെ മകൾക്കു തരക്കേടൊന്നും പററിയിരുന്നില്ല; അവളുടെ കുതിര ചത്തുപോയെങ്കിലും അവൾ ഒസ്മാൻെറ പിന്നിൽ കുതിരപ്പുറത്തു ചാടികയറുകയും അവർ കുതിരയെ പറപ്പിച്ചുവിട്ടു പോകയും ചെയ്തു. അങ്ങനെ അവർ തടാകതീരത്തെത്തി. അതിലൂടെ കുതിരപ്പുറത്തുതന്നെ കടക്കാൻ ഒസ്മാൻ തീരുമാനിച്ചു. എന്നാൽ ആ പരുക്കൻ ഹിമപ്പരപ്പിൽ കുതിര വീണു കാലൊടിഞ്ഞു.

ഈ സമയത്തു കമ്മ്യൂണിസ്റ്റുകൾ അവരെ വളഞ്ഞു. തങ്ങളുടെ പക്കലുള്ള വെടിക്കോപ്പു് അവസാനിക്കുന്നതുവരെ ഒസ്മാനും ആജ്–അപ്പെയും അവരുടെ നേരെ തുടരെ വെടിവച്ചുകൊണ്ടിരുന്നു. എന്നാൽ അവരെ രണ്ടുപേരെയും ജീവനോടെ പിടിക്കാൻ നിർദ്ദേശമുണ്ടായിരുന്നതിനാൽ ശത്രുസൈനികർ അവരെ പരുക്കേല്പിച്ചില്ല. ഒടുവിൽ അവരെ ബന്ധിക്കുമ്പോൾ 200 പേർ അവക്കു ചുററുമായി മരിച്ചുവീണിരുന്നു എന്നാണു് കസാക്കു് അഭയാത്ഥികൾ പറയുന്നതു്.

ഒസ്മാൻെറ കൈകൾ പുറകിൽ ചേർത്തു ബന്ധിച്ചു് നൂറിലധികം റാത്തൽ ഭാരം വരുന്ന ഒരു കല്ലു്

അതിൽ നിന്നു കെട്ടിത്തൂക്കി. എന്നിട്ടു് അയാളെ ഒരു കുതിരപ്പുറത്തു കയററിയിരുത്തി കാലുകൾ രണ്ടും ചുവട്ടിൽ കൂട്ടിക്കെട്ടി. ഈ നിലയിൽ 50 മൈൽ ദൂരെയുള്ള തുങ്ങ്-ഹ്വാങ്ങിലെയ്ക്കു കൊണ്ടുപോയി. അവിടെ അയാളെ അനവധി പകലും രാത്രിയും പലവിധ ദണ്ഡനമുറകൾക്കു വിധേയനാക്കി. "ചീനരുടെ കയ്യിൽനിന്നു ടർക്കിസ്റ്റാൻ സ്വാതന്ത്ര്യമാകുമെന്നു വീമ്പുപറഞ്ഞു പരാജയപ്പെട്ടവനാണിവൻ" എന്നു മുമ്പിലും പിറകിലും എഴുതിവച്ചു് ഒരു കുതിരപ്പുറത്തു കയററി അയാളെ പട്ടണത്തിലാകെ കൊണ്ടുനടന്നു പ്രദർശിപ്പിച്ചു. പക്ഷേ അവർ അയാളുടെ വായു് അടച്ചു കെട്ടാഞ്ഞതിനാൽ അയാൾ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു: "ഞാൻ മരിച്ചുവെന്നു വരാം. പക്ഷേ ലോകമുള്ള കാലത്തോളം എൻെറ ആൾക്കാർ അവരുടെ സമരം തുടൎന്നുകൊണ്ടിരിക്കും."

ഒടുവിൽ അയാളെ ഉറുംചിയിലെയ്ക്കു കൊണ്ടുപോയി. അപമാനിക്കാൻവേണ്ടി മുഖത്തു കരിപുരട്ടി ഒരു മോട്ടോർ വാഹനത്തിൽ കയററിയാണു് തെരുവുകളിലൂടെ കൊണ്ടുനടന്നതു്. ഇപ്രാവശ്യം അയാളുടെ കഴുത്തിൽ കെട്ടിത്തൂക്കിയിരുന്ന പരസ്യത്തിൽ എഴുതിയിരുന്നു: "തുർക്കിസ്ഥാനെ ചീനരുടെ കയ്യിൽനിന്നു മോചിപ്പിക്കുമെന്നു പറഞ്ഞവനാണിവൻ. വാസ്തവത്തിൽ ബ്രിട്ടീഷ്കാൎക്കും അമേരിക്കക്കാൎക്കും സ്വയം വിൽക്കുകയാണിവൻ ചെയ്തതു്." പിന്നെ അയാളെ വാട്ടർമിൽസ് താഴ്വരയിലെയ്ക്കു കൊണ്ടുപോയി. അവിടെവച്ചു് അയാളെ ശിരഃഛേദം ചെയ്യുന്നതു കാണ്മാൻ എല്ലാവൎഗ്ഗത്തിലും എല്ലാ തൊഴിലിലും പെട്ടവരും, എല്ലാ വിദ്യാലയങ്ങളിലുമുള്ള കുട്ടികളും ചെന്നു കൂടിക്കൊള്ളണമെന്നു് ആജ്ഞാപിക്കപ്പെട്ടിരുന്നു.

ആളുകൾ അവരുടെ സ്വമനസ്സാലെ അവിടെ ചെന്നുകൂടി എന്നാണു് കമ്മ്യൂണിസ്റ്റു് പത്രങ്ങൾ എഴുതിയതു്. പക്ഷേ അക്കാലത്തു് ഉറുംചിയിലുണ്ടായിരുന്ന ഒരാളാണു് എന്നോടു് ഇതേപ്പററി പറഞ്ഞതു്. ആളുകൾക്കു് ഇക്കാൎയ്യത്തിൽ സ്വാഭിപ്രായം പോലെ ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ലെന്നാണു് അയാളുടെ പക്ഷം. എപ്പോ

ഴം ജനങ്ങളുടെ ഭാഗത്തുനിന്നും വിപ്ളവത്തെ ഭയപ്പെട്ടിരുന്ന കമ്മ്യൂണിസ്റ്റുകാരുടെ ആവശ്യം, അവരെ എതിർക്കുന്നവക്ക് എന്താണനുഭവമെന്ന് എല്ലാപേരെയും കാണിച്ചുകൊടുക്കണമെന്നുള്ളതായിരുന്നു; ആൾക്കൂട്ടത്തിനിടയിൽ കലർന്നു രഹസ്യപ്പോലീസുകാരും സഞ്ചരിച്ചിരുന്നതിനാൽ ആരും കരയാൻപോലും ധൈര്യപ്പെട്ടില്ല.

വാട്ടർമിൽസ് താഴ്വരയിലെയ്ക്കുള്ള യാത്രയിൽ ഒസ്മാൻ കടന്നുപോയ ഒരു ഫാക്ററിയിൽ കമ്മ്യൂണിസ്റ്റ് പട്ടാളക്കാർക്കുവേണ്ടി ഉടുപ്പുതുന്നിക്കൊണ്ടിരുന്ന വേലക്കാരികളിൽ ഒരുവൾ അയാളുടെ പുത്രി ആജ്–അപ്പേയായിരുന്നു.

കമ്മ്യൂണിസ്റ്റുകാർ പിടികൂടിയ മറെറാരു നേതാവ് ജാനിംഖാനായിരുന്നു. അയാൾ അവരുടെ കയ്യിൽപെടാനിടയായ സാഹചര്യങ്ങളെപ്പററി എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. അയാളെയും ദേഹദണ്ഡമേല്പിച്ചശേഷം കൊലപ്പെടുത്തി. അയാൾ ഒരുകാലത്തു് ഉരുംചിയിൽ ഗവണ്മെൻറുദ്യോഗം വഹിച്ചിരുന്നതിനാൽ ജാനിംഖാനു് അവിടെ പല സ്നേഹിതന്മാരുണ്ടായിരുന്നു. അയാളുടെ ജീവൻ രക്ഷപ്പെടുത്താൻ ഒന്നും ചെയ്യാൻ അവക്കു കഴിഞ്ഞില്ല. എന്നാൽ അയാളെ കൊലപ്പെടുത്തിയതിൻെറ അടുത്ത രാത്രി വനപ്രദേശങ്ങളിൽ അഗ്നിബാധയുണ്ടായിരിക്കുന്നതായി കാണപ്പെട്ടു. അനേകദിവസത്തേയ്ക്കു് ആകാശം ധൂമാവൃതമായിരുന്നു. കസാക്കുകൾ ലഹളയുണ്ടാക്കുമെന്ന ഭയത്താൽ, തുടന്നു പല വാരക്കാലത്തേയ്ക്കു് കമ്മ്യൂണിസ്റ്റു പട്ടാളം തലസ്ഥാന നഗരിയിലെയ്ക്കുള്ള റോഡിൽ റോന്തുചുററിക്കൊണ്ടിരുന്നു.

ജാനിംഖാൻെറ പുത്രൻ ദലിൽഖാൻ രക്ഷപ്പെട്ടു് ഇൻഡ്യയിലെത്തി. അയാൾ ഇപ്പോഴും അവിടെയുണ്ടെന്നാണു് എൻെറ ഊഹം. ഒസ്മാൻബത്തൂറിൻെറ മകൻ ഷെർദിർമാനും രക്ഷപ്പെട്ടു. അയാൾ പൂർവ്വടക്കിസ്ഥാനിലേയ്ക്കാണു പോയതു്. ഇപ്പോഴും അവിടെയുണ്ടു്. 1953 ആഗസ്റ്റിൽ കാഷ്മീരിലെ ഏതാനും കസാക്ക് അഭയാർത്ഥികൾ ഉരുംചിയിൽ നിന്നുള്ള കമ്മ്യൂണിസ്റ്റുകാരുടെ

പ്രക്ഷേപണം ശ്രദ്ധിച്ചുകൊണ്ടിരിക്കവെ കേട്ട, ഷെർദിർമാനും അയാളുടെ രണ്ടു സഹോദരന്മാരും കമ്മ്യൂണിസ്റ്റുകാരുമായി ലോഹ്യത്തിലായിരിക്കുന്നു എന്നു്.

അതുവരെ ഷെർദിർമാൻ ജീവിച്ചിരിക്കുന്നുവൊ ഇല്ലയൊ എന്നൊന്നും കാശ്മീരിലെ ഒസ്മാൻബത്തുറിൻെറ സ്നേഹിതന്മാക്കു രൂപമുണ്ടായിരുന്നില്ല. ഒരുവൻ പറഞ്ഞു, "ഷെർദിർമാൻ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അവൻെറ പിതാവിൻെറ കൊലയാളികൾക്കു കീഴടങ്ങിയിട്ടില്ലെന്നു തീർച്ചയാണു്. റേഡിയൊയിൽ പറഞ്ഞതു കള്ളമാണു്. അവരുടെ സമ്പ്രദായം നമുക്കറിഞ്ഞുകൂടെ? ഷെർദിർമാനു പല വിജയങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നും, കൂടുതൽ വമ്പിച്ച വിജയങ്ങളുണ്ടാകുമെന്നു് അവർ ഭയപ്പെടുന്നുവെന്നും മാത്രമെ ഇതിനത്ഥമുള്ളു."

കമ്മ്യൂണിസ്റ്റുകാരുടെ പ്രസ്താവനകളിൽ വല്ല നേരുമുണ്ടോ എന്നറിയാൻ വയ്യ. എന്നാൽ പതിനെട്ടു മാസക്കാലംകൂടെ ഷെർദിർമാൻ കമ്മ്യൂണിസ്റ്റുകാരുമായുള്ള സമരം തുടർന്നുകൊണ്ടിരുന്നു എന്നതു വ്യക്തമാണു്. അതു നിസ്സാരമായ കാര്യമല്ല. എളുപ്പമുള്ള കാര്യവുമല്ല. കാലം മാറിവരുമ്പോൾ, ഒസ്മാൻ ബത്തുറിനെപ്പററി കരാമുള്ള നിമ്മിച്ചതുപോലെ വല്ല കസാക്കു് കവിയും ഷെർദിർമാനെപ്പററിയും കാവ്യം നിമ്മിക്കാതിരിക്കയില്ലെന്നാണു് ഞാനു വിചാരിക്കുന്നതു്. അങ്ങനെ ഷെർദിർമാൻെറ കഥ എഴുതപ്പെടുന്നകാലത്തു്, കസാക്കു് ജനതയുടെ ശത്രുക്കളുടെ എണ്ണം താക്ലമകാനിലെ മണൽത്തരികൾ പോലെ അത്ര അധികമായിരുന്നെങ്കിലും, തൻെറ പിതാവു യാതൊരു ലക്ഷ്യത്തോടെ പ്രവത്തിച്ചുവോ അതിന്നനുരൂപമായി അയാൾ, തങ്ങളുടെ നാടിനെ ചോരണം ചെയ്യാൻ വന്നു ശത്രുക്കളെ, അവർ കടന്നുവന്ന മണലാരണ്യം വഴിതന്നെ തിരിച്ചോടിച്ചു വിട്ടു എന്നു രേഖപ്പെടുത്താൻ ഇടയാകട്ടെ.

ഒസ്മാൻ ബത്തുറിനെ പിടികൂടാനിടയായ ഗെജ്കൽ യുദ്ധം മൂന്നു രാത്രിയും പകലും മുഴുവൻ നീണ്ടുനിന്നു. ഒടുവിൽ കമ്മ്യൂണിസ്റ്ററുകൾ പിൻവാങ്ങി.

ആക്രമണമാരംഭിച്ചപ്പോൾ ആലിബെഗ്ഗിൻെറ പ-

ത്തിയായ മൂലിയായുടെ താവളത്തിലുണ്ടായിരുന്ന സ്ത്രീകൾക്ക് അവരുടെ തമ്പുകൾ പൊളിച്ചെടുക്കാൻ സാവകാശം കിട്ടിയില്ല. അവർ ആദ്യം കുട്ടികളെയും പിന്നെ കുതിരകളെയും തേടിപ്പിടിച്ചു. മൂലിയാ മററുള്ളവരുടെ പിന്നാലെ യാത്രയാരംഭിച്ചപ്പോഴാണ് ഒരു ശിശുവിനെ അവിടെ വിട്ടിട്ടു പോയിരിക്കുന്നതായി കാണപ്പെട്ടതു്. അവൾ കുതിരയെ തിരിച്ചു ഓടിച്ചു ചെന്നു് കുതിരപ്പുറത്തു നിന്നു് ഇറങ്ങാതെ തന്നെ ആ ശിശുവിനെ കോരിയെടുത്തു കൊണ്ടുപോയി തൻെറ സംഘത്തിലെത്തിയപ്പോഴാണ് തൻെറ വസ്ത്രങ്ങളിൽ വെടിയുണ്ടയേററ തുളകൾ കാണായതു്. തങ്ങളുടെ സാധനസാമഗ്രികളിൽ വല്ലതുമെങ്കിലും ശേഖരിക്കാൻ കഴിയുമോ എന്നു പരീക്ഷിക്കാൻ വേണ്ടി അവൾ ഒരിടയപ്പയ്യനേയും കൂട്ടി വീണ്ടും ആ താവളത്തിൽ പോയിരുന്നു.

ശത്രുക്കൾ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നെങ്കിലും തമ്പുകളിലെ സാധനങ്ങളൊന്നും മോഷ്ടിക്കപ്പെട്ടിരുന്നില്ല. രണ്ടു യന്ത്രത്തോക്കുകളും കുറെ വെടിക്കോപ്പും കൂടെ അവിടെ കാണപ്പെട്ടു. ശത്രുക്കൾ വരുന്നതുവരെ അവിടെ കാത്തിരിക്കാമെന്നുതന്നെ അവൾ തീർച്ചപ്പെടുത്തി. ശത്രുക്കൾ തമ്പിനടുത്തെത്തുന്നതുവരെ അനങ്ങാതിരുന്നിട്ട് മൂലിയായും കൂടെ ഉണ്ടായിരുന്ന പയ്യനും വെടി തുടങ്ങി. ഏതാണ്ട് അഞ്ചു മണിക്കൂർ നേരം ശത്രുക്കളെ ചെറുത്തുനില്ക്കാൻ അവൾക്കു കഴിഞ്ഞു. അപ്പോഴേയ്ക്കു് ആലിബെഗ്ഗ് ഏതാനും അനുയായികളുമായി അവിടെയെത്തുകയും കമ്മ്യൂണിസ്റ്റുകൾ കടന്നു കളകയും ചെയ്തു. മൂലിയായുടെ സാമർത്ഥ്യം മൂലം വലിയ പാചകപാത്രമുൾപ്പെടെ എല്ലാ സാധനങ്ങളും രക്ഷപ്പെടുത്താൻ കഴിഞ്ഞു.

കസാക്കുകൾക്കു് ആൾനഷ്ടം അധികം സംഭവിച്ചിരുന്നില്ല. അവരുടെ തമ്പുകൾ മിക്കതും കേടു കൂടാതെ രക്ഷപ്പെട്ടതായിരുന്നു. ഏതാണ്ടു 15,000 മൃഗങ്ങളും ശേഷിച്ചിരുന്നു. ററിബററിൽ കടന്നുകൂടി വേണ്ടിവന്നാൽ സമരം ചെയ്തു് ഇൻഡ്യയിലേയ്ക്കു ചെന്നു പററുകയല്ലാതെ ഇനി പോംവഴി ഇല്ലെന്ന കാര്യം നേതാക്കൾക്കു ബോദ്ധ്യ

മായി. ശീതകാലമായിരുന്നതിനാൽ ആഹാരപ്രശ്നം കഴപ്പത്തിലായിരുന്നു. എല്ലാവരും ഒന്നായി സഞ്ചരിക്കുക സാധ്യമല്ല. അതുകൊണ്ടു ചെറുസംഘങ്ങളായി പിരിഞ്ഞു യാത്ര തുടരാം എന്നു തീരുമാനിക്കപ്പെട്ടു. ഹുസേൻ താജി പറഞ്ഞ സരളമായ കാരണം മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടെങ്കിലും അതു് ഒന്നുകൂടി ആവർത്തിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. "മൃഗത്തെപ്പോലെ ജീവിക്കയിൽ ഭേദം മരിക്കയാണു്. മൃഗം മനുഷ്യനെ ദൈവമായാണു് കരുതുന്നതു്. എന്നാൽ മനുഷ്യൻ മററൊരു മനുഷ്യനെ ദൈവത്തെപ്പോലെ കരുതുന്നതു തെററാണു്."

അങ്ങനെ ആലിബെഗ്ഗു്, ദലിൽഖാൻ, സുൽത്താൻ ഷെറിഫ്, ഹുസേൻ താജി എന്നിവരെല്ലാം സംഘം പിരിഞ്ഞു് അവനവൻെറ ചെറുസംഘത്തെയും മൃഗങ്ങളെയും നയിച്ചുകൊണ്ടു ഭീകരമായ കുൺലൂൺ പർവതനിരകളെ ലക്ഷ്യമാക്കി ദക്ഷിണാഭിമുഖമായി യാത്ര തിരിച്ചു. ഓരോ സംഘവും അവനവനു് ഇഷ്ടപ്പെട്ട മാർഗ്ഗത്തിലൂടെ മുമ്പോട്ടു നീങ്ങി. ചിലരെ ററിബററിൽ ഭാഗ്യം അനുഗ്രഹിച്ചു. ചിലർക്കു സംഘത്തിലെ ആൾക്കാരിൽ ഒട്ടുപകുതിയും മൃഗങ്ങൾ മുഴുവനും നഷ്ടപ്പെട്ടു. തങ്ങളുടെ ജന്മഭൂമി വിട്ടുപോകാൻ അവർക്കാർക്കും ഇഷ്ടമുണ്ടായിരുന്നില്ല. തങ്ങളിനി മടങ്ങിവരാനിടയില്ലെന്നു് അവക്കു ബോദ്ധ്യവുമായിരുന്നു. എങ്കിലും മുന്നോട്ടു വച്ച കാൽ പിൻവലിക്കാൻ ആരും വിചാരിച്ചില്ല.

ആലിബെഗ്ഗിൻെറ സംഘത്തിൽ 234 പേരാണുണ്ടായിരുന്നതു്. ഹംസാ, കൈനേഷു്, അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും, ആലിബെഗ്ഗിൻെറ മൂന്നു ഭാര്യമാരും ആറു മക്കളും, അയാളുടെ അവശേഷിച്ച ഏക സഹോദരൻ സെയ്നൽഹമീദ് എന്നിവരെല്ലാം ഇതിൽ പെടും. കൂട്ടത്തിൽ 140-ലധികം പേർ പുരുഷന്മാരാണു്. അവർക്കു് അനേകായിരം ആടുകളും അനേകശതം കന്നുകാലികളും കുതിരകളും അറുപതു് ഒട്ടകങ്ങളുമുണ്ടായിരുന്നു. അതിൽ ഒരു ഒട്ടകത്തിൻെറ പുറത്തു്— നിങ്ങൾ ഇപ്പോൾ ഊഹി

ച്ചിട്ടുണ്ടാവണം—ആലിബെഗ്ഗിൻെറ പാചകപാത്രമായിരുന്നു.

ഫെബ്രുവരി ആദ്യവാരത്തിൽ ഗെജ്കുലിൽനിന്നു പുറപ്പെട്ട അവർ 1951 ആഗസ്റ്റ് 18—ാംനു ഇൻഡ്യൻ അതിർത്തിയിലെത്തി. ലോകത്തിൻെറ മേൽപ്പുരയുടെ മുകളിലൂടെ 900 മൈൽ സഞ്ചരിച്ചും, വഴിക്കു പല സമരങ്ങളിലേർപ്പെട്ടും, അസംഖ്യമായ ക്ലേശങ്ങളോടു മല്ലിട്ടുമാണ് അവരവിടെയെത്തിയതു്. എവറസ്റ്റ്,കാഞ്ചൻജംഗ തുടങ്ങിയ പർവ്വതങ്ങളിൽ ആരോഹണത്തിനു മുതിർന്നിട്ടുള്ളവർക്കുമാത്രമേ അവരനുഭവിച്ച ക്ലേശങ്ങളെപ്പററി ഏകദേശമെങ്കിലും അറിയാൻ കഴിയൂ.

# 11

## ലോകത്തിൻെറ മേല്പുരയുടെ മുകളിൽ

ഗെജ് കുലിൽ നിന്നു യാത്രയാരംഭിച്ച കസാക്കുകളെ കണ്ടാൽ അവരെപ്പററി അറിഞ്ഞുകൂടാത്ത ആർക്കും തോന്നിപ്പോകുമായിരുന്നു, ഒരാക്രമണം കൊണ്ടു് അവരെ പരാജയപ്പെടുത്തുകയെന്നതു നിസ്സാരകാര്യമാണെന്നു്. ആയിരക്കണക്കിനു് ആട്ടുകൾ— പലതും ചെനയുള്ളതു്—മഞ്ഞിനിടയിൽ കൂടി തല കാണിച്ചു നിൽക്കുന്ന വല്ല പുൽത്തുരുമ്പും കാർന്നു തിന്നുകൊണ്ടു് പാതയുടെ ഇരുവശത്തുമായി മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. ആട്ടുകളുടെ ഇടയ്ക്കുകൂടെ ഭാരം ചുമന്നുകൊണ്ടു നീങ്ങുന്ന കന്നുകാലികളെയും കാണാമായിരുന്നു. അതിനു പിമ്പിലായി കുതിരകൾ. ഏററവും ഒടുവിലായി ഒട്ടകങ്ങൾ. വെടിക്കോപ്പുകൾ, ആയുധങ്ങൾ, തമ്പിൻെറ ഭാഗങ്ങൾ, വസ്തുങ്ങൾ നിറച്ച പെട്ടികൾ,—അവയിൽ ഒന്നോ രണ്ടോ പുസ്തകം (പ്രധാനമായി കൊറാൻ) ഉണ്ടായെന്നും വരാം—ഇതെ

ല്ലാം അവയുടെ പുറത്തായിരുന്നു. ഒട്ടകങ്ങളെ മൂക്കിൽ കോർത്ത കയറുകൊണ്ടു പരസ്പരം ബന്ധിച്ചു് ഒന്നിനുപുറകെ ഒന്നായി ഒരു വരിയായിട്ടാണു് നടത്തിയിരുന്നതു്. എല്ലാററിലും ഉയരവും മുഴപ്പും കരുത്തുമുള്ള ഒട്ടകത്തിൻെറ മുകളിലായിരുന്നു ആലിബെഗ്ഗിൻെറ പാചകപാത്രം.

ഈ മൃഗങ്ങളെനിയന്ത്രിച്ചുകൊണ്ടു് അശ്വാരൂഢരായ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും സഞ്ചരിച്ചു വന്നു. പത്തുവയസ്സിനു മേൽ പ്രായമുള്ളവർക്കെല്ലാം ആയുധപ്രയോഗ വൈഭവമുണ്ടായിരുന്നു. എല്ലാററിലും മുമ്പിലും ഇരുവശത്തും പിൻപിലും അശ്വാരൂഢരായ ആളുകൾ കാവൽ ഭടന്മാരായി സഞ്ചരിച്ചിരുന്നു.

സാധാരണ ജനസഞ്ചാരമുള്ള പാതകളിൽ നിന്നും അകലെക്കൂടെ പോകത്തക്ക ഒരു മാർഗ്ഗമാണു് ആലിബെഗ്ഗ് തിരഞ്ഞെടുത്തതു്. തെക്കോട്ടു ലക്ഷ്യം വച്ചായിരുന്നു യാത്ര. ഗെജ്കലിൽ നിന്നു പുറപ്പെട്ട നിമിഷം മുതൽ വളരെ അപൂർവ്വമായി മാത്രം മനുഷ്യസ്പർശമേററിട്ടുള്ള, അറിയപ്പെടാത്ത, ഭൂമിയിലൂടെയാണു് അയാൾ നീങ്ങിയിരുന്നതു്. "ഞങ്ങളല്ലാതെ ഈ വഴിക്കു് മുമ്പു് ആരും ഒരിക്കലും സഞ്ചരിച്ചിട്ടില്ല എന്നാണു് അയാൾ തന്നെ പറഞ്ഞതു്.

കസാക്കുകൾ എന്താണു ചെയ്യാനുദ്ദേശിക്കുന്നതെന്നന്വേഷിച്ചു വിവരമറിയിക്കാൻ കമ്മ്യൂണിസ്റ്റുകൾ ആളുകളെ ഏർപ്പാടു ചെയ്തിരുന്നു. യാത്രയുടെ ആരംഭത്തിൽ തന്നെ ഇരുപതോളം ശത്രുസൈനികരുടെ ഒരു കെണിയിൽ അവർ പെടാൻ ഭാവിച്ചു. അപകടം മണത്തറിഞ്ഞ ആലിബെഗ്ഗ് അവരെ കണ്ടുപിടിച്ചു. അവർ ഓടി പൊയ്ക്കളഞ്ഞു. എങ്കിലും അനേകം മണിക്കൂർ സമയം അവർ കസാക്കുകളെ പിൻതുടർന്നു സഞ്ചരിച്ചുകൊണ്ടിരുന്നു. അതറിയാത്ത ഭാവത്തിൽ ആയിരുന്നു —ആലിബെഗ്ഗും ഹംസായും കൈനേഷും മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നതു്.

കുറെ ദൂരം ചെന്നപ്പോൾ വഴിവളരെ ഇടുങ്ങിയ ഒരു മലയടിവാരത്തിലൂടെയായി. "ഇതു പററിയ സ്ഥലമാണു്" ആലിബെഗ്ഗ് അഭിപ്രായപ്പെട്ടു.

"സ്ഥലം കുറെ കൂടുതൽ നല്ലതായിപ്പോയില്ലയൊ എന്നാണെൻെറ സംശയം" ഹംസാ പറഞ്ഞു. "കാരണം, യാത്രക്കിടയിൽ കണ്ടുകിട്ടിയ ആദ്യത്തെ പററിയ സ്ഥല മാണിതു്. ശത്രുവിനു സംശയം തോന്നാനും കരുതലെടുക്കാനുമിടയായാൽ നമ്മുടെ പ്രയത്നം വ്യഥാവിലാകും. ഇനിയൊരവസരം അവർ തരുകയുമില്ല."

മൂന്നാമതായി കടന്ന മറെറാരു പററിയ പ്രദേശത്തെത്തിയപ്പോൾ ഹംസായോടു തിരിഞ്ഞു് ആലിബെഗ്ഗ് ചോദിച്ചു. "എത്രപേർ വേണം?"

"അഞ്ചു്" ഹംസാ പറഞ്ഞു. "വേറെ അഞ്ചു പേർ വീതം ഇരുവശത്തെയും കുന്നുകളുടെ മുകളിൽ നിൽക്കട്ടെ. അഥവാ, കമ്മ്യൂണിസ്റ്റുകൾക്കു് ഈ കെണിയെപ്പററി സംശയമുണ്ടായി, മറു വഴിക്കു കടക്കാൻ ശ്രമിച്ചാൽ തന്നെയും അവരെ പിടികൂടാം."

ഹംസാ ആവശ്യമുള്ള പതിനഞ്ചുപേരെ തിരഞ്ഞെടുത്തു. പ്രധാന സംഘം പാട്ടുകളും പാടി മുമ്പോട്ടു നീങ്ങി. വെടിപൊട്ടുന്ന ശബ്ദം കേട്ടപ്പോൾ പാട്ടു നിന്നു.

"ഇത്ര കുറച്ചു വെടിയൊ?" കൈനേഷ് അത്ഭുതപ്പെട്ടു. ഒന്നുകിൽ കെണി പരാജയപ്പെട്ടു. അല്ലെങ്കിൽ എല്ലാവരും അതിൽ പെട്ടു ചത്തു." ഹംസാ അവരുടെ അടുത്തേയ്ക്കു കുതിരയെ ഓടിച്ചുവരുന്നതുകണ്ടു് അയാൾ ചോദിച്ചു, "വേട്ട എങ്ങനെ ഇരുന്നു?"

"പുറകിൽ വന്ന രണ്ടുപേർ കടന്നുകളഞ്ഞു." ഹംസാ പറഞ്ഞു. "മുമ്പിൽ വന്ന രണ്ടുപേരൊഴികെ ബാക്കി എല്ലാവരെയും ഞങ്ങൾ കാച്ചി. അവരെ കടന്നുപോകാൻ അനുവദിച്ചിട്ടു ഞങ്ങൾ പ്രധാന സംഘത്തിനു വേണ്ടി കാക്കുകയായിരുന്നു."

"അവർ ഈ വഴിക്കു വന്നില്ല." കൈനേഷ് പറഞ്ഞു. "അപ്പോൾ പിന്നെ വെടിയുടെ ശബ്ദം കേട്ടപ്പോൾ അവർ വഴിവിട്ടു കടന്നു കാണും. അവർ നേരെ ചെന്നു

നമ്മുടെ ആൾക്കാരുടെ വായിൽ വീണുകൊള്ളും. അല്പം കഴിഞ്ഞപ്പോൾ പിന്നെയും വെടികൾ പൊട്ടുന്ന ശബ്ദം കേട്ടു. തുടന്നു് കുന്നിൻ പുറങ്ങളിൽ പതിയിരുന്നവരും വന്നു ചേൻ.

ഇരുപതിൽ പതിനെട്ടു കമ്മ്യൂണിസ്റ്റുകാരെയും അങ്ങനെ വകവരുത്തി. അവരുടെ കുതിരകളും തോക്കുകളും കസാക്കുകൾക്കു ലഭിച്ചു. ഇരുപതുപേരെയും കൊല്ലാൻ കഴിഞ്ഞില്ലല്ലൊ എന്നായിരുന്നു ആലിബെഗ്ഗിന്റെ സങ്കടം. രക്ഷപെട്ടവർ കസാക്കുകൾ പോയ മാർഗ്ഗത്തെപ്പററി ചെന്നു് അറിവുകൊടുക്കാതിരിക്കയില്ല. പത്തു ഭടന്മാരെ നിയോഗിച്ചിരുന്നവെങ്കിൽ ആരെയും ബാക്കിവയ്ക്കാതെ തുലയ്ക്കാമായിരുന്നു എന്നു് അയാൾ അഭിപ്രായപ്പെട്ടു.

"അതാണു് ദൈവത്തിന്റെ ഹിതം" ഹംസാ പറഞ്ഞു."ഞങ്ങൾ പത്തുപേരുണ്ടായിരുന്നുവെങ്കിൽ ഒരുവേള അവർ ഞങ്ങളെ കാണാനും അങ്ങനെ ഇരുപതുപേരും രക്ഷപെടാനും ഇടയുണ്ടായിരുന്നു. അല്ലെങ്കിൽ നമ്മുടെ ആളുകളിൽ കുറെപ്പേർക്കു മരണമേർപ്പെട്ടെന്നും വരാമായിരുന്നു. രക്ഷപെട്ട രണ്ടുപേർ ചെന്നു പറഞ്ഞു വിവരമറിഞ്ഞു് ശത്രുക്കൾ നമ്മുടെ പിന്നാലെ വന്നെത്തണമെങ്കിൽ മൂന്നുദിവസമെങ്കിലും കഴിയണം; ചിലപ്പോൾ കൂട്ടുതലും. ഈ മൂന്നു ദിവസത്തിനുള്ളിൽ എന്താണു സംഭവിക്കുകയെന്നു ദൈവത്തിനല്ലാതെ ആർക്കറിയാം."

ശത്രുക്കളിൽ രണ്ടുപേർ രക്ഷപെട്ടതുകൊണ്ടല്ല കുഴപ്പമുണ്ടായതു്. എന്തെന്നാൽ, പിറേറന്നു് ഉച്ച കഴിഞ്ഞപ്പോൾ ഒരു ശത്രുവിമാനം കസാക്കുകളെ കണ്ടുപിടിച്ചു. വിമാനം താണുപറന്നു് അവരുടെനേരെ യന്ത്രത്തോക്കുകൊണ്ടു വെടിവച്ചു. പക്ഷേ ഒരു മൃഗത്തിനുപോലും പരുക്കേററില്ല.

അടുത്ത പത്തു ദിവസത്തിനുള്ളിൽ ആലിബെഗ്ഗിന്റെ സംഘത്തിനുനേരെ ഭൂമിയിൽവച്ചു പല പ്രാവശ്യവും, ആകാശത്തിൽനിന്നും ഒരു പ്രാവശ്യവും ആക്രമണമുണ്ടായി. ഒരു വിമാനത്തെ വെടിവച്ചു വിഴ്ത്തിയതായി അവർ അവകാശപ്പെട്ടുന്നു. ഏതാനും മൃഗങ്ങളല്ലാതെ ഒരു

മനുഷ്യജീവനും തങ്ങൾക്കു നഷ്ടമായിട്ടില്ലെന്നാണ് അവർ പറയുന്നത്. രണ്ടു വാഹനം നിറയെ സൈനികർ അവരുടെ പിന്നാലെ ചെന്നുനടത്തിയ ഒരാക്രമണം, ആരംഭിക്കുന്നതിനു മുമ്പുതന്നെ പരാജയപ്പെട്ടു. പ്രധാന സംഘത്തെ അനുഗമിച്ചിരുന്ന രണ്ടു കസാക്കുകൾ ഓരോ നിറയൊഴിച്ച് വാഹനത്തിലെ ഡ്രൈവറന്മാരെ കൊന്നപ്പോൾ നിയന്ത്രണം വിട്ടുപോയ വണ്ടി രണ്ടും മറിഞ്ഞു തീപിടിച്ചു. തീയിൽ പെടാതെ രക്ഷപെട്ട രണ്ടോ മൂന്നോ സൈനികരെ അവർ നിഷ്പ്രയാസം വകവരുത്തുകയും ചെയ്തു.

കസാക്കുകൾ കുൺലൂൺ പർവ്വതനിര കയറിത്തുടങ്ങിയതോടെ സമരം അവസാനിച്ചു. അവരെത്തുടന്ന് ആ ദുർഗ്ഗമമാർഗ്ഗത്തിൽ സഞ്ചരിക്കാൻ ധൈര്യമില്ലായ്കയാലൊ, അവർ കുൺലൂൺ കടന്നു മറുവശത്തെത്തുക അസാദ്ധ്യമെന്നു സങ്കല്പിച്ചിട്ടൊ ആയിരിക്കണം കമ്മ്യൂണിസ്റ്റുകൾ ഒഴിച്ചുപോയതു്.

കുൺലൂൺ പർവ്വതനിരയുടെ തെക്കുഭാഗത്തുള്ള ഉയന്ന പീഠഭൂമിയിലെത്തിയപ്പോൾ, ടിബററുകാർ ആകാശരേഖയിൽനിന്നു തങ്ങളെ നിരീക്ഷിക്കുന്നുണ്ടെന്നു കസാക്കുകൾക്കു കാണായി. അവരുമായി സമ്പക്കത്തിലേർപ്പെട്ടു സ്നേഹം സമ്പാദിക്കാനായി ഹംസായെ ആലിബെഗ്ഗ് മുമ്പോട്ടയച്ചു. പക്ഷേ കാവൽ നിന്നവർ അപ്രത്യക്ഷരാകയാണുണ്ടായതു്. ഏതായാലും അകലെയായി ഒരു ഗ്രാമം ഹംസായുടെ ദൃഷ്ടിയിൽപെട്ടു. വഴികാട്ടികളെ കിട്ടുമൊ എന്നറിയാനായി ആലിബെഗ്ഗ് അങ്ങോട്ട് ആളയച്ചു. വഴികാട്ടികൾ അവരെ അടുത്ത ദിവസം രാവിലെ കുറെക്കൂടെ വലിയ ഒരു ഗ്രാമത്തിലേക്കു നയിച്ചു. പക്ഷേ അവിടത്തെ ആളുകൾ മനുഷ്യനൊ മൃഗത്തിനൊ ആഹാരത്തിനാവശ്യമുള്ള യാതൊന്നും വിൽക്കാൻ കൂട്ടാക്കിയില്ല. അവക്കാകട്ടെ, ധാരാളം വിഭവങ്ങളുണ്ടായിരുന്നു താനും. എന്നുതന്നെയല്ല അവിടെയുള്ള പുരുഷന്മാർ ആക്രമണത്തിനു തയ്യാറായി ആയുധങ്ങളൊരുക്കുന്നതായും കസാക്കുകൾ കണ്ടു. അതുകൊണ്ടു കസാക്കുകൾ ആദ്യംതന്നെ

അങ്ങോട്ട കയറി ആക്രമിച്ചു് ഗ്രാമവാസികളെ ഓടിച്ചു വിട്ടു് തങ്ങൾക്കാവശ്യമുള്ളത്ര വിഭവങ്ങൾ ശേഖരിച്ചശേഷം ഗ്രാമത്തിനു തീയും വച്ചു. വഴികാട്ടികളായിരുന്ന ടിബററുകാർ രണ്ടുപേരെയും കൂട്ടിക്കൊണ്ടു് അവർ യാത്ര തുടർന്നു.

ലാസായിലേയ്ക്കുള്ള റോഡിലേയ്ക്കു വഴി കാണിക്കാനായിരുന്നു അവരെ ഏർപ്പാടു ചെയ്തിരുന്നതു്. ഈ റോഡുവഴി അപകടം കൂടാതെ ആ രാജധാനിയിലും, പിന്നെ ററിബററു കടന്നു നീപ്പാളിലും, അവിടെനിന്നു് ഇൻഡ്യയിലും എത്താമെന്നുള്ളതായിരുന്നു ആലിബെഗ്ഗിൻെറ പ്രതീക്ഷ. കമ്മ്യൂണിസ്ററുകൾ ടിബററിലെത്തിക്കഴിഞ്ഞ കാര്യം അയാളറിഞ്ഞിരുന്നില്ല.

താമസിയാതെ ഉയരത്തിൽ വളന്നു നിൽക്കുന്ന ഈററൽ പുല്ലുകളുള്ള തുറന്ന ഭൂമിയിൽ അവരെത്തി. മനാസ്സു് നദീതീരത്തിലെ ചതുപ്പുഭൂമിയിൽ പരിചയമുണ്ടായിരുന്ന ആലിബെഗ്ഗു് പെട്ടെന്നു് ഉൽക്കണ്ഠിതനായി. ഒട്ടകങ്ങളിൽ ചിലതു് കാൽ ചെളിയിൽ പുതഞ്ഞു വിഷമിക്കുന്നതു കണ്ടപ്പോൾ അയാൾ കുതിരയെ വിട്ടു് മുമ്പോട്ടു ചെന്നു. പുൽക്കാട്ടിൽനിന്നു് വെടി പൊട്ടിത്തുടങ്ങി. ആ കെണിയിൽ നിന്നു് അകലത്തേയ്ക്കു പോകാതെ ററിബററൻ വഴികാട്ടികൾ രണ്ടുപേരും നേരെ അങ്ങോട്ടുതന്നെ കുതിരയെ വിട്ടുപോകുന്നതു കണ്ടപ്പോൾ അവരെ രക്ഷപെടാനനുവദിക്കാതെ അയാൾ വെടിവച്ചു വീഴ്ത്തി.

അയാളുടെ സഹോദരൻ സെയിനുൽ ഹമീദു്, വെടിയാരംഭിച്ച സമയത്തു് ചതുപ്പാരംഭിക്കുന്നിടത്തു് ഇരുപതു് ഒട്ടകങ്ങളുടെ ഒരു ശൃംഖലയ്ക്കു കാവലായി സഞ്ചരിക്കുകയായിരുന്നു. മുമ്പിൽ പോയിരുന്ന ഒട്ടകം ചത്തുവീണു. നിർഭാഗ്യവശാൽ അതിൻെറ പുറത്തെ കെട്ടിൽനിന്നു തൊട്ടു പുറകിൽ വന്ന ഒട്ടകത്തിൻെറ മൂക്കിലേയ്ക്കു ബന്ധിച്ചിരുന്ന ചരടു പൊട്ടിയില്ല. ചത്തുവീണ നേതാവു നടന്നുതുടങ്ങാൻ വേണ്ടി ആ ഒട്ടകശൃംഖല മുഴുവൻ നിശ്ചലം നിലയായി. ചരടു മുറിച്ചുകളയാൻ വേണ്ടി ഓടിച്ചെന്ന സെയിനുൽ ഹമീദിൻെറ കാലിനു വെടിയേററു.

ആലിബെഗ്ഗ് കുതിരയെ ഓടിച്ചുചെന്നു് അയാളെ അവിടെനിന്നു നീക്കം ചെയ്തു. അയാളുടെ നേരെയും വെടി വച്ചുവെങ്കിലും അയാൾക്കു പരുക്കൊന്നും പററിയില്ല. എന്നാൽ സെയ്നൽ ഹമീദ്, ആ പരുക്കുകൊണ്ടു മരിച്ചു. ആലിബെഗ്ഗിൻെറ സ്വന്തമായ സാധനസാമഗ്രികൾ മിക്കതും—പ്രസിദ്ധമായ പാചകപ്പാത്രമുൾപ്പെടെ—ആ ഒട്ടകശൃംഖലയുടെ കൂടെ നഷ്ടമായി.

ആലിബെഗ്ഗ് വീണ്ടും തൻെറ സംഘത്തെ ഒന്നിച്ചു കൂട്ടി. ററിബററുകാരായ വഴികാട്ടികളുടെ സഹായം മേലാൽ തേടാൻ പാടില്ല എന്നു തീർച്ചപ്പെട്ടുത്തി. ഒരു സ്കൂൾ പുസ്തകത്തിൽനിന്നും കീറിയെടുത്ത ഒരു ഭൂപടവും കൈവശമുള്ള ദിങ്നിർണ്ണയയന്ത്രവും ഉപയോഗിച്ചു വഴി കണ്ടുപിടിച്ചു യാത്ര തുടരാനാണു തീരുമാനിച്ചതു്. 1947—ൽ മനാസ്സിൽവച്ചു നടന്ന ഒരു യുദ്ധത്തിൻെറ അവസാനത്തിൽ തറയിൽ കിടന്നു കിട്ടിയ ആ ഭൂപടം എന്തിനെന്നറിയാതെ നിരുദ്ദേശമായി അയാൾ ഇക്കാലമത്രയും കൂടെ കൊണ്ടുനടക്കുകയായിരുന്നു.

ഈ ചതുപ്പുസ്വഭാവമുള്ള മലയടിവാരത്തിനെ ചുററിയുള്ള മലനിരയുടെ മുകളിൽ കയറി നോക്കിയപ്പോൾ ലാസാപ്രദേശത്തേയ്ക്കുള്ള ഒരു റോഡു തെക്കോട്ടു നീണ്ടുകിടക്കുന്നതു് അയാളുടെ ദൃഷ്ടിയിൽ പെട്ടു. ആ റോഡിൽ ആയുധധാരികളായ ഭടന്മാരുടെ സംഘങ്ങൾ കാണപ്പെട്ടതു് കമ്മ്യൂണിസ്റ്റു സേനയുടെ അംഗങ്ങളാണെന്നുള്ളതു വ്യക്തമായിരുന്നു. ചതുപ്പിലെ കെണി പരാജയപ്പെട്ടാൽ ഈ പട്ടാളക്കാർക്കു തങ്ങളെ ഒററികൊടുക്കണമെന്നുള്ളതായിരുന്നു ആ രണ്ടു ററിബററൻ വഴികാട്ടികളുടെ ഉദ്ദേശമെന്നു് അയാൾക്കു ബോദ്ധ്യമായി. തന്നെ രക്ഷിച്ചതിനു് ഈശ്വരനോടു നന്ദി പറഞ്ഞുകൊണ്ടു് അയാൾ മലയടിവാരത്തിലേയ്ക്കുതന്നെ തിരിച്ചു സഞ്ചരിച്ചുതുടങ്ങി. ദക്ഷിണാഭിമുഖമായുള്ള യാത്ര അവസാനിപ്പിച്ചു് അയാളിപ്പോൾ പശ്ചിമാഭിമുഖമായി തൻെറ സംഘത്തെ നയിച്ചുതുടങ്ങി. ലാസായ്ക്കുപകരം കാഷ്മീരിലേയ്ക്കാക്കി, യാത്ര.

അബ്ദുൽ മുടാലിപ് എന്ന ഒമ്പതു വയസ്സുകാരൻ കുട്ടിയുടെ പിതാവും മാതാവും കമ്മ്യൂണിസ്റ്റുകാരുടെ കെണിയിൽപെട്ടു മരിച്ചുപോയി. അങ്ങനെ അവൻ പിതാവിൻെറ വക ഒരു കുതിര, രണ്ടുപശു, ഒരു ഡസൻ ആട്ട് ഇവയുടെ ഉടമസ്ഥനായിത്തീർന്നു. ആലിബെഗ്ഗ് തൻെറ സംഘത്തിൽ മടങ്ങിയെത്തിയപ്പോൾ ഈ പയ്യൻ മററുള്ളവരോടു വിവാദത്തിലേർപ്പെട്ടിരിക്കുന്നതാണു് കണ്ടതു്. "ഞാനല്ലെ ഇപ്പോൾ കുടുംബനാഥൻ?" അവൻ ആലിബെഗ്ഗിനോടു ചോദിച്ചു. "എൻെറ സ്വന്തമുതൽ കൊണ്ടു് എൻെറ ഇഷ്ടംപോലെ കൈകാര്യം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു."

"ശരി, അങ്ങനെന്നാകട്ടെ," ആലിബെഗ്ഗ് പറഞ്ഞു. "നീ എന്തുചെയ്യാൻ വിചാരിക്കുന്നു?"

"എൻെറ അച്ഛനമ്മയും ഇത്രവലിയ ഒരു സംഘത്തിലല്ലാതെ പ്രത്യേകം സഞ്ചരിച്ചിരുന്നെങ്കിൽ അവരെ കമ്മ്യൂണിസ്റ്റുകാർ കാണാനിടയില്ലായിരുന്നു. ഇന്നവർ ജീവനോടെ ഇരുന്നേനെ. അതുകൊണ്ടു ഞാനും എൻെറ മൃഗങ്ങളും കൂട്ടം വിട്ടു പ്രത്യേകമായി സഞ്ചരിക്കാൻ വിചാരിക്കുന്നു. ഇത്രവളരെപ്പേർ യാത്രചെയ്യുന്നതിൻെറ പുറകെയാകുമ്പോൾ വഴിതെററിപ്പോകാനും തരമില്ല."

"പക്ഷേ നിനക്കെപ്പൊഴെങ്കിലും ഒരു സഹായം വേണ്ടിവന്നാൽ സമീപത്തു് ആരും ഉണ്ടായിരിക്കയില്ലല്ലൊ.",

"സഹായംകൊണ്ടു് എൻെറ അച്ഛനമ്മമാരുടെ ജീവൻ രക്ഷപെട്ടുവൊ?"

അല്പം ആലോചനയ്ക്കുശേഷമേ ആലിബെഗ്ഗ് മറുപടി പറഞ്ഞുള്ളു, ഞങ്ങളെല്ലാം ദൈവത്തിൻെറ കൈകളിലാണു്. ആ കുട്ടി ഞങ്ങളിൽനിന്നു വളരെ അകലത്തിലായിരിക്കയില്ലതാനും. അതുകൊണ്ടു് അയാൾ അവൻെറ ഹിതത്തിനു വഴങ്ങി. കസാക്കുകൾ മുമ്പോട്ടുള്ള അവിരാമമായ യാത്ര തുടർന്നുകൊണ്ടിരുന്നപ്പോൾ പലപ്പോഴും അബ്ദൽ മുടാലിപിനെപ്പററി പരസ്പരം

സംസാരിക്കാറുണ്ടായിരുന്നു. "അവനിന്നു് നമ്മളിൽ നിന്നു് ഒരുമൈൽ പുറകുവരെ വന്നിട്ടുണ്ടു്; നാളെ നമ്മുടെ ഒപ്പം വന്നു കൂട്ടമായിരിക്കാം." അല്ലെങ്കിൽ പറയും, ഇന്നു് അവൻ രണ്ടുമൈൽ പുറകിലായിപ്പോയിട്ടുണ്ടു്. അവൻ ക്ഷീണിച്ചു പോയിരിക്കും. നാം പുറകോട്ടുചെന്നു് അവനെ അന്വേഷിക്കണൊ?" പക്ഷെ മിക്കവരും അഭിപ്രായപ്പെട്ടു, "ഒന്നും നോക്കാനില്ലെന്നേ. നമ്മളെപ്പോലെ തന്നെ അവനും ദൈവത്തിൻെറ കയ്യിലല്ലേ?"

ഇങ്ങിനെ ആ യാത്ര തുടൻുകൊണ്ടിരുന്നു. അബ്ദൽ മുടാലിപ് ദൃഷ്ടിപഥത്തിനു പുറത്തായി. കാര്യങ്ങൾ ഓർമ്മിക്കാൻ പിന്നെയും ശക്തിശേഷിച്ചിരുന്നവർ വിചാരിച്ചു, അവൻ മരിച്ചിരിക്കണമെന്നു്.

യാത്രയുടെ ഈ ഘട്ടത്തിൽ അവർ വളരെ കുറച്ചു് ററിബററുകാരെ മാത്രമേ കണ്ടിരുന്നുള്ളു; ചില ഗ്രാമീണരെയും യായാവരെരയും മാത്രം. പക്ഷെ ആരും ബന്ധുക്കളായിരുന്നില്ല. അവരുടെ സ്നേഹം സമ്പാദിക്കാനുള്ള ശ്രമം കസാക്കുകൾ ഉപേക്ഷിച്ചു. അവരെയെല്ലാം ശത്രുക്കളായിത്തന്നെ ഗണിച്ചു. ആഹാരം വേണ്ടപ്പോൾ കടന്നെടുത്തുതുടങ്ങി. ആട്ടിൻകൂട്ടങ്ങളെ കണ്ടെടുത്തുവച്ചു് അതും അവർ കൈവശപ്പെടുത്തിയെന്നു ഞാൻ വിചാരിക്കുന്നു. ഒന്നൊ രണ്ടൊ പ്രാവശ്യം അവർ കാശ്മീരിലെക്കു സഞ്ചരിക്കുന്ന മററു ചില കസാക്കു് സംഘങ്ങളെ കണ്ടുമുട്ടി. എന്നാൽ ഇപ്പോഴും അവർ ചെറു സംഘങ്ങളായി സഞ്ചരിക്കുന്നതാണു് ഉത്തമമെന്നുതന്നെ കരുതി. അപൂർവം ചിലപ്പോൾ സ്വന്തം ബന്ധുക്കളുടെയൊ സ്നേഹിതരുടെയൊ കൂടെ സഞ്ചരിക്കാൻ വേണ്ടിയൊ, കൂട്ടുകാരോടു പിണങ്ങിയിട്ടൊ, ഒരു സംഘത്തിലെ കുറച്ചു പേർ മറെറാരു സംഘത്തിൻെറ കൂട്ടത്തിൽ ചേരുകയും ഉണ്ടായിട്ടുണ്ടു്.

ആലിബെഗ്ഗിൻെറ സംഘം ഇങ്ങനെ ഏതാണ്ടൊരുമാസക്കാലം സഞ്ചരിച്ചു. ആ യാത്രയിൽ അവർ ഒരുതരം ആനന്ദമനുഭവിച്ചിരുന്നുവെന്നുമാണു് എനിക്കു തോന്നുന്നതു്. ആ പർവ്വതങ്ങൾ അവരെ അത്ഭുതപ്പെടുത്തി.

ഗംഭീരകാരന്മാരും അത്യുന്നതന്മാരുമായി, ഭീകരന്മാരായി, അനവസാനമായ കറുത്ത പാറക്കൂട്ടങ്ങൾ നിറഞ്ഞു്, യാതൊരു വൃക്ഷങ്ങളുമില്ലാതെ, പലപ്പോഴും മഞ്ഞുകട്ടികൾ നിറഞ്ഞു്, നീണ്ടു നീണ്ടു പോകുന്ന നിരകൾ. പലതരം വന്യമൃഗങ്ങൾ കാണപ്പെട്ടു. പാറകളിൽ ലോഹസമൃദ്ധിയുണ്ടായിരുന്നു. "രാത്രിയിൽ ദീപം പോലെ പ്രകാശിച്ചുകൊണ്ടിരുന്നതു്'' എന്നാണു് ഒരു പാറയെപ്പററി ആലിബെഗ്ഗ് പറഞ്ഞതു്.

1951 മെയ് ആദ്യം അവർ ഒരു വലിയ ററിബററു് ഗ്രാമത്തിലെത്തി. ഗ്രീഷ്മകാലമാരംഭിച്ചിരുന്നു. ഇപ്പോൾ അവർ പതിവാക്കിക്കഴിഞ്ഞിരുന്നതുപോലെ ഗ്രാമത്തെ ആക്രമിക്കാൻ മുമ്പോട്ടു നീങ്ങി. പക്ഷേ അവിടെയെത്തിയപ്പോൾ ഗ്രാമം മുഴുവൻ നിർജ്ജനമായി കാണുകയാൽ ആവശ്യമുള്ളതെല്ലാം അവിടെനിന്നെടുത്തുകൊണ്ടു് അവർ യാത്ര തുടന്നു. അപ്പോഴെയ്ക്കു് പീഠഭൂമി അവസാനിച്ചിരുന്നു. ഉയന്നുയന്നു പോകുന്ന ഭൂമിയിലൂടെയായി, സഞ്ചാരം. സമുദ്രനിരപ്പിൽ നിന്നു് 18,000—20,000 അടി ഉയരത്തിലെത്തി, അവർ.

ജനശൂന്യമായ ഗ്രാമത്തെ കടന്നു് രണ്ടു ദിവസത്തെ യാത്ര കഴിഞ്ഞപ്പോൾ അനേകശതം വരുന്ന ററിബററൻ അശ്വഭടന്മാർ അവരെ ആകസ്മികമായി ആക്രമിച്ചു. കസാക്കുകൾ ഒരു മലയടിവാരത്തിലേയ്ക്കു പ്രവേശിക്കാൻ ഭാവിച്ചപ്പോഴാണു് ആ മലഞ്ചെരിവിൽനിന്നു ററിബററുകാർ പാഞ്ഞെത്തിയതു്. പുരുഷന്മാരും, കൂടെയുണ്ടായിരുന്ന പ്രായമായ ആൺകുട്ടികളും, തങ്ങളുടെ വാളുകളും ദണ്ഡുകളും ചുഴററിക്കൊണ്ടു ശത്രുക്കളെ നേരിട്ടു. സ്ത്രീകളും ശിശുക്കളും മൃഗങ്ങളെ മറെറാരു ഭാഗത്തേയ്ക്കു തെളിച്ചുകൊണ്ടു് പ്രധാന മലയടിവാരത്തിലൂടെ യാത്ര തുടന്നു. തുടന്നുണ്ടായതു് ജെംഘിസ്ഖാനു വളരെ ഇഷ്ടപ്പെട്ടതരം സമരമാണു്; അശ്വഭടന്മാർ ശത്രുസേനയുടെ ഇടയിലൂടെ പാഞ്ഞുപോയി മറുവശത്തെത്തി അണിചേന്നുകൊണ്ടു വീണ്ടും അതുപോലെ തിരിച്ചു പായുക, പോകുന്ന പോക്കിൽ കഴിവുള്ളത്ര ശത്രുക്കളെ സംഹരിക്കുക, അശ്വ

ങ്ങളെ കേട്ടതട്ടിക്കാതെ പിടിച്ചെട്ടക്കുക, ഇതായിരുന്നു യുദ്ധതന്ത്രം. ധരിച്ചിരിക്കുന്ന വസ്തുങ്ങൾ കട്ടികൂടിയവയാകയാൽ വളരെ സാമത്ഥ്യത്തോടു കൂടിയുള്ള ഖഡ്ഗപ്രയോഗംകൊണ്ടേ ശത്രുവിന്റെ മേൽ വെട്ടേല്പിക്കാൻ പററുമായിരുന്നുള്ളൂ. പലപ്പൊഴും വാളുകളെക്കാൾ ഫലപ്രദമായിരുന്നു, ആണിതറച്ച ദണ്ഡുകൾ. മൂന്നു മണിക്കൂർ നീണ്ടുനിന്ന സമരത്തിനിടയിൽ ശത്രുക്കൾ സംഖ്യയിൽ വളരെക്കൂടുതലുണ്ടായിരുന്നുവെങ്കിലും തങ്ങളുടെ മൂന്നുപേർ മാത്രമെ മരണപ്പെട്ടുള്ളുവെന്നു കസാക്കുകൾ അവകാശപ്പെട്ടുന്നു; ഇരുപതുപേരെയെങ്കിലും തങ്ങൾ കൊലപ്പെടുത്തിയെന്നും.

ഇരു പക്ഷത്തെയും ഭടന്മാർ അലറിയും കുതിരയെ പായിച്ചും പരസ്പരം വാൾകൊണ്ടു വെട്ടിയും രാത്രിയാകുന്നതുവരെ വീറോടെ പൊരുതി. അപ്പൊഴേക്കു ററിബററുകാർ പിൻവാങ്ങി.

കസാക്കുകൾ അവരുടെ മൃതിയടഞ്ഞ സഖാക്കളെ കുഴിച്ചിട്ടശേഷം മുറിവുകൾ മൂത്രം കൊണ്ടു കഴകി വെച്ചു കെട്ടിക്കൊണ്ടു് തങ്ങളുടെ സ്ത്രീകൾ പോയ വഴിയിൽ, അവരുടെ ഒപ്പമെത്താനായി യാത്രതുടന്നു.

ഇതിനുശേഷം ററിബററുകാർ അവരുടെ യാത്രയിൽ ഇടപെടാൻ മുതിന്നില്ല. എങ്കിലും അവരുടെ ചാരന്മാരെ ഇടയ്ക്കിടെ അംബരപരിധിയിൽ കാണാമായിരുന്നു. കസാക്കുകൾ പൊയ്ക്കൊണ്ടിരിക്കുന്ന വഴി മനസ്സിലാക്കി കമ്മ്യൂണിസ്റ്റുകളെ അറിയിച്ചുകൊണ്ടിരിക്കയായിരുന്നു അവർ ചെയ്തിരുന്നതു് എന്നു പിന്നീടു മനസ്സിലായി.

കമ്മ്യൂണിസ്റ്റുകൾ സമീപത്തുണ്ടു് എന്നുള്ളതിന്റെ ആദ്യസൂചന അവർക്കു കിട്ടിയതു് ററിബററിലെ ആൾക്കാരുടെ സഹകരണത്തോടെ കമ്മ്യൂണിസ്റ്റുകാരുടെ കാലാൾപ്പട തങ്ങളെ അനുഗമിക്കുന്നതായി കണ്ടപ്പോഴാണു്. ററിബററുകാർ കസാക്കുകളെ കമ്മ്യൂണിസ്റ്റുകാരെക്കാൾ കൂടുതലായി വെറുത്തിരുന്നു എന്നതു നിശ്ചയമാണു്. ഗെജ്കുലിൽ നിന്നുള്ള മററു ചില അഭയാത്ഥികളെ ററിബററുകാർ സ്നേഹപൂർവ്വം സ്വീകരിക്കുകയുണ്ടായി.

ആലിബെഗ്ഗിൻെറ ആൾക്കാരെ അവർ കമ്മ്യൂണിസ്റ്റു കളാണെന്നു തെററിദ്ധരിച്ചതാണെന്നും വരാം. അങ്ങനെ യാണെങ്കിൽ പ്രാരംഭത്തിലുണ്ടായ ഈ തെററിദ്ധാരണ കമ്മ്യൂണിസ്റ്റുകൾക്കൊഴികെ മററെല്ലാവർക്കും ഉപദ്രവ കരമായി പരിണമിച്ചു എന്നു പറയേണ്ടിയിരിക്കുന്നു.

മൂന്നു മലമ്പാതകൾ കടന്നു് പല മലയടിവാരങ്ങ ളിലൂടെ പോകേണ്ട ഒരു മാർഗ്ഗത്തിലാണു് ഇപ്പോൾ അ വർ സഞ്ചരിച്ചിരുന്നതു്. അവർ മൂന്നാമത്തെ മലയി ടുക്കിനെ സമീപിച്ചപ്പോഴെയ്ക്കു് അപകടസാദ്ധ്യത മണത്തറിഞ്ഞ ആലിബെഗ്ഗ് കുറെ മുമ്പിൽ കടന്നു പാത പരിശോധിച്ചു. ഒരു വളവുതിരിഞ്ഞു ചെന്നപ്പോൾ കല്ലുകൾ പെറുക്കിവച്ചു് വഴിയടച്ചിരിക്കുന്നതായി കാ ണപ്പെട്ടു.

കൂട്ടതലൊന്നും നോക്കാൻ നിൽക്കാതെ അയാൾ തിരിഞ്ഞു കുതിരയെ പായിച്ചുപോയി. പിന്നാലെ വക്കു പ്പെട്ട വെടിയൊന്നും അയാൾക്കേററില്ല. പ്രധാനസം ഘത്തിൽ അയാൾ മടങ്ങിയെത്തിയപ്പോഴെയ്ക്കു് സംഘ ത്തിൻെറ പിൻഭാഗത്തുനിന്നും വെടിയുടെ ശബ്ദം ഉയന്നു കേട്ടു. ആക്രമിച്ച ഒരു ചെറിയ സംഘം കമ്മ്യൂണിസ്റ്റുകളിൽ ചാകാതെ ശേഷിച്ച ഏകനെ താമ സിയാതെ തടവിലാക്കി അയാളുടെ മുമ്പിൽ ഹാജരാക്ക പ്പെട്ടു. തുർക്കിയാണെന്നു കണ്ടതുകൊണ്ടാണു് കസാക്കു കൾ അയാളെ കൊല്ലാതിരുന്നതു്. അയാൾ ചുററുംനോക്കി കമ്മ്യൂണിസ്റ്റുകാരാരും സമീപത്തെങ്ങുമില്ലെന്നു കണ്ട പ്പോൾ തുറന്നു സംസാരിച്ചു തുടങ്ങി. ടാങ്കുകളും കവചിത വാഹനങ്ങളും വിമാനങ്ങളുമൊക്കെയടങ്ങിയ ഒരു വലിയ കമ്മ്യൂണിസ്റ്റുസേന പുറകെ വരുന്നുണ്ടെന്നു് അയാൾ വെളിപ്പെടുത്തി.

ആലിബെഗ്ഗ് അയാൾ പറഞ്ഞതു വിശ്വസിച്ചു. എ ന്നാൽ പിന്നീടു മനസ്സിലായി, അവിടെനിന്നും എഴുനൂറു മൈലിനുള്ളിലെങ്ങും വിമാനങ്ങളോ ടാങ്കുകളോ ഒന്നുമി ല്ലെന്നു്. തിരിച്ചുപോയി കമ്മ്യൂണിസ്റ്റുകളോടു ചേരുക യോ കസാക്കുകളുടെ കൂടെ തുടരുകയോ ചെയ്യാൻ ആ തുർ

ക്കിക്കു സ്വാതന്ത്ര്യം നൽകപ്പെട്ടു. അയാളുടെ കുടുംബം ടർക്കിസ്റ്റാനിലായിരുന്നതിനാലും അയാളും കസാക്കുകളുമായി സംസാരിക്കുന്നതു കമ്മ്യൂണിസ്റ്റുകളുടെയാരുടെയും ദൃഷ്ടിയിൽ പെട്ടിട്ടില്ലായിരുന്നതിനാലും മടങ്ങിപ്പോകാൻ തന്നെയായിരുന്നു അയാൾക്കു താല്പര്യം. കസാക്കുകൾ തുടന്ന് അപകടത്തെ നേരിടാൻ തയാറായി.

മുമ്പിലും പുറകിലും ശത്രുക്കൾ; ഇരുവശത്തും ദുരാരോഹങ്ങളായ, കുത്തനെ നിൽക്കുന്ന, പാറക്കൂട്ടം. ഈ നിലയിൽ അവർ ശരിക്കും കുഴപ്പത്തിൽ പെട്ടിരിക്കുന്നു എന്ന നിലയായി. പക്ഷേ പരാജയം സമ്മതിക്കാൻ അവർ തയ്യാറുണ്ടായിരുന്നില്ല. മുമ്പിലുള്ള വഴി മുടക്കപ്പെട്ടിരിക്കുന്ന വിവരം ഹംസായോടും കൈനേഷിനോടും ആലിബെഗ്ഗ് പറഞ്ഞു. ററിബററുകാരായിരിക്കണം ഈ പ്രതിബന്ധമുണ്ടാക്കിയതെന്ന് അവർ ഊഹിച്ചു. "ഇരുപതു പേരെവീതം കൂട്ടിക്കൊണ്ട് മുൻവശത്തുള്ള പാതയുടെ ഇരുവശത്തുമുള്ള കുന്നു കയറുക," ആലിബെഗ്ഗ് പറഞ്ഞു. "പക്ഷേ ശത്രുവിന്റെ ദൃഷ്ടിയിൽ പെടാതെ കരുതിക്കൊള്ളണം. വഴിയിൽ കാത്തുനിൽക്കുന്ന ശത്രുവിന്റെ സ്ഥാനത്തിനു മുകളിലെത്താൻ നിങ്ങൾക്ക് എത്ര നേരം വേണ്ടിവരും?"

"ഒരു രണ്ടര മണിക്കൂറിലധികം വേണ്ടി വരില്ല."

"വേണ്ട, മൂന്നു മണിക്കൂർ തന്നെ ഇരിക്കട്ടെ. എന്നിട്ടു ഞങ്ങളുടെ സംഘവും മൃഗങ്ങളുമെല്ലാം വളവു തിരിയുന്നതു കാണുന്നതോടെ ററിബററുകാർ പതിയിരിക്കുന്നിടത്ത് ആകസ്മികമായി ആക്രമണമഴിച്ചു വിടുക. ഫലം ദൈവത്തിനു വിട്ടേക്കുക. നിങ്ങളിതു ചെയ്യുമ്പോൾ ഞാൻ ഇരുപതു പേരെ കൂട്ടിക്കൊണ്ടു സംഘത്തിന്റെ പിൻപുറം സുരക്ഷിതമായിരിക്കാൻ കരുതിക്കൊള്ളാം; അപകടമേഖല കടക്കുന്നതു വരെ."

അവരുടെ പിന്നാലെയെത്തിയിരുന്ന കമ്മ്യൂണിസ്റ്റുകളുടെ നീക്കം വളരെ കരുതലോടെയായിരുന്നു. കാരണമുണ്ട്. തുർക്കിപ്പടയാളി ചെന്നു പറഞ്ഞു് അയാളുടെ കൂടെയുണ്ടായിരുന്നവരെല്ലാം കൊല്ലപ്പെട്ട കാര്യം അവർ

അറിഞ്ഞുകഴിഞ്ഞിരുന്നു. എന്നാൽ കുത്തനെയുള്ള കുന്നിൻ നിരകളിൽ കയറണമെന്നു് അവർക്കു തോന്നിയില്ല. അവരുടെ മുൻനിര, റോഡിൽക്കൂടെ നീങ്ങിക്കൊണ്ടിരുന്നു. കാലാൾപ്പടയുടെ പ്രധാനഭാഗം വളരെ പുറകിലല്ലാതെ പിൻതുടരുന്നുണ്ടായിരുന്നു. അവർ വളരെ അടുത്തെത്തുന്നതുവരെ അനങ്ങാതിരുന്ന ആലിബെഗ്ഗ് തൻെറ തോക്കിൻെറ നിറയൊഴിച്ചു. കൂട്ടുകാർക്കു വെടിയാരംഭിക്കാനുള്ള സൂചനയായിരുന്നു, അതു്. മുൻനിരസേനയെ ഏതാണ്ടു പൂർണ്ണമായിത്തന്നെ വകവരുത്തി. പിൻതിരിഞ്ഞോടിയവരുടെ പാച്ചിൽ പുറകെ വന്നുകൊണ്ടിരുന്ന സൈന്യത്തിൻെറ ക്രമമായ മുന്നേററസംവിധാനത്തെ ശിഥിലമാക്കി. വലിയ കല്ലുകൾ ഉരുണ്ടു് തങ്ങളുടെ ഇടയ്ക്കു വന്നു വീണു തുടങ്ങിയപ്പോൾ കമ്മ്യൂണിസ്റ്റുകൾ പെട്ടെന്നു പിൻവാങ്ങിക്കൊണ്ടു് ഒരു പുതിയ ആക്രമണത്തിനു വേണ്ടി ഒരുക്കുകൂട്ടിത്തുടങ്ങി.

കസാക്കുകളുടെ സംഘത്തിൻെറ പ്രധാനഭാഗം സാവധാനത്തിൽ മുമ്പോട്ടു നീങ്ങുകയായിരുന്നു. ആലിബെഗ്ഗ് വളരെ ഉയർന്ന ഒരു സ്ഥാനത്തു കയറിനിന്നുകൊണ്ടു് കുഴൽകണ്ണാടിയിലൂടെ സ്ഥലപരിശോധന നടത്തി. ശത്രുവിനു് ഏതെങ്കിലും വശത്തുനിന്നു തങ്ങളെ ആക്രമിക്കാനുള്ള പഴുതുണ്ടോ എന്നറിയുകയായിരുന്നു, ഉദ്ദേശം. നല്ല തെളിവുള്ള ദിവസമായിരുന്നതിനാൽ ചുററുപാടുമുള്ള ഭൂമി നല്ലപോലെ കാണാമായിരുന്നു. തൻെറ സംഘക്കാർ യാത്ര ചെയ്യുന്ന പാതയൊഴികെ മറെറാരു പാതയും കാണാനുണ്ടായിരുന്നില്ല. അതുകൊണ്ടു് അയാൾക്കു വല്ല ഭയവും മുമ്പു തോന്നിയിരുന്നുവെങ്കിൽ തന്നെ—തോന്നിയിരിക്കാനിടയില്ല—ഇപ്പോൾ നല്ല ധൈര്യമായി.

താമസിയാതെ മൂന്നാമത്തെ മലയിടുക്കിൽനിന്നു വെടിയുടെ ശബ്ദം കേട്ടുതുടങ്ങി. ഹംസായുടെ കൈബോംബുകൾ ചെന്നു വീഴുന്നതും ററിബററുകാർ പാറക്കെട്ടിനിടയിലേയ്ക്കു് ഓടുന്നതും അങ്ങനെ ഓടുന്നവരെ കൈനേഷിൻെറ ആൾക്കാർ വെടിവച്ചു വീഴ്ത്തുന്നതുമെല്ലാം ആലിബെഗ്ഗിനു കുഴൽക്കണ്ണാടിയി

ലൂടെ കാണാമായിരുന്നു. പാതയ്ക്ക് അവിടെ വീതി വളരെ കുറവായിരുന്നതിനാൽ ഹംസായുടെയും കൈനേഷിൻെറയുംഭടന്മാരുടെ ദൃഷ്ടിയിൽനിന്ന് ഒരേസമയം രക്ഷപ്പെടാൻ അവക്കു കഴിയുമായിരുന്നില്ല. ഓരോരുത്തരായി വെടികൊണ്ടു ചാകാൻ നിൽക്കാതെ ശത്രുക്കൾ ഓടി. ഏതാനും മിനിററുകൾക്കുള്ളിൽ സമരം അവസാനിച്ചു. കസാക്കുകൾക്ക് ഒരാൾ പോലും നഷ്ടപ്പെട്ടില്ല. കാവൽ നിത്തി പ്രധാനസംഘത്തോടു ചേൻറുകൊള്ളാൻ പിൻനിരയിലേക്കു സന്ദേശമയക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുകൾ മലയിടുക്കിൽ മടങ്ങിയെത്തിയപ്പോൾ ചത്തു കിടന്നിരുന്ന തങ്ങളുടെ സൈനികരൊഴികെ ആരെയും തന്നെ അവിടെയെങ്ങും കാണാനുണ്ടായിരുന്നില്ല.

ഇങ്ങനെ ററിബററുകാരുമായും കമ്മ്യൂണിസ്റ്റുകളുമായും ററിബററിലെ യാത്രയ്ക്കിടയിൽ ഇടയ്ക്കിടെ ശണ്ഠയുണ്ടായിക്കൊണ്ടിരുന്നെങ്കിലും കസാക്കുകൾ എല്ലാ ദിവസവും പതിനഞ്ചും ഇരുപതും മൈൽ വീതം പുരോഗമിച്ചുകൊണ്ടിരുന്നു. അങ്ങനെ അവർ കാർമേഘം ഈടിക്കൂടിയ പർവ്വതഭാഗങ്ങളിലെത്തി. കൺമുമ്പിൽ നിവർത്തു പിടിച്ചിരിക്കുന്ന കൈപ്പത്തി കാണാൻ വഹിയാത്ത നിലയായിരുന്നു, അവിടെ. അവിടെ താവളത്തിൽനിന്നു നീങ്ങാൻ കഴിയാതെ പല ദിവസം അവക്കു കഴിച്ചുകൂട്ടേണ്ടിവന്നു.

ഹിമശീതളിമയിയന്ന അവിടത്തെ ലാഘവമേറിയ വായു ശ്വസിക്കുക അസഹ്യമായിരുന്നു. വിശന്നു വലയുന്ന മൃഗങ്ങളെ വേവിച്ച മാംസം കൊട്ടത്താണ് ഇതേവരെ പുലത്തിയിരുന്നതു്. എന്നാൽ ഇവിടത്തെ ഈർപ്പം നിറഞ്ഞ അന്തരീക്ഷത്തിൽ തീ കൂട്ടുക അസാദ്ധ്യമായിരുന്നതിനാൽ ഒന്നും വേവിക്കാൻ കഴിയുമായിരുന്നില്ല. ആഹാരമില്ലാതെ മൃഗങ്ങൾ കുറെ ചത്തു. ഒരു കാററടിച്ച് ആകാശം തെളിഞ്ഞു് കസാക്കുകൾക്കു മുന്നോട്ടു നീങ്ങിത്തുടങ്ങാമെന്നായപ്പോൾ മൃഗങ്ങൾ വഴിയിൽ വീണു ചത്തുതുടങ്ങി. ഓരോന്നായി തമ്പുകളും ഇതരസാമഗ്രികളും വഴിയിൽ ഉപേക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നായി.

ഇവിടെ വച്ച് എന്തു ചികിത്സ ചെയ്യണമെന്നറിയാത്ത ഒരുതരം രോഗം അവരെ പിടികൂടി. ആലിബെഗ്ഗിൻെറ അഞ്ച് മക്കൾ ആ രോഗം പിടിപെട്ടു മരിച്ചു.

ജൂലൈ അവസാനമായപ്പോഴെയ്ക്കു് അവരുടെ നീക്കം ഉയരം കുറഞ്ഞ പ്രദേശത്തിലേയ്ക്കായിത്തുടങ്ങി. ആഗസ്റ്റ് ആദ്യമായതോടുകൂടി തങ്ങൾ ജനവാസമുള്ള പ്രദേശത്തോടു സമീപിക്കയാണെന്നു് അവക്കു ബോദ്ധ്യമായി. വൃക്ഷങ്ങളും തൃണങ്ങളും കണ്ടപ്പോൾ അവരുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. വിശന്നു വലഞ്ഞ മൃഗങ്ങൾ ആർത്തികൊണ്ടു കൂടുതൽ ആഹാരം കഴിച്ചുപോകാതെ കരുതുകയെന്നതു് ഇവിടെ അവക്കു് ഒരു കൂടുതൽ ഭാരമായി.

ഏതാണ്ടു കിഴക്കു പടിഞ്ഞാറായി കിടക്കുന്ന ഒരു റോഡിലെത്തിയപ്പോൾ ആ വഴിക്കു യാത്ര തുടരാൻ ആലിബെഗ്ഗ് തീരുമാനമെടുത്തു. 1951 ആഗസ്റ്റ് 18-ാംനു—അതായതു് ഗെജ്കുലിൽനിന്നു പുറപ്പെട്ടു 193 ദിവസം കഴിഞ്ഞപ്പോൾ—കാശ്മീരിൻെറ തലസ്ഥാനമായ ശ്രീനഗറിനും ലാസായ്ക്കുമിടയ്ക്കുള്ള വഴിയിലുള്ള റൂഡോക്ക് എന്ന സ്ഥലത്തെത്തി. കാശ്മീർ അതിർത്തിക്കടുത്തായിരുന്നു, ഇതു്.

സന്തുഷ്ടനായ ആലിബെഗ്ഗ്, അതിർത്തിയിൽ കാവൽ നിന്നിരുന്ന ഇന്ത്യൻ പട്ടാളക്കാരുടെ അടുത്തേയ്ക്കു ചെന്നു് തങ്ങളുടെ വിവരങ്ങൾ അറിയിക്കയും ഇന്ത്യയിൽ പ്രവേശനാനുമതിക്കപേക്ഷിക്കയും ചെയ്തു. ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അവരുടെ രേഖകൾ കാണിക്കണമെന്നാവശ്യപ്പെട്ടു.

"പക്ഷേ ഞങ്ങളുടെ പക്കൽ രേഖകളൊന്നുമില്ലല്ലോ" ദ്വിഭാഷി മുഖാന്തിരം ആലിബെഗ്ഗ് പറഞ്ഞു. "കമ്മ്യൂണിസ്റ്റുകാരുമായി വളരെയധികം സമരം നടത്തിയിട്ടു രക്ഷപെട്ടുവരുന്ന രാഷ്ട്രീയ അഭയാർത്ഥികളാണു ഞങ്ങൾ."

'എന്നിരുന്നാലും,' ഉദ്യോഗസ്ഥൻ പറഞ്ഞു. "രേഖകളില്ലാതെ നിങ്ങൾക്കു് ഇൻഡ്യയിൽ പ്രവേശിച്ചുകൂടാ. നിങ്ങളാരാണെന്നു് എനിക്കു് എങ്ങനെ അറിയാം?"

"അപ്പോൾ ഞങ്ങളെ കമ്മ്യൂണിസ്റ്റുകാർ പിടിച്ചു കൊല്ലട്ടെയെന്നോ?"

തനിക്കു കമ്മ്യൂണിസ്റ്റുകാരെപ്പററിയൊന്നും പറയാനില്ലെന്നായി, ആ ഉദ്യോഗസ്ഥൻ. തൻെറ മുമ്പിൽ നിന്നിരുന്ന ആളുകൾ, അവരുടെ ആയുധങ്ങൾ, കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ, ഇതെല്ലാം കണ്ടിട്ട് അയാൾ ശങ്കാധീനനായി. അവർ ററിബററുകാരൊ ചീനരൊ അല്ലെന്നുള്ളതു വ്യക്തമായിരുന്നു. പൂർവ്വടർക്കിസ്റ്റാനിനും ഇൻഡ്യയ്ക്കുമിടയിൽ സഞ്ചരിക്കാൻ ആളുകൾ സാധാരണ ഉപയോഗിക്കുന്ന മാർഗ്ഗത്തിലൂടെയല്ല, അവർ വന്നതും. അതുമല്ല, പല ഗ്രാമങ്ങളിലും കൊലയും കൊള്ളയും നടത്തുകയും സ്ത്രീകളെയും സാധനസാമഗ്രികളെയും അപഹരിച്ചുകൊണ്ടുപോകയും ചെയ്തുകൊണ്ടിരുന്ന കൊള്ളസംഘങ്ങളെപ്പററി ററിബററുകാർ പറഞ്ഞു് അയാൾ കേട്ടിട്ടുമുണ്ടായിരുന്നു. അയാൾ പറഞ്ഞു, "നിങ്ങൾ കൊള്ളക്കാരാണു്. നിങ്ങൾ വന്ന വഴി തന്നെ മടങ്ങിക്കൊള്ളിൻ. ഇൻഡ്യയിൽ കയറാൻ അനുവാദമില്ല. ഈ അതിർത്തിക്കടുത്തു കഴിഞ്ഞുകൂടാനും ഞാൻ നിങ്ങളെ അനുവദിക്കയില്ല."

"ഞങ്ങൾ കൊള്ളക്കാരല്ല" ആലിബെഗ്ഗ് പറഞ്ഞു. "ഞാൻ മുമ്പുതന്നെ പറഞ്ഞതുപോലെ ഞങ്ങൾ രാഷ്ട്രീയ അഭയാർത്ഥികളാണു്. ററിബററിലെ ആളുകൾ ഞങ്ങളെ സഹായിക്കാൻ കൂട്ടാക്കിയില്ലെന്നുതന്നെയല്ല, ആ വഴി കടന്നുപോകുന്നതിനെ തടസ്സപ്പെടുത്തുകയും ചെയ്തതുകൊണ്ടു് ഞങ്ങൾക്കു് അവരോടു മല്ലിടേണ്ടി വന്നിട്ടുണ്ടെന്നേയുള്ളു."

എന്നാൽ ഇതൊന്നും ചെവിക്കൊള്ളാൻ ആ ഇന്ത്യൻ ഉദ്യോഗസ്ഥൻ തയ്യാറുണ്ടായിരുന്നില്ല. "ഞങ്ങൾ മരിക്കാനിടയാകുന്നെങ്കിൽ അതിൻെറ പാപം നിങ്ങൾക്കായിരിക്കും." എന്നു മറുപടി പറഞ്ഞുകൊണ്ടു് ആലിബെഗ്ഗ് തൻെറ സംഘത്തിലേക്കു മടങ്ങി.

## 12

### സുരക്ഷിതത്വ പരിഗണനയില്ല

കാശ്മീരിൽ പ്രവേശനം നിഷേധിക്കപ്പെട്ടമെന്ന പ്രതീക്ഷയില്ലാതിരുന്നതിനാൽ ഈ അനുഭവം അവക്ക് ഏററവും കയ്പുററതായി അനുഭവപ്പെട്ടു. ററിബെററിൽ ഉണ്ടായ മുന്നറിവിൻെറ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ഇതു് അത്ര അത്ഭുതത്തിനുള്ള കാര്യമായിരുന്നില്ല എന്നാണു് എനിക്കു തോന്നുന്നതു്. ററിബററിലെന്നതുപോലെ ഇവിടെയും ബലപ്രയോഗംകൊണ്ടു കടന്നുപോകാമെന്നു് അവർ കരുതാതിരുന്നതു് ഏതായാലും നന്നായി. അവർ ഒരു മൈൽ ദൂരെ അതിത്തിയിൽനിന്നു കാണാവുന്ന സ്ഥലത്തു് കയ്യിൽ ശേഷിപ്പുണ്ടായിരുന്ന സാമഗ്രികൾകൊണ്ടു തമ്പു കെട്ടി താവളമടിച്ചു കാത്തിരിപ്പായി. അടുത്ത ഏതാനും ആഴ്ചകൾക്കുള്ളിൽ വേറെയും കസാക്കു സംഘങ്ങൾ വന്നെത്തി. അവരെയും അതിത്തി കടന്നുപോകാൻ അനുവദിച്ചില്ല. മടങ്ങി നാട്ടിലേക്കു പോകാൻ നൽകപ്പെട്ട ഉപദേശം ആരും സ്വീകരിച്ചില്ല.

കുറെ കഴിഞ്ഞപ്പോൾ കമ്മ്യൂണിസ്റ്റുകളും വന്നുകൂടി. തങ്ങളുടെ പട്ടാളങ്ങളെ കണ്ണെത്താത്ത അകലത്തിൽ നിത്തിക്കൊണ്ടു് അവർ ഇൻഡ്യാക്കാരുമായി സംസാരിക്കാൻ പ്രതിനിധികളെ അയച്ചു. അതുപോലെതന്നെ കസാക്കുകളുടെ അടുത്തേയ്ക്കും വിശദീകരണസംഘങ്ങളെ നിയോഗിച്ചു, അവരെ തിര്യെ നാട്ടിലെത്തിക്കാമെന്നും സഹായിക്കാമെന്നും മററും. പതിവുള്ള വാഗ്ദാനങ്ങൾ നൽകപ്പെട്ടു. പക്ഷേ ഇത്തരം 'വിശദീകരണസംഘങ്ങളെ' അവക്കു നല്ലതുപോലെ അറിയാമായിരുന്നതിനാൽ ആ ദൗത്യമൊന്നും. വിജയിച്ചില്ല.

അങ്ങനെ കസാക്കുകൾ കാത്തുകാത്തിരിക്കുമ്പോൾ ഒമ്പതു വയസ്സുകാരൻ അബ്ദുൽ മുടാലിപ് പെട്ടെന്നു് അവർ താവളമടിച്ചിരുന്നിടത്തേയ്ക്കു കടന്നുചെന്നു. അ

വന്റെ കുതിര ചത്തിരുന്നില്ല. ഒററയ്ക്കു് അറുനൂറു മൈൽ ദൂരം താണ്ടിവന്ന ഉടമസ്ഥനോളം ഊർജ്ജിതത്തോടെയല്ലെങ്കിലും ഒരാട്ടം ജീവനോടെ ശേഷിച്ചിരുന്നു. താൻ ഉൾപ്പെട്ടിരുന്ന സംഘത്തിന്റെ പ്രധാന ഭാഗം ദൃഷ്ടിപരിധിക്കു പുറത്തായിപ്പോയിരുന്നെങ്കിലും അവരുടെ വഴിപിടിച്ചു മുമ്പോട്ടുപോകാൻ അവനു പ്രയാസമുണ്ടായില്ല. മുമ്പിൽ സഞ്ചരിച്ചിരുന്നവരുടെ ആട്ടുകൾ വഴിക്കു വീണുപോകുന്നവയുടെ മാംസംകൊണ്ടു് അവന്റെ ആഹാരപ്രശ്നം പരിഹൃതമായി. അന്തരീക്ഷത്തിലെ തണുപ്പു് അവനു പരിചയമുള്ളതായിരുന്നു. രാത്രിയാകുമ്പോൾ വന്യമൃഗങ്ങളിൽനിന്നു രക്ഷയ്ക്കുവേണ്ടി വല്ല പാറക്കെട്ടുകളുടെയും വിടവിൽക്കിടന്നാണുറങ്ങിയിരുന്നതു്. അവന്റെ ആഗമനം കസാക്കുകൾക്കു് ഉന്മേഷം നൽകി. ദൈവം ഇത്രദൂരം അവനെ അപകടംകൂടാതെ കൊണ്ടുവന്ന സ്ഥിതിക്കു് ഇവിടെവന്നു് മരിക്കാനനുവദിക്കയില്ലെന്നു് അവർ പരസ്പരം മന്ത്രിച്ചു.

എങ്കിലും അവനും മററുള്ളവരും ഏതാണ്ടു് മൃത്യുവക്ത്രത്തോളമെത്തുക തന്നെ ചെയ്തു. ഒരു രാത്രി കമ്മ്യൂണിസ്റ്റുപട്ടാളത്തിന്റെ ആക്രമണമുണ്ടായി. പക്ഷേ തോക്കും വെടിക്കോപ്പുകളും കയ്യെത്താവുന്ന അകലത്തിൽ വച്ചുകൊണ്ടല്ലാതെ ഒരു കസാക്കും ഉറങ്ങാൻ കിടക്കാറില്ല. ആയുധങ്ങളും കയ്യിലാക്കിക്കൊണ്ടു് പുരുഷന്മാർ മലകളിലേയ്ക്കു പാഞ്ഞു. കമ്മ്യൂണിസ്റ്റുകൾ പുറകെയും. പ്രകാശമായപ്പൊഴെയ്ക്കു കസാക്കുകൾ മററവരെക്കാൾ ഉയർന്ന സ്ഥാനത്തെത്തി. അവർ പെട്ടെന്നു തിരിഞ്ഞു കമ്മ്യൂണിസ്റ്റുകളെ ആക്രമിച്ചു തുരത്തുകയും അവരുടെ ആയുധങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണവും കസാക്കുകൾ അതിനെ നേരിട്ട രീതിയും ഇൻഡ്യൻ പട്ടാള ഉദ്യോഗസ്ഥന്മാരുടെ മനസ്സിൽ അനുകൂലമായ പ്രതികരണമുളവാക്കി. കാശ്മീരിൽ പ്രവേശിക്കാൻ തങ്ങളെ അനുവദിക്കാതിരിക്കുന്നപക്ഷം തങ്ങൾക്കുണ്ടാകുന്ന ദുരന്തത്തെപ്പററി നിവേദനം ചെയ്യാൻ കസാക്കുകൾ വീണ്ടും അതിർത്തിയിലെ

ത്തിയപ്പോൾ സമാധാനപ്രിയരാണെന്നു തെളിയിക്കാൻ വേണ്ടി ആയുധങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാകുന്ന പക്ഷം അവരുടെ അപേക്ഷ പരിഗണിക്കാമെന്നു് അതിർത്തിയിലെ പട്ടാളമേധാവി പറഞ്ഞു.

കസാക്കുകൾ ഇതിനു വഴിപ്പെട്ടു് തങ്ങളുടെ ആയുധങ്ങളെല്ലാം ഇൻഡ്യൻ പട്ടാളത്തെ ഏല്പിച്ചുകൊടുത്തു. എങ്കിലും ഡെൽഹിയിൽ നിന്നു നിർദ്ദേശം ലഭിക്കാതെ പ്രവേശനം അനുവദിക്കാൻ സാദ്ധ്യമാകയില്ലെന്നും അല്പം കഴിഞ്ഞു പ്രവേശിപ്പിക്കാമെന്നും അവരെ അറിയിച്ചു.

കസാക്കുകൾ നിരായുധരായി താവളത്തിലെയ്ക്കു മടങ്ങാൻ തുടങ്ങിയപ്പോൾ അവരെ തിരിച്ചു വിളിച്ചുകൊണ്ടു് ഇൻഡ്യൻ ഉദ്യോഗസ്ഥൻ പറഞ്ഞു:

"നിങ്ങളെ കടത്തിവിടാൻ നേരമായിട്ടില്ല. പക്ഷേ ഞങ്ങളുടെ അതിർത്തിയുടെ പുറത്തു നിൽക്കുമ്പോൾ നിങ്ങളെ സഹായിക്കാൻ എനിക്കു സാധിക്കയുമില്ല. അതുകൊണ്ടു സ്വയരക്ഷയ്ക്കു തയാറായിരിക്കുന്നതാണുത്തമം. നിങ്ങളുടെ ആയുധങ്ങൾകൂടെ കയ്യിലിരിക്കട്ടെ. ഒരുവേള ഇന്നുതന്നെ നിങ്ങൾക്കു് അതുകൊണ്ടു ഉപയോഗമുണ്ടായേക്കും."

ഏതാനും മണിക്കൂറുകൾക്കുള്ളിൽ കമ്മ്യൂണിസ്റ്റുകൾ വീണ്ടും ആക്രമിച്ചു. ഇൻഡ്യൻ അതിർത്തിയിൽനിന്നു വ്യക്തമായി കാണാവുന്ന സ്ഥലത്തുവച്ചായിരുന്നു സമരം നടന്നതു്. ആരംഭത്തിൽതന്നെ പതിനൊന്നു കസാക്കുകളെ പിടികൂടി ഉടൻതന്നെ അവരുടെ ശിരച്ഛേദം ചെയ്യുകയാണു് കമ്മ്യൂണിസ്റ്റുകൾ ചെയ്തതു്. ഒടുവിൽ കമ്മ്യൂണിസ്റ്റുകളെക്കാൾ ഉയർന്ന സ്ഥാനത്തെത്തിപ്പററിയ കസാക്കുകൾ സുരക്ഷിതസ്ഥാനങ്ങളിൽ നിന്നു വെടിവച്ചു് ശത്രുവിനെ ഓടിച്ചുവിട്ടു. പക്ഷേ കൊല്ലപ്പെട്ട പതിനൊന്നു പേരിൽ ഒരു മുല്ലായായ മുഹമ്മദ്തുർദി കാരിയുമുൾപ്പെട്ടുപോയിരുന്നു. കൊറാൻ മുഴുവനും ഏതു ഭാഗം തുടങ്ങിയും മനഃപാഠമായിരുന്ന ആ പുരോഹിതൻെറ മരണം കസാക്കുകൾക്കു് വേദനാജനകമായ ഒരു നഷ്ടമായിരുന്നു.

ഇതായിരുന്നു, ഒടുവിൽ നടന്ന സമരം. കസാക്കുകളെ ഇൻഡ്യൻ അതിർത്തിക്കുള്ളിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുന്നപക്ഷം അവരുടെ അവസാനം എങ്ങനെയായിരിക്കുമെന്നതിനെപ്പററി ഇൻഡ്യൻ സേനാപതിക്ക് ഇനി സംശയമൊന്നും ശേഷിച്ചിരുന്നില്ല. തൻെറ കൺമുമ്പിൽ വച്ചുതന്നെയാണ് തടവിൽ പിടിക്കപ്പെട്ട പതിനൊന്നു പേരുടെ തല കൊയ്തതു്. കമ്മ്യൂണിസ്റ്റുകളുടെ പ്രവൃത്തിയുടെ തെളിവിലെയ്ക്കായി അവിടെ നടന്ന സംഭവം മുഴവൻ ഇൻഡ്യൻ പട്ടാളം ചലച്ചിത്രത്തിലെയ്ക്കു പകർത്തിയിട്ടുണ്ടെന്നാണ് കസാക്കുകൾ പറയുന്നതു്. ഒടുവിൽ അവർ ഇന്ത്യൻ അതിർത്തിക്കുള്ളിൽ പ്രവേശിപ്പിക്കപ്പെട്ടു. സുരക്ഷിതത്വത്തെ പരിഗണിക്കാതെ മനാസ്സിലും, കുക്കുല്യക്കിലും, കുച്ചെങ്ങിലും, ബർക്കുലിലും, ഗെജ്കുലിലും ററിബററിലെയ്ക്കുള്ള യാത്രയിലുമെല്ലാം സമരംചെയ്തു ബാക്കിവന്ന കസാക്കുകൾ ഇൻഡ്യൻ ഭൂമിയിലെയ്ക്കു പ്രവേശിച്ചു സുരക്ഷിതത്വത്തിൻെറ മടിത്തട്ടിലെത്തി. പതിനെട്ടു വർഷം നീണ്ടുനിന്ന സമരത്തിൽ എത്രപേക്കു പ്രാണഹാനി നേരിട്ടു എന്നതു് ഒരിക്കലും അറിയപ്പെട്ടുകയില്ല. ഒരു ലക്ഷത്തിൽ കുറവായിരിക്കില്ല, ആ സംഖ്യ.

അതിർത്തി കടന്ന അവരെ തമ്പുകളും സ്വന്ത സാമഗ്രികളുമെല്ലാം കൂടെ കൊണ്ടുപോകുന്നതിനനുവദിച്ചു. പക്ഷേ ആയുധങ്ങളും യുദ്ധത്തിനുപയോഗിക്കാവുന്ന എല്ലാ സാധനങ്ങളും അവക്കു കൈവെടിയേണ്ടിവന്നു. ആലിബെഗ്ഗിന് അയാളുടെ കുഴൽക്കണ്ണാടി, ഭൂപടം എന്നിവ മാത്രമല്ല, ജെംഘലിസ് ഖാനിൽ നിന്നു തൻെറ വംശത്തിനു സമ്മാനം ലഭിച്ചതെന്നു കരുതപ്പെടുന്ന വാളും കൂടെ ഉപേക്ഷിക്കേണ്ടിവന്നു.

അതിർത്തിയിൽ ററിബററു പ്രദേശത്തു് ആ സംഘത്തിനു് 52 ദിവസം കഴിച്ചുകൂട്ടേണ്ടിവന്നു. ഗെജ്കുലിനും ഇന്ത്യൻ അതിർത്തിക്കും ഇടയിൽവച്ചു് കമ്മ്യൂണിസ്റ്റുകളുമായി ആറുപ്രാവശ്യം അവർ ഏററുമുട്ടി. അതിർത്തി കടക്കാൻ കാത്തുകഴിയുന്നതിനിടയിൽ വേറെ

രണ്ടു സമരങ്ങൾ കൂടെ വേണ്ടിവന്നു. ററിബെററുകാരുമായും മുന്നേററുമുട്ടൽ വേണ്ടിവന്നു. ഗെജ്കുലിൽ നിന്നു് ആലിബെഗ്ഗിൻെറ കൂടെ പുറപ്പെട്ട 234 പേരിൽ 175 പേർ സുരക്ഷിതരായി എത്തി. ഭക്ഷണത്തിനുപയോഗിച്ച മൃഗങ്ങൾക്കു പുറമെ യുദ്ധത്തിൽ അപകടം പററിയിട്ടും, രോഗവും പട്ടിണിയും കൊണ്ടും അവരുടെ 1100 ആടും 60 കുതിരയും 37 പശുവും 35 ഒട്ടകവും നഷ്ടപ്പെട്ടു. മററു സംഘങ്ങളെപ്പററിയുള്ള സൂക്ഷ്മമായ കണക്കു് എനിക്കെടുക്കാൻ കഴിഞ്ഞിട്ടില്ല, എങ്കിലും ഏകദേശം 2800 കസാക്കുകൾ ഗെജ്കുലിൽ നിന്നു പുറപ്പെട്ടുവെന്നും അവരിൽ 1500—നും 1800—നും മദ്ധ്യേ ആളുകൾ കാശ്മീരിലെത്തിയെന്നുമാണു് എൻെറ ബോദ്ധ്യം. എന്നാൽ ഈ ഗെജ്കുൽ അഭയാർത്ഥികൾ ടർക്കിയിലേക്കു മടങ്ങിയപ്പോൾ വളരെക്കാലമായി ഇൻഡ്യയിലും പാക്കിസ്ഥാനിലും പാർപ്പുറപ്പിച്ചിരുന്ന കസാക്കുകളിൽ ചിലർ അവരുടെ ഒപ്പം അങ്ങോട്ടു പോകയുണ്ടായി.

കാശ്മീരിലെ ആളുകൾ തങ്ങളെപ്പോലെതന്നെ മുസ്ലീങ്ങളായിരുന്നിട്ടും അവിടെ തൃപ്തിയോടെ പാർപ്പുറപ്പിക്കാമെന്നു് കസാക്കുകൾക്കു തോന്നിയില്ല. കാശ്മീർ ഭരിക്കേണ്ടതാരാണെന്നതിനെപ്പററി ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ വിവാദം നിലവിലിരുന്നതിനാൽ ആർക്കും ഒരു സ്വസ്ഥത അനുഭവപ്പെട്ടില്ല. എങ്കിലും അന്നു് മറെറങ്ങോട്ടും പോകാനില്ലായിരുന്നു. തലവന്മാർ, ആലിബെഗ്ഗ്, ദലീൽഖാൻ, ഹുസേൻതാജി, നമ്മുടെ കഥയിൽ പ്രതിപാദനവിഷയമാകാത്ത മററു ചിലർ, എന്നിവരൊക്കെ— പലപ്പോഴും ഒന്നിച്ചുകൂടി ഇതേപ്പററി ആലോചിക്കാറുണ്ടായിരുന്നു. ക്ഷമിച്ചു കാത്തിരിക്കാം എന്ന തീരുമാനത്തിലാണു് എപ്പൊഴും ഒടുവിൽ ചെന്നെത്തുക. ആലിബെഗ്ഗ്, കാശ്മീരിലെത്തിയ ഉടൻ കസാക്കു് ജനതയുടെ കഷ്ടപ്പാടുകളെ വിവരിച്ചുകൊണ്ടു് പ്രസിഡണ്ടു ട്രൂമാൻെറയും മിസ്റ്റർ ചർച്ചിലിൻെറയും പേർക്കെഴുതി.

കസാക്കുകൾ അങ്ങനെ കാത്തിരിക്കുമ്പോൾ ആലിബെഗ്ഗിനു് അറിവുകിട്ടി, സാലിസിൻെറ പന്ത്രണ്ടുവയ

സ്സായ മകൻ അബ്ദുൽ സത്തറും, വ്യാപാരിയായ അദീലിൻെറ പന്ത്രണ്ടു വയസ്സായ മകൻ അബ്ദുൽ ഗനീമും, ചരിത്രവിജ്ഞാനിയായ അബ്ദുൽ കരീമിൻെറ ഒമ്പതു വയസ്സായ മകൻ ടോക് ടോഗാനും കൽക്കട്ടായിലെത്തിയിട്ടുണ്ടെന്നു്. ആലിബെഗ്ഗ് ആളയച്ചു് അവരെ കാശ്മീരിലേയ്ക്കു വരുത്തി. തങ്ങളുടെ മാതാപിതാക്കൾ മൃതിപ്പെട്ടതും തങ്ങൾ രക്ഷപെട്ടതുമായ കഥകളൊക്കെ ആ കുട്ടികൾ വിവരിച്ചു. കസാക്ക് കവികൾ, തങ്ങളുടെ കുട്ടികൾക്കും അനന്തര തലമുറകൾക്കും പാടുവാൻവേണ്ടി ആ കഥയെ ഉപജീവിച്ചു് ഒരു വീരഗാഥ നിർമ്മിച്ചു.

തുർക്കിയായ യോൾബാർസിൻെറ നേതൃത്വത്തിൽ പുറപ്പെട്ട ഒരു സംഘത്തിലായിരുന്നു, ഈ കുട്ടികൾ. ഗെജ്കുലിൽ നിന്നു പുറപ്പെട്ടു് ഒരു മാസം കഴിഞ്ഞപ്പോൾ ആഹാരത്തിനുവേണ്ടി കൊല്ലാൻ തിരഞ്ഞെടുക്കപ്പെടേണ്ട മൃഗങ്ങളെച്ചൊല്ലിയുണ്ടായ ഒരു ശണ്ഠയിൽ യോൾബാർസിൻെറ ആൾക്കാരിൽ ഒരുവൻ സാലിസിനെ വെടിവെച്ചു. കുഴപ്പമെന്താണെന്നറിയാൻ ഓടിയെത്തിയ അബ്ദൽ കരീമിനെയും അദീലിനെയും അയാൾ വെടിവെച്ചുകൊന്നു. അപ്പോൾ എമീൻ താമുള്ള തോക്കുമായി അടുത്തു. അയാളെ യോൾബാർസിൻെറ ആൾക്കാർ പിടികൂടി വാൾകൊണ്ടു് വെട്ടിക്കൊന്നു. അപ്പൊൾ അവരുടെ ഭാര്യമാർ നിലവിളികൂട്ടുകയും കത്തികളുമെടുത്തു യോൾബാർസിനെ കൊലപ്പെടുത്തുമെന്നു ഭീഷണിപ്പെടുത്തിക്കൊണ്ടു ചെല്ലുകയും ചെയ്തു. യോൾബാർസിൻെറ ഭൃത്യന്മാർ അവരെ എല്ലാവരെയും അദീലിൻെറ മൂത്ത രണ്ടുഭൃത്യന്മാരെയും വെടിവെച്ചു വീഴ്ത്തി.

മരിക്കാറായ സാലിസ്,അബ്ദുസത്തറിനെ വിളിച്ചു തോക്കു കയ്യിൽ കൊടുത്തിട്ടു് ഓടി ഒളിച്ചുകൊള്ളാൻ ഉപദേശിച്ചു. ഇരുട്ടിയപ്പോൾ ആ മൂന്നു കുട്ടികളും കയ്യിൽ ഓരോ തോക്കുമായി താവളത്തിൽ നിന്നു് പുറപ്പെട്ടു. മഞ്ഞു പൊഴിഞ്ഞുകൊണ്ടിരുന്നതു് അവരുടെ മാർഗ്ഗത്തിൽ പരന്നു കിടന്നിരുന്നു, അടുത്ത രാത്രി അവർ

താവളത്തിൽ തിരിച്ചെത്തി അവരുടെ വക മൂന്നു് ഒട്ടക ങ്ങളുടെ പുറത്തു കയറി ഓടിച്ചു പോയി.

അവരെ തിരികെ കൂട്ടിക്കൊണ്ടു പോകാൻ വേണ്ടി യോൾബാർസ് പിന്നാലെയെത്തി. അവരുടെ നേരെ വെടിവയ്ക്കുകയും ചെയ്തു. ഒട്ടകങ്ങളിലൊന്നു വെടിയേററു ചത്തുവെങ്കിലും ആ കുട്ടികൾ മുമ്പോട്ടു തന്നെ പൊയ്ക്കൊ ണ്ടിരുന്നു. യോൾബാർസ് പുറകെയും. ആകസ്മികമായി ദലായ്‌ലാമായുടെ അനുയായികളായ പത്തു ററിബററ് സൈനികരുടെ കയ്യിൽ ആ കുട്ടികൾ ചെന്നുപെട്ടുന്നതു വരെ യോൾബാർസ് അനുധാവനം ചെയ്തിരുന്നു.

"യോൾബാർസിനെ ഞങ്ങൾക്കു പേടിയാണെന്നു ഞങ്ങൾ കൈക്രിയകൊണ്ടു് ആ പട്ടാളക്കാരെ ധരിപ്പി ച്ചപ്പോൾ അവർ അയാളെ അകററി നിർത്തുകയും ഞങ്ങ ളോടു കാരുണ്യത്തോടെ പെരുമാറുകയും ഞങ്ങളെ ലാ സായിലുള്ള ദലായ്‌ലാമായുടെ അടുത്തേയ്ക്കു കൂട്ടിക്കൊണ്ടു പോകാമെന്നു പറയുകയും ചെയ്തു." അബ്ദുസത്തർ പറഞ്ഞു, "ലാസായിലെത്തിയപ്പോൾ ടക്കിസ്ഥാനിൽ നി ന്നു രക്ഷപെട്ടോടിപ്പോന്ന ഏതാനും വൈററു് റഷ്യൻ ഭടന്മാരെ കണ്ടുമുട്ടി. ഞങ്ങൾ ആരുടെ മക്കളാണെന്നു് അവർ ചോദിച്ചു. ഞാൻ പറഞ്ഞു 'സാലിസിൻെറ മകൻ അബ്ദുസത്തറാണു് ഞാൻ'. 'സാലിസ്‌ എൻെറ സുഹൃത്താ ണു്. അയാളെവിടെ?' അവരിൽ ഒരാൾ ആകാംക്ഷയോടെ ചോദിച്ചു. ഞാൻ കാര്യം പറഞ്ഞുകേൾപ്പിച്ചുകൊണ്ടു് യോൾബാർസിനെ ചൂണ്ടിക്കാണിച്ചു കൊടുത്തതിനെ ത്തുടർന്നു് തെരുവിൽ കിടന്നുതന്നെ ഒരു ശണ്ഠയുണ്ടായി. ആ ഭടന്മാർക്കു് ലാസായിൽനിന്നോടേണ്ടിവന്നു. ഞങ്ങ ളെ കൽക്കട്ടായിൽ വച്ചു കണ്ടുകൊള്ളാമെന്നു് പറഞ്ഞാ ണു് അവർ പോയതു്. പക്ഷേ അവർ കൽക്കട്ടായിൽ എത്തിയോ എന്നു തന്നെ എനിക്കറിഞ്ഞുകൂടാ."

ആ കുട്ടികളെ ദലായ് ലാമായുടെ മുമ്പിൽ കൂട്ടിക്കൊ ണ്ടുപോകപ്പെട്ടു. 1913—ൽ ബൊറക്കാബത്തുറിൻെറ ഒപ്പം ററിബററിലെത്തിയിരുന്ന ഒരു കസാക്കു് വൃദ്ധനായ ഇൽസാഖാനാണു് ദ്വിഭാഷിയായി പ്രവർത്തിച്ചതു്. ദ്വി

ഭാഷിമുഖാന്തരം അവർ ദലായ്‌ലാമായുമായി സംഭാഷണം നടത്തി. ദലായ് ലാമാ— "എന്നെപ്പോലെ ഒരു ബാലൻ" എന്നാണ് അബ്ദുസത്തർ പറഞ്ഞതു്–വളരെ സ്നേഹമായി പെരുമാറി. അവരുടെ കഥ കേട്ടഉടനെ യോൾബാർസിനെ വരുത്തി ദലായ്‌ലാമാ ചോദിച്ചു, അയാൾ എന്തുകാര്യത്തിനാണ് ആ കുട്ടികളുടെ പിതാക്കളെ കൊലപ്പെടുത്തിയതെന്നു്.

തൻെറ കുററം കൊണ്ടല്ല ആ മരണം സംഭവിച്ചതെന്നു യോൾബാർസ് പറഞ്ഞപ്പോൾ, ആ കുട്ടികളുടെ വക സ്വത്തുക്കളൊക്കെയെവിടെ എന്നു ദലായ്‌ലാമാ ആരാഞ്ഞു. അപ്പൊഴെയ്ക്കു യോൾബാർസിൻെറ സംഘം മുഴവൻ ലാസായിലെത്തിയിരുന്നു. യോൾബാർസിനെക്കൊണ്ടു് ആ കുട്ടികളുടെ വകകൾ മുഴവൻ മടക്കിക്കൊടുപ്പിച്ചു. എങ്കിലും യോൾബാർസിനോടുള്ള കോപത്തിനു യാതൊരു കുറവും വരാത്ത ദലായ്‌ലാമാ അയാളെ കൊന്നുകളയാൻ കല്പിച്ചു."അപ്പോൾ യോൾബാർസ് പോയി ചുവന്ന വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു മടങ്ങിയെത്തി താൻ ബുദ്ധമതം സ്വീകരിക്കാനാഗ്രഹിക്കുന്നുവെന്നു പറഞ്ഞപ്പോൾ അയാൾക്കു മാപ്പു് നൽകപ്പെട്ടു." അബ്ദുസത്തർ പറഞ്ഞു.

തുടർന്നു് കമ്മ്യൂണിസ്റ്റുകളും ലാസായിലെത്തി. ഉറുംചിയിലെയ്ക്കു മടക്കിയയയ്ക്കാൻ കഴിയുന്നതുവരെ ആ കുട്ടികൾക്കു് അപായത്തിനിടയാകാത്തവണ്ണം കാവലേർപ്പെടുത്തി. ദലായ്‌ലാമായുടെ പ്രത്യേക കാരുണ്യത്തിനു പാത്രമായിരുന്ന അവരെ പട്ടണത്തിൽ ചുററി സഞ്ചരിക്കാൻ അനുവദിച്ചിരുന്നു.

ഇങ്ങനെ അവർ ഒരു ഇൻഡ്യൻ വ്യാപാരിയെ കണ്ടു പരിചയപ്പെട്ടു. അയാളിൽ വിശ്വാസം തോന്നിത്തുടങ്ങിയപ്പോൾ തങ്ങളെ ഇൻഡ്യയിലേയ്ക്കു കൂട്ടിക്കൊണ്ടുപോകാമൊ എന്നു് അയാളോടു് ആരാഞ്ഞു. അയാൾ അതിനു വഴിപ്പെട്ടില്ല. പക്ഷേ അയാൾ ഏതു വഴിക്കാണു് പോകുന്നതെന്നു് അവർ മനസ്സിലാക്കിവച്ചിരുന്നു. അയാൾ പുറപ്പെടാറായി എന്ന കാര്യമറിഞ്ഞപ്പോൾ അവർ ആ നഗരം

വെടിഞ്ഞു് അയാൾക്കു മുമ്പെ പുറപ്പെട്ടുകഴിഞ്ഞു. ആറു ദിവസം അവരങ്ങിനെ വ്യാപാരിയുടെ മുമ്പെ പൊയ്ക്കൊണ്ടിരുന്നു. ഒടുവിൽ അയാളുടെ ഒപ്പംകൂടി. വ്യാപാരി ആദ്യം കുപിതനായി എങ്കിലും പിന്നെ അവക്കു് ഇൻഡ്യൻസമ്പ്രദായത്തിലുള്ള വസ്തുങ്ങൾ കൊടുത്തു് കൂടെക്കൊണ്ടുപോയി. ലാസായിൽനിന്നു് ഒരു ദിവസത്തെ വഴി പോന്നപ്പോൾ കമ്മ്യൂണിസ്റ്റുകൾ അയാളുടെ സംഘത്തിലെത്തി പരിശോധന നടത്തുകയുണ്ടായിയെന്നു് അയാൾ പറഞ്ഞു. ആലിബെഗ്ഗിനു കാഷ്മീരിൽ പ്രവേശനം ലഭിക്കുന്നതിനു് ഏതാനും വാരം മുമ്പു് ആ കുട്ടികൾ കൽക്കത്തായിലെത്തി. അതു സെപ്റ്റംബറിലായിരുന്നു.

ഉരുംചിയിൽ ചെന്നാൽ പിതാവിൻെറ സ്വത്തുക്കളും പദവിയുമെല്ലാം കൊടുക്കാമെന്നു് കമ്മ്യൂണിസ്റ്റുകൾ പറഞ്ഞിട്ടും അങ്ങോട്ടു പോകാൻ ആഗ്രഹിക്കാത്തതെന്താണെന്നു് അബ്ദുസത്താറിനോടു് ആലിബെഗ്ഗ് ചോദിച്ചു. അവൻ മറുപടി പറഞ്ഞു, "ഞാൻ ടർക്കിസ്ഥാനിൽ കഴിഞ്ഞുകൂടണമെന്നായിരുന്നു പിതാവിൻെറ അഭിപ്രായമെങ്കിൽ അദ്ദേഹം എന്നെ അവിടെ നിന്നുകൊണ്ടുപോരുമായിരുന്നില്ല."

ഈ കസാക്ക്ബാലന്മാരുടെ കഥ തെളിയിക്കുന്നതു്, ഇത്രയൊക്കെ ക്ലേശങ്ങളനുഭവിച്ചിട്ടും ഇന്നും കസാക്ക് ജനതയുടെ ധമനികളിൽ വീരരക്തം പ്രവഹിച്ചുകൊണ്ടിരിക്കുന്നു എന്നാണു്. കുറഞ്ഞപക്ഷം തങ്ങളുടെ പൂർവ്വികന്മാരിലുണ്ടായിരുന്ന അളവിലെങ്കിലും ആ ബത്തുർ സ്വഭാവം ജനങ്ങളിൽ നിലനിൽക്കുന്നു. എന്നാൽ അവരുടെ രക്തം അന്യവർഗ്ഗങ്ങളിലേയ്ക്കു് ഒഴുകണമോ, അതൊ ചരിത്രത്തിൻെറ പ്രയാണത്തിൽ, വെറുക്കപ്പെട്ട കമ്മ്യൂണിസത്തിൽനിന്നും മോചനം നേടി, ഈ ഗ്രന്ഥത്തിനു വിഷയമായ–അമ്പതു കൊല്ലക്കാലം പ്രകടമായ– വ്യക്തിത്വം വികസിപ്പിക്കാൻ അവക്കു കഴിയുമൊ എന്നതു ദൈവഹിതത്തെ ആശ്രയിച്ചിരിക്കുന്നു.

കഥയുടെ ശേഷംഭാഗം വേഗം പറഞ്ഞുതീർക്കാവുന്നതെയുള്ളു. കസാക്കുകൾ കാശ്മീരിലെത്തി പതിനഞ്ചു

മാസങ്ങൾ കടന്നുപോയി. സ്വതന്ത്രലോകം അവരുടെ ആഗമനത്തെപ്പററി കേട്ടു. ക്രമേണ അവരെ മറന്നു. ഈ ഘട്ടത്തിൽ തുക്കി ഗവണ്മെൻറ് അവക്കു പാർക്കാൻ ഇടം കൊടുക്കാമെന്ന് ഉദാരമായി സമ്മതിച്ചു. അവരെ ഇസ്റ്റാൻബൂളിലെത്തിക്കാനുള്ള സാമ്പത്തിക സഹായം ഐക്യരാഷ്ട്ര സഭ ചെയ്തു. 1954-ൽ തുർക്കി ഗവണ്മെൻറ്, പത്തു വർഷക്കാലം ആ നാട്ടിൽ പാർത്തു പണിയെടുക്കണമെന്ന വ്യവസ്ഥയിൽ, അവർക്കു് കൃഷിക്കു ഭൂമിയും പാർക്കാൻ ഭവനങ്ങളും സൗജന്യമായി നൽകി. ആ സ്ഥലം കരമൊഴിവായിട്ടാണ് നൽകിയതെന്നു മാത്രമല്ല, ഉഴുതു വിത്തു വിതച്ചാണ് അവരെ ഏല്പിച്ചുകൊടുത്തതും.

ഹുസേൻതാജി, കവിയായ കാരാമുള്ളാ, കൈനേഷ്, ബാലനായ അബ്ദുസത്തർ തുടങ്ങിയവർ ഈ വ്യവസ്ഥ അംഗീകരിച്ചവരിൽപെടും. ബാക്കിയുള്ളവർ കൂലിവേല ചെയ്തു പണം സമ്പാദിച്ച് ആടുമാടുകളെ വാങ്ങാനാണ് ആഗ്രഹിച്ചതു്. മൃഗങ്ങളെ വളർത്തുന്ന വിഷയത്തിൽ ലോകത്തിലെ ഏതു വർഗ്ഗക്കാരെക്കാളും വിദഗ്ധരാണ് കസാക്കുകളെന്ന് അറിയാവുന്ന തുക്കിഗവണ്മെൻറ് അവരുടെ അഭീഷ്ടത്തിനു് അനുവാദം നൽകി.

1954 നവംബറിൽ ഞാൻ അവരെ ചെന്നു കണ്ടപ്പോൾ അവർ ഒരു ചെറിയ ആട്ടിൻപററത്തെ ശേഖരിച്ച് അവയെ സംരക്ഷിക്കാൻ കസാക്കുകളിലൊരുത്തനെ ഏർപ്പെടുത്തിക്കഴിഞ്ഞിരുന്നു. ഇപ്പൊഴെത്തു് അവരുടെ മൃഗങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചു കാണണം.

ഈ രണ്ടാമത്തെ സംഘത്തിൽപ്പെട്ടിരുന്ന ആലിബെഗ്ഗിനും ഹംസാക്കും ഈ പുതിയ പരിസരങ്ങളിലെ ജീവിതം ഒരു വിഷമപ്രശ്നമായിരുന്നു. അവർ കർഷകരൊ തൊഴിലാളികളൊ അല്ല, വർഗ്ഗത്തലവന്മാരാണ്. അവരുടെ അതിഥിയായി ചെന്ന എനിക്ക് അവരുടെ ഭാവി പരിപാടികളെപ്പററി ചോദിക്കാൻ അവകാശമുണ്ടായിരുന്നില്ല. അങ്ങനെ ജിജ്ഞാസ പ്രകടിപ്പിക്കുന്നതു് ഒരു അതിഥിക്കു് അയോഗ്യമായി കരുതപ്പെടുന്നു. ഏതാ

യാലും ഒരു കാര്യം ഉറപ്പാണു്. അവർ കാര്യങ്ങൾ നേരെ യാക്കാതിരിക്കില്ല. പ്രയാണത്തിനിടയിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട നാല്പതു കുട്ടികളെ ആലിബെഗ്ഗ് ദത്തെടുത്തിട്ടുണ്ടു്. അവരെ അയാൾ പട്ടിണി കിടക്കാൻ അനുവദിക്കയില്ലെന്നു് എനിക്കുറപ്പുണ്ടു്; കുറെക്കാലത്തെയ്ക്കൊക്കെ വേണ്ടടത്തോളം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും ആരെങ്കിലും പട്ടിണി കിടക്കേണ്ടിവന്നാൽ ആദ്യം പട്ടിണി കിടക്കാൻ തയ്യാറാകുന്നതു് അയാളായിരിക്കും.

ആലിബെഗ്ഗിനോടും ഹംസായോടും കസാക്കു് അഭയാർത്ഥികളോടും സ്വാതന്ത്ര്യലോകത്തിനു് ഒരു ചുമതലയുണ്ടു് എന്നതിൽ എനിക്കു സംശയമില്ല. ഈ ചുമതല നിർവഹിക്കുമ്പോൾ സ്വാതന്ത്ര്യലോകം ചെയ്യുന്നതു് കേവലം നീതി നിർവഹിക്കുക മാത്രമല്ല, ഒരു സേവനമനുഷ്ഠിക്കുകൂടെയാണു്. കസാക്കുകൾ തങ്ങൾ വിശ്വസിക്കുന്ന തത്വങ്ങൾക്കുവേണ്ടി ഒരു മഹാസമരം നടത്തിയവരാണു്. ഏഷ്യയുടെ ഹൃദയത്തിൽ കമ്മ്യൂണിസത്തിന്റെ കരുത്തും ദൗർബല്യവും കണ്ടറിഞ്ഞവരാണവർ.

ഭൗതികസമ്പത്തിൽ അധിഷ്ഠിതമല്ലാത്ത ഒരു ജീവിതസമ്പ്രദായമാണു് കസാക്കുകളുടെതു്. അനന്യസാധാരണമായ സഹനശക്തിയും ധീരതയുമുള്ള കൂട്ടരാണവർ.അവരെപ്പറ്റി സ്വാതന്ത്ര്യലോകം വളരെയൊന്നുമറിയുന്നില്ലെങ്കിലും അവക്കു സ്വാതന്ത്ര്യലോകത്തെപ്പററി നന്നായിട്ടറിയാം. ആ സ്വാതന്ത്ര്യലോകത്തോടു് അവക്കു് ഇഷ്ടവും മതിപ്പുമുണ്ടു്. ഗവർണ്ണർ ഷെങ്ങിന്റെ കാലത്തിനു മുമ്പു് വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ അഭ്യസിപ്പിക്കപ്പെട്ടിരുന്നപ്പോൾ ഗ്രേററു് ബ്രിട്ടന്റെയും അമേരിക്കയുടെയും കരുത്തിനെയും മാന്യതയെയും പററി അവർ അറിയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.

ഇനിയും കസാക്കു് അഭയാർത്ഥികൾ വിശ്വസിക്കുന്നതു്—ഇത്രയൊക്കെയായിട്ടും—തങ്ങളുടെ രാജ്യത്തിനു് ഇനിയും സ്വാതന്ത്ര്യം ലഭിക്കുമെന്നാണു്. ചീനരുടെയും കമ്മ്യൂണിസ്റ്റുകളുടെയും നിയന്ത്രണത്തിന്റെ നുകം ഇത്ര നാൾ വച്ചമർത്തിയിട്ടും അവരുടെ തലയിനിയും കുനി

ഞ്ഞിട്ടില്ല. കമ്മ്യൂണിസം ഏഷ്യയിലെന്താണു ചെയ്യുന്ന തെന്നു് അവർ മനസ്സിലാക്കിയിട്ടുണ്ടു്. എങ്ങനെയാണു് അവരുടെ പിടി മുറുകിയതെന്നും, എങ്ങനെയാണു് ആ പിടി വിട്ടുവിക്കേണ്ടതെന്നും അവർക്കറിയാം. കമ്മ്യൂണിസം എന്തെല്ലാററിനും വേണ്ടി നിലകൊള്ളുന്നുവൊ അതിനെയൊക്കെ ഉൽക്കടമായി ചെറുക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയുംകൊണ്ടു നിറഞ്ഞ പ്രദേശമാണു് കമ്മ്യൂണിസ്റ്റ്ശക്തികേന്ദ്രമായ ഏഷ്യയുടെ ഹൃദയഭാഗം എന്നാണു് അവരുടെ പ്രവൃത്തികൾ തെളിയിക്കുന്നതു്.

---

KOTTAYAM PUBLIC LIBRARY
K KOTTAYAM L

Cl. No. 10900 Acc. No. 73030

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 5 SEP 1987 | | |
| 11 NOV 1987 | | |
| 28 FEB 1989 | | |
| 18 OCT 1995 | | |
| 02 FEB 2007 | | |

ന900 73030
God-K

ഗോഡ്ഫ്രി, ലയാസ്
കസാക്ക് വീരചരിതം

KOTTAYAM PUBLIC LIBRARY

Call No. M ൧൦൦ Acc. No. 73൨൩൦

Author ഗോഘ്ഷ്രി, ലയാസ്

Title കോസാക്ക് വീരചരിത്രം

INDIAN

Indic Digital Archive Foundation

gpura.org